# ദൈവത്തിന്റെ സ്നേഹിതൻ

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# ദൈവത്തിന്റെ സ്നേഹിതൻ

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80

●

All rights reserved with the publisher

# ആമുഖം

മുണ്ഡകോപനിഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്: 'സത്യമേവ ജയതേ!' 'സത്യം വിജയിക്കട്ടെ!' സത്യമേ വിജയിക്കുകയുള്ളൂ. Truth alone triumphs, not untruth. സത്യത്തിന് മാത്രമേ ആത്യന്തിക വിജയം നേടാൻ സാധിക്കുകയുള്ളൂ. സത്യം ലഭിക്കുന്നത് ദൈവവിശ്വാസത്തിൽ നിന്നാണ്.

ദൈവവിശ്വാസം ഉണ്ടെങ്കിൽ നമുക്ക് ജീവിതത്തിൽ മുന്നേറാൻ കഴിയും. വിവിധ പ്രശ്നങ്ങളിലൂടെ കടന്നു പോകുമ്പോൾ വിജയം കൈവരിക്കുവാൻ ദൈവത്തിന്റെ കൃപ കൂടിയേ കഴിയൂ. ദൈവത്തിന്റെ കൃപയിലുള്ള വിശ്വാസമാണ് സത്യവിശ്വാസം. അബ്രാഹാം സത്യവിശ്വാസത്തിന് ഒരു മകുടോദാഹരണമാണ്. പഴയനിയമത്തിലെ ഉല്പത്തി പുസ്തകത്തിൽ നാം അബ്രാഹാമിന്റെ ജീവിതത്തിലേക്കു നോക്കിയാൽ അബ്രാഹാം അനുഗ്രഹം നേടിയവനായിരുന്നു, അനുഗ്രഹം നൽകുന്നവനായിരുന്നു. അബ്രാഹാം തന്നെ ഒരനുഗ്രഹമായിരുന്നു. അബ്രാഹാമിന്റെ കാലടിപ്പാടുകൾ നാം പിൻതുടർന്നു ചെന്നാൽ സത്യമായ ജീവിതസമാധാനത്തിന്റെ പാതകൾ തെളിഞ്ഞുകാണാം.

സംഭവബഹുലമായ ഒരു ജീവിതമായിരുന്നു അബ്രാഹാമിന്റെ ജീവിതം. ഒരവസരത്തിൽ അബ്രാഹാം ഒരു ചെറിയ നുണപോലും പറയുകയുണ്ടായി. അത് ഒരു അർദ്ധസത്യമായിരുന്നു. മിസ്രയീമിലെ ഫറവോരാജാവിനോട് അബ്രാഹാം പറഞ്ഞു: "ഇത് എന്റെ സഹോദരിയാണ്" എന്ന്. സാറയെക്കുറിച്ച് പറഞ്ഞതാണ്. സ്വന്തം ഭാര്യയെക്കുറിച്ച് അങ്ങനെ പറയേണ്ടി

വന്നു.

വാസ്തവത്തിൽ അത് ഒരു അർദ്ധസത്യമായിരുന്നു. അപ്പൻ ഒന്ന്, അമ്മ രണ്ട്. അബ്രാഹാം ഒരു വിശ്വാസതത്തകർച്ചയിൽ നിന്നായിരുന്നു അങ്ങനെ പറഞ്ഞുപോയത്. ദൈവത്തിന്റെ വചനം കേട്ടു പുറപ്പെട്ട അബ്രാഹാം വചനത്തിൽനിന്ന് ഒരടി പിന്നോട്ട് മാറിയില്ല. പക്ഷേ, ഒരു സന്ദർഭം വന്നപ്പോൾ അബ്രാഹാമിന് വീഴ്ച പറ്റി, അബ്രാഹാം മിസ്രയീമിലേക്കിറങ്ങിപ്പോയി. അത് തെറ്റായ ഒരു ചുവടുവയ്പായിരുന്നു. ഒരിക്കലും അതു പാടില്ലായിരുന്നു.

അനേകം നഷ്ടങ്ങളാണ് അബ്രാഹാമിന് അതുമൂലം ഉണ്ടായത്. അബ്രാഹാമിന്റെ ജീവചരിത്രം നമുക്ക് പ്രചോദനവും ശക്തീകരണവും നൽകുന്നതാണ്. ഒരിക്കലും സന്ദർഭത്തിനൊത്ത് നാം ആടിപ്പോകരുതെന്നും വാടിപ്പോകരുതെന്നും യേശുക്രിസ്തുവിലുള്ള ഏകാഗ്രതയും നിർമ്മലതയും ഒരിക്കലും നഷ്ടപ്പെട്ടുപോകരുതെന്നും കാണിച്ചു തരുന്നതാണ് അബ്രാഹാമിന്റെ ജീവിതം. ആ ജീവിതത്തെ ഒന്ന് നോക്കി ക്കാണാനും അതിൽക്കൂടി നമ്മുടെ ജീവിതത്തെ ശോധന ചെയ്യാനും ഉള്ള ഒരു എളിയ ശ്രമമാണ്, 'ദൈവത്തിന്റെ സ്നേഹിതൻ' എന്ന ഈ പുസ്തകം. അബ്രാഹാമിനെയാണ് 'ദൈവത്തിന്റെ സ്നേഹിതൻ' എന്ന് പറഞ്ഞിരിക്കുന്നത്.

ഉല്പത്തി പുസ്തകം 18-ാം അദ്ധ്യായം വായിക്കുമ്പോൾ കാണാം: "എന്റെ സ്നേഹിതനായ അബ്രാഹാം എന്ന് ദൈവം പറയുന്നു." "എന്റെ സ്നേഹിതനായ അബ്രാഹാം!" ദൈവത്തിന്റെ സ്നേഹിതനാകുക എന്നുള്ളത് എത്രയോ ഭാഗ്യകരമായ ഒരനുഭവമാണ്! ആ അനുഭവമാണ് ദൈവം നമുക്ക് ദാനമായി തന്നിരിക്കുന്നത്. ആ അനുഭവം കൈപ്പറ്റിയാണ് വാസ്തവത്തിൽ നാം വിശ്വാസവീരന്മാരായിത്തീരുന്നത്. അബ്രാഹാം വിശ്വാസത്തിൽ സമ്പന്നനായിരുന്നു. അതുപോലെ തന്നെ സ്നേഹത്തിലും സമ്പന്നനായിരുന്നു.

'റെയിൻബോ ഓഫ് സോറോ' (Rainbow of Sorrow) എന്ന തന്റെ ഗ്രന്ഥത്തിൽ ബിഷപ്പ് ഫുൾട്ടൻ ഷീൻ പറയുന്നു: "Love by its very nature is not selfish, but generous. It seeks not its own, but the good of others." യഥാർത്ഥ സ്നേഹത്തിൽ സ്വാർത്ഥതയില്ല. അത് ഉദാരസ്നേഹമാണ്. അബ്രാഹാമിന് ലഭിച്ച സ്വഭാവ സവിശേഷത ഉദാരസ്നേഹമായിരുന്നു. ഉദാരസ്നേഹം!

തന്റെ സഹോദരപുത്രനായ ലോത്തിനെ കൂടെ കൂട്ടിക്കൊണ്ടുള്ള യാത്ര സ്നേഹത്തിന്റെ യാത്രയായിരുന്നു. ഒരവസരത്തിൽ അബ്രാഹാമിന്റെ ഇടയന്മാരും ലോത്തിന്റെ ഇടയന്മാരും തമ്മിൽ കലഹമുണ്ടാകുന്നു എന്നു കണ്ടപ്പോൾ അബ്രാഹാം മുൻകൈ എടുത്ത് ലോത്തിനോട് പറഞ്ഞു: നാം ഇവിടെ വച്ച് പിരിയുകയാണ് നല്ലത്. നാം തമ്മിൽ കലഹിക്കുന്നതും സ്നേഹശൂന്യമായി പ്രവർത്തിക്കുന്നതും കണ്ട് ദൈവം വ്യസനിക്കും. അതുകൊണ്ട് നമുക്കിവിടെ വച്ച് പിരിയാം. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പോയ്ക്കൊള്ളാം. നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ട് പോയ്ക്കൊള്ളാം.

സ്നേഹത്തിന്റെ വ്യക്തമായ ഒരു ചിത്രമാണ് നാം അവിടെ കാണുന്നത്. സാക്ഷാത്തായ സ്നേഹം. ആ സ്നേഹം നാം കാണുന്നത് കുരിശിലെ ത്യാഗമരണത്തിലാണ്. ആ സ്നേഹത്തിൽക്കൂടി നമുക്ക് ജീവിതവിജയം കൈവരിക്കാൻ സാധിക്കും എന്നാണ് അബ്രാഹാമിന്റെ ചരിത്രം കാണിച്ചു തരുന്നത്.

വേദപുസ്തകത്തിൽ യാക്കോബിന്റെ ലേഖനം 2-ാം അദ്ധ്യായത്തിന്റെ 23-ാം വാക്യം പറയുന്നു:

> *"അബ്രാഹാം ദൈവത്തെ വിശ്വസിക്കുകയും അത് അവന് നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്ത് നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്ന് പേർ പ്രാപിച്ചു."*
>
> *യാക്കോബ് 2 : 23*

ദൈവത്തിന്റെ സ്നേഹിതനായ അബ്രാഹാം വാസ്തവത്തിൽ ഒരു വലിയ വെല്ലുവിളിയാണ് നമ്മുടെ മുന്നിൽ ഉയർത്തുന്നത്. ഒരു വിശ്വാസിയായി ജീവിക്കാൻ കഴിയുക എന്നുള്ളത് മഹത്തായ കാര്യമാണെന്ന് അബ്രാഹാമിന്റെ ജീവിതം നമുക്ക് കാണിച്ചു തരുന്നു. ഒരു നല്ല മാതൃകയായി നമുക്ക് ആ ദൈവികവിശ്വാസം പുലർത്താനും അനേകരെ സ്വാധീനം ചെയ്യാനും സാധിക്കും എന്നുള്ളതാണ് ഭാഗ്യകരമായ അനുഭവം.

റോമർക്കെഴുതിയ ലേഖനം നാലാമദ്ധ്യായത്തിൽ അപ്പൊസ്തലനായ പൗലോസ് പറയുന്നു:

> *"മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിനു തന്നെ. "ഞാൻ നിന്നെ ബഹുജാതികൾക്ക് പിതാവാക്കി വച്ചു" എന്ന് എഴുതിയിരിക്കുന്നുവല്ലോ. നിന്റെ സന്തതി ഇവ്വണ്ണം ആകും എന്ന് അരുളിച്ചെയ്തിരിക്കുന്നതുപോലെ താൻ ബഹുജാതികൾക്ക് പിതാവാകും എന്ന് അവൻ ആശയ്ക്ക് വിരോധമായി ആശയോടെ വിശ്വസിച്ചു."*
>
> *റോമർ 4 : 17, 18*

ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു. വിശ്വാസവീരനായ അബ്രാഹാമിനെക്കുറിച്ചുള്ള ഒരു ധ്യാനാത്മക ചിന്ത മാത്രമാണ് 'ദൈവത്തിന്റെ സ്നേഹിതൻ' എന്ന ഈ ഗ്രന്ഥത്തിന്റെ ആധാരം. ഇത് നിങ്ങൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ നിങ്ങളും ഒരു വിശ്വാസിയായി ത്തീരുമെന്നുള്ളതാണ് ഈ ഗ്രന്ഥമെഴുതിയതിന്റെ പിന്നിൽ എന്റെ മനസ്സിലുണ്ടായ പ്രചോദനം.

ഈ ഗ്രന്ഥത്തിന്റെ രചനയ്ക്കുവേണ്ടി എന്നെ സഹായിച്ച

അനേകം ദൈവമക്കളുണ്ട്. അവരെന്റെ വിശ്വാസികളായ സഹോദരങ്ങളാണ്. ആത്മീയ സഹോദരങ്ങൾ! ക്രിസ്തുവിനു വേണ്ടി യാതന സഹിക്കാനും കഷ്ടത സഹിക്കാനും അദ്ധ്വാനിക്കാനും മനസ്സുള്ള അവരുടെയെല്ലാം പ്രേരണയും സഹായവുമില്ലായിരുന്നെങ്കിൽ ഈ പുസ്തകം പ്രകാശം കാണുകയില്ലായിരുന്നു. അവരോടുള്ള എന്റെ അകമഴിഞ്ഞ കൃതജ്ഞത ഞാനിവിടെ രേഖപ്പെടുത്തട്ടെ.

ഈ ഗ്രന്ഥം അനുശീലനം ചെയ്യുന്ന ഓരോരുത്തരും വിശ്വാസത്തിലും ദൈവസ്നേഹത്തിലും വളരുവാനും വിശ്വാസത്തിന്റെ സാക്ഷാത്തായ ഭാവമുൾക്കൊണ്ട് ക്രിസ്തുവിന്റെ അനുയായികളാകുവാനും ഇടയാകട്ടെ എന്ന ആശംസയോടുകൂടി ഞാൻ ഈ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ സാർ.**

# ഒന്ന്

*"ഈ ദേശത്തെ നിനക്ക് അവകാശമായി തരുവാൻ കൽദയപട്ടണമായ ഊരിൽനിന്നു നിന്നെ കൂട്ടിക്കൊണ്ടുവന്ന യഹോവ ഞാൻ ആകുന്നു എന്ന് അരുളിച്ചെയ്തു. കർത്താവായ യഹോവേ, ഞാൻ അതിനെ അവകാശമാക്കുമെന്നുള്ളത് എനിക്ക് എന്തൊന്നിനാൽ അറിയാം എന്ന് അവൻ ചോദിച്ചു."*

*ഉല്പത്തി 15 : 7, 8*

നിത്യനായ ദൈവവും ഭൂമിയിലെ ഒരു മനുഷ്യനും തമ്മിലുള്ള സംഭാഷണമാണത്. ദൈവം മനുഷ്യനോട് സംഭാഷണം ചെയ്യുമോ? മനുഷ്യൻ ദൈവത്തോട് സംഭാഷണം ചെയ്യുമോ?

നിത്യനായ ദൈവം മനുഷ്യനോട് നേരിട്ടു സംസാരിക്കുകയാണ്. അശരീരിയായ ഒരു ശബ്ദമാണോ അബ്രാഹാം കേട്ടത്? ദൈവം അക്ഷരികമായി അബ്രാഹാമിന്റെ മുമ്പിൽ, മനുഷ്യന്റെ രൂപത്തിൽനിന്നു സംസാരിച്ചതാണോ? നമുക്കറിഞ്ഞുകൂടാ. പക്ഷേ ഒരുകാര്യം, ദൈവം അബ്രാഹാമിനോട് സംഭാഷണം ചെയ്തു!

ദൈവം പറയുകയാണ്: ഈ ദേശത്തെ നിനക്ക് അവകാശമായി തരുവാനാണ് ഞാൻ നിന്നെ കൽദയ പട്ടണമായ ഊരിൽ നിന്ന് ഈ ദേശത്തേക്കു കൂട്ടിക്കൊണ്ടുവന്നത്.

മെസോപ്പൊത്താമ്യൻ സമതലത്തിൽ, യൂഫ്രട്ടിസ് ടൈഗ്രിസ് നദിക്ക് അക്കരെ അബ്രാഹാം ജീവിച്ചു വരികയായിരുന്നു. അവിടെനിന്നാണ് ദൈവം അബ്രാഹാമിനെ പുറപ്പെടു

വിച്ചത്. അബ്രാഹാം ഒരു ദൈവവിശ്വാസിയായിരുന്നില്ല, വിഗ്രഹാരാധിയായിരുന്നു. വിഗ്രഹസേവയിൽ മുഴുകിയിരുന്ന അബ്രാഹാമിനെ നിത്യനായ ദൈവം കൽദയരുടെ ഊരിൽനിന്ന്, ബാബിലോണിയായിൽനിന്ന് വിളിച്ച് വേർതിരിച്ച് പുറപ്പെടുവിച്ചു.

അബ്രാഹാം അവിടെനിന്ന് യാത്രപുറപ്പെട്ടു. അബ്രാഹാം അന്ന് യാത്ര പുറപ്പെടുമ്പോൾ സഹോദരപുത്രനായ ലോത്തുമുണ്ട്. പക്ഷേ, കുറേക്കഴിഞ്ഞപ്പോൾ ലോത്ത് അബ്രാഹാമിനെ വിട്ട് പിരിഞ്ഞുപോയി. ഒരുമിച്ചു പുറപ്പെട്ടെങ്കിലും രണ്ടുപേരും രണ്ടു വഴിയായി പിരിഞ്ഞു. ലോത്ത് കൂടാരം നീക്കിനീക്കിയടിച്ച് സൊദോം ഗൊമോറ എന്ന പട്ടണങ്ങളുടെ ഒരു കേന്ദ്രഭാഗത്തുവന്ന് താമസിക്കാൻ തുടങ്ങി.

അബ്രാഹാം ദൈവത്തിന്റെ വചനം കേട്ടും ദൈവത്തിന്റെ ആലോചന ശ്രദ്ധിച്ചും ദൈവത്തിന്റെ നടത്തിപ്പിനു വിധേയപ്പെട്ടും യാത്ര തുടർന്നു. അബ്രാഹാമിന്റെ ഹൃദയത്തിൽ ലോത്ത് പിരിഞ്ഞുപോയി എന്ന സങ്കടമുണ്ട്. പക്ഷേ, അബ്രാഹാം ലോത്തിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചതായി നാം കാണുന്നില്ല.

ദൈവത്തിന്റെ വഴിയിലൂടെ പോവുക എന്നുള്ളത് അവനവന്റെ സ്വാതന്ത്ര്യമാണ്. ആരും ആരേയും നിർബ്ബന്ധിക്കേണ്ട കാര്യമല്ല അത്. സ്നേഹത്തോടെ ഉപദേശിക്കാം, സന്മനോഭാവത്തോടെ പ്രബോധനം കൊടുക്കാം, വളരെ വാത്സല്യത്തോടെ പറഞ്ഞു കൊടുക്കാം. പക്ഷേ, ആരേയും ഒരു കാരണവശാലും നിർബ്ബന്ധിക്കാൻ പാടില്ല.

അബ്രാഹാം ലോത്തിനെ നിർബ്ബന്ധിച്ചില്ല. ഒരു സമയമായപ്പോൾ അബ്രാഹാം തുറന്നു പറഞ്ഞു: നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ട് പോയ്ക്കൊള്ളാം; നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ടു പോയ്ക്കൊള്ളാം. നമുക്കു തമ്മിൽ പിരിയാമെന്നു പറയത്തക്കവണ്ണം സാഹചര്യങ്ങൾ കലങ്ങിപ്പോയി. അബ്രാഹാമിന്റെ ഇടയന്മാരും ലോത്തിന്റെ ഇടയന്മാരും

തമ്മിൽ വഴക്കു തുടങ്ങി. അവർക്കൊരുമിച്ച് ജീവിച്ചു പോകാൻ സാദ്ധ്യമല്ലാത്ത രീതിയിൽ സാഹചര്യങ്ങൾ വളരെ പ്രതികൂലമായി തീർന്നു. ഐക്യത്തിലും സ്നേഹത്തിലും പുലരാൻ സാധിക്കുന്നില്ല എന്നു വന്നപ്പോൾ അവർ വഴിപിരിഞ്ഞു.

അബ്രാഹാമിന് വ്യക്തമായ ദൈവിക കാഴ്ചപ്പാടു കിട്ടിക്കൊണ്ടിരുന്നു. ഓരോ ചുവടും അബ്രാഹാം വയ്ക്കുന്നത് ദൈവതിരുമുഖം അന്വേഷിച്ചും ദൈവതിരുഹിതം ആരാഞ്ഞുമാണ്.

ഉല്പത്തി പുസ്തകം ഒന്നാമത്തെ അദ്ധ്യായം മുതൽ പതിനൊന്നാമത്തെ അദ്ധ്യായം വരെ വായിക്കുമ്പോൾ കലവറ കൂടാത്ത ദൈവിക അനുഗ്രഹങ്ങളെക്കുറിച്ച് നാം വായിക്കുന്നു.

ഉല്പത്തി പുസ്തകത്തിന്റെ 11–ാം അദ്ധ്യായം മുതൽ 50–ാം അദ്ധ്യായം വരെയും ഉഭയസമ്മതത്തിൻ കീഴുള്ള അനുഗ്രഹമാണ് നാം കാണുന്നത്. പരസ്പരമുള്ള ഉടമ്പടിയുടെമേൽ അനുഗ്രഹം. ദൈവം കലവറകൂടാതെ അനുഗ്രഹിക്കും. പക്ഷേ, ചില ഉടമ്പടികളുടെമേലാണ് ദൈവത്തിന്റെ അനുഗ്രഹമെന്ന് ചരിത്രത്തിലുടനീളം പരിശോധിച്ചാൽ നമുക്ക് കാണുവാൻ സാധിക്കും. നമുക്കെല്ലാം അനുഗ്രഹം വേണം. പക്ഷേ, ചില വ്യവസ്ഥകളുണ്ട്. വ്യവസ്ഥകൾ പാലിച്ചെങ്കിൽ മാത്രമേ അനുഗ്രഹമുള്ളൂ.

> *"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും."*
>
> *2 ദിനവൃത്താന്തം 7 : 14*

അത് ദൈവത്തിന്റെ വചനമാണ്. ദേശത്തിനു സൗഖ്യം

വേണമെങ്കിൽ, മനുഷ്യന് സൗഖ്യം വേണമെങ്കിൽ, മനുഷ്യന് ക്ഷേമവും ഐശ്വര്യവും വരണമെങ്കിൽ ദൈവത്തിന്റെ ജനം വിനയപ്പെടണം, താഴണം, തങ്ങളുടെ പാപത്തെ കണ്ടുപിടിക്കണം. പാപത്തെ ഓർത്ത് അനുതപിക്കണം, പാപത്തെ വിട്ടു തിരിയണം. പുതിയ മാർഗ്ഗത്തിലൂടെ ദൈവത്തോടുകൂടി നടക്കണം. അപ്പോൾ മാത്രമേ അനുഗ്രഹം വരികയുള്ളൂ.

അബ്രാഹാമിനു കിട്ടിയ സകല അനുഗ്രഹത്തിന്റെയും മൂലകാരണം അബ്രാഹാം ദൈവസന്നിധിയിൽ വ്യവസ്ഥകൾ പാലിച്ചു എന്നതാണ്. മാറ്റമില്ലാത്ത ദൈവിക വ്യവസ്ഥകൾ പാലിച്ചു പോകുന്ന ഒരാൾക്കു മാത്രമേ അനുഗ്രഹം കിട്ടുകയുള്ളൂ എന്നതിന്റെ പ്രകടമായ ദൃഷ്ടാന്തമാണ് അബ്രാഹാമിന്റെ ജീവചരിത്രം.

സഹോദരങ്ങളേ, നിങ്ങൾ ചിന്തിക്കണം: ഞാൻ ദൈവിക അനുഗ്രഹത്തിന് അർഹത നേടുന്നുണ്ടോ? ദൈനംദിന ജീവിതത്തിൽ ദൈവത്തിന്റെ അനുഗ്രഹം എന്റെമേൽ വരുന്നതിനു തക്കവണ്ണം ഞാൻ ദൈവിക പ്രമാണങ്ങൾ പാലിച്ചാണോ പോകുന്നത്? രഹസ്യങ്ങൾ കാണുന്ന ദൈവം പ്രസാദിക്കുന്ന വിധത്തിലാണോ ഞാൻ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നത്?

നിത്യനായ ദൈവത്തിന് മനുഷ്യനെ അഗാധസ്നേഹമാണ്. തന്റെ സന്നിധിയിൽ വിശ്വസ്തതയോടെ നിൽക്കുന്നവരെ താങ്ങുവാനും ഉണർത്തുവാനും ഉയർത്തുവാനും ഉദ്ധരിക്കുവാനും സഹായിക്കുവാനും ബദ്ധപ്പെട്ടു നിൽക്കുന്ന ദൈവത്തിന്റെ അനന്തമോഹനമായ സ്നേഹത്തെയാണ് കാൽവറി ക്രൂശിൽ നാം കാണുന്നത്! ആ ക്രൂശിലെ സ്നേഹം അനുദിനം, അനുനിമിഷം നമ്മുടെ പിന്നാലെ യാചിച്ചുകൊണ്ടു വരികയാണ്. നമ്മെ താങ്ങുവാൻ ആ കരം നീട്ടിക്കൊണ്ടു വരികയാണ്.

നമ്മുടെ പ്രയാസങ്ങളിൽ താങ്ങുവാൻ, നമ്മുടെ ആവശ്യങ്ങളിൽ, നമ്മുടെ പ്രതിസന്ധികളിൽ, നമ്മുടെ പ്രശ്നങ്ങളിൽ, നാം പതറി ഉലഞ്ഞുപോകുന്ന സന്ദർഭങ്ങളിൽ നമ്മുടെ അമ്പ

രപ്പു മാറ്റി ആശ്വാസവും ധൈര്യവും പകരുവാൻ, നിത്യനായ ദൈവം നമ്മുടെ അരികിലേക്കിറങ്ങി വരികയാണ്. ദൈവം നമ്മുടെ ഇടയിലൂടെ നടക്കുന്നുണ്ട്. നിങ്ങൾ ആയിരിക്കുന്നിട ത്തേക്ക് ക്രിസ്തുവിന്റെ സാന്നിദ്ധ്യം വരുന്നുണ്ട്. ക്രിസ്തു നിങ്ങളെ തൊടുവാൻ കരുണയോടെ കരം നീട്ടുന്നുണ്ട്.

പ്രിയപ്പെട്ടവരേ, ക്രിസ്തു ഒരു സജീവ യാഥാർത്ഥ്യമാണ്. ക്രിസ്തു നമ്മുടെ ഓരോ ചലനവും കാണുന്നു. നമ്മുടെ ഹൃദ യത്തിന്റെ ഗതികളും വിഗതികളുമറിയുന്നു. നമ്മുടെ മനസ്സിന്റെ എല്ലാ ഭാവങ്ങളും കർത്താവ് അറിഞ്ഞുകൊണ്ടിരിക്കുന്നു. കർത്താവ് നമ്മെ അനുഗ്രഹിപ്പാൻ ബദ്ധപ്പാടോടെ നിൽക്കുന്നു.

അബ്രാഹാമിനെ ദൈവം അനുഗ്രഹിച്ചു. ഈ ലോക ത്തിന്റേതൊന്നും അബ്രാഹാം കൈക്കലാക്കാൻ നോക്കിയില്ല. ഉൽപത്തി പുസ്തകം 14-ാം അദ്ധ്യായത്തിൽ നാം കാണുന്നുണ്ട്, സൊദോം രാജാവ് യുദ്ധം ജയിച്ചുവരുന്ന അബ്രാഹാമിനോട് പറയുകയാണ്: സമ്പത്തൊക്കെ നീ എടുത്തുകൊൾക. നീ അല്ലേ അദ്ധ്വാനിച്ചത്? നീ അല്ലേ യുദ്ധം ചെയ്യാൻ പോയത്? നീ കാരണമല്ലേ ഈ ജയം കിട്ടിയത്? അതിന് അബ്രാഹാം സൊദോം രാജാവിനോട് പറഞ്ഞത്:

> *"ഞാൻ അബ്രാമിനെ സമ്പന്നനാക്കിയെന്നു നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാകട്ടെ ചെരിപ്പുവാറാകട്ടെ നിനക്കുള്ളതിൽ യാതൊന്നു മാകട്ടെ എടുക്കയില്ല എന്നു ഞാൻ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ അത്യുന്നത ദൈവമായ യഹോവയിങ്കലേക്കു കൈ ഉയർത്തി സത്യം ചെയ്യുന്നു."* *ഉല്പത്തി 14 : 22, 23*

എന്താണ് അങ്ങനെ പറയാൻ കാരണം? അബ്രാഹാമിന് ദൈവം തന്നാൽ അതുമതി എന്നറിയാം. എനിക്കാവശ്യമുള്ളത് ഉടയതമ്പുരാൻ തരുമെന്നുള്ള ഉറപ്പ്. എല്ലാം തരുവാൻ തക്ക വണ്ണം നമ്മുടെ ദൈവം സമ്പന്നനാണ്.

നിങ്ങളിൽ പലരും പണത്തിന്റെ ആവശ്യത്തിനു മുമ്പിൽ വീർപ്പുമുട്ടുന്നവരായിരിക്കാം. കടത്തിൽ ഞെങ്ങി ഞെരുങ്ങുന്നവരുണ്ടായിരിക്കാം. ആകുലങ്ങളിൽപ്പെട്ട് ഉഴലുന്നവരുണ്ടായിരിക്കാം. എന്തെല്ലാം പ്രതിസന്ധികളും പ്രശ്നങ്ങളുമാണ് നമ്മെ വലയം ചെയ്തുകൊണ്ടിരിക്കുന്നത്? അനേകമനേകം ദു:ഖവിഷയങ്ങളും അനേകമനേകം പ്രതിസന്ധികളുമായി ജീവിതമാകെ വഴിമുട്ടിപ്പോയവരുണ്ട്. സ്നേഹിതരേ, നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾക്ക് ആവശ്യമായതെല്ലാം തരുവാൻ തക്കവണ്ണം ദൈവം സമ്പന്നനാണ്. ദൈവികവ്യവസ്ഥകൾ, ദൈവത്തിന്റെ പ്രമാണങ്ങൾ നിങ്ങൾ അനുസരിച്ചുകൊള്ളൂ. സർവ്വസമ്പന്നനായ ദൈവം എല്ലാം നിങ്ങൾക്കു തന്നുകൊണ്ടിരിക്കും.

അബ്രാഹാം പറഞ്ഞു: രാജാവേ, നീ തരുന്നതൊന്നും എനിക്കു വേണ്ട. ഒരു ചരടുപോലും എനിക്കു വേണ്ട, ഒരു ചെരിപ്പിന്റെ വാറുപോലും എനിക്കുവേണ്ട. അബ്രാഹാം ഇതു പറഞ്ഞ ഉടനെ അടുത്ത അദ്ധ്യായം തുടങ്ങുന്നതിങ്ങനെയാണ്: യഹോവയായ ദൈവം അബ്രാമിനു പ്രത്യക്ഷപ്പെട്ടു. അബ്രാമിനു ദൈവത്തിന്റെ അരുളപ്പാടുണ്ടായി. "അബ്രാമേ ഭയപ്പെടേണ്ട, ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവുമാകുന്നു."

ദൈവമക്കളേ, നിങ്ങൾ മറക്കരുത്. ഈ ലോകത്തിന്റെ യാതൊരു പ്രതിഫലവും വേണ്ട, ഈ ലോകം തരുന്ന മാനവും മഹത്വവും വേണ്ട, ഈ ലോകം തരുന്ന ബഹുമതികളും പ്രതാപങ്ങളും വേണ്ട എന്നു വച്ച് ദൈവസന്നിധിയിൽ വിശ്വസ്തതയോടെ നിൽക്കുന്ന ദൈവദാസനോട് സ്വർഗ്ഗത്തിലെ ദൈവം പറയുകയാണ്: അബ്രാമേ ഭയപ്പെടേണ്ടാ, ഞാനാണ് നിന്റെ പരിച. ഞാനാണ് നിന്റെ അതിമഹത്തായ പ്രതിഫലം. നിനക്കതുപോരേ?

അബ്രാഹാം ഈ സമയം ദൈവത്തോടു പറയുകയാണ്: കർത്താവേ, നീ പറഞ്ഞതെനിക്കു വിശ്വാസമുണ്ട്. പക്ഷേ,

വർഷം പത്തായല്ലോ. എഴുപത്തിയഞ്ചാമത്തെ വയസ്സിലല്ലേ നീ ഈ പാവപ്പെട്ടവനോടു പറഞ്ഞത് എനിക്ക് ഒരു സന്തതിയെ തരാമെന്ന്! എന്റെ ഭാര്യ സാറാ വൃദ്ധയായി വരുന്നല്ലോ. ഞാനും വൃദ്ധനായി തീരുന്നുവല്ലോ. ഇന്നെനിക്ക് എൺപത്തിയഞ്ചു വയസ്സായില്ലേ? പത്തു വർഷംമുമ്പ് നീ എന്നോടു പറഞ്ഞതല്ലേ, നിന്റെ ഭാര്യ സാറാ ഒരു കുഞ്ഞിനെ പ്രസവിക്കും, നിനക്കൊരു മകനെ പ്രസവിക്കും എന്ന്? ഇപ്പോൾ എന്റെ ഈ സ്വത്തെല്ലാം കാര്യസ്ഥനായ എല്യാസറിന് പോവില്ലേ? അവനല്ലേ അനന്തരാവകാശി?

*"കർത്താവായ യഹോവേ, നീ എനിക്ക് എന്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ; എന്റെ അവകാശി ദമ്മേശെക്കുകാരനായ ഈ എല്യേസർ അത്രേ എന്നു പറഞ്ഞു."*

*ഉല്പത്തി 15 : 2*

നീ എനിക്ക് സന്തതിയെ തന്നിട്ടില്ല. എന്റെ വീട്ടിൽ ജനിച്ച ദാസൻ അവകാശി ആകുന്നു എന്ന് അബ്രാഹാം പറഞ്ഞു.

സ്വർഗ്ഗത്തിലെ ദൈവത്തോട് മനുഷ്യൻ ചോദിക്കുകയാണ്: കർത്താവേ, ഇത്രയും വർഷമായിട്ടും നീ പറഞ്ഞ വാക്കു നീ പാലിച്ചില്ലല്ലോ, നിറവേറ്റിത്തന്നില്ലല്ലോ.

നിങ്ങൾ ചില വിഷയങ്ങൾ പ്രാർത്ഥിച്ചു. നിങ്ങളുടെ ജീവിതത്തിലെ പാപങ്ങൾ നിങ്ങൾ മാറ്റിയിട്ടുണ്ട്. വ്യക്തമായ ചില വ്യവസ്ഥകൾ നിങ്ങൾ പാലിച്ചിട്ടുണ്ട്, വ്യക്തമായ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. മുമ്പ് മദ്യത്തിനടിമകളായി കൊള്ളരുതായ്മയിലും വൃത്തികേടിലും അഴുക്കിലും മ്ലേച്ഛതയിലും മാലിന്യത്തിലും ജീവിച്ചുപോന്നതുപോലെ ഇന്നു ജീവിക്കുന്നില്ല. വളരെ യോഗ്യമായും പ്രാർത്ഥനാനിരതരായും കൂട്ടായ്മ യോഗങ്ങളിൽ പങ്കെടുത്തും നിങ്ങൾ ജീവിക്കുന്നു.

പക്ഷേ, പലരുടേയും പ്രാർത്ഥനയ്ക്കു മറുപടി കിട്ടാതെ ഇന്നും നിങ്ങളെ ആകുലപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

സ്നേഹിതരേ, സ്വർഗ്ഗത്തിലെ ദൈവം നിങ്ങൾക്കു വ്യക്തമായ അരുളപ്പാടു തരികയാണ്. മകനേ, നിന്നോടു പറഞ്ഞ വാക്ക് ഞാൻ മറന്നിട്ടില്ല.

വാഗ്ദാനങ്ങൾ ലഭിച്ചു എങ്കിലും ഇതുവരെയും വാഗ്ദാനങ്ങൾ നിറവേറാതെ മനസ്സ് ആകുലപ്പെട്ടും ഉള്ള് നിരാശപ്പെട്ടും വലഞ്ഞിരിക്കുന്ന ദൈവജനമേ, നിങ്ങൾക്കിപ്പോൾ ദൈവത്തോട് പറയാം: കർത്താവേ, ഞാൻ എന്റെ ജീവിതത്തിൽ നിന്നോടു പറഞ്ഞ വാക്ക് ഇതുവരെയും പാലിക്കാൻ നീ എനിക്കു കൃപ തന്നല്ലോ. എന്റെ ആഗ്രഹങ്ങൾ നീ എനിക്കു നിറവേറ്റി തരണമേ.

> *"യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക, യഹോവയിൽതന്നേ രസിച്ചു കൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും. നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും."* *സങ്കീർത്തനങ്ങൾ 37: 3 – 5*

സ്നേഹിതരേ, നിങ്ങൾ ദൈവത്തോട് ചോദിച്ച് വാങ്ങുവിൻ, അപേക്ഷിച്ചു വാങ്ങുവിൻ. കരുണയുള്ള കർത്താവ്, തന്നെത്തന്നെ ക്രൂശിൽ അർപ്പിച്ചവൻ, നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം തരാൻ സമ്പന്നനായി നിൽക്കുന്നു. മകനേ, നിന്റെ ഹൃദയം നീ താഴ്ത്തുവിൻ. മകളേ, നിന്റെ ഹൃദയം നീ വിനയപ്പെടുത്തുവിൻ.

ദൈവത്തോട് ചോദിക്കുവിൻ: നാഥാ, എന്റെ ഹൃദയത്തെ നീ കാണണമേ. എന്റെ ആശകളെ നീ കാണണമേ. എന്റെ രോഗത്തെ നീ കാണണമേ. എന്റെ പണത്തിന്റെ ഞെരുക്കത്തെ നീ കാണണമേ. എന്റെ കുടുംബത്തിലെ ക്ലേശത്തെ നീ കാണണമേ. എന്റെ മനസ്സിന്റെ പ്രശ്നങ്ങളെ നീ കാണണമേ. എന്നോട് മനസ്സലിയണമേ. എന്നെ സ്വീകരിക്കണമേ. എന്റെ

പാപങ്ങൾ എല്ലാം ക്ഷമിക്കണമേ. എനിക്കു നീ മാപ്പുതരണമേ. പുതുജീവിതത്തിനുള്ള പുതുകൃപ എന്റെമേൽ പകരണമേ. എന്നെ അനുഗ്രഹിക്കണമേ.

നമുക്കു പ്രാർത്ഥിക്കാം. കരുണയുള്ള കർത്താവേ, ഈ നല്ല സമയത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എല്ലാവരേയും തൃക്കൈവെച്ച് ആശീർവ്വദിക്കണമേ. ഹൃദയത്തിന്റെ ഭാരങ്ങൾ മാറ്റണമേ. ആകുലങ്ങൾ നീക്കണമേ, രോഗങ്ങൾ സൗഖ്യമാക്കണമേ. ആവശ്യങ്ങളിൽ കൂടെയിരിക്കണമേ. എപ്പോഴും തിരുസാന്നിദ്ധ്യത്തിന്റെ മറവിൽ ജീവിപ്പാൻ നിന്റെ മക്കൾക്കു ഭാഗ്യം നൽകണമേ. എല്ലാ നന്മകളാലും നിറക്കണമേ. യേശുക്രിസ്തുവിന്റെ മഹത്വമുള്ള നാമത്തിൽ യാചിക്കുന്നു, കൃപയോടെ കേൾക്കണമേ, ആമ്മേൻ.

# രണ്ട്

*"കർത്താവായ യഹോവേ, ഞാൻ അതിനെ അവകാശമാക്കുമെന്നുള്ളത് എനിക്ക് എന്തൊന്നിനാൽ അറിയാം എന്ന് അവൻ ചോദിച്ചു." ഉല്പത്തി 15 : 8*

ഉല്പത്തിപുസ്തകത്തിൽ അബ്രാഹാമിനു ലഭിച്ച അനുഗ്രഹങ്ങളുടെ വിശദമായ വിവരണമാണ് നാം വായിക്കുന്നത്. അബ്രാഹാമിന് അനുഗ്രഹങ്ങൾ ലഭിച്ചു. അബ്രാഹാമിനു കിട്ടിയ ഏറ്റവും വലിയ അനുഗ്രഹം, മകനേ, നിന്റെ അവകാശം ഞാനാണ്, നിന്റെ ഓഹരി ഞാനാണ്, നിന്റെ അതിമഹത്തായ പ്രതിഫലം ഞാൻ തന്നെയാണ് എന്ന ദൈവിക വാഗ്ദാനമാണ്.

ദൈവമാണ് നമ്മുടെ അവകാശമെങ്കിൽ ദൈവത്തിനെന്തെല്ലാമുണ്ടോ അതെല്ലാം നമുക്കു ലഭിക്കും. ദൈവത്തിന്റെ വിശുദ്ധി നമുക്ക് ലഭിക്കും, സ്നേഹം ലഭിക്കും, നന്മകൾ ലഭിക്കും, ദൈവത്തിന്റെ കൃപകൾ ലഭിക്കും, ദൈവത്തിന്റെ വരപ്രസാദം ലഭിക്കും, ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ സമൃദ്ധി നമ്മുടെ മേൽ ചൊരിയും.

അബ്രാഹാം ചോദിച്ചു: കർത്താവായ യഹോവേ, നീ എനിക്കെന്തു തരും? പത്തു വർഷം മുമ്പ് നീ എന്നോട് അരുളിച്ചെയ്തതല്ലേ, എനിക്കൊരു മകനെ തരാമെന്ന്? ഇതുവരെയും മകനെ കിട്ടിയില്ലല്ലോ. എനിക്ക് എന്തെല്ലാം സ്വത്തുണ്ടെന്നു പറഞ്ഞാലും അതവകാശമാക്കാൻ എനിക്ക് സന്തതി ഇല്ലല്ലോ.

ദൈവം അബ്രാഹാമിനെ പുറത്തേക്കു വിളിച്ചു. കൂടാര

ത്തിനു വെളിയിലേക്ക് അബ്രാഹാം കടന്നുചെന്നപ്പോൾ ദൈവം പറഞ്ഞു: "അബ്രാഹാമേ നോക്കൂ, ഈ മണൽത്തരിക ളെല്ലാം നീ കാണുന്നില്ലേ, ഒന്നെണ്ണിത്തരിക, സാധിക്കുമോ? "അയ്യോ കർത്താവേ, മണൽത്തരികൾ എങ്ങനെ എണ്ണാനാ ണ്? ഈ പൂഴിമണൽ എങ്ങനെ എണ്ണിത്തിട്ടപ്പെടുത്താനാണ്?"

ദൈവം വീണ്ടും പറഞ്ഞു: "നീ ആകാശത്തേക്കു നോക്കുക, അവിടെ കാണുന്ന നക്ഷത്രങ്ങളെ എണ്ണുക, സാധി ക്കുമോ നിനക്ക്?" "അയ്യോ കർത്താവേ, ഞാൻ നക്ഷത്രങ്ങളെ എങ്ങനെ എണ്ണും?"

"മകനേ, ഞാൻ അന്ന് നിന്നോടൊരു വാക്കു പറഞ്ഞെ ങ്കിൽ ആകാശത്തിലെ നക്ഷത്രംപോലെയും കടൽക്കരയിലെ മണൽപോലെയും നിനക്കു ഞാൻ സന്തതിയെ തരും."

അബ്രാഹാം വിനയപൂർവ്വം തന്നിലേക്കു തന്നെ ഒന്നു നോക്കി. ശരീരം ഉണങ്ങിവരുന്നു. വാർദ്ധക്യം ബാധിച്ചു വരുന്നു. ജരാനരകൾ കയറിവരുന്നു. ക്ഷീണം വർദ്ധിച്ചുവരുന്നു. എനി ക്കൊരു സന്തതിയെ കിട്ടുമെന്നോ? എന്താണ് ദൈവം പറയുന്നത്?

ദൈവം അബ്രാമിനോട് പറഞ്ഞു:

*"അവൻ നിന്റെ അവകാശിയാകയില്ല; നിന്റെ ഉദര ത്തിൽനിന്നു പുറപ്പെടുന്നവൻ തന്നേ നിന്റെ അവ കാശിയാകും എന്ന് അവന് യഹോവയുടെ അരുള പ്പാടുണ്ടായി. പിന്നെ അവൻ അവനെ പുറത്തു കൊണ്ടു ചെന്നു: നീ ആകാശത്തേക്കു നോക്കുക; നക്ഷത്രങ്ങളെ എണ്ണുവാൻ കഴിയുമെങ്കിൽ എണ്ണുക എന്നു കല്പിച്ചു. നിന്റെ സന്തതി ഇങ്ങനെ ആകും എന്ന് അവനോടു കല്പിച്ചു."*

*ഉല്പത്തി 15 : 4, 5*

*"ഈ ദേശത്തെ നിനക്ക് അവകാശമായിത്തരു വാൻ കൽദയപട്ടണമായ ഊരിൽ നിന്നു നിന്നെ*

> *കൂട്ടിക്കൊണ്ടുവന്ന യഹോവ ഞാൻ ആകുന്നു എന്ന് അരുളിച്ചെയ്തു. കർത്താവായ യഹോവേ, ഞാൻ അതിനെ അവകാശമാക്കുമെന്നുള്ളത് എനിക്ക് എന്തൊന്നിനാൽ അറിയാം എന്ന് അവൻ ചോദിച്ചു.”* *ഉല്പത്തി 15 : 7, 8*

“ഈ ദേശത്തെ നിനക്ക് അവകാശമായിത്തരും. നിന്റെ ദാസനായ എല്യേസർ അല്ല അവകാശിയാകാൻ പോകുന്നത്. നിനക്കു ഞാൻ സന്തതിയെ അവകാശമായിത്തരും. നിന്റെ സന്തതികൾ പരമ്പരയായി, തലമുറതലമുറയായി ഇതനുഭവിക്കാൻ പോവുകയാണ്.” “സ്വർഗ്ഗത്തിലെ ദൈവമാണ് എന്നോടു സംസാരിക്കുന്നത്. ദൈവത്തിന്റെ ശബ്ദമാണ് ഞാൻ കേൾക്കുന്നത്.” അബ്രാഹാം ദൈവത്തെ വിശ്വസിച്ചു.

സ്നേഹിതരേ, നിങ്ങൾക്ക് എന്തെങ്കിലും ദൈവികവാഗ്ദത്തങ്ങൾ കിട്ടിയിട്ടുണ്ടോ? നിങ്ങൾ ഓരോരുത്തരും അറിയുക, ദൈവം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകാൻ വൈകുന്നില്ല. ദൈവം നിങ്ങളുടെ അപേക്ഷകൾക്ക് മറുപടി നൽകാൻ താമസിക്കുന്നില്ല.

> *“ഞാൻ കൊത്തളത്തിൽനിന്നു കാവൽ കാത്തുകൊണ്ട്: അവൻ എന്നോട് എന്തരുളിച്ചെയ്യും എന്നും എന്റെ ആവലാധിസംബന്ധിച്ചു ഞാൻ എന്തുത്തരം പറയേണ്ടൂ എന്നും കാണേണ്ടതിന് ദൃഷ്ടി വയ്ക്കും.”* *ഹബക്കൂക് 2 : 1*

ഹബക്കൂക് പ്രവാചകൻ പറയുകയാണ്: ഞാൻ ഒരു കാര്യത്തിനുവേണ്ടി ആലോചന ചോദിച്ചുകൊണ്ടു നിൽക്കും. എനിക്ക് ഒരു കാര്യം അറിയണം; ഞാൻ ദൃഷ്ടിവച്ചു നിൽക്കുകയാണ്. എന്റെ ആവലാതിക്ക് എന്താണ് മറുപടി എന്നെനിക്ക് അറിയണം. എന്റെ ആവലാതി സംബന്ധിച്ച് ഞാൻ എന്തുത്തരം പറയേണ്ടൂ? അവൻ എന്നോട് എന്താണ് അരുളിച്ചെയ്യാൻ പോകുന്നത് എന്നു കാണേണ്ടതിന് ഞാൻ ദൃഷ്ടിവ

യ്ക്കും.

> *"യഹോവ എന്നോട് ഉത്തരം അരുളിയത്: നീ ദർശനം എഴുതുക; ഓടിച്ചുവായിപ്പാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വരയ്ക്കുക. ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു; അത് സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു; സമയം തെറ്റുകയുമില്ല; അതു വൈകിയാലും അതിനായി കാത്തിരിക്ക; അതു വരും നിശ്ചയം; താമസിക്കയുമില്ല."*
>
> *ഹബക്കൂക് 2 : 2, 3*

ദൈവപൈതലേ, സമയം തെറ്റുകയുമില്ല. അതിന് അവധി വച്ചിരിക്കുന്നു. അത് സമാപ്തിയിലേക്കു ബദ്ധപ്പെടുന്നു. അതു വൈകിയാലും അതിനായി കാത്തിരിക്കുക. ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിക്കുവേണ്ടി ക്ഷമയോടെ കാത്തിരിക്കുക. പ്രിയപ്പെട്ടവരേ, അതു വരും നിശ്ചയം, താമസിക്കുകയും ഇല്ല.

അബ്രാഹാം പത്തുവർഷം കാത്തിരുന്നു. പക്ഷേ, സന്തതി ലഭിച്ചില്ല. ദൈവം പറയുകയാണ്: അബ്രാഹാമേ, ഞാൻ ഈ ദേശം നിനക്ക് അവകാശമായി തരുന്നു. നിനക്കു മാത്രമല്ല, നിന്റെ സന്തതികൾക്കും തലമുറകൾക്കും അത് അവകാശമായി തരുന്നു.

ദൈവിക വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, ദൈവത്തിന്റെ കല്പനകൾ പാലിച്ചുകൊണ്ട്, വിശുദ്ധജീവിതം തുടങ്ങിക്കൊണ്ട്, ദൈവത്തോട് നിങ്ങളുടെ ആവശ്യങ്ങൾ ചോദിക്കാം. അപ്പന്റെ മകനായി, മകളായി നിന്നുകൊണ്ട് ആവശ്യങ്ങൾ ചോദിക്കാം.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്നു നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മകനോ, മകളോ ആയിരിക്കണം. അല്ലാതെ നാം ചോദിക്കുന്നതിൽ അർത്ഥമില്ല. അപ്പനോട് മക്കൾക്കു ചോദിക്കാം: അപ്പാ, എനിക്ക് ഇന്ന ആവശ്യമുണ്ട്. പക്ഷേ, ആദ്യം നാം അപ്പന്റെ മക

നായിത്തീരണം. അപ്പന്റെ മകളായി തീരണം. അതാണ് ആത്മാവിലുള്ള ജനനമെന്നു പറയുന്നത്.

ശരീരപ്രകാരം ഈ ഭൂമിയിൽ നാം നമ്മുടെ മാതാപിതാക്കളുടെ മകനോ, മകളോ ആയി ജനിച്ചു. എന്നാൽ അതു പോരാ, ആത്മാവിൽ ഒരു ജനനം വേണം. അതാണ് പുതുജനനം. അതു ഏതുപ്രായത്തിലുമാകാം.

ആത്മാവിൽ ഒരു ജനനം നിങ്ങൾ പ്രാപിച്ചിട്ടുണ്ടോ?

*"പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല."*

*യോഹന്നാൻ 3 : 3*

അപ്പന്റെ മകനായി തീർന്നതുകൊണ്ട് അപ്പനോട് ചോദിക്കാം: അപ്പാ, ഞാൻ നിന്റെ മകനല്ലേ? ഞാൻ നിന്റെ മകളല്ലേ? എന്റെ ഈ ആവശ്യം സാധിപ്പിച്ചു തരണം. എനിക്ക് ഇന്ന കാര്യമുണ്ട്. എനിക്ക് ഇന്ന രോഗമുണ്ട്. എനിക്കിത്ര കടമുണ്ട്. എനിക്കു ചില മാനസികമായ വൈഷമ്യങ്ങളുണ്ട്. എന്റെ കുടുംബത്തിൽ ചില പ്രതിസന്ധികളുണ്ട്. കുടുംബത്തിൽ ചില സ്വൈര്യക്കേടുകളുണ്ട്.

എന്റെ മനസ്സിൽ ചില ഭീതികളുണ്ട്, ചില ആകുലങ്ങളുണ്ട്. ചില ആശങ്കകളുണ്ട്. ഉത്ക്കണ്ഠാകുലമായ ചില കാര്യങ്ങൾ എന്നെ അലട്ടുന്നുണ്ട്. കരുണയുള്ള കർത്താവേ, ഞാൻ അപ്പന്റെ മോനല്ലേ, അപ്പന്റെ മോളല്ലേ? എന്റെ കാര്യത്തിൽ നീ കൈ എടുത്തേ പറ്റൂ. നീ എന്റെ കാര്യത്തിലേക്ക് ഇറങ്ങി വരണം. എന്നെ നീ സഹായിക്കണം.

അപ്പന്റെ മകനും മകളുമായി തീർന്നു എന്ന് എങ്ങനെ അറിയാം? അപ്പന്റെ മകന് അപ്പന്റെ ഛായ ഉണ്ടായിരിക്കും. അപ്പന്റെ മകൾക്ക് അപ്പന്റെ ഛായ ഉണ്ടായിരിക്കും. സ്വർഗ്ഗത്തിലെ അപ്പന്റെ ഛായയാണോ എനിക്കുള്ളത്? എന്റെ ആത്മാവിന് ആത്മാവാകുന്ന സ്വർഗ്ഗീയപിതാവിന്റെ ഛായയുണ്ടോ? അതു വിശുദ്ധിയാണ്. അതു ക്രൂശിലെ സ്നേഹമാണ്.

ബേത്ലഹേം മുതൽ കാൽവറിവരെ നടന്ന രക്ഷകന്റെ എളിമയാണ്. ആ ലാളിത്യമാണ് ആത്മാവിന്റെ ഛായ എന്നു പറയുന്നത്.

ക്രിസ്തുവിന്റെ സ്വഭാവം എനിക്കുണ്ടോ? ഭൂമിയിലേക്കി റങ്ങിവന്ന സ്വർഗ്ഗീയപിതാവിന്റെ ഏകജാതനായ തിരുക്കുമാ രന്റെ ഛായ എനിക്കുണ്ടോ? ആ പ്രകൃതം എനിക്കുണ്ടോ? ആ ഭാവമാണോ എന്റെ ഹൃദയത്തിൽ നിഴലിക്കുന്നത്? എന്റെ ജീവിതത്തിന്റെ പ്രതിഫലനം എന്താണ്? ഓർത്തു നോക്കൂ. അപ്പോഴാണ് നാം മനസ്സിലാക്കുന്നത് അയ്യോ, ഞാൻ അപ്പന്റെ ഛായ പ്രാപിച്ചില്ലല്ലോ എന്ന്.

ഈ ദേശത്തെ നിനക്ക് അവകാശമായിത്തരുവാൻ കൽദയ പട്ടണമായ ഊരിൽ നിന്ന് നിന്നെ കൂട്ടിക്കൊണ്ടുവന്ന യഹോവ ഞാനാകുന്നു എന്ന് ദൈവം അരുളിച്ചെയ്തപ്പോൾ അബ്രാഹാം ചോദിക്കുകയാണ്: "കർത്താവായ യഹോവേ, ഞാൻ അതിനെ അവകാശമാക്കുമെന്നുള്ളത് എനിക്ക് എന്തൊ ന്നിനാൽ അറിയാം?

ഇപ്പോൾ മകനെ കിട്ടിയിട്ടില്ല. എന്റെ സന്തതി അതിനെ അവകാശമാക്കുമെന്നാണ് നീ പറയുന്നത്. പക്ഷേ, എന്താണ തിന് തെളിവ്?

15-ാം അദ്ധ്യായത്തിന്റെ 9-ാം വാക്യം മുതൽ വായിക്കു മ്പോൾ കാണാം ദൈവം, ഭൂമിയിൽ ഒരു മനുഷ്യനോട് ഉടമ്പടി ചെയ്യുന്നു. മനുഷ്യൻ ഒന്നും ഉടമ്പടി ചെയ്തിട്ടല്ല, ദൈവ ത്തിന്റെ അനന്തകൃപയാൽ ദൈവം മനുഷ്യനോട് ഉടമ്പടി ചെയ്യുകയാണ്.

രക്തത്തെ സാക്ഷിനിർത്തിക്കൊണ്ടു വാക്കു പറയുക യാണ്. ആ കാലങ്ങളിൽ രക്തം അടയാളമാക്കിക്കൊണ്ടാണ് ഉടമ്പടി ചെയ്യുന്നത്.

*"നീ മൂന്നു വയസ്സുള്ള ഒരു പശുക്കിടാവിനെയും*

*മൂന്നു വയസ്സുള്ള ഒരു കോലാടിനെയും മൂന്നു വയസ്സുള്ള ഒരു ആട്ടുകൊറ്റനെയും ഒരു കുറുപ്രാവിനെയും ഒരു പ്രാവിൻ കുഞ്ഞിനെയും കൊണ്ടു വരിക എന്നു കല്പിച്ചു. ഇവയെയൊക്കെയും അവൻ കൊണ്ടുവന്ന് ഒത്ത നടുവേ പിളർന്നു ഭാഗങ്ങളെ നേർക്കുനേരേ വച്ചു; പക്ഷികളെയോ അവൻ പിളർന്നില്ല." ഉല്പത്തി 15 : 9, 10*

ഒരു ഉടമ്പടി ഉറപ്പാകുന്നത് രക്തത്തെ അടയാളമാക്കിക്കൊണ്ടാണ്. എല്ലാം പിളർന്നുവച്ചിട്ട് ആ പിളർപ്പിൽ നിന്നുകൊണ്ട് ഉടമ്പടി രേഖപ്പെടുത്തുന്നു. രക്തം അടയാളമാക്കിക്കൊണ്ട്, ആ പിളർപ്പിനെ സാക്ഷിയാക്കിക്കൊണ്ട് അവിടെ ഉടമ്പടി സ്ഥിരപ്പെടുത്തുകയാണ്. എന്നാൽ നാം വായിക്കുന്നു: "പക്ഷികളെയോ അവൻ പിളർന്നില്ല."

ഇവയെ ഒക്കെയും അവൻ കൊണ്ടുവന്ന് ഒത്ത നടുവെ പിളർന്നു. ഭാഗങ്ങളെ നേർക്കു നേരെ വച്ചു. പക്ഷികളെയോ അബ്രാഹാം പിളർന്നില്ല.

*"ഉടലുകളിന്മേൽ റാഞ്ചൻപക്ഷികൾ ഇറങ്ങിവന്നപ്പോൾ അബ്രാം അവയെ ആട്ടിക്കളഞ്ഞു."*

*ഉല്പത്തി 15 : 11*

പിളർന്ന് വച്ചപ്പോൾ അതിനകത്തുള്ള കുടലും പണ്ടവും, അതുപോലുള്ള എല്ലാ മാലിന്യങ്ങളും എടുത്തുമാറ്റുകയാണ് ചെയ്തത്. എന്നാൽ കുറുപ്രാവിനെയും പ്രാവിൻ കുഞ്ഞിനെയും അബ്രാഹാം പിളർന്നില്ല. ചെറുതല്ലേ, നിസ്സാരമല്ലേ, സാരമില്ലല്ലോ എന്നോർത്തു. നല്ല ശുദ്ധിയുള്ള പക്ഷിയാണ് പ്രാവ്. അതുകൊണ്ട് അതിനെ പിളരേണ്ട ആവശ്യമില്ല എന്ന് അബ്രാഹാം ചിന്തിച്ചുപോയി.

അതിനെയും പിളർന്ന് അതിനകത്തുള്ളത് എടുത്തു കളയാത്തതുകൊണ്ട്, വളരെ ചെറിയ പ്രാവാണെങ്കിലും കുറുപ്രാവാണെങ്കിലും പ്രാവിൻ കുഞ്ഞാണെങ്കിലും റാഞ്ചൻ പക്ഷി

കൾ കൂട്ടമായി പറന്നു വന്നു. "ഉടലുകളിന്മേൽ റാഞ്ചൻപക്ഷി കൾ ഇറങ്ങി വന്നപ്പോൾ അബ്രാം അവയെ ആട്ടിക്കളഞ്ഞു."

പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സന്നിധിയിൽ ഉടമ്പടി ലഭിക്കാൻ നിൽക്കുന്ന ദൈവദാസന്റെ ജീവിതത്തിൽ റാഞ്ചൻപക്ഷികൾ പറന്നു വരുന്നുണ്ടോ എന്നു നോക്കണം. എവിടെയെങ്കിലും പിളരാനുണ്ടോ, പിളർന്ന് അഴുക്കെടുത്തു കളയാനുണ്ടോ എന്നു നോക്കണം. റാഞ്ചൻ പക്ഷി ഇറങ്ങാൻ ഇടവരരുത്.

പലരും അങ്ങനെയാണ്. ചീത്ത ചിന്ത വന്നു. അയ്യോ, വേണ്ടായിരുന്നു എന്ന് പിന്നീട് ചിന്തിക്കുകയാണ്. ഒരു നുണ പറഞ്ഞു, അല്ലെങ്കിൽ ആരെയെങ്കിലും ഉപദ്രവിച്ചു. ആർക്കെ ങ്കിലും ദോഷം വരുന്ന രീതിയിൽ പരദൂഷണം പറഞ്ഞു. എന്തെങ്കിലും ദോഷം സംഭാഷണത്തിൽ വന്നുപോയി. പ്രിയ പ്പെട്ടവരേ, ആരെയെങ്കിലും പരിഹസിച്ചു. അതല്ല എങ്കിൽ പണ ത്തിന്റെ ക്രമക്കേടുവന്നു. അല്ലെങ്കിൽ ചെറുതെന്ന് നാം കരു തുന്ന മഹാപാപങ്ങൾ ചിലതെല്ലാം വന്നു.

ചിലപ്പോൾ നോട്ടങ്ങളിലുള്ള തെറ്റായിരിക്കാം, പെരുമാറ്റ ങ്ങളിലുള്ള തെറ്റായിരിക്കാം, നമ്മുടെ സ്വഭാവത്തിലുള്ള മാലി ന്യങ്ങളായിരിക്കാം. ഇങ്ങനെ ചെറുതെന്ന് നാം കരുതുന്ന ചില കാര്യങ്ങൾ എടുത്തു കളയാനുണ്ട്. അതുള്ളതുകൊണ്ട് റാഞ്ചൻ പക്ഷികൾ ഇറങ്ങി വരുന്നു. അവിടെ ദൈവത്തിന്റെ ഉടമ്പടി ലഭിക്കുകയില്ല. ദൈവത്തിന്റെ കൃപ ലഭിക്കുകയില്ല. ദൈവ ത്തിന്റെ അനുഗ്രഹം വേണമെങ്കിൽ, വാഗ്ദത്തം നിറവേറണ മെങ്കിൽ ഈ അഴുക്ക് എടുത്തു മാറ്റണം. പിളർന്ന് വയ്ക്കണം.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ പിളരാത്ത ഭാഗ ങ്ങൾ ഏതെങ്കിലും ഉണ്ടോ? അകത്ത് മൂടി വച്ചിരിക്കുന്നത് എന്തെങ്കിലുമുണ്ടോ? മറ്റാരും കാണാതെ മറഞ്ഞിരിക്കുന്ന തെറ്റുകൾ നമ്മുടെ ജീവിതത്തിലുണ്ടോ? ശാന്തമായി ശോധന ചെയ്യുക.

“മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കണമേ. സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കണമേ; അവ എന്റെമേൽ വാഴരുതേ” എന്ന് 19-ാം സങ്കീർത്തനത്തിൽ അവസാനഭാഗത്ത് ദാവീദ് പ്രാർത്ഥിക്കുന്നുണ്ട്.

മറഞ്ഞിരിക്കുന്ന തെറ്റുകൾ! നിങ്ങളുടെ ജീവിതത്തിൽ മറ്റാരും അറിഞ്ഞിട്ടില്ല. ഭാര്യ അറിഞ്ഞില്ല, ഭർത്താവറിഞ്ഞില്ല, മക്കളറിഞ്ഞില്ല, മാതാപിതാക്കളറിഞ്ഞില്ല, കൂടെ ജോലി ചെയ്യുന്നവർ അറിഞ്ഞില്ല. നിന്റെ ജീവിതത്തിൽ ചില തെറ്റുകൾ, ചില പാപങ്ങൾ ഇന്നും മറഞ്ഞിരിക്കുകയാണ്. അത് പിളർന്നുവയ്ക്കണം. അഴുക്കായതെല്ലാം എടുത്ത് മാറ്റിക്കളയണം.

നിങ്ങൾ നിങ്ങളുടെ ജീവിതത്തിലേക്കു നോക്കണം. റാഞ്ചൻപക്ഷിക്ക് അവകാശമുള്ളത് എന്താണെന്റെ ജീവിതത്തിലുള്ളത്? റാഞ്ചൻപക്ഷികളായ പൈശാചികശക്തിക്ക്, ദുരാത്മസേനക്ക് എന്നിൽ അവകാശമുള്ളതായി ഉള്ളതെല്ലാം കർത്താവേ, കാണിച്ചു തരണമേ എന്നു പ്രാർത്ഥിക്കണം.

പണത്തിന്റെ കാര്യങ്ങളിൽ, സ്വഭാവത്തിന്റെ കാര്യങ്ങളിൽ, സംസാരത്തിന്റെ കാര്യങ്ങളിൽ, എന്റെ ജീവിതത്തിൽ ചെറുത് എന്നു ഞാൻ കരുതുന്ന ചില കാര്യങ്ങളിൽ എന്റെ ജീവിതത്തിൽ മറഞ്ഞിരിക്കുന്നത് എന്തെല്ലാം ഉണ്ട്? നാഥാ, അതുമൂലം റാഞ്ചൻപക്ഷികൾ എന്റെമേൽ പറന്നുവരുന്നു. ആട്ടുമ്പോൾ അതുപോകും. പക്ഷേ, പിന്നെയും വരും.

അനേകരുടെ ജീവിതത്തിൽ ഇതാണ് സംഭവിക്കുന്നത്. ആട്ടിക്കളയുന്നുണ്ട്. തത്ക്കാലം പോകും പക്ഷേ, പിന്നെയും വരുകയാണ്. ഇനി ഞാൻ പാപം ചെയ്യുകയില്ല, ഇനി ഞാൻ നുണ പറയുകയില്ല, ഇനി ഞാൻ ആരെയും വഞ്ചിക്കുകയില്ല, ഇനി ആരുടെയും ഹൃദയത്തെ നൊമ്പരപ്പെടുത്തുകയില്ല, ഇനി ഞാൻ കോപിക്കുകയില്ല, ഇനി എന്റെ കുടുംബത്തിൽ ഞാൻ അലോഹ്യമുണ്ടാക്കുകയില്ല എന്നെല്ലാം തീരുമാനമെടുത്തു. അപ്പോൾ തത്ക്കാലത്തേക്ക് ശത്രുവായ പിശാച് മാറി നിന്നു.

എന്നാൽ നിങ്ങൾ പിന്നെയും പാപത്തിലേക്കു പോയപ്പോൾ ഈ റാഞ്ചൻപക്ഷികൾ എല്ലാം പിന്നെയും പറന്നു വരികയാണ്.

സ്നേഹിതരേ, നിങ്ങൾ എല്ലാം വിട്ടുകളയുവിൻ, എല്ലാം മാറ്റിക്കളയുവിൻ, സമ്പൂർണ്ണമായി ശുദ്ധീകരണം പ്രാപിപ്പിൻ, സമ്പൂർണ്ണമായി ഒരു കഴുകൽ പ്രാപിപ്പിൻ.

അബ്രാഹാം അവയെ ആട്ടിക്കളഞ്ഞു. അബ്രാഹാം ആട്ടി ആട്ടി വലഞ്ഞു. നേരം സന്ധ്യയായി. അബ്രാഹാം വിഷമിച്ചു.

> *"സൂര്യൻ അസ്തമിക്കുമ്പോൾ അബ്രാമിന് ഒരു ഗാഢനിദ്ര വന്നു. ഭീതിയും അന്ധതമസും അവന്റെ മേൽ വീണു."* *ഉല്പത്തി 15 : 12*

നിങ്ങളുടെ ആത്മീയജീവിതത്തിൽ പ്രാഗത്ഭ്യം നഷ്ടപ്പെട്ടതെവിടെയാണെന്നറിയാമോ? ഭീതി വരുന്നത് എവിടെയാണെന്നറിയാമോ? നിരാശ വരുന്നത് എവിടെയാണെന്നറിയാമോ? നിങ്ങൾക്കൊരു തളർച്ച വരുന്നത് എവിടെയാണ്? എവിടെയാണ് നിങ്ങൾ വലയുന്നത്?

അബ്രാഹാം വിശ്വാസികളുടെ പിതാവാണ് എങ്കിലും പിളരേണ്ടതു മുഴുവൻ പിളർന്നില്ല. എടുത്തു കളയേണ്ടതു മുഴുവൻ എടുത്തു കളഞ്ഞില്ല. അവിടെ റാഞ്ചൻപക്ഷികൾ വന്നപ്പോൾ ഭീതിയും അന്ധതമസ്സും അബ്രാഹാമിന്റെ മേൽ വീണു.

അബ്രാഹാം വിഷമിച്ചു. അബ്രാഹാം പ്രയാസത്തോടെ പറഞ്ഞു: എന്റെ കർത്താവേ, ഞാൻ വലഞ്ഞല്ലോ. ഞാൻ ആട്ടിയാട്ടി വിഷമിച്ചല്ലോ. ഞാൻ വിഷമിച്ചു പോയല്ലോ. ഞാൻ ഭാരപ്പെട്ടു പോകുന്നല്ലോ. കർത്താവേ, എനിക്കൊരിക്കലും ജയമില്ലായിരിക്കുമോ? എന്റെ ജീവിതത്തിൽ നീ തന്ന വാഗ്ദത്തം നിറവേറാനുള്ള സാദ്ധ്യത ഇല്ലായിരിക്കുമോ? അബ്രാഹാം ദൈവസന്നിധിയിൽ ഇരുന്ന് തകരാൻ തുടങ്ങി.

നാം വായിക്കുന്നതിങ്ങനെയാണ്: "ദൈവത്തിന് അബ്രാഹാ

മിനോട് കരുണ തോന്നി.” എന്റെ സഹോദരങ്ങളേ, നമ്മുടെ കഴിവുകൊണ്ടോ പരിശ്രമംകൊണ്ടോ, അദ്ധ്വാനം കൊണ്ടോ ഒന്നും ഈ പാപവും പാപചിന്തകളും മാറുകയില്ല.

ഇതെല്ലാം മാറണമെങ്കിൽ, കുറുപ്രാവിനെ പിളരണമെങ്കിൽ, നമ്മുടെ ചങ്കിന്റെ ഉള്ളിൽ ഒളിച്ചിരിക്കുന്ന അഴുക്കുകളെല്ലാം മാറണമെങ്കിൽ ദൈവത്തിന്റെ കൃപ വരണം. ഭീതിയും അന്ധതമസ്സും നിന്റേമേൽ വന്നിട്ടുണ്ട്. എന്നാൽ ദൈവപൈതലേ, ഇപ്പോൾ നിനക്ക് ദൈവത്തോടു പറയാം: കർത്താവേ, ഞാൻ നിസ്സഹായനാണ്. എനിക്കു സാധിക്കുന്നില്ല. ഞാൻ തോൽവിയടഞ്ഞ ഒരു മനുഷ്യനാണ്. ഇതുവരെയും ജയിച്ചിട്ടില്ല. ഞാനെന്നും തോറ്റിട്ടേയുള്ളൂ.

കർത്താവേ, എനിക്കൊരു ജയം നീ തരുമോ? എന്നോടു നീ മനസ്സലിയുമോ? എന്റെ ജീവിതത്തിലെ പരാജയങ്ങളെ മാറ്റി, ഒരു ജയജീവിതം എനിക്കു തരുമോ? ഒരു പുതിയ സൃഷ്ടിയായി മരണത്തോളം നിൽക്കാൻ നീ എനിക്കൊരു കൃപ തരുമോ?

ഭീതിയും അന്ധതമസ്സും വന്നപ്പോൾ ദൈവം അബ്രാഹാമിനോട് പറയുകയാണ്:

> *“നിന്റെ സന്തതി സ്വന്തമല്ലാത്ത ദേശത്ത് നാനൂറു സംവത്സരം പ്രവാസികളായിരുന്ന് ആ ദേശക്കാരെ സേവിക്കും; അവർ അവരെ പീഡിപ്പിക്കുമെന്ന് നീ അറിഞ്ഞുകൊൾക.” ഉല്പത്തി 15 : 13*

> *“നീയോ സമാധാനത്തോടെ നിന്റെ പിതാക്കന്മാരോടു ചേരും; നല്ല വാർദ്ധക്യത്തിൽ അടക്കപ്പെടും.” ഉല്പത്തി 15 : 15*

പിന്നീട് നാം വായിക്കുന്നതിങ്ങനെയാണ്:

> *“സൂര്യൻ അസ്തമിച്ച് ഇരുട്ടായശേഷം ഇതാ, പുകയുന്ന ഒരു തീച്ചൂള; ആ ഭാഗങ്ങളുടെ നടുവേ, ജ്വലി*

*ക്കുന്ന ഒരു പന്തം കടന്നുപോയി."*

*ഉല്പത്തി 15 : 17*

പിളർന്ന ഭാഗങ്ങളുടെമേൽ ജ്വലിക്കുന്ന ഒരു പന്തം കടന്നുപോയി. സ്നേഹിതാ, ഇന്നു നിന്റെ ചങ്കു നീ പിളർന്നു വയ്ക്കൂ. നിന്റെ ഉള്ളു നീ തുറന്നു വയ്ക്കൂ. ഇതാണെന്റെ അവസ്ഥ. കർത്താവേ, പിളർന്നിരിക്കുന്ന ഭാഗങ്ങളുടെമേൽ നിന്റെ തീ ഇറങ്ങണമേ. തീജ്ജ്വാല കടന്നു വരണമേ. സ്വർഗ്ഗത്തിന്റെ തീ എന്റെമേൽ ഇറങ്ങി എന്നെ കത്തുപിടിപ്പിക്കണമേ എന്നു നിങ്ങൾ പ്രാർത്ഥിക്കൂ.

സ്വർഗ്ഗത്തിന്റെ അഗ്നി നിങ്ങളുടെ മേൽ ഇറങ്ങട്ടെ. സ്വർഗ്ഗത്തിന്റെ തീ നിങ്ങളുടെമേൽ ഒഴുകട്ടെ. സ്വർഗ്ഗത്തിന്റെ ആത്മാവ് നിങ്ങളുടെമേൽ ആവസിക്കട്ടെ. ദൈവസ്നേഹം നിങ്ങളിലേക്കിറങ്ങട്ടെ. പിളർന്നിരിക്കുന്ന ഭാഗങ്ങളുടെ നടുവിൽക്കൂടി ദൈവത്തിന്റെ തീജ്ജ്വാല കടന്നു പോകട്ടെ. ദൈവത്തിന്റെ തീജ്ജ്വാല കടന്ന് അനുഗ്രഹം പ്രദാനം ചെയ്യട്ടെ. വാഗ്ദത്തം നിറവേറട്ടെ. അത്ഭുതങ്ങൾ നടക്കട്ടെ. സ്വർഗ്ഗീയ കൃപ നിങ്ങളുടെമേൽ പകരട്ടെ. ആത്മാവ് നിങ്ങളിൽ പ്രസാദിക്കട്ടെ.

നിങ്ങളുടെ ജീവിതത്തിലെ തോൽവികൾ എല്ലാം മാറി ജയജീവിതം തുടങ്ങട്ടെ. അനുഗൃഹീത വസന്തകാലം നിങ്ങളുടെ ജീവിതത്തിൽ ഉദയം കൊള്ളട്ടെ. പാപശാപങ്ങൾ മാറട്ടെ. ബന്ധനങ്ങൾ അഴിയട്ടെ. ബാധകൾ നീങ്ങട്ടെ. രോഗങ്ങൾ സൗഖ്യമാകട്ടെ. കുടുംബം സ്വസ്ഥത പ്രാപിക്കട്ടെ. തലമുറകൾ അനുഗ്രഹിക്കപ്പെടട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# മൂന്ന്

*"നീതിയെ പിന്തുടരുന്നവരും യഹോവയെ അന്വേഷിക്കുന്നവരും ആയുള്ളോരേ, എന്റെ വാക്കു കേൾപ്പിൻ; നിങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും നിങ്ങളെ കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും തിരിഞ്ഞുനോക്കുവിൻ. നിങ്ങളുടെ പിതാവായ അബ്രാഹാമിങ്കലേക്കും നിങ്ങളെ പ്രസവിച്ച സാറായിങ്കലേക്കും തിരിഞ്ഞുനോക്കുവിൻ; ഞാൻ അവനെ ഏകനായിട്ടു വിളിച്ച് അവനെ അനുഗ്രഹിച്ചു വർദ്ധിപ്പിച്ചിരിക്കുന്നു."*

*യെശയ്യാവ് 51 : 1, 2*

ദൈവത്തിന്റെ അത്ഭുതസ്നേഹം അബ്രാഹാമിനെ വിളിക്കുകയും വേർതിരിക്കുകയും അബ്രാഹാമിന് വൻകാര്യങ്ങൾ നിവർത്തിക്കുവാൻ കൃപ കാണിക്കുകയും ചെയ്തു. പഴയ നിയമത്തിലും പുതിയനിയമത്തിലും ഒരുപോലെ കാണുന്ന വസ്തുതയാണ് അബ്രാഹാമിനു ലഭിച്ച അനുഗ്രഹങ്ങൾ. ഉല്പത്തി പുസ്തകത്തിൽ അനുഗ്രഹം എന്ന വാക്ക് ധാരാളം പ്രാവശ്യം ആവർത്തിച്ചിരിക്കുന്നു. അബ്രാഹാമിനെ ദൈവം വിളിച്ചതിനെക്കുറിച്ച് പിൽക്കാലത്ത് യോശുവയുടെ പുസ്തകം 24-ാം അദ്ധ്യായത്തിന്റെ 2-ാം വാക്യത്തിൽ പറയും:

*"യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങളുടെ പിതാക്കന്മാരായ അബ്രാഹാമിന്റെയും നാഹോരിന്റെയും പിതാവായ തേരഹ് പണ്ട് നദിക്കക്കരെ പാർത്ത്*

*അന്യദൈവങ്ങളെ സേവിച്ചു പോന്നു. എന്നാൽ ഞാൻ നിങ്ങളുടെ പിതാവായ അബ്രാഹാമിനെ നദിക്കക്കരെനിന്നു കൊണ്ടുവന്ന് കനാൻദേശ ത്തൊക്കെയും സഞ്ചരിപ്പിച്ച് അവന്റെ സന്തതിയെ വർദ്ധിപ്പിക്കയും അവന് യിസ്ഹാക്കിനെ കൊടു ക്കയും ചെയ്തു.” യോശുവ 24 : 2, 3*

ദൈവം അബ്രാഹാമിനെ അനുഗ്രഹിച്ചു, വർദ്ധിപ്പിച്ചു. അബ്രാഹാമിന്റെ പഴയകാലം അത്ര ശോഭനമായിരുന്നില്ല. അപ്പനായ തേരഹിനോടുകൂടെ വിഗ്രഹങ്ങളെ ഉണ്ടാക്കുകയും വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയായി രുന്നു അബ്രാഹാം, സത്യദൈവവിശ്വാസി ആയിരുന്നില്ല.

അബ്രാഹാമിന് ദൈവത്തെ പരിചയമില്ലായിരുന്നു. എന്നാൽ സ്വർഗ്ഗത്തിലെ നിത്യനായ ദൈവം അബ്രാഹാമിനെ വിളിച്ചു, വേർതിരിച്ചു, പുറപ്പെടുവിച്ചു. അബ്രാഹാം ദൈവത്തെ വിശ്വസിച്ചു, ദൈവത്തെ അനുസരിച്ചു, ദൈവത്തിന്റെ വിളി കേട്ട് പുറപ്പെട്ടു. തന്മൂലം ദൈവം അബ്രാഹാമിനെ അനുഗ്രഹിച്ചു, അനുഗ്രഹപാത്രമാക്കിത്തീർത്തു. അബ്രാഹാം അനേകർക്ക് അനുഗ്രഹമായിത്തീരുവാൻ ദൈവം അബ്രാഹാമിനെ ഉയർത്തി. എല്ലാ നന്മകളാലും അനുഗ്രഹിച്ചു.

എബ്രായലേഖനം 11-ാം അദ്ധ്യായത്തിലും യാക്കോബിന്റെ ലേഖനം രണ്ടാം അദ്ധ്യായത്തിലുമെല്ലാം അബ്രാഹാമിനെക്കു റിച്ചുള്ള ദൈവികനിർണ്ണയങ്ങൾ നമുക്കു കാണുവാൻ സാധി ക്കുന്നുണ്ട്.

“അബ്രാഹാം ദൈവത്തെ വിശ്വസിച്ചു, അത് അവന് നീതിയായി കണക്കിട്ടു” എന്ന് വേദപുസ്തകത്തിൽ പല ഭാഗങ്ങളിൽ പറയുന്നു. പുതിയനിയമത്തിൽ കൂടെക്കൂടെ പറ യുന്നു.

യേശുക്രിസ്തുവിനെ വിശ്വസിക്കുക, വിശ്വസിച്ച് അനു സരിക്കുക, ക്രിസ്തുവിനോടു ചേർന്ന് പോവുക. അതാണ്

ഒരു മനുഷ്യനു ലഭിക്കാവുന്ന ഏറ്റവും വലിയ സൗഭാഗ്യം. കണ്ണു കാഴ്ച കിട്ടുന്ന ഒരു അനുഭവമാണത്. ആന്തരികമായ വെളിവു കിട്ടുന്ന, അകത്തെ കണ്ണു തുറന്നു കിട്ടുന്ന അനുഭവ മാണ്.

വിദ്യാഭ്യാസമുണ്ടായാലും സമ്പത്തുണ്ടായാലും സൗക ര്യങ്ങളും സാഹചര്യങ്ങളും വളരെ മനോഹരമായിരുന്നാലും ആന്തരികമായ കാഴ്ച ലഭിക്കണമെന്നില്ല. ആന്തരികമായ കണ്ണുകാഴ്ച കിട്ടുകയെന്നുള്ളത് ഒരു വലിയ അത്ഭുതമാണ്.

കർത്താവായ യേശുക്രിസ്തു ഒരിക്കൽ പറഞ്ഞു:

*"ആ നാഴികയിൽ അവൻ പരിശുദ്ധാത്മാവിൽ ആനന്ദിച്ചു പറഞ്ഞത്: പിതാവേ, സ്വർഗ്ഗത്തിനും ഭൂമിക്കും കർത്താവായുള്ളോവേ, നീ ഇവ ജ്ഞാനികൾക്കും വിവേകികൾക്കും മറച്ച് ശിശു ക്കൾക്ക് വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ, പിതാവേ, ഇങ്ങനെ നിനക്കു പ്രസാദം തോന്നിയല്ലോ"*

*ലൂക്കൊസ് 10 : 21*

ദൈവത്തിന് പ്രസാദം തോന്നി. സ്നേഹിതരേ, നിങ്ങൾക്കു മാത്രമല്ല, ലോകത്തെമ്പാടുമുള്ള വിശ്വാസി കൾക്ക് യേശുക്രിസ്തുവിന്റെ വെളിവു ലഭിക്കാനിടയായി എന്നുള്ളത് ഒരു ദൈവകൃപയാണ്. അതു ദൈവത്തിന്റെ പ്രസാദമാണ്. ദൈവത്തിന്റെ അനുഗ്രഹമാണ്. ദൈവത്തിനു നമ്മോടുള്ള വാത്സല്യത്തികവിന്റെ മകുടോദാഹരണമാണ്. നമുക്ക് ആന്തരികമായ കാഴ്ച കിട്ടുന്നു.

നമുക്കൊരു മാനസാന്തരം കിട്ടി. അതൊരു ഭാഗ്യമാണ്, ദൈവകൃപയാണ്. നമുക്ക് ആത്മിക കാര്യങ്ങളോടു താത്പര്യം വന്നു. അത് ദൈവം തന്ന ഒരു മഹാഭാഗ്യമാണ്. തിരുവചനം വായിക്കാൻ ഒരു മധുരാനുഭൂതി ലഭിച്ചു, അത് ദൈവം തന്ന കൃപയാണ്, ദൈവത്തിന്റെ അനുഗ്രഹമാണ്.

സ്നേഹിതരേ, നമുക്ക് ദൈവത്തിന്റെ വചനം ലഭിക്കുന്നത് ദൈവത്തിന്റെ കൃപയാണ്.

അബ്രാഹാമിന് ദൈവത്തിന്റെ വചനം ലഭിച്ചു, അബ്രാഹാം അനുഗ്രഹിക്കപ്പെട്ടു. അബ്രാഹാം അനുഗ്രഹിക്കപ്പെടുന്നതിന് പൂർവ്വികമായ മേന്മകൾ എന്തെങ്കിലും ഉള്ളതായി വേദപുസ്തകത്തിൽ തെളിവില്ല. ദൈവത്തിനങ്ങനെ പ്രസാദം തോന്നി.

യാക്കോബിന്റെ ലേഖനം രണ്ടാം അദ്ധ്യായത്തിന്റെ ഇരുപത്തിമൂന്നാം വാക്യം വായിക്കുമ്പോൾ കാണാം: ദൈവം അബ്രാഹാമിനെ വിളിക്കുന്നത്, എന്റെ സ്നേഹിതനെന്നാണ്. ദൈവത്തിന്റെ സ്നേഹിതനെന്ന് ഭൂമിയിലെ ഒരു മനുഷ്യനെ വിളിക്കുക!

> *"അബ്രാഹാം ദൈവത്തെ വിശ്വസിക്കയും അത് അവനു നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു."*
>
> *യാക്കോബ് 2 : 23*

'ദൈവത്തിന്റെ സ്നേഹിതൻ.' എന്തൊരു മഹനീയമായ പദവിയാണ്! കർത്താവായ യേശുക്രിസ്തു യോഹന്നാന്റെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ പറയും: "ഞാൻ നിങ്ങളെ എന്റെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു."

ലോകം നിങ്ങൾക്കു യോഗ്യമല്ല, എന്നാൽ ഞാൻ നിങ്ങളെ ലോകത്തിൽ നിന്ന് തിരഞ്ഞെടുത്തിരിക്കുന്നു എന്നാണ് കർത്താവ് പറഞ്ഞത്.

"ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായിക്കേണ്ടതിനും ഫലം നിലനിൽക്കേണ്ടതിനും നിങ്ങളെ ആക്കിവച്ചുമിരിക്കുന്നു."

നമ്മെ അവൻ തന്റെ സ്നേഹിതരായി കണക്കാക്കിയിരി

ക്കുന്നു. ശിഷ്യന്മാരെ സ്നേഹിതന്മാരായി കണക്കാക്കുന്നു.

> *"ഞാൻ നിങ്ങളെ സ്നേഹിച്ചിരിക്കുന്നതുപോലെ, നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന. സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. ഞാൻ നിങ്ങളോട് കല്പിക്കുന്നത് ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതന്മാർ തന്നെ." യോഹന്നാൻ 15 : 12 – 14*

നിങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു.

ദൈവത്തിന്റെ സ്നേഹിതനാകുക എന്ന പദവിയാണ് അബ്രാഹാമിനു ലഭിച്ചത്. എനിക്കും നിങ്ങൾക്കും ഈ പദവി യാണ് ലഭിക്കുന്നത്. ദൈവത്തിന്റെ സ്നേഹിതനാകുക എന്ന പദവി!

> *"ഞാൻ ചെയ്വാനിരിക്കുന്നത് അബ്രാഹാമിനോടു മറച്ചു വയ്ക്കുമോ?" ഉല്പത്തി 18 : 17*

ദൈവം ഹൃദയത്തിലുള്ള ആഗ്രഹങ്ങൾ തുറന്നു പറയുകയാണ്. ദൈവം ഹൃദയത്തിലുള്ളത് മറച്ചു വയ്ക്കാതെ ദൈവപുരുഷനോട് തുറന്നു പറയുകയാണ്. സ്നേഹിതനോട് സംസാരിക്കുന്നതുപോലെ സംസാരിക്കുകയാണ്. ജീവനുള്ള ദൈവം, അബ്രാഹാമിന്റെ കൂടാരവാതിൽക്കൽ പ്രത്യക്ഷപ്പെട്ട ദൈവം, അബ്രാഹാമിനെയും കൂട്ടിക്കൊണ്ട് അവിടെനിന്ന് നടന്നു നീങ്ങി. അബ്രാഹാമിന്റെ തോളിൽ കൈയിട്ട്, അബ്രാഹാമിനോട് ദൈവം പറയുകയാണ്:

"ഞാൻ ചെയ്വാനിരിക്കുന്നത് അബ്രാഹാമിനോടു ഞാൻ മറച്ചു വയ്ക്കുമോ?"

വരാനിരിക്കുന്ന വലിയൊരു വിപത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പ്. അബ്രാഹാമിന്റെ സഹോദരപുത്രനായ ലോത്തിനു

വരാൻ പോകുന്ന ഭീകരമായ ശിക്ഷാവിധിയെക്കുറിച്ചാണ് ദൈവം അബ്രാഹാമിനോട് വെളിപ്പെടുത്തുന്നത്.

സഹോദരങ്ങളേ, ജീവനുള്ള ദൈവം നമ്മോട് ഉള്ളു തുറന്ന് ചിലതു പറയുന്നുണ്ട്. ദൈവത്തിന്റെ വേദനകൾ നമ്മെ അറിയിക്കുന്നുണ്ട്. കേൾക്കാൻ ആരുണ്ട്? നിത്യനായ ദൈവത്തിന്റെ വേദന! അവൻ തുറന്നു പറയുന്നതു കേൾക്കാൻ ആരുണ്ട്?

ദൈവം നമുക്ക് ചില അനുഭവങ്ങൾ തരുന്നുണ്ട്. അനുഗൃഹീതമായ അരുളപ്പാടുകൾ തരുന്നുണ്ട്. വരാനിരിക്കുന്ന കാര്യങ്ങൾ, സംഭവിപ്പാൻ പോകുന്ന വിപത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ തരുന്നുണ്ട്. ദൈവത്തിന്റെ അനന്ത സ്നേഹം നമ്മോടിടപെട്ടുകൊണ്ടിരിക്കയാണ്. നിരന്തരം വചനം തന്ന് ദൈവം തന്റെ വഴിയിൽക്കൂടി നമ്മെ നടത്തുകയാണ്.

ദൈവത്തിന്റെ അഗാധമായ സ്നേഹമാണ് നമ്മെ സന്ദർശിക്കുന്നത്. ആ സ്നേഹമാണ് നമ്മോട് ഇടപെടുന്നത്. ആ വാത്സല്യമാണ് വരാനിരിക്കുന്ന കാര്യങ്ങൾ നമുക്കു വെളിപ്പെടുത്തിത്തരുന്നത്. വരുംകാല സംഭവങ്ങൾ, വരാനിരിക്കുന്ന ആപത്തുകൾ, അപകടങ്ങൾ ദൈവം മുൻകൂട്ടി പറഞ്ഞു തരികയാണ്.

ദൈവത്തിന്റെ മുന്നറിയിപ്പുകളെ നാം ശ്രദ്ധിച്ചുകൊള്ളുക. അനുഗ്രഹം വേണമെങ്കിൽ ദൈവത്തിന്റെ വചനം ചെവിക്കൊള്ളുക. അനുഗ്രഹ സമൃദ്ധിയിലേക്കു വരണമെങ്കിൽ, വർദ്ധിച്ചു വർദ്ധിച്ച് ദൈവത്തിന്റെ അനുഗ്രഹപാത്രമായി ഉയരണമെങ്കിൽ ദൈവത്തിന്റെ അരുളപ്പാടുകളെ നാം ശ്രദ്ധിക്കയും അനുസരിക്കയും ചെയ്യുക. അബ്രാഹാം ദൈവത്തെ വിശ്വസിച്ചു. ദൈവത്തിന്റെ വചനം വിശ്വസിച്ചു. ദൈവത്തിന്റെ അരുളപ്പാട് വിശ്വസിച്ചു. ദൈവം കല്പിച്ചതു വിശ്വസിച്ചു. ദൈവം പറഞ്ഞത് വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു.

വിശ്വാസം എന്നു പറയുന്നത് ഒരൊറ്റ കാര്യത്തിൽ

നിൽക്കുന്നില്ല, അത് അനുസരണത്തിലേക്കു നീങ്ങുന്നതാണ്. അവനത് അനുസരിച്ചു. എന്തിനെന്നു ചോദിച്ചില്ല. എങ്ങനെ യെന്നു ചോദിച്ചില്ല. യാതൊരു അഭിപ്രായവും പറഞ്ഞില്ല. എന്തുകൊണ്ട് എന്നവൻ ചിന്തിച്ചില്ല. ദൈവം അവനോട് പറഞ്ഞു, അവൻ അനുസരിച്ചു.

ചിലർ ചിന്തിക്കും: കർത്താവേ, നീ എന്നോട് നേരി ട്ടങ്ങനെ സംസാരിക്കുകയാണെങ്കിൽ ഞാൻ അനുസരിക്കാമാ യിരുന്നു. എന്നാൽ ദൈവം നേരിട്ടു സംസാരിക്കുവാൻ ദൈവ ത്തിന്റെ തിരുവചനം നമുക്കു തന്നിരിക്കുകയാണ്. സുവി ശേഷഗ്രന്ഥങ്ങളിലൂടെ നമുക്ക് ദൈവത്തിന്റെ വചനം നേരിട്ടു ലഭിക്കുന്നു. ദൈവം നേരിട്ട് നമ്മോടു സംസാരിക്കുന്നു.

മകനേ, തിരുവചനത്തിൽക്കൂടി പറഞ്ഞുതന്നത് നീ അനുസരിച്ചുവോ? എങ്കിൽ ഇനിയും കൂടുതൽ കൂടുതൽ കാര്യങ്ങൾ ഞാൻ നിനക്കു പറഞ്ഞുതരും. നീ അല്പത്തിൽ വിശ്വസ്തനായോ അധികത്തിലേക്കു നിന്നെ ഞാൻ നടത്താ മെന്നാണ് കർത്താവ് പറയുന്നത്.

ലഭിച്ചതിൽ വിശ്വസ്തരാകുക. കിട്ടിയതിൽ വിശ്വസ്തരാ കുക. ഓരോരുത്തർക്കും വ്യക്തമായ അരുളപ്പാടുകൾ കിട്ടിയി ട്ടുണ്ട്. നിങ്ങളോട് ദൈവം നേരിട്ടു സംസാരിച്ചു എന്ന് നിങ്ങൾക്കുതന്നെ അനുഭവമാകത്തക്കവണ്ണം ദൈവം നിങ്ങ ളോട് നേരിട്ട് ഇടപെട്ടിട്ടുണ്ട്. ദൈവം നിങ്ങളോട് സംസാരിച്ച തിലെല്ലാം നിങ്ങൾ വിശ്വസ്തരായിരുന്നുവോ?

അബ്രാഹാം ദൈവം സംസാരിച്ചതുകേട്ടു. അബ്രാഹാം ദൈവത്തെ വിശ്വസിച്ചു. വിശ്വാസം അബ്രാഹാമിന്റെ ഒരു മൂല ധനമായിരുന്നു. അവൻ ആ മൂലധനം വച്ചുകൊണ്ട് വ്യാപാരം ചെയ്തു. അവൻ അത് വർദ്ധിപ്പിച്ചു. വിശ്വാസം എന്ന മൂലധനം കൊണ്ട് അനുസരണം എന്ന വർദ്ധനവിലേക്കവൻ മുന്നോട്ടു നീങ്ങി.

സ്നേഹിതരേ, അനുസരണമുള്ളവരായി തീരുവിൻ.

വചനം അനുസരിക്കുന്നവരായി തീരുവിൻ.

എന്റെ വചനം ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവനാകുന്നു എന്ന് യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായത്തിൽ നമ്മുടെ കർത്താവ് പറഞ്ഞു.

വചനം ലഭിക്കുന്നു, പോരാ ലഭിച്ചത് പ്രമാണിക്കുന്നു. രണ്ടും ചേർന്നു വരണം.

ദൈവത്തിന്റെ വചനം ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ്. അതു ജീവനുള്ളതാണ്, ചൈതന്യമുള്ളതാണ്. ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതാണ്. അത് ആത്മാവിനെയും പ്രാണനെയും സന്ധിമജ്ജകളേയും വേർവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതാണ്. ദൈവത്തിന്റെ വചനം ഹൃദയത്തിലേക്ക് മർമ്മഭേദകമായി പിളർന്നു ചെല്ലുന്നതാണ്. ഹൃദയത്തിന്റെ അന്തരാളത്തിലേക്ക് ഊളിയിട്ടു കടന്നു ചെല്ലുന്നതാണ്. ഹൃദയത്തിന്റെ ആഴങ്ങളോട് സംസാരിക്കുന്നതാണ്.

അബ്രാഹാമിനു വചനം ലഭിച്ചു. അബ്രാഹാം വചനം പ്രമാണിച്ചു.

# നാല്

*"യഹോവ അബ്രാമിനോട് അരുളിച്ചെയ്തതെന്തെന്നാൽ: നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടു പുറപ്പെട്ട്, ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയോരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും."   ഉല്പത്തി 12 : 1 – 3*

ഏഴ് അനുഗ്രഹങ്ങൾ അബ്രാഹാമിനു ദൈവം നൽകുകയാണ്. എല്ലാം അനുഗ്രഹങ്ങളുടെ വാഗ്ദത്തങ്ങളാണ്. ലഭിക്കാൻ പോകുന്ന അനുഗ്രഹങ്ങളുടെ വാഗ്ദത്തങ്ങൾ!

ദൈവം നമ്മെ വിളിക്കുമ്പോൾ, നമ്മെ പുറപ്പെടുവിക്കുമ്പോൾ, ദൈവത്തിന്റെ അരുളപ്പാടു തരുമ്പോൾ നമുക്ക് വാഗ്ദത്തങ്ങൾ തരുകയാണ്. ദൈവം നമ്മോട് ഒരു കാര്യം കല്പിക്കുന്നുണ്ടെങ്കിൽ നമുക്ക് അനുഗ്രഹത്തിന്റെ വാഗ്ദത്തം തരുന്നുണ്ട്. ദൈവം ഒരിക്കലും നമുക്കു ദോഷം വരാനായി ഒന്നും സംസാരിക്കുന്നില്ല. ശാപകരമായ സകലത്തിൽനിന്നും വിമോചിപ്പിച്ച് അനുഗ്രഹത്തിന്റെ സമൃദ്ധിയിലേക്ക് ആനയിക്കാനാണ് ദൈവം നമ്മോടു സംസാരിക്കുന്നത്.

ദൈവത്തിന്റെ വിളി എപ്പോഴും വ്യക്തിപരമാണ്; ഓരോരുത്തരെയാണ് ദൈവം വിളിക്കുന്നത്. അബ്രാഹാമിനെ

ദൈവം വ്യക്തിപരമായി വിളിച്ചിട്ടു പറഞ്ഞു: “നീ നിന്റെ ദേശ ത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തേയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക.” കൂടെ ആരെല്ലാം ഈ സമർപ്പണത്തിലേക്ക്, ഈ തീരുമാനത്തി ലേക്കു വരുന്നുണ്ട് എന്ന് കണക്കു നോക്കിയിട്ടു വരാനല്ല, നീ പുറപ്പെടുക എന്നാണ് ദൈവം പറഞ്ഞത്.

ഓരോരുത്തരോടും ദൈവം ഇന്നും അതു തന്നെയാണ് പറയുന്നത്. നിന്റെ ജീവിതത്തിൽ നീ ആയിരിക്കുന്ന നിന്റെ ചുറ്റുപാടുകൾ വിട്ട് പുറപ്പെടുക. നമ്മുടെ ഭവനം വിടാനല്ല, നമ്മുടെ ജോലി വിടാനല്ല, നമ്മുടെ സാഹചര്യങ്ങൾ വിടാനല്ല, കുടുംബബന്ധങ്ങൾ വിടാനല്ല പക്ഷേ, നീ നിന്റെ ഹൃദയ ത്തിൽ എല്ലാം ഉള്ളംകൊണ്ടു വിട്ടിട്ട് ഒന്നാംസ്ഥാനം ജീവ നുള്ള ദൈവത്തിന്റെ വചനത്തിനുകൊടുത്തുകൊണ്ട് പുറപ്പെ ടുക എന്നാണ് പറയുന്നത്. ഒന്നാം സ്ഥാനം, supreme priority നീ ദൈവത്തിന് കൊടുക്കുക.

നമ്മുടെ ജീവിതത്തിൽ എന്തിനാണ് priority? എന്തിനാണ് നാം മുൻഗണന കൊടുക്കുന്നത്? നമുക്കു വീടുണ്ട്, തൊഴിലുണ്ട്, ജീവിത സാഹചര്യങ്ങളുണ്ട്, കൊച്ചുകൊച്ചു കുടുംബങ്ങളുണ്ട്, നമ്മുടേതായ ചുറ്റുപാടുകളുണ്ട്. ഇതൊന്നും വിടാൻ ദൈവം പറയുന്നില്ല. ഇതെല്ലാം നേടാനുള്ള വഴിയാണ് ദൈവം പറയു ന്നത്. നേടിയെടുക്കാനും അതിനെയും കൂടി അനുഗ്രഹത്തിന്റെ സമൃദ്ധിയിലേക്കാനയിക്കുവാനും ഞാനൊരു ചാനലായി, ഒരു മുഖാന്തരമായിത്തീരാനാണ് ദൈവം പറയുന്നത്.

എന്റെ കുടുംബത്തിലുള്ളവർ, എന്റെ പ്രിയപ്പെട്ടവർ, എന്റെ ചുറ്റുപാടുമുള്ളവർ, എന്റെ സാഹചര്യത്തിലുള്ളവർ, എന്നോടു ബന്ധപ്പെട്ടവർ, എന്റെ ചാർച്ചയിലുള്ളവർ, എല്ലാവരും ചേർന്ന് അനുഗ്രഹത്തിന്റെ സമൃദ്ധിയിലേക്ക് എത്തിച്ചേരുവാ നാണ് ദൈവം എന്നോടു സംസാരിക്കുന്നത്, നിന്നോടു സംസാ രിക്കുന്നത്. നിനക്കുള്ള ദൂത് ദൈവം തരുന്നത് നിന്നിൽക്കൂടി അനേകരെ അനുഗ്രഹത്തിലേക്ക് ആനയിക്കുവാനാണ്. ദൈവം

പറയുന്നു: നീ നിന്റെ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ട് പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തിലേക്ക് പോക.

1. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. Personal blessing. വ്യക്തിപരമായ അനുഗ്രഹമാണ്.
2. ഞാൻ നിന്നെ അനുഗ്രഹിക്കും.
3. നിന്റെ പേരു ഞാൻ വലുതാക്കും.
4. നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ ഞാൻ അനുഗ്രഹിക്കുമെന്നു മാത്രമല്ല, നീ അനേകർക്ക് അനുഗ്രഹമായിരിക്കും. മറ്റുള്ളവരിലേക്കു പകരുകയാണ്. നീ ഒരാൾ മൂലം അനേകർ അനുഗ്രഹിക്കപ്പെടും.
5. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും.
6. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും.
7. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

ഏഴ് അനുഗ്രഹങ്ങൾ ദൈവം അബ്രാഹാമിനു കൊടുക്കുകയാണ്. ദൈവത്തിന്റെ വചനം ലഭിക്കുന്ന ദൈവപൈതലിന്, ദൈവത്തിന്റെ വചനം അനുസരിക്കുന്ന ദൈവപൈതലിന്, ദൈവത്തിന്റെ വചനം പ്രമാണിച്ച് അതനുഷ്ഠിക്കുന്ന ദൈവപൈതലിന് ദൈവം അനുഗ്രഹങ്ങൾ നിറവായി നൽകുന്നു.

ഏഴ് എപ്പോഴും പൂർണ്ണതയെ കാണിക്കുന്നു. പൂർണ്ണമായ അനുഗ്രഹം!

നീ ഒരാൾ അനുഗ്രഹിക്കപ്പെട്ടു കഴിഞ്ഞാൽ നിന്നിൽ നിന്ന് അനുഗ്രഹം മറ്റുള്ളവരിലേക്കു പകരും.

നിങ്ങൾ പലരും സാഹചര്യങ്ങളെ പഴി പറയുന്നവരാണ്.

എനിക്ക് സാധിക്കുന്നില്ല, എന്റെ ചുറ്റുപാട് അനുകൂലമല്ല, എന്റെ മക്കൾ പ്രതികൂലമായിട്ടാണ് നിൽക്കുന്നത്. അവർ ജീവിതം ഉഴപ്പിക്കളയുന്നു. അവർക്കു പഠിക്കാൻ താത്പര്യമില്ല. അവർ ചുമതലാബോധമുള്ളവരായി കാണുന്നില്ല. അവർ എല്ലാവിധത്തിലും കുടുംബത്തിനൊരു ശല്യമായിട്ടാണ് തീർന്നിരിക്കുന്നത്. വീട്ടിൽ എന്നും വഴക്കുണ്ടാക്കുന്നു. എപ്പോഴും ബഹളവും പിണക്കവും അഭിപ്രായവ്യത്യാസവും ഭിന്നതയും ഒച്ചപ്പാടും തന്നെയാണ്.

കുടുംബത്തിൽ സ്വൈര്യം കിട്ടുന്നില്ല. എന്റെ ഭർത്താവ് അനുകൂലമായി സംസാരിക്കുന്ന മനുഷ്യനല്ല. പലപ്പോഴും ദു:ശീലങ്ങൾക്ക് അടിമയാണ്. അദ്ദേഹം മദ്യപാനത്തിന് അടിമയായി തീർന്നിരിക്കുന്നു. അദ്ദേഹം പലപ്പോഴും കോപിച്ച് കോപഭ്രാന്തോടുകൂടി സംസാരിക്കയും പെരുമാറുകയും ചെയ്യുന്നു. വീട്ടിൽ കലക്കമുണ്ടാക്കുന്നു. കുട്ടികൾക്ക് പഠിക്കാൻപോലും പറ്റാത്ത രീതിയിലുള്ള കോപാവേശമാണ് അദ്ദേഹത്തിന്.

എന്റെ ഭാര്യ ഒരു വിവേകമില്ലാത്തവളാണ്. ഒരു പരിജ്ഞാനമില്ലാത്തവളാണ്. ഒരു കാര്യപ്രാപ്തിയും ഇല്ല. കാര്യങ്ങളൊന്നും വേണ്ടതുപോലെ ചെയ്യുന്നില്ല. ഒരു കാര്യത്തിനും ഒരടുക്കും ചിട്ടയുമില്ല. എല്ലാം കുഴഞ്ഞു മറിഞ്ഞു കിടക്കുന്നു. എല്ലാം അലങ്കോലപ്പെട്ടു കിടക്കുന്നു. കുടുംബത്തിൽ ഒരു കാര്യം പറഞ്ഞാൽ അതുപോലെ നടത്താൻ എനിക്കു സാധിക്കുന്നില്ല. എല്ലാം എനിക്കു പ്രതികൂലം.

എന്റെ സാമ്പത്തികമായ സ്ഥിതി വളരെ വിഷമം. കുടുംബത്തിൽ ഐക്യമുണ്ടെങ്കിൽപോലും സാമ്പത്തികമായി തകരാറിലാണ്. കടം വന്നു കയറിയിരിക്കുന്നു. എന്റെ സാഹചര്യങ്ങളെല്ലാം എനിക്ക് പ്രതികൂലം.

ഇങ്ങനെയുള്ള സാഹചര്യത്തിൽ ഞാൻ എങ്ങനെ ദൈവത്തോടുകൂടി പോകും? എങ്ങനെ ഞാൻ ദൈവത്തിനു

വേണ്ടി ജീവിക്കും? ഒരു സമർപ്പണം എടുക്കാമെന്നു വച്ചാൽ ആ സമർപ്പണപ്രകാരം ജീവിക്കാൻ പറ്റാത്ത സാഹചര്യങ്ങ ളാണ് എനിക്കുള്ളത്. എന്റെ ജോലി അതിന് അനുകൂലമായ സ്ഥലത്തല്ല. അനുകൂലമായ ചുറ്റുപാടല്ല. ഞാൻ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ദൈവമേ, എന്നു വിളിക്കാൻ പറ്റിയ സാഹചര്യമില്ല. ഞാൻ വല്ലാതെ വിഷമിക്കുകയാണ്.

ഇങ്ങനെ നാം ഓരോരോ സാഹചര്യങ്ങളെ പഴി പറഞ്ഞു കഴിയുകയാണ്. എന്നാൽ നിങ്ങൾ ഒറ്റക്കൊരാൾ ആ ഭവന ത്തിൽ, നിങ്ങളുടെ ഓഫീസിൽ, നിങ്ങൾ ജോലിചെയ്യുന്നി ടത്ത്, നിങ്ങളുടെ നാട്ടിൽ, നിങ്ങൾ നിൽക്കുന്നിടത്ത് വിശുദ്ധ നായി, വിശ്വസ്തനായി നിൽക്കാൻ തീരുമാനിക്കാമോ? ജീവ നുള്ള ദൈവത്തിന്റെ വചനം അനുസരിച്ച് നിൽക്കാൻ തീരുമാ നിക്കാമോ?

ഏതു സാഹചര്യത്തിലും നമുക്ക് ദൈവത്തോടുകൂടി നിൽക്കാം. എനിക്കെന്റെ യേശു വേണം, യേശു എന്നിൽ പ്രസാദിക്കണം, ദൈവം പ്രസാദിക്കുന്ന ഒരു മകനായി എനിക്ക് ജീവിക്കണം, ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒരു മക ളായി എനിക്കു ജീവിക്കണം എന്നു നിങ്ങൾക്ക് താത്പര്യ മുണ്ടോ? നിങ്ങൾക്കു ദാഹമുണ്ടോ? എങ്കിൽ തീർച്ചയായും ജയജീവിതം സാദ്ധ്യമാണ്. വേണമെങ്കിൽ സാധിക്കും.

ജീവനുള്ള ദൈവത്തിനായി സാഹചര്യമെല്ലാം പ്രതി കൂലമായപ്പോഴും വിഘ്നങ്ങൾ മാത്രം കണ്ടുകൊണ്ടിരുന്ന പ്പോഴും പ്രതിസന്ധികൾ ജീവിതത്തിൽ ധാരാളം ധാരാളമായി വന്ന് ആഞ്ഞടിച്ചപ്പോഴും ക്രിസ്തുവിന്റെ നാമത്തിൽ നിന്ന കുറെപ്പേരെങ്കിലുമുള്ളതിനായി ഞാൻ ദൈവത്തെ സ്തുതി ക്കുന്നു.

*"ഇപ്പോൾ ഞാൻ എഴുന്നേൽക്കും; രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ ഞാൻ അതിലാക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു."*

*സങ്കീർത്തനങ്ങൾ 12 : 5*

രക്ഷയ്ക്കുവേണ്ടി ഏതൊരാൾ കാംക്ഷിക്കുന്നുവോ അവനെ രക്ഷയിലാക്കാൻ ദൈവമുണ്ട്. ജീവനുള്ള ദൈവം എഴുന്നേറ്റുവരും, രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ അതിലാക്കും.

രക്ഷയ്ക്കു വേണ്ടിയുള്ള ദാഹം നമുക്കുണ്ടോ? വാസ്തവമായി പാപം കൂടാതെ ജീവിക്കണം എന്നുള്ള നിർബ്ബന്ധമുണ്ടോ? പാപത്തിന്റെ പ്രലോഭനങ്ങൾ ഇല്ല എന്നല്ല, പാപത്തിന്റെ temptations നിങ്ങളുടെ ജീവിതത്തിൽ അലയടിക്കുകയില്ല എന്നല്ല, പാപത്തിന്റെ സാഹചര്യങ്ങൾ വരില്ല എന്നുമല്ല.

എന്നാൽ അങ്ങനെയുള്ള സാഹചര്യം വരുമ്പോൾ തന്നെ നാം ജീവനുള്ള ദൈവത്തെ മുൻനിർത്തി ജീവിക്കുന്ന ഒരു ദൈവപൈതലാണെങ്കിൽ നിങ്ങൾക്കപ്പോൾ പ്രാർത്ഥിക്കാം: എന്റെ കർത്താവേ, ഞാൻ നിന്റെ തിരുവചനം ഓർക്കുന്നു. “പാപത്തോട് പോരാടുന്നതിൽ നിങ്ങൾ പ്രാണത്യാഗത്തോളം എതിർത്തു നിന്നിട്ടില്ല” എന്ന നിന്റെ തിരുവചനമുണ്ടല്ലോ; കർത്താവേ, പ്രാണത്യാഗത്തോളം എതിർത്തു നിന്ന് ഞാൻ പോരാടും.

“പിശാചിനോട് എതിർത്തു നിൽപ്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.”

യേശുവിന്റെ നാമത്തിൽ നിങ്ങൾക്ക് പിശാചിനോടെതിർത്തു നിൽക്കാം. പാപത്തോടു പോരാടാം. പാപത്തിന്റെ പ്രേരണകൾ വരും, സാഹചര്യങ്ങൾ വരും, പാപം നിങ്ങളെ വശീകരിക്കാൻ പരിശ്രമിക്കും. പിശാച് വഞ്ചകനാണ്, അവൻ ലജ്ജയില്ലാത്ത ശത്രുവാണ്. അവൻ നാണിച്ചു പിന്മാറുന്നവനല്ല. ഒന്നു തോറ്റു അല്ല, പത്തു തോറ്റു അവൻ പിന്മാറില്ല. തോൽപ്പിച്ചേ അടങ്ങൂ എന്ന വാശിയോടുകൂടി അവൻ പിന്നെയും വരും. പക്ഷേ, നിങ്ങൾ പിശാചിനോട്: ഞാൻ തോൽക്കുകയില്ല, എന്നെ ജയിപ്പിക്കാൻ യേശു എന്റെ കൂടെയുണ്ട്. കാരണം ഞാൻ പാപത്തോട് പ്രാണത്യാഗത്തോളം

പോരാടാൻ തീരുമാനിച്ചിരിക്കുന്നു എന്നു പറയണം.

ഇങ്ങനെ ഒരു തീരുമാനത്തോടെ നിൽക്കാൻ പറ്റുമോ? എന്നാൽ നിങ്ങളിൽ നിന്നുകൊണ്ട്, നിങ്ങളെ ഒരു അനുഗ്രഹ മാക്കി വച്ചുകൊണ്ട് അനേകരെ അനുഗ്രഹിപ്പാൻ ദൈവത്തിനു കഴിയും. അങ്ങനെയാണ് അനുഗ്രഹം ചാലുകളായി വരുന്നത്.

ഏദെൻതോട്ടം നനപ്പാൻ ഒരു നദി പുറപ്പെട്ടു. അത് പീശോൻ, ഗീഹോൻ, ഹിദ്ദേക്കൽ, ഫ്രാത്ത് എന്നീ നാലു കൈവഴികളായി ഒഴുകി. അതിന്റെ ആത്മീയ അർത്ഥം എന്താണ്? നീ ഒരാൾ ക്രിസ്തുവിനുവേണ്ടി നിന്നാൽ അത് പല കൈവഴികളായി ഒഴുകാൻ തുടങ്ങും. ക്രിസ്തുവിനുവേണ്ടി ഒരു ഉഴവുചാലായി നീ മാറുന്നു. ക്രിസ്തുവിന്റെ ജീവന്റെ പ്രവാഹത്തിനുവേണ്ടി നീ ഒരാൾ വിട്ടു കൊടുക്കുന്നു.

നീ ഒരാൾ തോട്ടം നനയ്ക്കാനായി തുടങ്ങുന്നു. അപ്പോൾ നിന്റെ ബന്ധപ്പെട്ടവർ, നിന്നോട് അടുത്തവർ, നിന്റെ അരി കത്തു വരുന്നവർ, നിന്നോടു സംസാരിക്കുന്നവർ, നീയുമായി ഇടപെടുന്നവർ അവർ ഓരോരുത്തരായി നനവേൽക്കുന്നു. അങ്ങനെ ബന്ധപ്പെട്ട വീടുകളിലേക്കൊഴുകുന്നു. ബന്ധപ്പെട്ട വ്യക്തികളിലേക്കൊഴുകുന്നു. നമ്മുടെ പ്രിയപ്പെട്ടവരിലേക്കൊ ഴുകുന്നു. അനുഗ്രഹം പോഷക നദികളായി ഒഴുകുകയാണ്. അനുഗ്രഹം കൈവഴികളായി ഒഴുകി നാനാഭാഗങ്ങളിലേക്കും പ്രവഹിക്കുകയാണ്.

സ്നേഹിതരേ, ഈ അനുഗ്രഹം നിങ്ങൾ പ്രാപിച്ചുക ഴിഞ്ഞ് കൈവഴികളായി ഒഴുകട്ടെ. അനേകരിലേക്കു പകരട്ടെ. അനേക ഹൃദയങ്ങളിലേക്ക് ജീവജലം സമൃദ്ധമായി കടന്നു ചെല്ലട്ടെ. അനേകരുടെ ഊഷരമായ മരുപ്പറമ്പുകൾ മനോഹര ങ്ങളായ പൂങ്കാവനങ്ങളായി മാറട്ടെ. അനുഗ്രഹസമൃദ്ധിയുള്ള, ഫലസമൃദ്ധിയുള്ള തോട്ടങ്ങളായി മാറട്ടെ. ജീവിതം ഫലപ്രദ മായി തീരട്ടെ; അതിന് ഞാൻ എന്താണു വേണ്ടത്? ഞാൻ ഒരാൾ ഒരു നനവൂറുന്ന നദിയായിത്തീരുക. ഞാനൊരാൾ

ജീവജലമൊഴുകുന്ന ഒരു ചാലായി തീരുക.

ജീവനുള്ള ദൈവം നിന്നോടൊരു വാക്കു പറഞ്ഞോ, ദൈവപൈതലേ നീ വിശ്വസിക്കൂ അവൻ അതു നിവർത്തിപ്പാൻ ശക്തനാണ്. അവൻ തന്ന വചനം നിവർത്തിപ്പാൻ അവൻ ബദ്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവന്റെ ഒരു വചനം നിനക്കു ലഭിച്ചെങ്കിൽ ആ വചനപ്രകാരം നിന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിപ്പാൻ അവൻ ഒരുങ്ങി ഇരിക്കുകയാണ്.

വചനം ദൂരെ അങ്ങുയരത്തിൽ അല്ല. അതു താഴെ ആഴങ്ങളിലല്ല. വചനം സമീപസ്ഥമായിരിക്കയാണ്. അനുഗ്രഹസമൃദ്ധിയുടെ വാഗ്ദാനങ്ങൾ നിനക്കു തരികയാണ്. ദൈവപൈതലേ, നീ വിശ്വസിക്കൂ, നല്ല ആഗ്രഹങ്ങൾ സാധിപ്പിച്ചു തരുന്ന ദൈവം നിന്നോടു പറയുന്നു, അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

> *"യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കുവേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന് ഭൂമിയിലെല്ലാടവും ഊടാടിക്കൊണ്ടിരിക്കുന്നു."*
>
> *2 ദിനവൃത്താന്തം 16 : 9*

ദൈവത്തിന്റെ വഴികൾ എത്ര മനോഹരം! തങ്കൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്കുവേണ്ടി, ദൈവത്തെ ഏകാഗ്രതയോടെ മനസ്സുകൊണ്ട് ഓർത്തുകൊണ്ടിരിക്കുന്നവർക്കുവേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന്, തെളിയിക്കേണ്ടതിന് യഹോവയുടെ കണ്ണ് ഭൂമിയിലൊക്കെയും ഊടാടിക്കൊണ്ടിരിക്കുന്നു. എല്ലായിടത്തും ദൈവം നോക്കിക്കൊണ്ടിരിക്കുകയാണ്. ആരിലാണ് എന്റെ പ്രവൃത്തി വെളിപ്പെടുത്തേണ്ടത്? എന്റെ പ്രവൃത്തി വെളിപ്പെടുത്തുവാൻ തക്കവണ്ണം എങ്കൽ ഏകാഗ്രതയോടെ ഇരിക്കുന്നവർ ആരുണ്ട്?

സ്നേഹിതരേ, ഈ നല്ലവനായ ദൈവം, കാരുണ്യവാ

നായ ദൈവം അബ്രാഹാമിനോടു പറഞ്ഞു: ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ച് നിന്റെ പേര് വലുതാക്കും.

അബ്രാഹാമിന് ദൈവം പേരുണ്ടാക്കിക്കൊടുത്തു.

നമുക്ക് നാം പേരുണ്ടാക്കണ്ട, നമുക്കു നാം സമ്പാദിക്കണ്ട. നമുക്കു സ്വയം വളരണ്ട. കർത്താവേ, നിന്റെ മഹത്വത്തിന് നീ കല്പിക്കുന്നതിനൊത്തവണ്ണം, നിന്റെ വചനപ്രകാരം യേശുവേ എല്ലാം നിന്റെ മഹത്വത്തിനായി എന്ന് തീരുമാനിക്കാൻ പറ്റുമോ?

അങ്ങനെ നാം നമ്മെതന്നെ താഴ്ത്തുമ്പോഴാണ് ദൈവം പറയുന്നത്: ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ച് നിന്റെ പേരു വലുതാക്കും.

നിങ്ങൾ ദൈവത്തിന്റെ വചനം അനുസരിച്ച് പുറപ്പെ ട്ടാൽ അവൻ നിങ്ങളെ വാലല്ല തലയാക്കും. അവൻ നിങ്ങളെ അനുഗ്രഹിക്കും; നിങ്ങളുടെ പേര് വലുതാക്കും. നിങ്ങൾ മൂലം സകല ജാതികളും അനുഗ്രഹിക്കപ്പെടും. തലമുറകൾ തലമുറ കൾ അനുഗ്രഹിക്കപ്പെടും.

ജീവനുള്ള ക്രിസ്തുവിന്റെ വചനം നിങ്ങളുടെ ഹൃദയ ത്തിലേക്കു കടന്ന് ഇന്നു നിങ്ങൾക്കു പുതിയ സമർപ്പണമെടു ക്കാൻ കൃപ തരട്ടെ. അനുഗ്രഹത്തിന്റെ സമൃദ്ധിയിലേക്കു നിങ്ങൾക്കു വളരാൻ ഇടയാകട്ടെ.

# അഞ്ച്

*“തിരുവെഴുത്ത് എന്തു പറയുന്നു? “അബ്രാഹാം ദൈവത്തെ വിശ്വസിച്ചു; അത് അവന് നീതിയായി കണക്കിട്ടു എന്നു തന്നേ.”* *റോമർ 4 : 3*

അബ്രാഹാം ദൈവത്തിന്റെ ശബ്ദം കേട്ടു, ദൈവത്തിന്റെ വചനം അനുസരിച്ചു, ദൈവത്തെ വിശ്വസിച്ചു; ദൈവത്തിന്റെ വചനപ്രകാരം പുറപ്പെട്ടു. നിത്യനായ ദൈവം, തേജോമയനായ ദൈവം അബ്രാഹാമിന് പ്രത്യക്ഷനായി.

ദൈവം വചനം കൊടുത്തു കഴിഞ്ഞപ്പോൾ അബ്രാഹാം യഹോവ തന്നോട് കല്പിച്ചതുപോലെ തന്റെ പിതൃഭവനത്തെ വിട്ടു. ചാർച്ചക്കാരെ വിട്ടു. സ്വന്തദേശത്തെ വിട്ടു. ഒന്നാംസ്ഥാനം ദൈവത്തിന്റെ വചനത്തിനു കൊടുത്തു. തന്റെ സ്വന്തം പിതൃദേശം, പിതൃഭവനം, ചാർച്ചക്കാർ എല്ലാമെല്ലാം പിന്നിലാണ്. സർവ്വശക്തനായ ദൈവമാണ് മുൻപിൽ നിൽക്കുന്നത്. ദൈവത്തിനാണ് ഒന്നാം സ്ഥാനം കൊടുക്കുന്നത്.

നാം ദൈവത്തിന് ഒന്നാംസ്ഥാനം കൊടുക്കുന്നു എങ്കിൽ ദൈവം നമ്മെ അനുഗ്രഹിക്കും. അബ്രാഹാം ദൈവത്തിന്റെ വചനം അനുസരിച്ചു പുറപ്പെട്ടു.

*“ലോത്തും അവനോടുകൂടെപോയി; ഹാരാനിൽ നിന്നു പുറപ്പെടുമ്പോൾ അബ്രാമിന് എഴുപത്തഞ്ചു വയസ്സായിരുന്നു. അബ്രാം തന്റെ ഭാര്യയായ സാറായിയെയും സഹോദരന്റെ മകനായ ലോത്തിനെയും തങ്ങൾ ഉണ്ടാക്കിയ സമ്പത്തു*

*ക്കളെയൊക്കെയും തങ്ങൾ ഹാരാനിൽവച്ച് സമ്പാദിച്ച ആളുകളെയും കൂട്ടിക്കൊണ്ട് കനാൻ ദേശത്തേക്ക് പോകുവാൻ പുറപ്പെട്ട് കനാൻദേശത്ത് എത്തി. അബ്രാം ശേഖേമെന്ന സ്ഥലംവരെയും ഏലോൻമോരേ വരെയും ദേശത്തുകൂടി സഞ്ചരിച്ചു."*
*ഉല്പത്തി 12 : 4 – 6*

അബ്രാഹാം ബഹുസമ്പന്നനാണ്. അങ്ങ് ദൂരെ ഹാരാനിൽനിന്നു പുറപ്പെടുമ്പോൾ വലിയ സമ്പത്ത് അബ്രാഹാമിനുണ്ട്. ഹാരാനിൽനിന്നു പുറപ്പെടുമ്പോൾ അവൻ ഉണ്ടാക്കിയ സമ്പത്തുക്കളൊക്കെയും ഹാരാനിൽ വച്ച് സമ്പാദിച്ച ആളുകളെയും കൂട്ടിക്കൊണ്ടാണ് കനാൻദേശത്തേക്ക് പുറപ്പെട്ടത്.

അബ്രാഹാം ശേഖേമെന്ന സ്ഥലം വരെയും സഞ്ചരിച്ചു. ശേഖേമെന്ന പേരിന്റെ അർത്ഥം – Place of shoulder! ശരീരത്തിന്റെ തോളിലാണ് ചുമടുകൾ. തോളിൽ ചുമടുണ്ട്. എന്നാൽ ഈ ചുമടു ചുമക്കുന്ന സ്ഥലം, 'The place of shoulder' വരെ എത്തി.

ദൈവത്തിന്റെ ഭുജങ്ങൾ നമ്മെ താങ്ങി. തോളിൽ നമ്മെ വഹിച്ചുകൊണ്ടു നടക്കുന്നു. അവൻ നമുക്ക് അനുഗ്രഹങ്ങൾ ദാനമായി തന്നു. ആപത്തുകളിൽ താങ്ങി ഭുജബലത്തിന്റെ വീര്യത്താൽ അവൻ നമ്മെ നയിച്ചുകൊണ്ടു വന്നു. അനുഗ്രഹങ്ങൾ സമൃദ്ധിയായി തന്നു.

ദൈവം ചെയ്ത നന്മകൾ! ദൈവം നടത്തിക്കൊണ്ടു വന്ന വിധങ്ങൾ! കഴിഞ്ഞ കാലങ്ങളിലേക്കു തിരിഞ്ഞുനോക്കിയാൽ നമ്മുടെ മടുപ്പും നിരാശയും നമ്മുടെ ക്ഷീണവും തളർച്ചയും മാറും.

സ്നേഹിതരേ, ചിന്തിക്കൂ. നിങ്ങളുടെ ജീവിതത്തിൽ ദൈവം തോളിലേറ്റിയ കാലങ്ങൾ! ആപത്തുകൾ വന്നപ്പോൾ, അനർത്ഥങ്ങൾ വന്നപ്പോൾ, അത്യാഹിതങ്ങൾ വന്നപ്പോൾ,

മരണം പടിവാതിൽക്കൽ വന്ന് മുട്ടി മുട്ടി നിന്നപ്പോൾ ദൈവം തോളിൽ വഹിച്ചത് നിങ്ങൾക്ക് ഓർക്കാൻ പറ്റുന്നില്ലേ? മനസ്സ് മടുത്തുപോയ കാലങ്ങളിൽ, ക്ഷീണിതരായപ്പോൾ, തളർന്ന് അവശത അനുഭവിച്ചപ്പോൾ, നിങ്ങൾ വിഷാദവിമുഖരായി തീർന്നപ്പോൾ, അപ്പോഴെല്ലാം ദൈവം നിങ്ങളെ തോളിൽ വഹിച്ചത് നിങ്ങൾക്കോർമ്മയുണ്ടോ?

നിങ്ങൾ പരീക്ഷയ്ക്ക് പഠിക്കാൻ തുടങ്ങിയപ്പോൾ, പരീക്ഷ എഴുതാൻ പരീക്ഷാഹാളിൽ പോയി ഇരുന്നപ്പോൾ ദൈവത്തിന്റെ കരം നിങ്ങളെ താങ്ങിയത്, തോളിൽ വഹിച്ചത് നിങ്ങൾക്ക് ഓർമ്മയുണ്ടോ?

തിരിഞ്ഞു നോക്കിയാൽ ഓർക്കാൻ പറ്റും, ദൈവം തോളിൽ വഹിച്ചുകൊണ്ട് ഇത്രത്തോളം എത്തിച്ചു. ശേഖേം വരെയും ദൈവം എത്തിച്ചു. ആ സ്വർഗ്ഗീയഭുജങ്ങളിൽ വഹിച്ചുള്ള ദൈവികമായ കരുതലും അത്ഭുതകരമായ കൃപയും നാം കാണുകയാണ്. നമ്മെ വഹിച്ചുകൊണ്ടു വന്ന ദൈവ സ്നേഹം! നമ്മെ ചുമന്നുകൊണ്ടു വന്ന ദൈവസ്നേഹം!

വാർദ്ധക്യംവരെയും ഞാൻ അനന്യൻ, ഞാൻ നിന്നെ ബാല്യം മുതൽ ചുമന്നുകൊണ്ടു വന്നു. നിന്റെ അമ്മയുടെ ഗർഭം മുതൽ ഞാൻ നിന്നെ വഹിച്ചുകൊണ്ടുവന്നു. ഗർഭം മുതൽ നീ വഹിക്കപ്പെട്ടവനാണ്. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ തോളിൽ മകനേ, മകളേ, നിന്നെ വഹിച്ചു. നിന്റെ കഴിഞ്ഞ കാലങ്ങളിലെ ജീവിതത്തിന്റെ ഏടുകളിലേക്ക് തിരിഞ്ഞു നോക്കൂ.

> *‘‘അബ്രാം ശേഖേമെന്ന സ്ഥലംവരെയും ഏലോൻമോരേ വരെയും ദേശത്തുകൂടി സഞ്ചരിച്ചു. അന്നു കനാന്യർ ദേശത്തു പാർത്തിരുന്നു. യഹോവ അബ്രാമിനു പ്രത്യക്ഷനായി: നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്ന് അരുളിച്ചെയ്തു.’’* *ഉല്പത്തി 12 : 6, 7*

ശേഖേം വേദപുസ്തകത്തിൽ വളരെ പ്രാധാന്യമുള്ള ഒരു സ്ഥലമാണ്. ശേഖേമിൽ വച്ച് ദൈവം അബ്രാഹാമിനോട് സംസാരിക്കുകയാണ്.

ദൈവം അബ്രാഹാമിന് ശേഖേമിൽ പ്രത്യക്ഷനായി: “നിന്റെ സന്തതിക്ക് ഞാൻ ഈ ദേശം കൊടുക്കു”മെന്ന് ദൈവം അരുളിച്ചെയ്തു. “തനിക്കു പ്രത്യക്ഷനായ യഹോ വയ്ക്ക് അവൻ അവിടെ ഒരു യാഗപീഠം പണിതു.”

അബ്രാഹാം ചിന്തിക്കുകയാണ്: ദൈവം എനിക്കു പ്രത്യ ക്ഷനായി, ദൈവം എനിക്ക് വാഗ്ദത്തം തന്നു. ദൈവം എന്റെ യാത്രയിൽ കൂടെ ഉണ്ടായിരുന്നു എന്ന് എനിക്കു തെളിവു തന്നു. ദൈവം ഇപ്പോൾ എന്നോട് നേരിട്ടു സംസാരിച്ചു. അന്ന് വിളിച്ചിറക്കിയപ്പോൾ സംസാരിച്ച അതേ സ്വരം ഇന്നും കേൾക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു.

ഏതെങ്കിലും ദർശനം കാണുന്നതുപോലെയല്ല, ജീവന്റെ വചനത്തിൽക്കൂടി ദൈവം പ്രത്യക്ഷനാകുന്നു. നിങ്ങളുടെ കാതുകളിൽവന്ന് അലയടിക്കുന്ന വചനം നിങ്ങളുടെ ഹൃദയ ത്തിന്റെ അന്തരാളത്തിലേക്ക് ഊളിയിട്ടു കടന്നുചെല്ലുമ്പോൾ നിങ്ങൾക്കു ദൈവം പ്രത്യക്ഷനാവുകയാണ്. ദൈവം നിങ്ങ ളോട് ഇടപെടുകയാണ്. ദൈവം നിങ്ങളോട് സംസാരിക്കുക യാണ്.

അപ്പോൾ നിങ്ങൾ യാഗപീഠം പണിയണം. യാഗമർപ്പിക്കാൻ തയ്യാറാകണം. പ്രിയപ്പെട്ടവരേ, അബ്രാഹാമിന്റെ ജീവിത ത്തിൽ ചെല്ലുന്നിടത്തെല്ലാം യാഗപീഠം പണിയുന്നതായി കാണുവാൻ സാധിക്കും. 50-ാം സങ്കീർത്തനം വായിക്കു മ്പോൾ കാണാം:

“യാഗം കഴിച്ച് എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ.” “അത്യുന്നതന് നിന്റെ നേർച്ചകളെ കഴിക്ക, സർവ്വശക്തന് നിന്റെ യാഗങ്ങളെ അർപ്പിക്ക” എന്ന് തുടർന്നു വായിക്കുവാൻ സാധിക്കും.

തിരുവെഴുത്തിൽ ഉടനീളം വിശുദ്ധന്മാർ യാഗം അർപ്പിച്ച വരാണെന്നു കാണാം. വിശ്വാസവീരന്മാർ യാഗം അർപ്പിച്ചവ രാണ്. അനുഗ്രഹത്തിന്റെ പന്ഥാവിലൂടെ ചലിക്കണമെങ്കിൽ, അനുഗ്രഹത്തിന്റെ പാതയിലൂടെ മുന്നേറണമെങ്കിൽ യാഗം കഴിക്കാൻ നിങ്ങൾ തയ്യാറാകണം.

നമ്മെത്തന്നെയാണ് യാഗം കഴിക്കേണ്ടത്. നമ്മുടെ ഓരോ ആഗ്രഹങ്ങളും യാഗം കഴിക്കണം. നമ്മുടെ ചിന്താഗതി കൾ, നമ്മുടെ പ്ലാനുകൾ, പദ്ധതികൾ, ഭാവിപരിപാടികൾ, ഇങ്ങനെ നമ്മുടേതെല്ലാം യാഗം കഴിക്കണം. നമ്മുടെ ശരീരം യാഗമായി അർപ്പിക്കണം. പോരാ, നമ്മുടെ മനസ്സ് യാഗമായി അർപ്പിക്കണം. നമ്മുടെ ഹൃദയം യാഗമായി അർപ്പിക്കണം. ബുദ്ധി യാഗമായി അർപ്പിക്കണം. നമ്മുടെ കഴിവുകൾ യാഗ മായി അർപ്പിക്കണം. എല്ലാമെല്ലാം ഈ ബലിവേദിയിൽ യാഗ മായി അർപ്പണം ചെയ്യണം.

നമ്മുടെ ദേഹവും ദേഹിയും ആത്മാവും – The entire personality – സമ്പൂർണ്ണയാഗമായി അർപ്പിക്കണം.

സഹോദരങ്ങളേ, നിങ്ങൾ ഇതുവരെയും ഒരു യാഗത്തെ ക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ? നിങ്ങളെത്തന്നെ യാഗമായി അർപ്പണം ചെയ്തിട്ടുണ്ടോ? നിങ്ങളുടെ കൈകൾ യാഗമായി അർപ്പിച്ചിട്ടുണ്ടോ? നിങ്ങളുടെ കണ്ണുകൾ യാഗമായി അർപ്പണം ചെയ്തിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ ഇനിയും യാഗമർപ്പിക്കാനുള്ളതെന്തെല്ലാമാണ്? എവിടെയെ ല്ലാമാണ് യാഗം വരേണ്ടത്? ഒന്നൊന്നായി നിങ്ങൾ ചിന്തിക്കൂ. അനുഗ്രഹം വേണമെങ്കിൽ യാഗം അർപ്പിക്കണം.

തനിക്കു പ്രത്യക്ഷനായ ദൈവത്തിന് അബ്രാഹാം ഒരു യാഗപീഠം പണിതു. ജീവനുള്ള ദൈവത്തിന് യാഗപീഠം പണി യണം. കല്ലുകൾ പെറുക്കിവച്ച് ഒരു യാഗപീഠം പണിയാനല്ല, ഹൃദയത്തിൽ ഒരു യാഗം നടക്കണം. ലോകത്തിന്റെ ചരിത്ര ത്തിൽ ഏറ്റവും തിളങ്ങി നിൽക്കുന്ന യാഗം ഗോഗുൽത്താ

യിൽ നടന്നു. കർത്താവായ യേശുക്രിസ്തു തന്നെത്തന്നെ യാഗമായി അർപ്പണം ചെയ്യുകയായിരുന്നു. മുപ്പത്തിമൂന്നര വയസ്സിൽ, എല്ലാം പിന്നിലേക്കു മാറ്റിക്കൊണ്ട്, സകലവും വിട്ട് തന്റെ ഭാവി, തന്റെ ജീവൻ, തന്റെ ആയുസ്സ്, തന്റെ ശരീരം, തന്റെ സ്ഥാനവും മാനവും സകലവും യാഗമായി അർപ്പിച്ചു.

ഗോതമ്പുമണി നിലത്തു വീണു ചാകുന്നതുപോലെ എല്ലാം യാഗമായി അർപ്പണം ചെയ്തു. കർത്താവായ യേശുവിന്റെ യാഗത്തിന്റെ തിരുരക്തത്താൽ നാം വീണ്ടെടുക്കപ്പെട്ടവരായിത്തീർന്നു. ആ തിരുരക്തം നമ്മെ കഴുകി, നമ്മുടെ പാപത്തെ മാറ്റിക്കളഞ്ഞു. തിരുരക്തത്താൽ നമുക്ക് പാപവിമോചനം ലഭിച്ചു. നമുക്ക് സമാധാനം തന്നു. നമ്മുടെ കഴിഞ്ഞ കാലജീവിതം അവൻ മായിച്ച് ഇല്ലായ്മ ചെയ്തു.

> *"യഹോവ അബ്രാമിന്നു പ്രത്യക്ഷനായി: നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്ന് അരുളിച്ചെയ്തു. തനിക്കു പ്രത്യക്ഷനായ യഹോവയ്ക്ക് അവൻ അവിടെ ഒരു യാഗപീഠം പണിതു. അവൻ അവിടെ നിന്നു ബേഥേലിനു കിഴക്കുള്ള മലയ്ക്കു പുറപ്പെട്ടു; ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരം അടിച്ചു; അവിടെ അവൻ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു യഹോവയുടെ നാമത്തിൽ ആരാധിച്ചു. അബ്രാം പിന്നെയും തെക്കോട്ടു യാത്രചെയ്തുകൊണ്ടിരുന്നു."*
>
> *ഉല്പത്തി 12 : 7 – 9*

അബ്രാഹാം കൂടാരങ്ങളിൽ പാർത്തു. അബ്രാഹാം പിന്നെയും യാത്ര ചെയ്തുകൊണ്ടിരുന്നു. അബ്രാഹാം ഒരു പരദേശിയായി പാർത്തു. ഒരിടത്തും അവൻ സ്ഥിരവാസം എടുത്തില്ല.

"ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരമടിച്ചു. അവിടെ അവൻ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു."

കൂടാരം അടിക്കുന്നത് സ്ഥിരതാമസമല്ല എന്നതിന്റെ തെളിവാണ്. സ്ഥിരമായ ഒരു പാർപ്പിടം ഉണ്ടാക്കിയില്ല.

നാമെല്ലാം കൂടാരവാസികളാണ്; നാമെല്ലാം pilgrims ആണ്, നാമെല്ലാം തീർത്ഥയാത്രക്കാരാണ്. സീയോനിലേക്കുള്ള തീർത്ഥയാത്രക്കാർ! ഭൗതികമായ യെരൂശലേമിലേക്കുള്ള തീർത്ഥയാത്രക്കാർ! ബേത്‌ലഹേമിലേക്കുള്ള തീർത്ഥയാത്രക്കാരല്ല, ഏതെങ്കിലും പുണ്യസ്ഥലത്തേക്കുള്ള തീർത്ഥയാത്രക്കാരല്ല. എന്നാൽ നാം നിത്യമായ സ്വർഗ്ഗീയയെരൂശലേമിലേക്കുള്ള തീർത്ഥയാത്രക്കാരായ പരദേശികളാണ്. ഇവിടം നമ്മുടെ ശാശ്വത പാർപ്പിടമല്ല.

“അബ്രാഹാം കൂടാരങ്ങളിൽ പാർത്തുകൊണ്ട്, ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിനായി കാത്തിരുന്നു” എന്ന്, എബ്രായലേഖനം 11–ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

നിത്യനായ ദൈവത്തിന്റെ കരവിരുതിന്റെ ഫലമായി മാത്രം പണിയപ്പെട്ട ഒരു നഗരം! ഞാനും നിങ്ങളും കൂടാരവാസികളാണ്. ഇവിടെ താത്ക്കാലികമായ പാർപ്പിടം; ഇവിടെ താത്ക്കാലികമായ ജീവിതം; എപ്പോഴോ ഈ കൂടാരത്തിൽ നിന്ന് നാം മാറിപ്പോകും. നാം താമസിക്കുന്ന നമ്മുടെ വീട്ടിൽനിന്ന്, നാം ജീവിക്കുന്ന നമ്മുടെ ദേശത്തുനിന്ന്, ആയിരിക്കുന്ന സാഹചര്യത്തിൽനിന്ന് നാം ഓരോരുത്തരായി നമ്മുടെ നിത്യഭവനത്തിലേക്ക് യാത്രയാകും.

സഭാപ്രസംഗിയുടെ പുസ്തകം അവസാനത്തെ അദ്ധ്യായത്തിൽ പറയും: “മനുഷ്യൻ അവന്റെ ശാശ്വത ഭവനത്തിലേക്കു പോകും.”

ഈ ശാശ്വതമായ ഭവനത്തിൽ എത്തുന്നതിനെക്കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ? ഒരു മരണമുണ്ട് എന്നതിനെക്കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ? ഏതെങ്കിലും ശവസംസ്ക്കാരശുശ്രൂഷകളിൽ പങ്കെടുക്കുമ്പോൾ നമ്മുടെ ഉള്ളം ഒന്നു തേങ്ങുകയും

ഒന്ന് ചിന്തിക്കുകയും ചെയ്യും: ഞാനും ഇതുപോലെ ഒരു ദിവസം മരിച്ചു കിടക്കുമല്ലോ. എന്റെ ശവശരീരത്തിനടുത്തും ഇതുപോലെ സ്നേഹിതരും ബന്ധുമിത്രാദികളും ചാർച്ച ക്കാരും നാട്ടുകാരും വന്ന് നോക്കി നിൽക്കുമല്ലോ. എന്റെ ശവ സംസ്ക്കാരസമയത്ത് ശുശ്രൂഷകൾ നടക്കുമല്ലോ.

പക്ഷേ, നമ്മുടെ ദൈനംദിന ജീവിതത്തിൽ അതിനനുസ രിച്ച് എന്തെങ്കിലും മാറ്റം വരുത്താൻ ശ്രമിക്കാറുണ്ടോ? ഇതെല്ലാം താത്ക്കാലികമാണെന്ന്, ഇവിടെയുള്ളതെല്ലാം മായ യാണ് എന്ന്, എല്ലാം ക്ഷണികമായി മാത്രം ഉള്ളതാണെന്ന് നാം ചിന്തിച്ചിട്ടുണ്ടോ? എല്ലാം വിട്ട് ഒരുനാൾ നാം ശാശ്വത ഭവ നത്തിലേക്കു പറന്നുപോകും!

യോഹന്നാന്റെ സുവിശേഷം 14, 15, 16 എന്നീ മൂന്ന് അദ്ധ്യായങ്ങളിലാണ് കർത്താവായ യേശുക്രിസ്തുവിന്റെ ഒടു വിലത്തെ പ്രസംഗം നാം കാണുന്നത്. തന്റെ ശിഷ്യന്മാർ പതി നൊന്നുപേരെ മാത്രം കൂട്ടിയിരുത്തിക്കൊണ്ടു പറഞ്ഞ ഒടുവി ലത്തെ പ്രസംഗത്തിൽ കർത്താവ് പറഞ്ഞു തുടങ്ങിയത്:

> *"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്; ദൈവ ത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസ സ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറ യുമായിരുന്നു. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കു വാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും."*
>
> *യോഹന്നാൻ 14 : 1 – 3*

നാം കൂടാരവാസികളാണ്. കർത്താവ് നമുക്കുവേണ്ടി ഭവനം പണിയാൻ പോയിരിക്കുന്നു. നിത്യകൂടാരം നമുക്കു വേണ്ടി ഒരുക്കിക്കൊണ്ടിരിക്കുന്നു.

നിത്യനായ ദൈവം ആറ് ദിവസംകൊണ്ട് സൃഷ്ടിയെല്ലാം പൂർത്തീകരിച്ചു. എന്നാൽ ജീവനുള്ള ദൈവം എനിക്കുവേണ്ടി, സ്നേഹിതാ നിനക്കുവേണ്ടി, മകളേ നിനക്കൊരാൾക്കു വേണ്ടി ഭവനം പണിതു തുടങ്ങിയിട്ട് വർഷങ്ങൾ രണ്ടായിരത്തിലേറെയായി. ഭവനം പണി പൂർത്തിയായിട്ടില്ല.

ഈ അണ്ഡകടാഹത്തെ മുഴുവൻ രചിക്കുവാൻ നിത്യനായ ദൈവത്തിന് ആറു ദിവസമാണ് വേണ്ടിയിരുന്നത്. എന്നാൽ ഇത്രയേറെ വർഷങ്ങൾ കരുണയുള്ള കർത്താവ് നമുക്കു ഭവനം പണിയുകയാണ്. തന്റെ വിശുദ്ധന്മാർക്കുവേണ്ടി, തന്റെ വിശ്വാസ വീരന്മാർക്കുവേണ്ടി, തന്നിൽ ആശ്രയിച്ച് വിശ്വസിച്ചു നിൽക്കുന്നവർക്കു വേണ്ടി അവൻ ഭവനം പണിയുകയാണ്. ഭവനം പണിതു പൂർത്തീകരിക്കുമ്പോൾ, അവൻ മടങ്ങിവരും. യേശു വീണ്ടും വരും.

അബ്രാഹാം കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങൾ ഉള്ളതുമായ നഗരത്തിനായി കാത്തിരുന്നു.

അബ്രാഹാം വീണ്ടും യാത്രചെയ്ത് ബേഥേലിനു കിഴക്കുള്ള മലയ്ക്കു പുറപ്പെട്ടു.

ശേഖേമിൽ നിന്ന് ബേഥേലിലേക്കു പുറപ്പെട്ടു. അതും ഈ കനാൻ ദേശത്തുതന്നെയാണ്. ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി അബ്രാഹാം കൂടാരമടിച്ചു.

ബേഥേൽ എന്ന വാക്കിന്റെ അർത്ഥം - House of God- ദൈവത്തിന്റെ ഭവനം എന്നാണ്. ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരമടിച്ചു. ഹായി എന്ന വാക്കിന്റെ അർത്ഥം Heap of ruins - നാശത്തിന്റെ കൂമ്പാരം-എന്നാണ്. കിഴക്ക് നാശത്തിന്റെ കൂമ്പാരമായ 'ഹായി' കിടക്കുന്നു, പടിഞ്ഞാറ് ദൈവത്തിന്റെ ഭവനമായ ബേഥേൽ കിടക്കുന്നു. അതിനിടയ്ക്ക് അബ്രാഹാം കൂടാരമടിച്ചു. തുടർന്നു വായിക്കുമ്പോൾ കാണാം, ഈ 'ഹായി' യെ ലക്ഷ്യമാക്കിക്കൊണ്ട്, നാശ

ത്തിന്റെ കൂടാരത്തെ ലക്ഷ്യമാക്കിക്കൊണ്ട് അബ്രാഹാമിന്റെ കൂടെ പുറപ്പെട്ട ലോത്ത് അങ്ങോട്ടങ്ങോട്ട് നീങ്ങി, സോദോം ഗോമോറയിൽ പോയി താമസിച്ചു എന്ന്.

എന്നാൽ അബ്രാഹാം ബേഥേലിൽ പാർത്തു. ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരമടിച്ചു. അവിടെ അവൻ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു. യഹോവ യുടെ നാമത്തിൽ ആരാധിച്ചു.

യാഗപീഠം പണിതു, ആരാധന അവിടെയും നടന്നു. എന്താണീ ആരാധന? What is worship? Praise and Worship എന്നു നാം ധാരാളം കേൾക്കുന്നു. സ്തുതിയും ആരാധനയും! ആരാധന എന്താണെന്നറിയണമെങ്കിൽ പുറപ്പാടു പുസ്തകം 5–ാം അദ്ധ്യായത്തിന്റെ 1–ാം വാക്യവും 8–ാം അദ്ധ്യായത്തിന്റെ 1–ാം വാക്യവും ചേർത്തുവായിക്കണം.

> *"അതിന്റെശേഷം മോശയും അഹരോനും ചെന്ന് ഫറവോനോട്: മരുഭൂമിയിൽ എനിക്ക് ഉത്സവം കഴിക്കേണ്ടതിന്നു എന്റെ ജനത്തെ വിട്ടയക്കേണം. എന്നിപ്രകാരം യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു എന്നു പറഞ്ഞു."*
>
> *പുറപ്പാട് 5 : 1*

> *"എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയയ്ക്ക."*
>
> *പുറപ്പാട് 8 : 1*

എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ടയക്കണമെന്ന് പറയുന്ന ദൈവം, എന്താണ് ആരാധന എന്നു പറയുന്നു. മരു ഭൂമിയിൽ ഉത്സവം കഴിക്കണമെന്ന് പറയുന്നു.

ആരാധന ഉത്സവമാണ്. സത്യാരാധന നമ്മുടെ ജീവിത ത്തിൽ വരുന്നത് ആത്മാവിന്റെ ഉത്സവമാണ്, ആത്മാവിന്റെ സന്തോഷമാണ്. ഇവിടെ കണ്ണുനീരുണ്ട്, രോഗമുണ്ട്, യാതന യും വേദനയുമുണ്ട്. ഈ ഭൂമിയിലെ താത്ക്കാലിക ജീവിത

ത്തിൽ പ്രതിസന്ധികളും പ്രശ്നങ്ങളുമുണ്ട്. പിളർപ്പുകളും പോരാട്ടങ്ങളുമുണ്ട്, ഒറ്റപ്പെടുത്തലുകളും കുറ്റപ്പെടുത്തലുകളുമുണ്ട്. ഈ ഭൂമിയിൽ ജീവിക്കുമ്പോൾ നമുക്ക് ഒട്ടേറെ വിഷമസന്ധികളെ നേരിടേണ്ടി വരുന്നു. അനുദിനജീവിതത്തിൽ ഭാരങ്ങൾ നിറഞ്ഞ് നാം കഴിയുകയാണ്. ആകുലങ്ങളിൽപ്പെട്ട് ഉഴന്നു വലയുകയാണ്. നാം എല്ലാവരും ഒന്നുമാറി ഒന്നുമാറി ദുരിതം നിറഞ്ഞ ജീവിതം തന്നെയാണ് നയിക്കുന്നത്.

നമുക്കെല്ലാവർക്കുമുണ്ട് നമ്മുടേതായിട്ടുള്ള പ്രശ്നങ്ങൾ, ഭാരങ്ങൾ, ആകുലങ്ങൾ, ഭയപ്പാടുകൾ, പല കാര്യങ്ങളെക്കുറിച്ചുള്ള ആശങ്കകൾ. ലോകത്തിലെ അനേകമനേകം പ്രശ്നങ്ങൾ നമ്മെ വലയം ചെയ്യുകയും ചിലതു നമ്മെ തുറിച്ചു നോക്കുകയും ചെയ്യുന്നു. നാം പലപ്പോഴും ക്ഷീണിതരായി തളർന്നു പോകുന്നു.

വരണ്ട കാലാവസ്ഥയും ഉഷ്ണക്കാറ്റുമുള്ള മരുഭൂമിയിൽ കൊടിയ വെയിലിന്റെ ചൂടുള്ള ഏറ്റവും അത്യുഗ്രമായ വേദനാഭരിതമായ, കഷ്ടപ്പാടു നിറഞ്ഞു നിൽക്കുന്ന സാഹചര്യങ്ങളുണ്ട്. ഈ മരുഭൂമിയിൽ ചുട്ടു പഴുത്ത മണലാരണ്യത്തിൽ കൂടി യാത്ര ചെയ്യേണ്ട ആവശ്യമുണ്ട്. എന്നാൽ സ്നേഹിതരേ, കേൾക്കൂ, ഒരിറ്റു വെള്ളം പോലും കിട്ടാത്ത ഈ മരുഭൂമിയിൽ, തണൽ മരം ഒന്നുമില്ലാത്ത ഈ മരുഭൂമിയിൽ നമുക്കു പ്രയാസങ്ങളുണ്ട്, ശരിയാണ്. എന്നാൽ മരുഭൂമിയിൽ ഉത്സവത്തിനൊരു സാദ്ധ്യതയുണ്ട്.

പ്രിയപ്പെട്ടവരേ, ക്രിസ്തുവിനായി നമ്മെത്തന്നെ അർപ്പണം ചെയ്യുമ്പോൾ, അവിടെ ആന്തരികമായ ഉത്സവം ലഭിക്കുകയാണ്; അകത്തു സന്തോഷം ലഭിക്കുകയാണ്; അകത്തു സമാധാനം ലഭിക്കുകയാണ്.

നിങ്ങൾ ഇന്ന് നിങ്ങളുടെ ജീവിതം ക്രിസ്തുവിനു സമർപ്പിച്ച് സത്യാരാധനയ്ക്കുവേണ്ടി നിങ്ങളെ തന്നെ അർപ്പണം ചെയ്യുവാൻ തയ്യാറാകുമെങ്കിൽ നിങ്ങൾക്കിവിടെ ഉത്സവം ലഭിക്കും.

ക്രിസ്തുവിനു വേണ്ടി പൂർണ്ണമായിട്ട് വിട്ടുകൊടുത്ത ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ഉത്സവമുണ്ട് എന്നുള്ള തിനു സംശയമില്ല. നിങ്ങൾക്ക് ഭാരങ്ങൾ വരുമ്പോൾ തണ ലേകാൻ യേശുവിന്റെ തിരുവിലാവുണ്ടാകും.് ആകുലങ്ങൾ വരുമ്പോൾ ഓടിച്ചെന്ന് അഭയം പ്രാപിക്കാൻ യേശുവിന്റെ പാദപീഠമുണ്ടാകും. നിങ്ങൾ വാടിത്തളർന്ന് ക്ഷീണിതരായി, അവശരായി, രോഗത്താൽ പീഡിതരായി വിഷമിക്കുന്ന സമയ ങ്ങളിൽ അഭയപ്പെട്ടു നിലവിളിക്കാൻ യേശുവിന്റെ പാദപീഠമു ണ്ടാകും.

ഇതു നിങ്ങൾ അനുഭവിക്കേണ്ട യാഥാർത്ഥ്യമാണ്. ചില തത്വങ്ങൾ പഠിക്കാനല്ല, അനുഭവങ്ങളിലേക്കു നാം നീങ്ങണം. കർത്താവേ, അങ്ങനെ ഈ ഭൂമിയിൽ വച്ച് ഒരു അനുഭവമുണ്ടെ ങ്കിൽ കഷ്ടപ്പാടു നിറഞ്ഞ ഈ ലോകത്ത്, കണ്ണീരും കൈയു മായി വലയുന്ന ഈ ലോകത്ത്, പലരും വിഷമിപ്പിക്കയും പ്രതിസന്ധികളെ നേരിടുകയും ചെയ്യുന്ന ഈ ലോകത്ത് എനിക്കു തണലേകാൻ, എനിക്കാശ്വാസം കിട്ടാൻ, എനിക്ക് കുളിർമ്മ പകരാൻ അവിടുത്തെ സാന്നിദ്ധ്യമുണ്ടെന്നു പറ ഞ്ഞല്ലോ. അതു സാദ്ധ്യമാണ് എങ്കിൽ അതെനിക്കിന്ന് സാധി പ്പിച്ചു തരണമേ, അതെനിക്കിന്ന് തുടങ്ങിത്തരണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കണം.

എന്റെ ജീവിതസാക്ഷ്യം ഞാൻ കൂടെക്കൂടെ പറയാറുണ്ട്. കഷ്ടപ്പാടുകൊണ്ടു വലഞ്ഞ്, മനസ്സു മടുത്ത്, നിരാശയിൽ ഏറ്റവും തളർന്ന് ജീവിതം ആകെ വലഞ്ഞുപോയി. എന്നാൽ യേശുവിന്റെ തിരുവചനത്തിൽ ഞാൻ എന്നെത്തന്നെ സമർപ്പി ച്ചപ്പോൾ, ആ ക്രൂശിന്റെ അർത്ഥം എനിക്കു മനസ്സിലായപ്പോൾ, ക്രൂശിൻ ചുവട്ടിലേക്ക് എന്നെത്തന്നെ അർപ്പണം ചെയ്യാൻ എനിക്കൊരു ഭാഗ്യം ലഭിച്ചപ്പോൾ ക്രിസ്തു എന്റെ ഹൃദയത്തി ലേക്ക് നടന്നു കയറി; അവൻ എന്റെ ഹൃദയത്തിൽ ഇരിപ്പുറ പ്പിച്ചു.

അതോടെ അത്ഭുതകരമായ ശാന്തി എന്റെ ഹൃദയത്തിൽ

ലഭിച്ചു. അത്ഭുതകരമായ സമാധാനം എനിക്കു ലഭിച്ചു. ഇന്നി ത്രത്തോളം സമാധാനത്തോടെ, സന്തോഷത്തോടെ ഞാൻ കഴിയുന്നത് ഒരു വലിയ കൃപയാണ്, അത്ഭുതമാണ്.

"ഞാൻ പലർക്കും ഒരു അത്ഭുതമായിരിക്കുന്നു" എന്ന് സങ്കീർത്തനക്കാരൻ പണ്ടു പാടി. ഞാനോർക്കും എന്റെ ദൈവമേ, അതെന്റെയും അനുഭവമാണല്ലോ! ഞാൻ പലർക്കും ഒരത്ഭുതമായിരിക്കുന്നു! ഞാൻ സഭാമദ്ധ്യേ നിന്നെ പുകഴ്ത്തും.

ഞാൻ ദൈവത്തെ സ്തുതിക്കാതിരിക്കുന്നതെങ്ങനെ? ഞാൻ ദൈവത്തിന്റെ വേല ചെയ്യാതിരിക്കുന്നതെങ്ങനെ? ഞാൻ യേശുവിനെ പ്രകീർത്തിക്കാതിരിക്കുന്നതെങ്ങനെ? ഞാൻ യേശുവിന്റെ നാമത്തെ പ്രഘോഷിക്കാതിരിക്കുന്നതെ ങ്ങനെ? ഞാൻ ആരവാരത്തോടെ അവനെ വാനോളം പാടി പുകഴ്ത്താതിരിക്കുന്നതെങ്ങനെ? യേശു എനിക്ക് വിലയേറിയ വനാണ്, ഏറ്റവും വിലപ്പെട്ടവനാണ്. യേശു എന്നെ സഹായി ച്ചവനാണ്. യേശു എനിക്കു സമാധാനം തന്നവനാണ്.

യേശു എന്റെ മേൽ കരുണ ചൊരിഞ്ഞവനാണ്. എന്റെ യോഗ്യത നോക്കാതെ എന്റെ ബലഹീനതകൾ മറന്ന് എന്നെ താങ്ങിയവനാണ്. എന്റെ പോരായ്മകൾ ക്ഷമിച്ച് എന്നെ തന്റെ കരങ്ങളിൽ എടുത്തവനാണ്. തന്റെ ഭുജങ്ങളിൽ എന്നെ വഹി ച്ചവനാണ്. രോഗശയ്യയിൽ എന്നെ താങ്ങിയവനാണ്. രോഗ ക്കിടക്ക മാറ്റി വിരിച്ചവനാണ്. ആപത്തനർത്ഥങ്ങൾ വന്നപ്പോൾ എന്നെ താങ്ങിയവനാണ്. എന്റെ കണ്ണുനീർ കൂടെക്കൂടെ തുടച്ചു തന്നവനാണ്.

സ്നേഹിതരേ, നിങ്ങളുടെ കണ്ണീർ തുടയ്ക്കാൻ യേശു വന്നിട്ടുണ്ട്. നിങ്ങളുടെ ജീവിതത്തിൽ ഉത്സവം തരാൻ, ആരാ ധനയുടെ സൗകുമാര്യം തരാൻ യേശു എഴുന്നള്ളി വന്നിട്ടുണ്ട്. യേശുവിനെ നിങ്ങൾ കാണുവിൻ, യേശുവിനെ നിങ്ങൾ വിളി പ്പിൻ, യേശുവിനോടു നിങ്ങൾ പ്രാർത്ഥിപ്പിൻ. യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ. അരിമത്യക്കാ

രൻ യൗസേഫിന്റെ കല്ലറയിൽ അടക്കം ചെയ്യപ്പെട്ടവനേ, നീ കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റത് എന്റെ ഹൃദയത്തിൽ വാഴാനാണെന്നു ഞാൻ വിശ്വസിക്കുന്നു.

എന്റെ ഹൃദയത്തിലേക്കു വരണമേ, എന്റെ ഹൃദയത്തിൽ വസിക്കണമേ. സത്യാരാധന എനിക്കു തരണമേ. ആത്മാവിന്റെ സ്തുതിയാൽ എന്റെ ജീവിതത്തെ പുളകം കൊള്ളിക്കണമേ. ആത്മാവിന്റെ ആരാധന എനിക്കു തരണമേ. സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ച്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും സദാനേരത്തിലും ഇടവിടാതെ കരേറ്റുവാൻ എനിക്കു ഭാഗ്യം തരണമേ.

ആരാധന ഉത്സവമാണ്. ആരാധന എന്താണ് എന്ന് റോമർക്കെഴുതിയ ലേഖനം 12-ാം അദ്ധ്യായത്തിൽ അപ്പൊസ്തലൻ പറയുന്നു:

> *"സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ."*
> *റോമർ 12 : 1, 2*

നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ദൈവത്തിനു സമർപ്പിക്കണം. ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കണം.

നാം ആരാധന കഴിക്കുന്നതെന്താണ്? നമ്മുടെ ശരീരങ്ങളെ സമർപ്പിക്കണം. ഈ ശരീരത്തെ ദൈവത്തിനു സമർപ്പിക്കുന്നു എങ്കിൽ, ദൈവം പരിശുദ്ധനാണെന്ന് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ അശുദ്ധിയുടെ കണികപോലും ഇനി

ഉണ്ടാകരുത്. ഒരവയവത്തിൽപോലും കറപിണയരുത്. ഒരാറ്റം പോലും ഒരണുവിൽപോലും അശുദ്ധി കലരരുത്. നമ്മുടെ നാവിൽനിന്നു വരുന്ന ഓരോ വാക്കും ഓരോ ചിരിയും ഓരോ കരച്ചിലും ഓരോ ചലനവും കണ്ണിന്റെ നോട്ടവും എല്ലാം വിശുദ്ധിയുള്ളതായിരിക്കണം. ദൈവത്തിനു പ്രസാദകരമായ വാക്കുകളേ നാവിൽ വരാവൂ. നാം പറയുന്ന ഓരോ വാക്കിനും നാം കണക്കു പറയേണ്ടതാണെന്ന് ഓർത്തു കൊള്ളണം.

*"മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും." മത്തായി 12 : 36*

അതുകൊണ്ടാണ് പിതാക്കന്മാർ നമ്മെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചത് അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് കാവൽക്കാരെ നിയമിക്കണമേ എന്ന്.

നമ്മുടെ ശരീരത്തിലെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകളിൽ കാവൽക്കാരെ നിർത്തിക്കൊള്ളണം. ഓരോ ദിവസവും രാവിലെ എഴുന്നേറ്റ് പ്രാർത്ഥിക്കുമ്പോൾ ദൈവത്തോട് പറയണം: കർത്താവേ, എന്റെ ശരീരത്തിലെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് നീ കാവൽക്കാരെ നിയമിച്ചു കൊള്ളണം; സേവകാത്മാക്കളെ നിയമിച്ചു കൊള്ളണം; മാലാഖമാരെ നിയമിച്ചു കൊള്ളണം; എന്റെ കർത്താവിനു പ്രസാദമല്ലാത്ത ഒരക്ഷരം എന്റെ നാവിൽ വരരുത്. കർത്താവിനു പ്രസാദമല്ലാത്ത ഒരു കാര്യം കേൾക്കാൻ എനിക്ക് ഇടവരരുത്. ഒരു കാര്യം കാണാൻ എനിക്ക് ഇടവരരുത്.

Sense organs are the gateways of knowledge! അറിവിന്റെ വാതിലുകളാണ് നമ്മുടെ ശരീരത്തിന്റെ ജ്ഞാനേന്ദ്രിയങ്ങൾ!

നമ്മുടെ ശരീരത്തിലേക്ക് അറിവു കിട്ടുന്നതിന്, നമ്മുടെ മനസ്സിലേക്ക്, നമ്മുടെ ബുദ്ധിയിലേക്ക് അറിവു പകരുന്നതിനുള്ള വാതിലുകളാണ്, അറിവിന്റെ ജാലകങ്ങളാണ്, അറിവിന്റെ കവാടങ്ങളാണ് നമ്മുടെ ശരീരത്തിലുള്ള sense organs അഥവാ

ജ്ഞാനേന്ദ്രിയങ്ങൾ. അതിനെല്ലാം കാവൽക്കാരെ നിയമിച്ചു കൊള്ളണം. വേണ്ടാത്തത് നമ്മുടെ ഉള്ളത്തിലേക്കു കടന്നു വരരുത്. ചീത്തപ്പടങ്ങൾ കാണരുത്.

അശുദ്ധമായ ചിത്രങ്ങൾ കാണരുത്. Blue films കാണുന്ന വരുണ്ട്. സിനിമയിലെ ഹീന ചിത്രങ്ങൾ കാണുന്നവരുണ്ട്. സിനിമ, സീരിയലുകൾ കണ്ട് രസിക്കുന്നവരുണ്ട്. നമ്മുടെ കണ്ണ് ക്രിസ്തുവിനു സമർപ്പിച്ചതായിരിക്കണം. അതു ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിച്ചതായിരിക്കണം. നമ്മുടെ കണ്ണ് അരുതാത്തതു കാണാനുള്ളതല്ല.

സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ ഹൃദയംകൊണ്ട് വ്യഭിചാരം ചെയ്തുപോയി എന്ന് തിരുവ ചനം പറയുന്നു.

ഇതൊന്നും അപ്രാപ്യമാണെന്ന് നിങ്ങൾ പറയരുത്. എനിക്കു സാദ്ധ്യമല്ല എന്നു വിചാരിക്കരുത്. പ്രായോഗികമല്ല എന്നു നിങ്ങൾ ചിന്തിക്കരുത്. നീ ആവശ്യക്കാരനാണെങ്കിൽ മകനേ, നിനക്കു സാധിക്കും. മകളേ, ആവശ്യക്കാരിയാണെ ങ്കിൽ നിനക്കതു സാധിക്കും. കൂടിയേ കഴിയൂ എന്നുണ്ടെങ്കിൽ നിനക്കതു സാധിക്കും. നമ്മുടെ അവയവങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. അതാണ് ബുദ്ധിയുള്ള ആരാധന. അത് ഉത്സവ മാണ്.

അങ്ങനെ നമ്മിൽ നിന്ന് പാപം വിട്ടുമാറുമ്പോൾ നമ്മുടെ ജീവിതം ഉത്സവമായി മാറും. നമ്മുടെ അരികത്തു വരുന്ന വർക്ക് ഉത്സവത്തിന്റെ സന്തോഷം ലഭിക്കും; ആനന്ദത്തിന്റെ പ്രഘോഷം ലഭിക്കും. ആനന്ദത്തിന്റെ ആരവാരം ലഭിക്കും. അവിടെ സ്തുതി ഉളവാകും.

നിങ്ങളുടെ ജീവിതത്തിൽ ഈ സാക്ഷാത്തായ ആനന്ദ മുണ്ടോ? യേശു വസിക്കുന്നു എന്നുള്ള ആനന്ദം. കഷ്ടപ്പാ

ടുണ്ട്, ഞെരുക്കങ്ങളുണ്ട്, രോഗങ്ങളുണ്ട്, വേദനകളുണ്ട്, താങ്ങാൻ വയ്യാത്ത പ്രശ്നങ്ങളുണ്ട്. എന്നാൽ അതിന്റെ മദ്ധ്യ ത്തിൽ നമുക്ക് ഉത്സവം ലഭിക്കും.

അതിനാഗ്രഹമുണ്ടോ നിങ്ങൾക്ക്? എന്നാൽ ക്രൂശിൽ മരിച്ചവനെ നോക്കുക. ക്രൂശിൽ തലചായ്ച്ചവനെ നോക്കുക. എങ്കിൽ മാത്രമേ നിനക്കുത്സവം കിട്ടുകയുള്ളൂ.

ദൈവപൈതലേ, ക്രൂശിൽ തിരുരക്തം ചിന്തി, കൈകളും കാലുകളും തുളച്ച്, വിലാവിൽനിന്ന് രക്തം ധാരധാരയായി ഒഴുകി, ശിരസ്സിൽ മുൾമുടി വഹിച്ച്, മുഖത്ത് തുപ്പലേറ്റ്, കര ണത്ത് അടിയേറ്റ്, പുറത്ത് ചാട്ടവാറുകൊണ്ടു വിണ്ടുകീറി, കൈകളും കാലുകളും തുളക്കപ്പെട്ടു കിടക്കുന്ന യേശുവിനെ നോക്കിയാൽ മാത്രമേ നമുക്ക് വാസ്തവമായ ആരാധന ആരം ഭിക്കാൻ പറ്റുകയുള്ളൂ. അവിടെ മാത്രമേ വിശുദ്ധിയുള്ളൂ. അവിടെ മാത്രമേ സ്നേഹമുള്ളൂ. ക്രൂശിൽ നിന്നൊഴുകിയ തിരുരക്തത്തിൽ മാത്രമേ വിശുദ്ധി നമുക്കനുഭവമാക്കാൻ കഴി യുകയുള്ളൂ.

ഇപ്പോൾത്തന്നെ നിങ്ങൾ ക്രൂശിനെ ധ്യാനിക്കൂ. ക്രൂശി ന്മേൽ കിടക്കുന്ന മോഹന രൂപത്തെ നിങ്ങൾ ധ്യാനിക്കൂ. ആ അത്ഭുതപുരുഷനെ, ദിവ്യപുരുഷനായ കർത്താവായ യേശു വിനെ നിങ്ങൾ ധ്യാനിക്കൂ, അവൻ നിങ്ങളുടെ അരികത്തു വന്നിരിക്കയാണ്. അങ്ങു ദൂരെ ദൂരെ ഗോഗുൽത്തായിൽ അവൻ ക്രൂശിന്മേൽ കിടക്കുന്നവനായിട്ടല്ല, നിങ്ങളുടെ അരി കത്തു വന്ന് നിങ്ങളുടെ നേരെ ആണിപ്പാടുള്ള കരം നീട്ടി ക്കൊണ്ടു നിൽക്കുന്നവനായി അവനെ നിങ്ങൾ ധ്യാനിക്കൂ.

അവന്റെ കരത്തിലേക്ക് നിങ്ങളുടെ ഭാവി ഏൽപ്പിച്ചു കൊടുക്കൂ. അവൻ നിങ്ങളെ തഴുകട്ടെ, അവൻ നിങ്ങളെ സ്വീക രിക്കട്ടെ, അവൻ നിങ്ങളെ ആശീർവ്വദിക്കട്ടെ. അവന്റെ തിരു രക്തം നിങ്ങളെ കഴുകട്ടെ, അവന്റെ തിരുരക്തത്താൽ നിങ്ങൾക്കു ശുദ്ധീകരണം പ്രാപിക്കാൻ കഴിയട്ടെ. നിങ്ങളുടെ

ജീവിതം ഉത്സവമായിമാറട്ടെ.

സത്യാരാധന തുടങ്ങട്ടെ, യാഗപീഠം പണിയട്ടെ, യാഗപീഠത്തിൽ യാഗവസ്തു അർപ്പണം ചെയ്യട്ടെ. ആരാധന ആരംഭിക്കട്ടെ, സ്വർഗ്ഗീയാരാധനയിലേക്ക് സ്വർഗ്ഗീയസദസ്സിലേക്കു നീങ്ങട്ടെ. സ്വർഗ്ഗീയ സൗകുമാര്യം വിളയട്ടെ. അത്ഭുത കൃപകൾ പകരട്ടെ. കൃപയുടെ ആത്മാവ് തീയായി നിങ്ങളുടെ മേൽ ഇറങ്ങട്ടെ.

തീ നിങ്ങളുടെ ശരീരത്തിലൂടെ ഒഴുകട്ടെ. തീ നിങ്ങളുടെ സിരകളിലൂടെ പായട്ടെ. സ്വർഗ്ഗത്തിന്റെ അഗ്നി, പരിശുദ്ധാത്മാവിന്റെ തീജ്ജ്വാല നിങ്ങളെ ആകമാനം മാറ്റിമറിക്കട്ടെ. അത്ഭുതങ്ങൾ നടക്കട്ടെ. രോഗബാധകൾ മാറട്ടെ. ശാപബന്ധനങ്ങൾ അഴിയട്ടെ. പൈശാചിക ബന്ധനങ്ങൾ മാറട്ടെ. സാത്താന്യകോട്ടകൾ തകരട്ടെ. ജീവനുള്ള ക്രിസ്തു ഇറങ്ങിവരട്ടെ. അവന്റെ കൃപ നിങ്ങളെ തഴുകട്ടെ. അവന്റെ അത്ഭുത കൃപയാൽ നിങ്ങൾ നിറയട്ടെ, ദൈവനാമം മഹത്വപ്പെടട്ടെ. നമുക്ക് പ്രാർത്ഥിക്കാം.

## ആറ്

*"ദേശത്തു ക്ഷാമം ഉണ്ടായി; ദേശത്തു ക്ഷാമം കഠിനമായി തീർന്നതുകൊണ്ട് അബ്രാം മിസ്രയീമിൽ ചെന്നു പാർപ്പാൻ അവിടേക്കു പോയി."*

*ഉല്പത്തി 12 : 10*

ദേശത്തു ക്ഷാമമുണ്ടായി. ക്ഷാമമുണ്ടായപ്പോൾ അബ്രാഹാമിന്, ആഹാരത്തിന് മുട്ടുവരുമല്ലോ എന്തു ചെയ്യും എന്ന് വലിയൊരു ആകുലമുണ്ടായി. എങ്ങനെ ജീവിക്കും? ഇറങ്ങി പുറപ്പെട്ടു. ദൈവശബ്ദം കേട്ടു പുറപ്പെട്ടു, ദൈവവചനം അനുസരിച്ചു പുറപ്പെട്ടു. പക്ഷേ, ക്ഷാമം.

ലോകത്ത് എല്ലാവർക്കുമുണ്ട് പ്രയാസങ്ങൾ. ദൈവത്തിന്റെ വചനം അനുസരിക്കുന്നവർക്കുമുണ്ട് പ്രയാസങ്ങൾ, ദൈവത്തിന്റെ വചനത്തിനു വിരുദ്ധമായി ജീവിക്കുന്നവർക്കുമുണ്ട് പ്രയാസങ്ങൾ. പ്രതിസന്ധികൾ, പ്രശ്നങ്ങൾ, ആകുലങ്ങൾ, യാതനകൾ എല്ലാവർക്കുമുണ്ട്. പക്ഷേ, പ്രതിസന്ധികളും പ്രശ്നങ്ങളും വരുമ്പോൾ നാം അതിനെ എങ്ങനെ നേരിടുന്നു എന്നതിനെ ആശ്രയിച്ചിരിക്കും പിന്നെ മുന്നോട്ടു പോകുമ്പോൾ ഉണ്ടാകുന്ന നന്മകളും ശ്രേയസ്സുകളും അനുഗ്രഹങ്ങളും.

ധൂർത്തപുത്രന് ക്ഷാമം വന്നത് അവന്റെ അപ്പന്റെ വീട്ടിലേക്കു പോകുന്നതിനു മുഖാന്തരമായി തീർന്നു. വചനം കേട്ടു പുറപ്പെട്ട വിശ്വാസികളുടെ പിതാവായ അബ്രാഹാമിന് ക്ഷാമം വന്നത് കനത്ത നഷ്ടങ്ങൾ നേരിടാൻ കാരണമായി തീർന്നു. അബ്രാഹാമിനു വന്ന നഷ്ടം നിസ്സാരമായിരുന്നില്ല.

അനേകർക്ക് ഇന്നു ക്ഷാമമമുണ്ട്. നമുക്കോരോരുത്തർക്കുമുണ്ട് ക്ഷാമങ്ങൾ; ചില കാര്യങ്ങളിൽ വറുതികൾ. പണത്തിനു ബുദ്ധിമുട്ട്. നല്ല ബിസിനസ്സായിരുന്നു. നല്ല വരുമാനമുണ്ടായിരുന്നു പക്ഷേ, എല്ലാം തകർന്നു തരിപ്പണമായി. ധാരാളം ഭൂമിയുണ്ടായിരുന്നു. കുടുംബാവകാശമായി കിട്ടിയ നല്ല ഭൂമി! എല്ലാം ജപ്തിയായി, എല്ലാം നഷ്ടപ്പെട്ടു.

നല്ല വരുമാനമുള്ള ജോലിയുണ്ടായിരുന്നു. പെട്ടെന്ന് ജോലി നഷ്ടപ്പെട്ടു. ആരെല്ലാമോ ചില കുബുദ്ധികൾ നമുക്കെതിരായി പ്രയോഗിച്ചതായിരിക്കാം, പ്രവർത്തിച്ചതായിരിക്കാം. പക്ഷേ, ജോലി നഷ്ടപ്പെട്ടു, സമ്പത്തു നഷ്ടപ്പെട്ടു, വരുമാനം നഷ്ടപ്പെട്ടു. പണത്തിനുള്ള ക്ഷാമം, ആഹാരത്തിനുള്ള ക്ഷാമം.

അനേകർക്ക് ആരോഗ്യത്തിനു ക്ഷാമമുണ്ട്. രോഗങ്ങൾ, ബലക്ഷയങ്ങൾ; സുഖമില്ല. ചെറുപ്രായത്തിൽ അസുഖം വരുന്നവരുണ്ട്. നല്ല മദ്ധ്യപ്രായത്തിൽ അസുഖം വരുന്നവരുണ്ട്. വാർദ്ധക്യത്തിൽ അസുഖം വരുന്നവരുണ്ട്. അസുഖം ബാധിച്ച് ആരോഗ്യം നഷ്ടപ്പെട്ട്, വീര്യം നഷ്ടപ്പെട്ട്, ശക്തി നഷ്ടപ്പെട്ട്, ബലം നഷ്ടപ്പെട്ട്, കരുത്തു നഷ്ടപ്പെട്ടു കഴിയുന്ന എത്രയോ പേരുണ്ട്? ആരോഗ്യത്തിനു ക്ഷാമം.

ഇതെല്ലാം നഷ്ടങ്ങളാണ്. എന്നാൽ അതിനേക്കാൾ എത്രയോ വലിയ നഷ്ടമാണ് സമാധാനം നഷ്ടപ്പെടുക! സമാധാനത്തിനു ക്ഷാമം! അനേകം കുടുംബങ്ങളിലും സമാധാനത്തിനു ക്ഷാമമമാണ്. പല കുടുംബങ്ങളിലും പരസ്പരമുള്ള ഐക്യം നഷ്ടപ്പെട്ടിരിക്കുന്നു, സ്നേഹം നഷ്ടപ്പെട്ടിരിക്കുന്നു. പരസ്പരമുള്ള ധാരണ നഷ്ടപ്പെട്ടിരിക്കുന്നു. പരസ്പരമുള്ള കൂറ് നഷ്ടപ്പെട്ടിരിക്കുന്നു. പരസ്പരമുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. അനേക ഹൃദയങ്ങളിൽ ഇന്നു സമാധാനത്തിനു ക്ഷാമമമുണ്ട്.

ഇതിലെല്ലാത്തിനും ഉപരിയായുള്ള ഒരു വലിയ ക്ഷാമ മുണ്ട്. സ്നേഹത്തിനു ക്ഷാമം! സ്നേഹം കിട്ടുന്നില്ല. പ്രിയ പ്പെട്ട ഭാര്യയിൽനിന്നു സ്നേഹം കിട്ടുന്നില്ല. പൊന്നുപോലെ കരുതിയ ഭർത്താവിൽനിന്നു സ്നേഹം കിട്ടുന്നില്ല. ജീവനായി കരുതിയിരുന്ന മക്കളിൽനിന്നു സ്നേഹം കിട്ടുന്നില്ല. മുഴുവൻ അഭിമാനമായി കരുതിയിരുന്ന മാതാപിതാക്കളിൽനിന്നു സ്നേഹം കിട്ടുന്നില്ല. ജീവിതത്തിൽ സ്നേഹത്തിന് ക്ഷാമം. ഇങ്ങനെ ക്ഷാമത്തിൽ വലയുമ്പോൾ ക്ഷാമം മാറ്റാൻ പലതും നാം നോക്കും.

പ്രിയപ്പെട്ടവരുടെ വേർപാടിൽ മനംനൊന്ത് മദ്യപാനം തുടങ്ങുന്നവരുണ്ട്. ബിസിനസ്സ് നഷ്ടത്തിൽ ഉള്ളുനൊന്ത് മദ്യ പാനത്തിൽ അഭയം തേടുന്നവരുണ്ട്. ഏതെങ്കിലും ചില കെടു തികളോ, ആപത്തുകളോ, കഷ്ടങ്ങളോ വരുമ്പോൾ അതൊന്നു മറക്കാനായിട്ടെന്നവണ്ണം, കഞ്ചാവിലോ മയക്കുമരുന്നിലോ അഭയം തേടുന്നവരുണ്ട്. ക്ഷാമം മാറാനുള്ള ശ്രമങ്ങളാണ്.

“ദേശത്ത് ക്ഷാമം കഠിനമായിത്തീർന്നതുകൊണ്ട് അബ്രാം മിസ്രയീമിൽ ചെന്നു പാർപ്പാൻ അവിടേക്കു പോയി.”

അബ്രാഹാം പുറപ്പെട്ട ആ യാത്ര എത്ര ശ്രേഷ്ഠമായ ഒരു യാത്രയായിരുന്നു! മെസ്സപ്പൊത്താമ്യയിൽനിന്ന് പുറപ്പെടു മ്പോൾ അബ്രാഹാമിനോടു ദൈവം പറഞ്ഞത്, നീ നിന്റെ പിതൃദേശത്തെ വിടണം, നിന്റെ ചാർച്ചക്കാരെ വിടണം, നീ എല്ലാം വിട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെടുക എന്നാണ്. ഇന്ന ദേശമാണെന്നു ദൈവം പറഞ്ഞില്ല. ഇന്ന സ്ഥലത്തേക്കാണ് പോകുന്നതെന്നും പറഞ്ഞില്ല. ദൈവം പറഞ്ഞു, അബ്രാഹാം വചനം കേട്ടു വിശ്വസിച്ചു.

നിങ്ങൾ അനേകംപേർ വചനം കേട്ടു പുറപ്പെട്ടവരാണ്. വചനം വന്നുതൊട്ടതുകൊണ്ട് പുറപ്പെട്ടവരാണ്; വചനത്തിന്റെ സ്വാധീനശക്തി ആകർഷിച്ചതുകൊണ്ട്, സ്വർഗ്ഗത്തിലെ ദൈവ

ത്തിന്റെ അത്ഭുതകരമായ ആകർഷണംകൊണ്ട് ഇറങ്ങി പുറപ്പെട്ടവരാണ്. മനുഷ്യരെ ആരെയും കാണിക്കാനല്ല നിങ്ങൾ പുറപ്പെട്ടത്. മനുഷ്യരോടാരോടുമല്ല നിങ്ങൾ വാക്കു പറഞ്ഞത്.

നിങ്ങൾ ചില തീരുമാനങ്ങൾ എടുത്തെങ്കിൽ, പ്രതിഷ്ഠകൾ എടുത്തെങ്കിൽ, ചില സമർപ്പണങ്ങൾ എടുത്തെങ്കിൽ അതു മനുഷ്യരെ ആരെയും ബോധിപ്പിക്കാനായിരുന്നില്ല. വ്യക്തമായും ജീവനുള്ള ക്രിസ്തുവിന്റെ ശബ്ദമാണെന്നറിഞ്ഞുകൊണ്ടുതന്നെ, ക്രിസ്തുവിന്റെ പരിശുദ്ധമായ ആ ജയമുള്ള സ്ലീബായുടെ ചുവട്ടിൽ ക്രിസ്തുവിന്റെ പാദപീഠത്തിലാണ് നിങ്ങളുടെ നിസ്സാരമായ ആയുസ്സ് നിങ്ങൾ സമർപ്പണം ചെയ്തത്.

എന്നാൽ ദൈവവചനം കേട്ടു പുറപ്പെട്ട വിശ്വാസികൾക്കും ജീവിതപ്രശ്നങ്ങൾ വരാം. ഞാൻ പുറപ്പെട്ടല്ലോ, പിന്നെ എനിക്കെന്താ ഈ പ്രശ്നം വന്നത്? ഞാൻ ദൈവത്തിന്റെ വചനം കേട്ട് പുറപ്പെട്ട ഒരാളല്ലേ? വിശ്വാസജീവിതം തുടങ്ങിയ ആളല്ലേ? എനിക്കെന്താണ് എതിർപ്പുകൾ വരുന്നത്? എനിക്കെന്താണ് പ്രതിസന്ധികൾ വരുന്നത്?

ഞാനെന്താണ് ഇങ്ങനെ ഒറ്റപ്പെട്ടു പോകുന്നത്? ആർക്കും ഒരു വിലയില്ലാത്തവനായി ഞാൻ പോകുന്നതെന്താണ്? എന്റെ കുടുംബത്തിൽ എന്താണിങ്ങനെ പ്രതിസന്ധികൾ, പ്രശ്നങ്ങൾ രൂക്ഷമായി ആക്രമിക്കുന്നത്? അയ്യോ, ഞാൻ വലഞ്ഞു പോകുന്നല്ലോ, എനിക്കെന്താണിങ്ങനെ? എനിക്കു മുന്നോട്ടു പോകാൻ പറ്റാത്തതുപോലെ വഴി അടഞ്ഞുപോകുന്നതെന്താണ്?

ഒട്ടേറെ പ്രശ്നം നമ്മെ വലയം ചെയ്യുന്നുണ്ട്. പ്രതിസന്ധികൾ നമ്മെ രൂക്ഷമായി ഉറ്റുനോക്കുന്നുണ്ട്. നമ്മുടെ നേരെ നിൽക്കുന്ന ഭയാനകമായ പ്രതിസന്ധികളുടെ മുന്നിൽ നാം ചിലപ്പോൾ പതറിപ്പോകാറുണ്ട്. ചിലപ്പോൾ മനസ്സ് വാടാറുണ്ട്, ആടാറുണ്ട്. നാം ചരിഞ്ഞുപോകാറുണ്ട്, ചാഞ്ഞുപോകാ

റുണ്ട്, ഇളകി പോകാറുണ്ട്. കാരണം, നാമെല്ലാം മനുഷ്യരാണ്. നാം പല പ്രതിസന്ധികളുടേയും മുന്നിൽ പതറിപോയിട്ടുള്ളവരാണ്.

ക്ഷാമം വന്നപ്പോൾ അബ്രാഹാം, അതിനു പരിഹാരത്തിനുവേണ്ടി മിസ്രയീമിലേക്കു നോക്കി. നല്ല ഫലപുഷ്ടമായ മിസ്രയീമ്യ മണ്ണിലേക്കു പോയാൽ അവിടെ ഉപജീവനത്തിന് മുട്ടുവരികയില്ലല്ലോ എന്ന് അബ്രാഹാം ഓർത്തു.

പ്രിയപ്പെട്ടവരേ, ഓർക്കുക, നാം ദൈവത്തിന്റെ വചനം കേട്ടു പുറപ്പെട്ടവരാണെങ്കിൽ ഇനി ബുദ്ധിയിൽ ആശ്രയിച്ചു പോകരുത്. സ്വന്തശക്തിയിലും ജഡത്തിന്റെ ബുദ്ധിയിലും ശരണപ്പെട്ടുപോകരുത്. ദൈവത്തെ നോക്കണം. കർത്താവേ, അടുത്ത ചുവട് എങ്ങോട്ടാണ് വയ്ക്കേണ്ടത്?

ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പുറപ്പെടുക എന്നാണ് വചനം. ദൈവം കാണിക്കും. കർത്താവേ, കാണിച്ചു തരണമേയെന്നു പറയാമായിരുന്നു. പ്രാർത്ഥിക്കാമായിരുന്നു. ദൈവം കാണിക്കുമായിരുന്നു. ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പുറപ്പെടുക എന്നു പറഞ്ഞ ദൈവം തീർച്ചയായും അബ്രാഹാമിനെ ദേശം കാണിച്ചു കൊടുക്കുമായിരുന്നു. അടുത്ത ചുവട് എങ്ങോട്ട്, എങ്ങനെ വയ്ക്കണമെന്ന് അബ്രാഹാമിനു കാണിച്ചു കൊടുക്കുമായിരുന്നു.

യൂഫ്രട്ടീസ് ടൈഗ്രീസ് നദിക്കക്കരെ മെസ്സപ്പൊത്താമ്യൻ സമതലത്തു നിന്നും പുറപ്പെടുവിച്ച ദൈവത്തിനറിയില്ലയോ അബ്രാഹാം അടുത്ത ചുവട് എങ്ങോട്ടാണ് വയ്ക്കേണ്ടതെന്ന്? കനാനിലേക്കുള്ള വഴി മുന്നിൽ കിടക്കുകയാണ്. ഓരോ ചുവടും മുന്നോട്ടു മുന്നോട്ടു വച്ചു പോയാൽ മതി. ഓരോ ചുവടും വയ്ക്കാൻ പാതകൾ ദൈവം കാണിച്ചു കൊടുക്കുമായിരുന്നു. അബ്രാഹാം സ്വന്തബുദ്ധിയിൽ ആശ്രയിച്ചു, ചിന്തിച്ചു.

ഈ വിശ്വാസത്തിന്റെ യാത്രയിൽ എനിക്കു ദൈവം തന്ന ബുദ്ധി ഉപയോഗിക്കണ്ടേ? ദൈവം തന്നതല്ലേ ആലോചിക്കാനുള്ള ഈ കഴിവ്, അത് ഉപയോഗിക്കണ്ടേ? വിഡ്ഢിത്തം പറ്റരുതല്ലോ എന്ന് അബ്രാഹാം ചിന്തിച്ചു.

വഴിതെറ്റിപ്പോയവരുണ്ട്. ക്ഷാമം വന്നതായിരിക്കും കാരണം. ചില പ്രയാസങ്ങൾ വന്നതായിരിക്കും കാരണം. ചില സാഹചര്യങ്ങൾ വന്നതായിരിക്കും കാരണം. പക്ഷേ, ആ സാഹചര്യങ്ങളിൽ കുടുങ്ങി ദൈവം നിർദ്ദേശിച്ച വഴിവിട്ട് തെറ്റായ ദിശയിൽ സഞ്ചരിച്ച ചിലരെങ്കിലും ഈ വരികൾ വായിക്കാൻ ഇടയാകുമായിരിക്കും.

സ്നേഹിതരേ, നിങ്ങളെ നേർവഴിയിലേക്കു തിരിക്കുവാൻ പരിശുദ്ധാത്മാവിന്റെ ജീവന്റെ വചനം ഇപ്പോൾ നിങ്ങളുടെ അരികത്തു വന്ന് നിങ്ങളുടെ കാതുകളിൽ ഓതിയോതിതരികയാണ്. ഈ ജീവന്റെ വചനം നിങ്ങളുടെ ഹൃദയത്തിന്റെ ഭിത്തികളിൽ അലയടിക്കുകയാണ്: മകനേ, നീ പാർക്കുന്ന പട്ടണം നാശപട്ടണമാണ്. നീ വ്യതിചലിക്കേണ്ട ആവശ്യമില്ല. വലത്തോട്ടോ ഇടത്തോട്ടോ ചായേണ്ട ആവശ്യമില്ല. നേരെയുള്ള പാതയിൽ നീ പോയ്ക്കൊള്ളൂ എന്നു പറഞ്ഞുകൊണ്ട് പരിശുദ്ധാത്മാവാകുന്ന വഴികാട്ടി നിന്നെ നയിച്ചുകൊണ്ടുപോവുകയാണ്.

പരിശുദ്ധാത്മാവിന്റെ വചനത്തിനു കീഴ്പ്പെട്ടാൽ ക്രിസ്തു നിന്നെ തന്റെ വഴിയിൽ കൂടി നടത്തും. ക്ഷാമകാലത്തും ക്ഷേമമായി പോറ്റും. ഐശ്വര്യമായി പരിപാലിക്കും. കാരണം, ഗോഗുൽത്തായിൽ നമുക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകൻ ഇന്ന് നിങ്ങളുടെ അരികത്തു വന്നു നിന്നുകൊണ്ട് പറയുകയാണ്: മകനേ, ഞാൻ നേർപാത കാണിച്ചു തരാം, മകളേ, ഞാൻ നേർപാത കാണിച്ചു തരാം. വ്യതിചലിച്ച പാതയിൽ നിന്നു വേഗം മടങ്ങി വരിക. സത്പന്ഥാവിലേക്കു നീ തിരിയുക, നിന്നെ ഞാൻ നേർനിലത്തിൽ നടത്താം, ശുഭകര

മായി നടക്കാൻ നിന്നെ അഭ്യസിപ്പിക്കാം.

ശുഭകരമായി നമ്മെ നടക്കുവാൻ അഭ്യസിപ്പിക്കുന്ന ദൈവം നിങ്ങളെ ശുഭകരമായ വഴിയിലൂടെ നയിക്കും. സന്തോഷത്തിന്റെ പാതയിലൂടെ നയിക്കും. സമാധാനത്തിന്റെ ദുർഗ്ഗങ്ങളിലേക്കു നയിക്കും. സ്നേഹത്തിന്റെ അത്ഭുത അനുഭവങ്ങൾ നിങ്ങൾക്കു പ്രദാനം ചെയ്യും. ക്രിസ്തുവിന്റെ തിരുരക്തം നിങ്ങൾക്കു വഴികാട്ടിയായിരിക്കും.

ക്രിസ്തു നിങ്ങളുടെ ഓരോരുത്തരുടേയും ഹൃദയവാതിൽക്കൽ മുട്ടുന്നു. പ്രിയരേ, നിങ്ങളുടെ ഹൃദയം തുറക്കുക, ക്രിസ്തുവിനോടു വാക്കു പറയുക. നാശപട്ടണം വിട്ടു നിങ്ങൾ വേഗം പുറപ്പെടുക. തെറ്റിപ്പോയ വഴികളോട് യാത്രപറഞ്ഞ് പുതുവഴിയിലേക്ക്, ക്രിസ്തുവിന്റെ പാതയിലേക്ക് തിരികെ വരിക. ക്രിസ്തുവിനെ അനുഗമിക്കാൻ തുടങ്ങുക. മോക്ഷപുരിയിലേക്കു യാത്രചെയ്യുക.

*"എന്നാൽ നമ്മുടെ പൂർവ്വ പിതാവായ അബ്രാഹാം ജഡപ്രകാരം എന്തു പ്രാപിച്ചു എന്നു പറയേണ്ടൂ."*

*റോമർ 4 : 1*

ജഡപ്രകാരം, മാനുഷികമായി പറഞ്ഞാൽ അബ്രാഹാം നേടിയത്, സ്വന്തബുദ്ധിയിൽ ആശ്രയിച്ചപ്പോൾ കിട്ടിയത് നഷ്ടങ്ങളായിരുന്നു. എന്നാൽ നഷ്ടങ്ങളെ ലാഭങ്ങളാക്കിത്തരുന്ന ഒരു ദൈവമുണ്ട്. നഷ്ടങ്ങൾ അനവധി സംഭവിച്ചെങ്കിലും ദൈവം അബ്രാഹാമിനെ യഥാസ്ഥാനപ്പെടുത്തി, സമാധാനത്തിലൂടെ നയിച്ചു, അനുഗ്രഹപാത്രമാക്കിത്തീർത്തു. സകല വംശങ്ങളും നീ മൂലം അനുഗ്രഹിക്കപ്പെടുമെന്നു പറഞ്ഞ വാഗ്ദത്തം ദൈവം നിറവേറ്റിക്കൊടുത്തു.

വളരെ മനോഹരമായ ഒരു സംഭവം എഫ്. ബി. മേയർ എന്നു പറയുന്ന വിശ്രുതനായ ഒരു സുവിശേഷകനെക്കുറിച്ച് ഞാൻ വായിച്ചു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ക്രൈസ്തവ

സാഹിത്യത്തിലെ അമൂല്യ നിധികളാണ്. എഫ്. ബി. മേയർ, തീരെ കൊച്ചുകുട്ടിയായിരുന്ന കാലത്തുതന്നെ ജീവിതം ക്രിസ്തുവിനു സമർപ്പിക്കാൻ ഭാഗ്യം ലഭിച്ച ഒരു ദൈവദാസ നാണ്.

ഏതാണ്ട് പന്ത്രണ്ടു വയസ്സുള്ളപ്പോൾ, സ്കൂളിൽ പഠി ക്കുന്ന പ്രായം ഒരു സംഭവമുണ്ടായി. ഒരു ദിവസം സ്കൂൾ വിട്ട് വീട്ടിലേക്കു പോരാൻ നേരത്ത് മൂന്നു നാലു മുഷ്ക്കന്മാരായ കുട്ടികൾ - അവരും ഇതേ പ്രായത്തിലുള്ളവരാണ് - ഇവനെ തടഞ്ഞു നിർത്തി പറഞ്ഞു: ഞങ്ങൾ മുതിർന്ന ക്ലാസ്സിലെ ചില പ്രായമുള്ള കുട്ടികൾ നിർദ്ദേശിച്ചതനുസരിച്ചാണ് നിന്നോടു പറയുന്നത്. “നീ നാളെ വരുമ്പോൾ കുറച്ച് foreign stamps കൊണ്ടു വരണം. ഇല്ലെങ്കിൽ മുതിർന്ന ക്ലാസ്സിലെ കുട്ടികൾ നിന്നെ ഉപദ്രവിക്കും. ഞങ്ങൾ നോക്കി നിൽക്കുകയേ ഉള്ളൂ.”

“ഞാൻ എവിടെ നിന്നുകൊണ്ടു വരും? എന്റെ കൈയിൽ ഇല്ലല്ലോ.” “അതൊന്നും ഞങ്ങൾക്കറിയണ്ട. നീ കൊണ്ടു വന്നേ പറ്റൂ. നീ വലിയ പ്രാർത്ഥനക്കാരനല്ലേ, വലിയ വിശ്വാസി യല്ലേ, നീ ഭക്തനല്ലേ, നിനക്കു സാധിക്കും, നീ പ്രാർത്ഥിക്ക്.” അവർ പരിഹസിച്ചു. “ഏതായാലും കൊണ്ടുവരണം. അക്കാര്യം ഉറപ്പാണ്. കൊണ്ടുവന്നില്ലെങ്കിൽ മുതിർന്ന ക്ലാസ്സിലെ പ്രായ മുള്ള കുട്ടികൾ നിന്നെ കഠിനമായി ഉപദ്രവിക്കും.”

പാവം കൊച്ച് പേടിച്ചുപോയി. അവൻ പ്രാർത്ഥിച്ചുകൊ ണ്ടാണ് പോന്നത്. വീട്ടിൽ എത്തി. അമ്മ കൊടുത്തതൊന്നും കാര്യമായിട്ടു കഴിച്ചില്ല. മനസ്സ് വിഷമിക്കയാണ്. എവിടെ നിന്നാണ് ഫോറിൻ സ്റ്റാമ്പ് കിട്ടുന്നത്? ഒരു വഴിയും കാണു ന്നില്ല. ഏതായാലും ഞാൻ ദൈവത്തെ അല്ലേ വിളിക്കുന്നത്, പ്രാർത്ഥിക്കാം. എഫ്. ബി. മേയർ പ്രാർത്ഥിച്ചു. രാത്രി അല്പം ഭക്ഷണം കഴിച്ചു കിടന്നു. ഉറക്കം വരുന്നില്ല. അവൻ എഴുന്നേ റ്റിരുന്ന് പ്രാർത്ഥന തുടങ്ങി: കർത്താവേ, എനിക്കു വിദേശ സ്റ്റാമ്പ് തരണം. നീ എനിക്ക് അയച്ചു തരണം. നീ വിളിച്ചാൽ

വിളികേൾക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. പ്രാർത്ഥിച്ചാൽ പ്രാർത്ഥനക്ക് മറുപടി തരുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

കർത്താവേ, നീ എന്നെ സഹായിക്കണം. “അബ്രാഹാം ദൈവത്തെ വിശ്വസിച്ചു അതവന് നീതിയായി കണക്കിട്ടു.” ഞാനും നിന്നെ വിശ്വസിക്കുന്നു. അവന്റെ വിചാരം പിറ്റേന്നു നേരം വെളുക്കുമ്പോൾ അവന്റെ ബെഡ്ഡിൽ ഫോറിൻ സ്റ്റാമ്പ് ഉണ്ടായിരിക്കുമെന്നാണ്. അല്ലെങ്കിൽ അവന്റെ മേശപ്പുറത്ത് ദൈവം സ്റ്റാമ്പ് കൊണ്ടു വയ്ക്കും. കാരണം, ഇല്ലായ്മയിൽ നിന്ന് ഉണ്മയായതിനെ ഉളവാക്കുന്നവനാണ് ദൈവം എന്നവൻ കേട്ടിട്ടുണ്ട്. അവൻ വായിച്ചിട്ടുണ്ട്.

എഫ്. ബി. മേയർ വിശ്വസിച്ചു, ദൈവം എനിക്കു തരും. നേരം വെളുത്തു, എഴുന്നേറ്റ് വേഗം നോക്കിയത് കിടക്കയിലാണ്. അയ്യോ, അവിടെങ്ങുമില്ല. മേശപ്പുറത്തു നോക്കി, മേശപ്പുറത്തും സ്റ്റാമ്പ് കാണുന്നില്ല. ഇനി എന്താ ചെയ്ക? അവന്റെ മുഖം കൂടുതൽ വാടി. മനസ്സ് തളർന്നു. അവന് സ്കൂളിൽ പോകേണ്ട നേരമായി. സ്റ്റാമ്പ് ഇല്ലാതെ ചെന്നാൽ തല്ലുകൊള്ളും. കൂട്ടരുകൂടി മർദ്ദിക്കും, അവശനാക്കും. സ്കൂളിൽ പോകാതിരുന്നാലോ? പക്ഷേ, എത്ര നാളാണ് പോകാതിരിക്കുന്നത്? ഞാൻ പഠിച്ചില്ല എങ്കിൽ എനിക്കല്ലേ നഷ്ടം? അവൻ വിഷമിച്ചു. അവൻ നോക്കുമ്പോൾ അപ്പൻ ഓഫീസിൽ പോകാൻ കോട്ട് എടുത്തിടുകയാണ്.

അവൻ അപ്പന്റെ അടുക്കൽ ചെന്നു പറഞ്ഞു: അപ്പാ, എനിക്കു കുറച്ച് ഫോറിൻ സ്റ്റാമ്പ് വേണമായിരുന്നു.

എന്റെ മകനേ, നിനക്കറിയാൻ പാടില്ലേ എന്റെ കൈയിൽ ഫോറിൻ സ്റ്റാമ്പ് ഒന്നും ഇല്ല എന്ന്. ഫോറിൻ സ്റ്റാമ്പ് എവിടെ നിന്ന് കിട്ടാനാണ്? നീ നേരത്തെ പറഞ്ഞിരുന്നു എങ്കിൽ ഞാൻ കുറേ ഫോറിൻ സ്റ്റാമ്പ് കളക്ട് ചെയ്യുവാൻ ശ്രമിക്കാമായി

രുന്നു. പക്ഷേ, ഇപ്പോൾ പറഞ്ഞാൽ ഞാൻ എങ്ങനെ തരും?

എനിക്ക് സ്കൂളിൽ ഇന്ന് കൊണ്ടുപോകണം. പെട്ടെന്ന് അപ്പൻ പറഞ്ഞു: മോനേ, നിൽക്കൂ, അപ്പൻ കോട്ടിന്റെ പോക്കറ്റിൽ കൈയിട്ടു. ഇന്നലെ എന്റെ ഓഫീസിൽ ഒരു ഗസ്റ്റ് വന്നു. അദ്ദേഹം എനിക്കു കുറച്ച് ഫോറിൻ സ്റ്റാമ്പ് തന്നിരുന്നു. ഞാൻ അത് ഈ കോട്ടിന്റെ പോക്കറ്റിൽ ഇട്ടു എന്നാണ് തോന്നുന്നത്. മോനേ, ആ സ്റ്റാമ്പ് പോക്കറ്റിലുണ്ട്.

അവൻ ദൈവത്തെ സ്തുതിച്ചുകൊണ്ട് അതു വാങ്ങിച്ചു. അത് കൊണ്ടുപോയി അവർക്കു കൊടുത്തു. അവനുവേണ്ടി കരുതുന്ന ദൈവം! പ്രാർത്ഥന കേൾക്കുന്ന ദൈവം!

എഫ്. ബി. മേയർ പിൽക്കാലത്തെഴുതി: "ഞാൻ പറഞ്ഞ കാര്യങ്ങളൊക്കെ എന്റെ ദൈവം എനിക്ക് സാധിപ്പിച്ചു തന്നു. ഞാൻ ചോദിച്ചതൊക്കെയും എനിക്കു തന്നു. ഞാൻ ദൈവത്തിന്റെ വേല ചെയ്യാതിരിക്കുന്നതെങ്ങനെ?"

എത്ര അത്യുന്നതമായ, എത്ര ശ്രേഷ്ഠതയുള്ള പുസ്തകങ്ങളാണ് എഫ്. ബി. മേയർ എഴുതിയത്! എഫ്. ബി. മേയറുടെ ലഭ്യമായ പുസ്തകങ്ങൾ എല്ലാം തന്നെ ഞാൻ വാങ്ങിച്ചു വച്ചിട്ടുണ്ട്, ഞാൻ വായിക്കാറുണ്ട്.

നമ്മെ കരുതുന്ന ഒരു ദൈവമുണ്ട്. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത ഒരു ദൈവമുണ്ട്. തിരുവചനത്തിൽ ഇങ്ങനെ ഒരു വാക്യമുണ്ട്: "എന്റെ അധരങ്ങളുടെ യാചന അവൻ നിഷേധിച്ചതുമില്ല."

യാചിച്ചാൽ നിഷേധിക്കാത്ത ഒരു ദൈവം! പ്രാർത്ഥനയ്ക്കു മറുപടി തരുന്ന ദൈവം! നാം കരയുമ്പോൾ കണ്ണുനീർ കാണുന്ന ദൈവം! നാം മനം പതറി, ഉലഞ്ഞ് വലഞ്ഞ് വിഷമിച്ച് പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനകൾ കേൾക്കുന്ന ദൈവം! നമ്മുടെ ഉൾത്തേങ്ങലുകൾ ഏറ്റെടുക്കുന്ന ദൈവം! നമ്മുടെ ആവലാധികൾക്കു മറുപടി തരുന്ന ദൈവം! നാം

കരഞ്ഞു വിളിച്ച് അപേക്ഷിക്കുമ്പോൾ നമുക്ക് സഹായഹസ്തം നീട്ടുന്ന നിത്യനായ ദൈവം!

നിങ്ങൾ കരുതുന്ന ദൈവത്തോട് ചോദിച്ചുകൊള്ളണം. ദൈവത്തോട് ഉള്ളു പകർന്നു കൊള്ളണം. ദൈവസന്നിധി യിൽ യാചിച്ചു കൊള്ളണം.

നമ്മുടെ ജീവിതത്തിൽ ആവലാതികളുണ്ട്. ആവശ്യഭാര ങ്ങളുണ്ട്. ആകുലങ്ങളുണ്ട്. വിഷമസന്ധികളുണ്ട്. പ്രയാസ വിഷയങ്ങളുണ്ട്. നമ്മെ അലട്ടുന്ന അനേകമനേകം അലോസര ങ്ങളുണ്ട്. എല്ലാമെല്ലാം ദൈവത്തോടു തുറന്നു പറയാം. നാം പറയുന്നതൊക്കെയും കാതോർത്തു കേൾക്കാൻ പോരാ, കേട്ടിട്ടു പരിഹാരം തരാൻ കർത്താവായ യേശുക്രിസ്തുവിനു കഴിയും. വിശ്വസിക്കൂ.

> *"ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവ യുടെ നന്മ കാണുമെന്ന് വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശവയ്ക്കുക."*
>
> *സങ്കീർത്തനങ്ങൾ 27 : 13, 14*

സങ്കീർത്തനക്കാരൻ എന്തു ധൈര്യത്തോടെയാണ് പറ യുന്നത്! Wait for the Lord! യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക, ധൈര്യപ്പെട്ടിരിക്ക.

> *"അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നത്: എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവനായിക്കൊണ്ടും എന്ത് ഉടുക്കും എന്ന് ശരീര ത്തിനായിക്കൊണ്ടും വിചാരപ്പെടരുത്; ആഹാര ത്തേക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വലുതല്ലയോ?"* *മത്തായി 6 : 25*

നിങ്ങൾ നിങ്ങളുടെ ജീവനായി വിചാരപ്പെടരുത്.

*"ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇങ്ങനെ ചമയിക്കുന്നു എങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ എത്ര അധികം? ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്ത് ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വകയൊക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ട് നാളെക്കായി വിചാരപ്പെടരുത്."*

*മത്തായി 6 : 30–34*

മുമ്പേ അവന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ. അതോടുകൂടെ തിന്നുവാനും കുടിക്കുവാനും ഉടുപ്പാനും ഉള്ളതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ട് നാളെക്കായി വിചാരപ്പെടരുത്.

*"നിന്റെ ഭാരം യഹോവയുടെ മേൽ വച്ചുകൊൾക, അവൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കയില്ല."*

*സങ്കീർത്തനങ്ങൾ 55 : 22*

നീ ചുമടു ചുമന്ന് വലയേണ്ട. നിന്റെ ചുമടെല്ലാം അങ്ങോട്ടേൽപ്പിച്ചുകൊള്ളൂ. നിന്റെ burdens എല്ലാം അങ്ങോട്ടു കൊടുത്തുകൊള്ളൂ. "നിന്റെ ഭാരം യഹോവയുടെ മേൽ വച്ചുകൊൾക. അവൻ നിന്നെ പുലർത്തും."

മകനേ, നിന്റെ ആയുസ്സ് അവനെ ഏല്പിക്കൂ. മകളേ, നിന്റെ ശരീരത്തിലെ രോഗത്തിന്റെ കാര്യം അവനെ ഏല്പിക്കൂ. നിന്റെ മക്കളുടെ കാര്യം അവനെ ഏല്പിക്കൂ. നിന്റെ

പൈസയുടെ ഞെരുക്കവും കടത്തിന്റെ ഭാരവും നിന്റെ ആകുലതകളും അവനെ ഏല്പിക്കൂ. നിന്റെ ചികിത്സകളും നിന്റെ ആകുല വിഷയങ്ങളും ഓരോന്നോരോന്നായി അവനെ ഏല്പിക്കൂ.

*"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ." 1 പത്രോസ് 5 : 7*

Casting all your care upon him. നിങ്ങളുടെ ആകുലങ്ങളൊക്കെയും അങ്ങോട്ട് എറിഞ്ഞിട്ടു കൊടുത്തേക്കൂ. അവൻ നിങ്ങൾക്കായി കരുതുന്നവനാണ്.

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു:

*"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്ന് ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവ് വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവിങ്കൽ കാക്കും." ഫിലിപ്പിയർ 4 : 4 – 7*

*"എപ്പോഴും സന്തോഷിപ്പിൻ; ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ; ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം." 1 തെസ്സലോനിക്യർ 5 : 16 – 18*

*"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം*

*ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും."*
*ഫിലിപ്പിയർ 4 : 19*

നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും തീർത്തു തരുന്നവനായ, സർവ്വശക്തനായ, സർവ്വവല്ലഭനായ, സർവ്വവ്യാപിയായ, സർവ്വ ജ്ഞാനിയായ, ഇന്നും ജീവിക്കുന്നവനായ ക്രിസ്തു ഉണ്ട്. അവന്റെ പാദപീഠത്തിലാണ് നിങ്ങൾ വന്നിരിക്കുന്നത്. ആ ക്രിസ്തുവിന്റെ തിരുവചനമാണ് നിങ്ങൾ വായിക്കുന്നത്.

ക്രിസ്തുവിന്റെ തിരുവചനത്തിന്റെ സ്വരമാണ് നിങ്ങളുടെ ഹൃദയഭിത്തികളിൽ അലയടിച്ചുകൊണ്ടിരിക്കുന്നത്. അതാണ് നിങ്ങളെ തഴുകിത്തഴുകി കടന്നു പോയ്ക്കൊണ്ടിരിക്കുന്നത്. ആ സ്നേഹമാണ് നിങ്ങളുടെ അരികിൽ വന്ന് നിങ്ങളോട് കെഞ്ചുന്നത്. മകനേ, നിന്റെ മുഖം വാടിയിരിക്കുന്നതെന്തിന്? നിന്റെ മുഖം വിളറിയിരിക്കുന്നതെന്തിന്?

യിരമ്യാപ്രവാചകന്റെ പുസ്തകം 30-ാം അദ്ധ്യായത്തിൽ വളരെ സുപ്രശസ്തമായ ഒരു വാക്യമുണ്ട്. അവിടെ പ്രവാചക നിൽക്കൂടി ദൈവത്തിന്റെ ആത്മാവ് പറയുകയാണ്:

> *"പുരുഷൻ പ്രസവിക്കുമാറുണ്ടോ എന്ന് ചോദിച്ചു നോക്കുവിൻ! ഏതു പുരുഷനും നോവു കിട്ടിയ സ്ത്രീയെപ്പോലെ കൈ നടുവിനു കൊടുത്തിരി ക്കുന്നതും ഏതു മുഖവും വിളറി ഇരിക്കുന്നതും ഞാൻ കാണുന്നത് എന്ത്?"* *യിരമ്യാവ് 30 : 6*

എന്റെ ജനം സന്തോഷിക്കേണ്ടതല്ലയോ? നിങ്ങളെന്തിന് മുഖം വാടിയിരിക്കുന്നു? ഏതു മുഖവും വിളറിയിരിക്കുന്നതെ ന്തിന്?

ദൈവമക്കളേ, നിങ്ങൾ അനേകരുടെ മുഖം വാടിയിരി ക്കുകയാണ്. അനേകർ തലതാഴ്ത്തി ഇരിക്കുകയാണ്. ചില അപകർഷതാബോധങ്ങൾ നിങ്ങളെ പിടികൂടിയിരിക്കുക യാണ്. നിങ്ങളിൽ പലരും ഇന്ന് പലതിനും കുറവുള്ളവരായി

തോന്നി നിരാശയോടെ ഇരിക്കുകയാണ്.

> *"എന്റെ ആത്മാവേ, നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നതെന്ത്? ദൈവത്തിൽ പ്രത്യാശ വയ്ക്കുക; അവൻ എന്റെ മുഖപ്രകാശകരക്ഷയും എന്റെ ദൈവവുമാകുന്നു എന്നിങ്ങനെ ഞാൻ ഇനിയും അവനെ സ്തുതിക്കും."     സങ്കീർത്തനങ്ങൾ 42 : 5*

സഹോദരങ്ങളേ, ഇനിയും നിങ്ങൾക്കു സ്തുതിക്കാം. ഇനിയും നിങ്ങൾക്ക് ആശ്വാസം പ്രാപിക്കാം.

എന്റെ ആത്മാവേ, എന്റെ ഹൃദയമേ, എന്റെ മനസ്സേ നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നതെന്ത്? നീ എന്തിനു കരയുന്നു? നീ എന്തിന് ഞരങ്ങുന്നു? നിന്റെ ഹൃദയം എന്തിന് വാടിയിരിക്കുന്നു? നീ എന്താണ് തലതാഴ്ത്തി ഇരിക്കുന്നത്? നീ എന്താണ് മനസ്സ് നൊന്തിരിക്കുന്നത്? നീ എന്താണ് മുഖം പ്രകാശിക്കാതിരിക്കുന്നത്? നിന്റെ മുഖം പ്രസന്നമാകാതിരിക്കുന്നതെന്ത്?

ഇനിയും ഞാൻ അവനെ സ്തുതിക്കും. ഇനിയും ഞാൻ അവനെ വാഴ്ത്തും. ഇനിയും ഞാൻ അവനെ വർണ്ണിക്കും. ഇനിയും ഞാൻ അവനു കീർത്തനം പാടും. ഇനിയും ഞാൻ അവനു സ്തോത്രം പാടും; നിന്റെ കാര്യം നോക്കാൻ, നിന്റെ കാര്യം അന്വേഷിക്കാൻ ഒരുവനുണ്ട്.

ഭർത്താവ് മരിച്ചുപോയി എങ്കിലും മകളേ, നീ ഭാരപ്പെടണ്ട; നിന്റെ കാര്യം അന്വേഷിക്കാൻ അരുമമണവാളനായ യേശുവുണ്ട്.

അപ്പൻ മരിച്ചുപോയെങ്കിലും മകനേ, നീ വിഷാദിക്കണ്ട നിന്റെ കാര്യം അന്വേഷിക്കാൻ സ്വർഗ്ഗത്തിൽ ഒരപ്പനുണ്ട്.

യൗവ്വനക്കാരാ, നിന്റെ പ്രിയപ്പെട്ട ഭാര്യ നിന്നെ വിട്ടുപോയെങ്കിലും നീ തളരണ്ട, നിനക്കു വേണ്ടി കരുതാൻ, നിനക്കു താങ്ങും തണലുമായി നിൽക്കാൻ, നിനക്ക് ആശ്വാസം പക

രാൻ ക്രിസ്തു ഉണ്ട്. ക്രിസ്തു നിന്നെ സമീപിക്കുന്നുണ്ട്.

നീ രോഗിയാണോ? നീ അവശനാണോ? മകളേ, നീ വേദനയനുഭവിച്ചു വിങ്ങുകയാണോ? ശരീരത്തിൽ ദു:ഖമനുഭവിച്ച് നീ വാടുകയാണോ? മനസ്സിലെ തീവ്രമായ ദു:ഖത്തെ അടിച്ചമർത്തി ഒതുക്കി വച്ചുകൊണ്ട് നീ മുഖം വാടി കഴിയുകയാണോ?

എന്നാൽ ഇപ്പോൾ ക്രിസ്തു നിന്റെ അരികത്തു വന്ന് നിന്നോട് സംസാരിക്കുകയാണ്; മകനേ, നിന്റെ മുഖം തെളിയട്ടെ. മകളേ, നിന്റെ മുഖം പ്രകാശമാകട്ടെ. നിന്റെ ജീവിതം പ്രസന്നമാകട്ടെ; നിന്നെ കരുതാൻ ഞാനുണ്ട്; നിന്റെ കാര്യം നോക്കാൻ ഞാനുണ്ട്. അവൻ കരുതുന്നു, അവൻ കാക്കുന്നു, അവൻ നോക്കുന്നു. അവൻ നിന്നെ പരിപാലിക്കുന്നു. അവൻ നിന്നെ സംരക്ഷണം ചെയ്യുന്നു.

ഗോഗുൽത്തായിലെ കുരിശ് നിന്റെ മീതെ ഉയർത്തിക്കൊണ്ട് ആ കുരിശിൻ തണലിലേക്ക് നിങ്ങളെ മാടി വിളിക്കുന്നു. കുരിശിലെ സ്നേഹത്തിന്റെ ചുവട്ടടിയിലേക്കു വരുവാൻ മനസ്സുണ്ടെങ്കിൽ ഓടി വരിക. അവനിൽ ആശ്വാസം കണ്ടെത്തുക. അവനിൽ ആശ്രയിക്കുക.

# ഏഴ്

*“ആകയാൽ നാം എന്തു തിന്നും എന്തു കുടിക്കും എന്ത് ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്. ഈ വകയൊക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ. മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. അതുകൊണ്ടു നാളേക്കായി വിചാരപ്പെടരുത്; നാളത്തെ ദിവസം തനിക്കായി വിചാരപ്പെടുമല്ലോ; അതതു ദിവസത്തിന് അന്നന്നത്തെ ദോഷം മതി.” മത്തായി 6 : 31 – 34*

“ആകയാൽ നാം എന്തുതിന്നും എന്തുകുടിക്കും എന്ത് ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുത്.” നാളെയെ ഓർത്ത് വിചാരപ്പെടരുത് എന്ന കല്പനയാണ് കർത്താവിന്റെ ആദ്യത്തെ പ്രസംഗത്തിൽ നമുക്കു നൽകിയിരിക്കുന്നത്. നാളെക്കുവേണ്ടി ആവലാതി പൂണ്ട് നമ്മുടെ മനസ്സ് കലങ്ങരുത്.

ആത്മീയജീവിതത്തിൽ പലപ്പോഴും നാം വീഴുന്നത് വലിയ പാപങ്ങളിലല്ല. നമ്മുടെ ജീവിതത്തിൽ വരുന്ന worries and cares! ആകുലങ്ങളും ആവലാധികളും!

അബ്രാഹാം ദൈവത്തിന്റെ വചനം വിശ്വസിച്ച്, അനുസരിച്ച് പുറപ്പെട്ട ഒരു വിശ്വാസിയായിരുന്നു. ദൈവത്തിന്റെ വചനം, നിത്യനായ ദൈവത്തിന്റെ ശബ്ദം കേട്ട്, സ്വർഗ്ഗീയമായ ദർശനം ലഭിച്ച്, ആത്മീയമായ നല്ല ഉൾക്കാഴ്ചയോടുകൂടി അബ്രാഹാം പുറപ്പെട്ടു വന്നവനാണ്.

പക്ഷേ, അബ്രാഹാമിന് ഒരു വലിയ പരാജയം സംഭവിച്ചു.

ദേശത്ത് ക്ഷാമമുണ്ടായി. ക്ഷാമം കഠിനമായി തീർന്നതു കൊണ്ട് അബ്രാഹാം മിസ്രയീമിൽ ചെന്നു പാർപ്പാൻ അവിടേക്ക് പോയി. ചരിത്രത്തിൽ തലമുറകൾ തലമുറകളിലേക്ക് വ്യാപിച്ച് വളരെ ദൂരവ്യാപകമായ ദൂഷ്യഫലങ്ങൾ ഉളവാക്കുന്ന വീഴ്ചയുടെ തുടക്കമാണ് നാം അവിടെ കാണുന്നത്. വിശ്വാസവീരനായി, വിശ്വാസികളുടെ ഒരു നല്ല മാതൃകയായി പുറപ്പെട്ട അബ്രാഹാമിനു വന്ന വീഴ്ച.

> *"അബ്രാം തന്റെ ഭാര്യയായ സാറായിയെയും സഹോദരന്റെ മകനായ ലോത്തിനെയും തങ്ങൾ ഉണ്ടാക്കിയ സമ്പത്തുകളെയൊക്കെയും തങ്ങൾ ഹാരാനിൽവച്ചു സമ്പാദിച്ച ആളുകളെയും കൂട്ടിക്കൊണ്ടു കനാൻദേശത്തേക്കു പോകുവാൻ പുറപ്പെട്ടു കനാൻ ദേശത്ത് എത്തി."* *ഉല്പത്തി 12 : 5*

ദൈവം പുറപ്പെടുവിച്ചപ്പോൾ അബ്രാഹാമിനു കൊടുത്ത അരുളപ്പാട്: "ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെടുക." എന്നാണ്. നിന്നെ ഞാൻ ഒരു ദേശം കാണിച്ചു തരും, അങ്ങോട്ടു പോവുക! അബ്രാഹാം ദൈവത്തിന്റെ വചനം വിശ്വസിച്ചു പുറപ്പെട്ടു. അങ്ങനെ അബ്രാഹാം യാത്ര ചെയ്തു കനാൻ ദേശത്ത് എത്തി.

കനാൻ ദേശത്ത് എത്തിയ അബ്രാഹാമിന് സ്വർഗ്ഗത്തിലെ ദൈവം വീണ്ടും പ്രത്യക്ഷനായി. കൂടെക്കൂടെ ദൈവിക പ്രത്യക്ഷത ലഭിക്കുകയാണ്. കൂടെക്കൂടെ ദൈവം നേരിട്ട് അരുളപ്പാടു നൽകുകയാണ്.

> *"യഹോവ അബ്രാമിനു പ്രത്യക്ഷനായി: നിന്റെ സന്തതിക്ക് ഞാൻ ഈ ദേശം കൊടുക്കുമെന്ന് അരുളിച്ചെയ്തു."* *ഉല്പത്തി 12 : 7*

നിനക്ക് ഒരു സന്തതിയുണ്ടാകും; നിനക്ക് സന്തതി പരമ്പരകളുണ്ടാകും; നിന്റെ മക്കൾ ഇവിടെ വസിക്കും; നിന്റെ മക്കൾക്ക് ഞാൻ ഈ ഭൂമി അവകാശമായി നൽകും. ദൈവം

വ്യക്തമായ വാഗ്ദത്തം, അരുളപ്പാട് കൊടുക്കുകയാണ്. എന്നാൽ ക്ഷാമം വന്നപ്പോൾ, പ്രാതികൂല്യം വന്നപ്പോൾ, പ്രതിസന്ധി വന്നപ്പോൾ, ഭക്ഷണ പ്രശ്നം വന്നപ്പോൾ അബ്രാഹാം ആകുലത്തിന്റെ അടിമയായിപ്പോയി. ദൈവപുരുഷൻ ആവലാധിക്ക് വിധേയനായിപ്പോയി!

നീലനദിയുടെ ഇരുകരകളിലും ഫലസമൃദ്ധിയുണ്ട്, നല്ല വിളവെടുപ്പുണ്ട്. അങ്ങോട്ടുപോയാൽ ക്ഷാമം ബാധിക്കാതെ സുഖമായി ജീവിക്കാമല്ലോ എന്ന് അബ്രാഹാം ചിന്തിച്ചു.

വീഴ്ചകൾ ജീവിതത്തിൽ വന്നു. എന്നാൽ വീഴ്ചകളിൽ തന്നെ കിടക്കാതെ അവിടെ നിന്ന് എഴുന്നേറ്റു പോകുന്നതാണ് നമുക്ക് ഓരോരുത്തർക്കും ആവശ്യം. നമുക്ക് ബലഹീനതകളുണ്ട്. ആകുലങ്ങളുണ്ട്. ആവലാതികളുണ്ട്. കഷ്ടപ്പാടുകൾ വരുമ്പോൾ നമ്മുടെ ഹൃദയം പലപ്പോഴും വെന്തുപോകാറുണ്ട്, നീറി പിടഞ്ഞു പോകാറുണ്ട്. നമ്മെ ആകുലങ്ങൾ അലട്ടാറുണ്ട്. പൈസയെക്കുറിച്ചുള്ള ഞെരുക്കം വിഷമിപ്പിക്കാറുണ്ട്.

രോഗത്തെക്കുറിച്ചുള്ള ആവലാതി വലയം ചെയ്ത് വീർപ്പുമുട്ടിക്കാറുണ്ട്. കുടുംബത്തിലെ പല ക്ലേശങ്ങളും നമ്മെ വിഷമിപ്പിക്കാറുണ്ട്. ഭാരത്തോടെ അതിനെയോർത്ത് നിരാശയോടെ നെടുവീർപ്പിട്ടു പോകാറുണ്ട്. ആകുലങ്ങൾ നമ്മെ അലട്ടുന്നുണ്ട്.

വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത് എന്നു പറഞ്ഞ അതേ ദൈവത്തിന്റെ കല്പനയാണ് നിങ്ങൾ ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് എന്ന്. പ്രകടമായ പാപങ്ങൾ ചെയ്യാതെ നാം നമ്മെത്തന്നെ സൂക്ഷിക്കും പക്ഷേ, വിചാരപ്പെടുക എന്നു പറയുന്നത് ഒരു വലിയ പാപമായി നാം പലപ്പോഴും കണക്കാക്കാറില്ല.

മുന്നോട്ട് സ്ഥിരതയോടെ ഓടണമെങ്കിൽ, രണ്ടു കാര്യങ്ങൾ ചെയ്തേ പറ്റൂ.

സകല ഭാരവും വിടണം. മുറുകെ പറ്റുന്ന പാപങ്ങളും വിടണം.

എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിൽ വിശ്വാസ ത്തിന്റെ നല്ല പോർ പോരാടിയവരെക്കുറിച്ച് പറയുന്നു. അവർ ഓട്ടം ഓടി. വരാനിരിക്കുന്ന തലമുറയ്ക്ക് അത്യന്തം അനർഘ മായ സാക്ഷ്യം തന്നിട്ടാണ് അവർ ഓടിയത്. "ഞങ്ങൾ സ്ഥിരത യോടെ ഓടിയത്, വീഴാതെ ഓടിയത്, ലക്ഷ്യസ്ഥാനം വരെ ഓടി എത്തിയത് ഭാരം വിട്ടിട്ടാണ്. ആകുലങ്ങൾ വിട്ടിട്ടാണ്. ഞങ്ങളിൽ ഇഴുകെ ചേർന്നിരുന്ന പാപങ്ങൾ വിട്ടിട്ടാണ്. അതു കൊണ്ടാണ് ഞങ്ങൾക്ക് ഓട്ടം ഓടി തികയ്ക്കാൻ കഴിഞ്ഞത്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ പ്രാപിക്കാൻ ഞങ്ങൾക്കു കഴിഞ്ഞതിന്റെ രഹസ്യം അതാണ്" എന്ന് അവർ സാക്ഷിച്ചു.

സാക്ഷികളുടെ വലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുകയാണ്. അതുകൊണ്ട്, "സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക."

സഹോദരങ്ങളേ, വലിയൊരു കൂട്ടം സാക്ഷികൾ നമുക്കു ചുറ്റും നിൽക്കുന്നുണ്ട്. അവർ ഓട്ടം ഓടിയവരാണ്. ഭാരം വിട്ടവരാണ്. ഈ ലോകത്തിന്റെ ചിന്തകൾ അവരെ അല ട്ടിയില്ല. ഈ ലോകത്തിന്റെ ആകുലങ്ങൾ അവരെ തടഞ്ഞില്ല. ഈ ലോകത്തിന്റെ പ്രതിസന്ധികളും പ്രശ്നങ്ങളും അവരെ തളർത്തിയില്ല. അവർ സകല ഭാരവും വിട്ട് മുന്നോട്ട് ഓടി.

സ്നേഹിതരേ, നിങ്ങൾ ചിന്തിക്കണം. എന്നെ അലട്ടുന്ന ഭാരങ്ങൾ എന്തെല്ലാമാണ്? എന്നെ വലയം ചെയ്യുന്ന ഭീതികൾ എന്തെല്ലാമാണ്? എന്റെ ഹൃദയത്തെ മഥിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്? എന്റെ ജീവിതത്തെ വീർപ്പുമുട്ടിക്കുന്ന ആകു ലങ്ങൾ എന്തെല്ലാമാണ്? എന്റെ വഴിമുടക്കുന്ന ആവലാതികൾ എന്തെല്ലാമാണ്? എന്നെ പിറകോട്ടു വലിക്കുന്ന, ഞാൻ തളർന്നു പോകത്തക്കവണ്ണം ചുമക്കാൻ വയ്യാത്ത ചുമടുകൾ എന്തെല്ലാമാണ് എന്റെ തലമേൽ ഇരിക്കുന്നത്?

അനേകം പേരുടെ ചുമലിൽ ചുമടുകളുണ്ട്. ശിരസ്സിൽ

ചുമടുകളുണ്ട്. തളർന്നു വിവശതയോടെ നിങ്ങൾ നടക്കുകയാണ്. അനേകം പേർ പ്രകടമായ പാപങ്ങൾ വിട്ടവരാണ്. മദ്യപാനം വിട്ടവരുണ്ട്. വ്യഭിചാരജീവിതം വിട്ടവരുണ്ട്. നുണപറയുന്നതു വിട്ടവരുണ്ട്. മറ്റുള്ളവരെക്കുറിച്ച് ദൂഷണം പറയുന്നതു വിട്ടവരുണ്ട്. അതെല്ലാം പാപമാണെന്നറിയാം.

എന്നാൽ നിങ്ങളുടെ മുമ്പിലുള്ള ഓട്ടം സ്ഥിരതയോടെ ഓടുന്നതിന് തടസ്സമായി ചില ഭാരങ്ങൾ നിങ്ങളെ വലയം ചെയ്തു നിൽക്കുകയാണ്.

നൂറ്റാണ്ടുകൾക്കുമുമ്പ് ഉല്പത്തി പുസ്തകത്തിൽ യാക്കോബ് പറഞ്ഞു:

“ഇനി ഞാനെന്റെ സ്വന്തഭവനത്തിനുവേണ്ടി എപ്പോൾ കരുതും?” തലമുറകൾ തലമുറകൾ കഴിഞ്ഞു, നൂറ്റാണ്ടുകൾക്കുശേഷം അതിന്റെ മറുപടി അപ്പൊസ്തലനായ പത്രോസ് പറഞ്ഞു: “അവൻ നിങ്ങൾക്കുവേണ്ടി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ.”

"Casting all your care upon him."

അവന്റെ മേൽ മുഴുവൻ ഭാരങ്ങളും ഇട്ടുകൊൾക. നീ ക്രിസ്തുവിന്റെ ചുമലിലേക്ക് എല്ലാം എറിഞ്ഞു കൊടുക്കുക. ക്രിസ്തു ഏറ്റെടുക്കും.

ഞാനൊരു കഥ കേട്ടിട്ടുണ്ട്. ഒരാൾ പണ്ടൊരു കഴുതയെ വളർത്തിയിരുന്നു. കഴുത നല്ലതുപോലെ ചുമടു ചുമക്കും. പക്ഷേ, ഈ കഴുതക്ക് പ്രായമായി, ചുമടു ചുമക്കാനൊന്നും വയ്യാതായി. ഈ മനുഷ്യൻ വിചാരിച്ചു: ഈ കഴുതയെ ഇനി വച്ചുകൊണ്ടിരിക്കാൻ നിർവ്വാഹമില്ല. എങ്ങനെയാണു കൊല്ലുക? അയാൾ കഴുതയെ വലിയൊരു പൊട്ടക്കിണറ്റിലേക്കു തള്ളിയിട്ടു. ഇനി ഈ കഴുതയെക്കൊണ്ട് ഉപകാരമില്ലല്ലോ. അവിടെ കിടന്നു നരകിച്ച് ചാകട്ടെ എന്നാണ് വിചാരിച്ചത്.

എന്നിട്ട് ഈയാൾ ഒരു കാര്യം ചെയ്തു. ഏതായാലും

അതവിടെ കൂടുതൽ നാൾ കിടന്ന് നരകിക്കണ്ട, കുറെ മണ്ണ് അതിന്റെ മീതെ വെട്ടിയിടാമെന്നു വിചാരിച്ച് മണ്ണ് വെട്ടിയിട്ടു. ഓരോ പ്രാവശ്യവും ഓരോ കുട്ട മണ്ണ് അതിന്റെ മീതെ വീഴുമ്പോൾ കഴുത ശരീരമൊന്നു കുടയും, ആ മണ്ണിന്റെ മീതെ കയറി നിൽക്കും. അങ്ങനെ കിണർ മൂടിമൂടി വരികയാണ്. ഓരോ പ്രാവശ്യവും മണ്ണിട്ടു വരുമ്പോഴും കഴുത അതിന്റെ മീതെ കയറി നിൽക്കും. അങ്ങനെ ആ കിണർ മൂടി. പക്ഷേ, കഴുത ആ മണ്ണിന്റെ മീതെ കയറിക്കയറി നിന്നു പുറത്തു വന്നു രക്ഷപ്പെട്ടു.

ഇതൊരു കഥയാണ്. വലിയ സ്വാഭാവികത ഇല്ലായിരിക്കാം. സംഭവ്യത ഇല്ലായിരിക്കാം. എന്നാൽ ഒരു സത്യം അതിന്റെ പിന്നിലുണ്ട്.

നമ്മുടെ മേൽ നമ്മെ മൂടുവാൻ ഇടുന്ന പല മണ്ണുകളും, നമ്മെ മൂടിക്കളയാൻ പൈശാചികനിടുന്ന പല ഭാരങ്ങളും മേലോട്ടു കയറിപ്പോകാനുള്ള ചവിട്ടു പടികളായിട്ടെടുക്കാം! മേലോട്ടു മേലോട്ടു കയറിപ്പോകാനുള്ള ചവിട്ടു പടികൾ!

അനേകർക്ക് ഭാരങ്ങളുണ്ട്, കുടുംബത്തിൽ വലിയ ക്ലേശങ്ങളുണ്ട്; മക്കളെക്കുറിച്ചുള്ള ആവലാതിയുണ്ട്, മനസ്സു മടുപ്പിക്കുന്ന പല വിഷയങ്ങൾ നിങ്ങളെ അലട്ടുന്നുണ്ട്. ഭർത്താവിനെക്കുറിച്ച് ആകുലപ്പെടുന്ന ഭാര്യമാരുണ്ട്, ഭാര്യയെക്കുറിച്ച് വിഷമിക്കുന്ന ഭർത്താക്കന്മാരുണ്ട്. മാതാപിതാക്കന്മാരുടെ ദു:സ്വഭാവത്തിൽ വീർപ്പുമുട്ടിക്കഴിയുന്ന മക്കളുണ്ട്; മക്കളെ ഓർത്തുള്ള ആകുലങ്ങളാണ് ഇന്ന് അനേകം കുടുംബങ്ങളേയും വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ഇതൊന്നും നിങ്ങൾ മാറ്റാൻ ശ്രമിച്ചാൽ മാറുകയില്ല. എന്നാൽ നിങ്ങൾക്കൊരു കാര്യം ചെയ്യാം. നിങ്ങളുടെ മേൽ വരുന്ന ഈ ഭാരങ്ങളുടെ കീഴെ കിടന്നു നിങ്ങൾ വീർപ്പുമുട്ടരുത്. നിങ്ങളുടെ മീതെ വരുന്ന ഭാരങ്ങളുടെ ചുവടെ കിടന്ന് നിങ്ങൾ അഴലരുത്. ഓരോ പ്രാവശ്യവും ചാടി കയറിക്കൊള്ളുക.

രോഗങ്ങളുണ്ട്, അതിന്റെ മീതെ കയറി നിൽക്കുക.

എങ്ങനെ നിൽക്കും? അതിനെന്താണ് പോംവഴി? അതിനുള്ള പോംവഴിയാണ് "സകല ഭാരവും അവന്റെ മേൽ ഇട്ടുകൊൾക; ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്."

നിങ്ങൾ ഒരു കാര്യം ചെയ്യണം. നിങ്ങളുടെ ഭാരങ്ങൾ ചുമക്കാൻ ഒരാളുണ്ട് എന്നു നിങ്ങൾ കണ്ണടച്ചങ്ങു വിശ്വസിക്കണം. നിങ്ങളെ ഓരോരുത്തരെയും വ്യക്തിപരമായി അറിയുന്ന ക്രിസ്തു! നിങ്ങളെ വ്യക്തിപരമായി സ്നേഹിക്കുന്ന ക്രിസ്തു! അവൻ നിങ്ങളെ സ്നേഹിച്ച് നിങ്ങൾക്കുവേണ്ടി ജീവൻ വെടിഞ്ഞവനാണ്; നിങ്ങൾക്കുവേണ്ടി തിരുരക്തം ചിന്തിയവ നാണ്.

ഇതു നിങ്ങൾ വിശ്വസിച്ചിട്ട് കർത്താവിനോടു പറയണം: യേശുവേ, നീ നിന്റെ സ്വന്തം ജീവൻ വെടിഞ്ഞെന്നെ സ്നേഹി ക്കാൻ തിരുമനസ്സായി എന്ന് ഞാൻ വിശ്വസിക്കുന്നു. നാഥാ, എന്റെ ഭാരങ്ങൾ നിന്റെ മേൽ ഞാനിതാ വയ്ക്കുന്നു. എന്റെ സകല ചുമടുകളും ഞാൻ വയ്ക്കുന്നു. കർത്താവേ, എന്നെ നീ മോചിപ്പിക്കണമേ. എന്നെ നീ വിടുവിക്കണമേ. ഭാരത്തിന്റെ ചുമടിൽനിന്ന് എനിക്കു നീ മോചനം തരണമേ. എനിക്കു വേണ്ടി ക്രൂശുചുമന്ന രക്ഷകാ, ഇപ്പോൾ എന്നെത്തന്നെ ഞാൻ സമർപ്പിക്കുന്നു.

ഇങ്ങനെ നിങ്ങൾ സമർപ്പിക്കുമ്പോൾ, പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഭാരങ്ങൾ യേശു ഏറ്റെടുക്കും. യേശു നിങ്ങളെ തലോടും. യേശു തന്റെ കൈയിൽ നിങ്ങളെ വരച്ചു ചേർക്കും. യേശു നിങ്ങളെ അനുഗ്രഹിക്കും. നിങ്ങളുടെ മേൽ തന്റെ കൃപ യുടെ അത്ഭുത അനുഭവങ്ങൾ പകർന്നു തരും. നിങ്ങൾ അനു ഗൃഹീതരാകും. ഭാരങ്ങൾ വിട്ടുകളയുവിൻ. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. നിങ്ങൾ ക്രിസ്തുവിലേക്ക് എല്ലാം ഏൽപ്പിച്ചു കൊണ്ട്, എല്ലാം ക്രിസ്തുവിനു സമർപ്പിച്ചുകൊണ്ട് പുതിയ ജീവിതം തുടങ്ങുവിൻ.

# എട്ട്

അബ്രാഹാമിന് സമൃദ്ധിയായിരുന്നു. പാലും തേനും ഒഴുകുന്ന ദേശത്തിന്റെ സമൃദ്ധിയുടെ അനുഭവത്തിന്റെ സന്തോഷത്തിൽ കഴിയുകയായിരുന്നു അബ്രാഹാം. എന്നാൽ അവിടെ ക്ഷാമം വന്നു. സ്നേഹിതരേ, ഓർക്കുക. എപ്പോഴാണ് ക്ഷാമം വരുന്നത് എന്ന് നമുക്കറിയാൻ പാടില്ല. ജീവിതത്തിൽ എപ്പോഴാണ് ചില കെടുതികൾ വരുന്നത്, ചില അത്യാഹിതങ്ങൾ വരുന്നത്, ചില ആപത്തുകൾ വരുന്നത്, ചില രോഗങ്ങൾ വരുന്നത് അറിയില്ല.

നിങ്ങളിൽ ചിലരെങ്കിലും വരണ്ടുണങ്ങിയ അനുഭവത്തിൽ അത്യന്തം വേദനാകരമായ അനുഭവത്തിൽ കഴിയുന്നവരുണ്ട്. ചില കാര്യങ്ങളിൽ ക്ഷാമം. ധാരാളം പണം, ഇഷ്ടംപോലെ ഉപയോഗിക്കാനുള്ള മാർഗ്ഗമുണ്ടായിരുന്നു. പക്ഷേ, വരുമാന മാർഗ്ഗങ്ങളെല്ലാം അടഞ്ഞു. ഇന്നു കടവും കടത്തിന്റെമേൽ കടവുമായി വലയുകയാണ്.

ധാരാളം ഭക്ഷണം കഴിക്കാനുള്ള സാഹചര്യമുണ്ടായിരുന്നു. കൃഷിയും ഭൂമിയും സൗകര്യങ്ങളുമുണ്ടായിരുന്നു. എല്ലാമെല്ലാം വിറ്റുവിറ്റ് തീർന്നു. ഒരു പക്ഷേ, ഭർത്താവിന്റെ മദ്യപാനം മൂലമാകാം. അപ്പന്റെ മദ്യപാനം മൂലമാകാം. എല്ലാമെല്ലാം മുടിച്ചു കളഞ്ഞു. ഇന്ന് വറുതിയിലാണ്. ഇന്ന് പട്ടിണിയിലാണ്. ആകുലത്തിൽ, ഭാരത്തിൽ കഴിയുകയാണ്.

ഒന്ന്: അബ്രാഹാമിന്റെ ജീവിതത്തിൽ Deception വന്നു. ചതി! നന്മയ്ക്കുവേണ്ടി സമർപ്പിച്ച ദൈവപൈതൽ തിന്മയുടെ അടിമയായിപ്പോയി. അബ്രാഹാമിനു ജീവിതത്തിൽ ചതിപറ്റിപ്പോയി. അബ്രാഹാം നുണപറയാൻ തയ്യാറായി. സത്യത്തിന്റെ

മൂർത്തിമദ്ഭാവമായ ജീവനുള്ള ദൈവത്തിന്റെ വചനം കേട്ടു പുറപ്പെട്ട, സത്യത്തിന്റെ പ്രവാചകനായിത്തീരാൻ ദൈവം വിളിച്ചു വേർതിരിച്ച ദൈവദാസൻ, അവൻ അസത്യത്തിന്റെ വക്താവായി മാറി. നാം വായിക്കുന്നതിങ്ങനെയാണ്.

> *"ദേശത്തു ക്ഷാമം ഉണ്ടായി; ദേശത്തു ക്ഷാമം കഠിനമായി തീർന്നതുകൊണ്ട് അബ്രാം മിസ്രയീമിൽ ചെന്നുപാർപ്പാൻ അവിടേക്കു പോയി. മിസ്രയീമിൽ എത്തുമാറായപ്പോൾ അവൻ തന്റെ ഭാര്യ സാറായിയോടു പറഞ്ഞത്: ഇതാ, നീ സൗന്ദര്യമുള്ള സ്ത്രീയെന്നു ഞാൻ അറിയുന്നു. മിസ്രയീമ്യർ നിന്നെ കാണുമ്പോൾ: ഇവൾ അവന്റെ ഭാര്യ എന്നു പറഞ്ഞു എന്നെ കൊല്ലുകയും നിന്നെ ജീവനോടെ രക്ഷിക്കയും ചെയ്യും. നീ എന്റെ സഹോദരിയെന്നു പറയേണം; എന്നാൽ നിന്റെ നിമിത്തം എനിക്കു നന്മ വരികയും ഞാൻ ജീവിച്ചിരിക്കയും ചെയ്യും."* *ഉല്പത്തി 12 : 10 – 13*

അപകടം പിണയാതിരിക്കാൻ അബ്രാഹാം സൂത്രം പ്രയോഗിക്കുകയാണ്, കൗശലം പ്രയോഗിക്കുകയാണ്, ഒരു വ്യാജം, അസത്യം പ്രയോഗിക്കുകയാണ്. അബ്രാഹാം തന്റെ ഭാര്യയായ സാറയോടു പറയുകയാണ്: നീ എന്റെ സഹോദരിയാണെന്ന് പറയണം, ഭാര്യയാണെന്നു പറയരുത്.

> *"വാസ്തവത്തിൽ അവൾ എന്റെ പെങ്ങളാകുന്നു. എന്റെ അപ്പന്റെ മകൾ; എന്റെ അമ്മയുടെ മകൾ അല്ലതാനും."* *ഉല്പത്തി 20 : 12*

"എന്റെ അമ്മയുടെ മകൾ അല്ല. എന്നാൽ എന്റെ അപ്പന്റെ മകളാണ്. എന്റെ അപ്പൻ തേരഹിന് വേറൊരു സ്ത്രീയിലുണ്ടായ മകളാണ് ഈ സാറ. തേരഹിന് എന്റെ അമ്മയിലുണ്ടായ മകനാണ് ഞാൻ. വാസ്തവത്തിൽ അവളെന്റെ പെങ്ങളാണ്."

പ്രിയപ്പെട്ടവരേ, ഒരു ദൈവപൈതലിന് അസത്യം പറ

യാൻ പാടില്ല. ദൈവം വിളിച്ചു വേർതിരിച്ച്, ആശവച്ച്, നീ കാൽ ചവിട്ടുന്ന ദേശമൊക്കെയും നിനക്കും നിന്റെ സന്ത തിക്കും തരും എന്നു പറഞ്ഞ് ദൈവം പുറപ്പെടുവിച്ച ഒരു ദൈവദാസനതു വരാൻ പാടില്ല.

നിങ്ങൾ ഒന്നു ചിന്തിക്കൂ. കർത്താവേ, എന്റെ ജീവിത ത്തിൽ അർദ്ധസത്യങ്ങൾ വന്നിട്ടില്ലേ? പകുതി സത്യങ്ങൾ വന്നിട്ടില്ലേ? ഞാൻ ചില സൂത്രങ്ങൾ പ്രയോഗിച്ചിട്ടില്ലേ? താത്ക്കാലികമായ ചില സഹായങ്ങൾ കിട്ടാൻ, ചില കാര്യ ങ്ങൾ നടക്കാൻ ചില കൗശലങ്ങൾ ഞാൻ പ്രയോഗിച്ചിട്ടില്ലേ? താത്ക്കാലികമായ ചില ലാഭങ്ങൾക്കുവേണ്ടി ചില ഉപായ ങ്ങൾ ഞാൻ പ്രയോഗിച്ചിട്ടില്ലേ? പറയുന്ന വാക്കുകൾകൊണ്ട് ശരിയായതിൽ നിന്നു വ്യത്യസ്തമായി തെറ്റായ ഒരു ധാരണ മറ്റുള്ളവർക്കു കൊടുക്കുക. അത് പാപമാണ്.

നിങ്ങൾ ചിന്തിക്കൂ. പിശാചിനിടം കിട്ടിയ കാര്യങ്ങളുണ്ടോ? ഭർത്താവിനോട് തന്ത്രപൂർവ്വം ചിലതു സംസാരിച്ചത്. ഭാര്യ യോട് കൗശലപൂർവ്വം ചില കാര്യങ്ങൾ സംസാരിച്ചത്. മാതാ പിതാക്കളുടെ മുമ്പിൽ ചില കൗശലങ്ങൾ പ്രയോഗിച്ചത്, ചില ഭാഗിക സത്യങ്ങൾ പറഞ്ഞത്, അല്ലെങ്കിൽ ചില നുണ പറഞ്ഞത്.

ഭാഗികസത്യങ്ങൾ ഒരിക്കലും പറഞ്ഞുപോകരുത്. പൂർണ്ണസത്യങ്ങൾ മാത്രമേ നമ്മുടെ നാവിൽ നിന്നു വരാവൂ. ഇതുവച്ചുകൊണ്ട് നിങ്ങളുടെ ജീവിതത്തെ പരിശോധിക്കുക.

എല്ലാം കണ്ടുപിടിച്ച് അനുതപിക്കുക. കർത്താവേ, തെറ്റു കൾ ഏറെ സംഭവിച്ചു. മറ്റുള്ളവരെ ഞാൻ തെറ്റായി ധരിപ്പിച്ചു. മറ്റുള്ളവർക്ക് തെറ്റായ രീതിയിൽ ധാരണകൾ ഞാൻ നൽകി. എന്റെ ജീവിതത്തിൽ പാകപ്പിഴകൾ ധാരാളം സംഭവിച്ചു. രഹ സ്യങ്ങൾ കാണുന്നവന്റെ മുമ്പിൽ പാപമായി കണക്കിടുന്ന പലതും എന്റെ ജീവിതത്തിൽ സംഭവിക്കത്തക്കവണ്ണം ഞാൻ ജീവിച്ചുപോയി. എന്റെ കരുണയുള്ള കർത്താവേ, നിന്റെ ചങ്കു പൊട്ടിയൊഴുകിയ തിരുരക്തത്താൽ എനിക്കു നീ മോചനം തരണമേ. നിന്റെ തിരുരക്തത്താൽ എന്റെ കഴിഞ്ഞകാലം നീ കഴുകി തരണമേ.

സ്നേഹിതരേ, നിങ്ങൾക്കു കഴുകൽ പ്രാപിക്കാം. നിങ്ങൾക്കു മോചനം പ്രാപിക്കാം. ശുദ്ധീകരണവും നീതീകരണവും അനുഭവിക്കുന്നവരായി നിങ്ങൾക്കു തീരാം.

അപ്പൊസ്തലൻ പറഞ്ഞു: നിങ്ങളും ചിലർ മുമ്പേ ഈവകക്കാരായിരുന്നു. എന്നാൽ നിങ്ങൾ പരിശുദ്ധാത്മാവിന്റെ കൃപയാൽ നീതീകരണവും ശുദ്ധീകരണവും പ്രാപിച്ചിരിക്കുന്നു.

> *"അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് അറിയുന്നില്ലയോ? നിങ്ങളെ ത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല."* *1 കൊരിന്ത്യർ 6 : 9, 10*

സഹോദരങ്ങളേ, നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ, പരിശുദ്ധാത്മാവിന്റെ നവീകരണ പ്രക്രിയയാൽ നീതീകരണവും ശുദ്ധീകരണവും പ്രാപിപ്പാൻ ഇപ്പോൾ തന്നെ നിങ്ങളുടെ ഉള്ളു തുറന്ന് പ്രാർത്ഥിപ്പിൻ.

കർത്താവേ, എന്റെ കഴിഞ്ഞകാല ജീവിതം കഴുകിത്തരണമേ. അബ്രാഹാം പിതാവിനു തെറ്റുപറ്റി. എനിക്കും ഒന്നല്ല, അനേകമനേകം തെറ്റുകൾ വന്നുപോയി. ജീവിതത്തിൽ അനേകം പാകപ്പിഴകൾ വന്നുപോയി. നീ എന്നെ സ്നേഹിച്ചതാണ്. ഞാൻ നിന്റെ വിളി കേട്ടു പുറപ്പെട്ടതാണ്. ഞാൻ ജീവിതം സമർപ്പിച്ചതാണ്. ഞാൻ ജീവിതത്തിൽ ചില ഉടമ്പടികൾ, ചില പ്രതിഷ്ഠകൾ പറഞ്ഞവളാണ്. എങ്കിലും എന്റെ ജീവിതത്തിൽ പാകപ്പിഴകൾ വന്നു.

പുറത്ത് പറയാൻ ലജ്ജിക്കുന്ന പാപങ്ങൾ എന്റെ ജീവിതത്തിൽ വന്നു. അനേകമനേകം തിന്മകൾ! എല്ലാം നിന്റെ പുസ്തകത്തിൽ, നിന്റെ സന്നിധിയിൽ രേഖപ്പെടുത്തി വച്ചിരിക്കുന്നു. അതവിടെ നിന്നു മാഞ്ഞുപോയില്ല എന്നു വരികിൽ

നിത്യതയിലേക്കു ഞാൻ കടന്നുവരുമ്പോൾ അതെല്ലാം എന്റെ നേരെ സാക്ഷ്യം പറയുമല്ലോ. ആബാലവൃദ്ധം സകല മനുഷ്യരും കേൾക്കെ വായിച്ചു കേൾപ്പിച്ച് എന്നെ ചാകാത്ത പുഴുവും കെടാത്ത തീയുമുള്ള നരകാഗ്നിയിലേക്കു തള്ളുന്നതിന് അതെല്ലാം കാരണമായി തീരുമല്ലോ.

അതുകൊണ്ടിപ്പോൾ നിന്നോടു ഞാൻ ഒരു കാര്യം കെഞ്ചി യാചിച്ചു പറയുന്നു. എന്റെ കഴിഞ്ഞകാല ജീവിതം മുഴുവൻ കഴുകിത്തരണമേ. എന്റെ ജീവിതത്തിൽ വന്നുപോയ പാപങ്ങളും തിന്മകളും കഴുകിത്തരണമേ. എല്ലാ പാപവും കഴുകി എന്നെ നീതീകരിക്കണമേ. നീതികെട്ടവനായ എന്നെ നീതിമാനെന്ന് മുദ്രകുത്തിത്തരുന്ന അത്ഭുത കൃപ എന്റെമേൽ ഇപ്പോൾ പകരണമേ. നാഥാ, എന്നെ നീ ശുദ്ധീകരിക്കണമേ.

സഹോദരങ്ങളേ, എണ്ണിയെണ്ണി പാപങ്ങളെ കണ്ടുപിടിപ്പിൻ. പാപങ്ങൾ ഓരോന്നായി കണ്ടുപിടിച്ചുകൊണ്ട് ദൈവത്തോട് കരുണയ്ക്കുവേണ്ടി യാചിപ്പിൻ. “ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ, യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടമില്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.”

ആ ഭാഗ്യം നമുക്കനുഭവിക്കാൻ കഴിയുന്നത് പാപങ്ങളെ ഓർത്ത് അനുതപിച്ച് പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുമ്പോഴാണ്.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കൂ. അനുതാപത്തോടെ കഴുകൽ കിട്ടാൻ ക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിലേക്ക് അണഞ്ഞു വരൂ. യേശുക്രിസ്തുവിന്റെ കുരിശിൽ നിന്ന് ഒഴുകിയ തിരുരക്തം ഇപ്പോൾ നിങ്ങളെ കഴുകട്ടെ. നിങ്ങളുടെ ശാപങ്ങൾ നീക്കട്ടെ; നിങ്ങളുടെ ബന്ധനങ്ങൾ അഴിക്കട്ടെ; നാളുകളായി നിങ്ങളുടെമേൽ അടിഞ്ഞുകൂടിയ പാപങ്ങളെല്ലാം കഴുകപ്പെട്ടു കിട്ടുന്ന മഹാസൗഭാഗ്യം നിങ്ങൾക്കു ലഭിക്കട്ടെ.

## ഒൻപത്

*“യിസ്രായേലിന്റെ പരിശുദ്ധങ്കലേക്കു നോക്കുകയോ യഹോവയെ അന്വേഷിക്കയോ ചെയ്യാതെ സഹായത്തിനായി മിസ്രയീമിൽ ചെന്നു കുതിരകളിൽ മനസ്സ് ഊന്നി രഥം അനവധിയുള്ളതുകൊണ്ട് അതിലും, കുതിരച്ചേവകർ മഹാബലവാന്മാരാകകൊണ്ട് അവരിലും ആശ്രയിക്കുന്നവർക്ക് അയ്യോ കഷ്ടം!”* *യെശയ്യാവ് 31 : 1*

മിസ്രയീമിൽ ചെന്ന് മിസ്രയീമിന്റെ ഭുജബലത്തിൽ ആശ്രയിക്കുന്നതിൽ, മിസ്രയീമിലെ പുഷ്ടികളിൽ സന്തോഷിക്കുന്നതിൽ പ്രമോദം കണ്ടെത്തുന്ന ആളുകൾക്ക് അയ്യോ കഷ്ടം!

യിസ്രായേലിന്റെ പരിശുദ്ധങ്കലേക്ക് അവർ നോക്കുന്നില്ല. ആശ്രയമായി ദൈവത്തിങ്കൽ നോക്കേണ്ട മനുഷ്യൻ ദൈവത്തിങ്കലേക്കു നോക്കാതെ ഭൗതികമായ ആശ്രയസ്ഥാനങ്ങളിലേക്കു നോക്കുന്നത് തുലോം ഖേദകരമാണെന്നാണ് പ്രവാചകൻ പറയുന്നത്.

*“മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്.”* *സങ്കീർത്തനങ്ങൾ 118 : 8, 9*

വേദപുസ്തകത്തിലെ ഒത്തനടുവിലത്തെ വാക്യം ഇതാണ് എന്നാണ് വേദപണ്ഡിതന്മാർ പറയുന്നത്.

*“ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്ര*

*യിക്കുന്നു; ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും. അവർ കുനിഞ്ഞു വീണുപോയി; എന്നാൽ ഞങ്ങൾ എഴുന്നേറ്റു നിവർന്നു നില്ക്കുന്നു."*

*സങ്കീർത്തനങ്ങൾ 20 : 7, 8*

കുതിരകളിൽ ആശ്രയിക്കുന്നവരുണ്ട്. രഥങ്ങളിൽ ആശ്രയിക്കുന്നവരുണ്ട്. ഭൗതികമായ ബലത്തിലും ഭൗതികമായ ആശ്രയസ്ഥാനങ്ങളിലും ബലമൂന്നി നിൽക്കുന്ന മനുഷ്യൻ ഇളകുന്ന സ്ഥലത്താണ് നിൽക്കുന്നത്. ഈ ലോകത്തിന്റെ ധനസമൃദ്ധിയിൽ, ഈ ലോകത്തിലെ ആരോഗ്യത്തിന്റെ പെരുപ്പത്തിൽ, ഈ ലോകത്തിന്റെ സൗകര്യങ്ങളിൽ, ഈ ലോകത്തിലെ ബന്ധുബലത്തിൽ, ഈ ലോകത്തിലെ മിത്രങ്ങളുടെ ശക്തിയിൽ, ഈ ലോകത്തിൽ സഹായിക്കുന്ന കരങ്ങളിൽ എല്ലാം ആശ്രയിക്കുന്ന മനുഷ്യൻ.

കുതിരകളിലും രഥങ്ങളിലും ആശ്രയിച്ചവർ കുനിഞ്ഞു വീണുപോയി. എന്നാൽ യഹോവയിൽ ആശ്രയിച്ച ഞങ്ങളോ, ഞങ്ങൾ എഴുന്നേറ്റ് നിവർന്നു നിൽക്കുന്നു.

അബ്രാഹാമിന്റെ ജീവിതത്തിൽ പറ്റിയ ഒന്നാമത്തെ വീഴ്ച മിസ്രയീമിലേക്ക് പോയി എന്നുള്ളതാണ്. മിസ്രയീമിലെ പുഷ്ടിയിലേക്കു തിരിഞ്ഞു. കനാനിലേക്കു പോകുവാനായി ദൈവം വിളിച്ചു വേർതിരിച്ച് നടത്തിക്കൊണ്ടുവന്ന ദൈവപുരുഷൻ ഇടയ്ക്കു ക്ഷാമം വന്നപ്പോൾ അമ്പരപ്പിലായി, നിരാശനായി, ഭയചകിതനായി.

'മിസ്രയീം' എന്ന പദം വേദപുസ്തകത്തിൽ പ്രതീകവൽക്കരിക്കുന്നതു പലതും പൈശാചികമണ്ഡലം എന്ന അർത്ഥത്തിലാണ്. മിസ്രയീം സമൃദ്ധിയെ ലാക്കാക്കുന്നു. ഭൗതികമായ സമൃദ്ധിയും ക്ഷേമവും ഐശ്വര്യവും വേണ്ട എന്നല്ല, അതിലേക്ക് നാം ആശ്രയം ഊന്നിപ്പോയാൽ, കാണേണ്ടവനെ കാണാതെ, ആശ്രയിക്കേണ്ടവനെ ആശ്രയിക്കാതെ ഭൗതികസമ്പത്തിലേക്കും സ്വാധീനങ്ങളിലേക്കും തിരിഞ്ഞു

പോയാൽ അനർത്ഥം വലിയതായിരിക്കും.

അബ്രാഹാം ദൈവത്തിലേക്കു നോക്കിയില്ല. 'He didn't look into the Lord, but he looked into the Land.' Land - ലേക്കു നോക്കി, Lord - ലേക്കു നോക്കിയില്ല. ദൈവത്തെ നോക്കി പുറപ്പെട്ട ദൈവദാസൻ ദൈവത്തിൽനിന്നു കണ്ണു മാറ്റി, ഈ ഭൂമിയിലെ സമ്പത്തിലേക്കു നോക്കി.

അബ്രാഹാമിനു വേണമെങ്കിൽ ന്യായം പറയാം. എനിക്ക് കഷ്ടത തന്നതുകൊണ്ടല്ലേ, ക്ഷാമം വന്നതുകൊണ്ടല്ലേ, പട്ടിണി വന്നതുകൊണ്ടല്ലേ, പട്ടിണി മാറാനായിട്ടല്ലേ ഞാൻ പോയത്? അതിൽ തെറ്റൊന്നും ഇല്ലല്ലോ!

അതിൽ തെറ്റില്ല. പക്ഷേ, ദൈവത്തെ മാത്രം മുൻനിർത്തി, ദൈവത്തിൽ മാത്രം ആശ്രയിച്ചുപോകുന്ന ദൈവദാസൻ ഇടയ്ക്ക് ദൈവത്തിൽ നിന്നു കണ്ണുമാറ്റി. ഒരു പ്രശ്നം വന്നപ്പോൾ ഭാരപ്പെട്ടു, ഉടനെ മിസ്രയീമിലേക്കു പോകാമെന്നു തീരുമാനിച്ചു. അടുത്തുതന്നെ മിസ്രയീം ഉണ്ട്, അങ്ങോട്ട് വഴി തിരിച്ചു വിട്ടു. എന്തായിരിക്കും അബ്രാഹാമിന് ഈ അപകടം പറ്റാൻ കാരണം?

*"അപ്പോൾ ലോത്ത് നോക്കി. യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളതെന്നു കണ്ടു."* *ഉല്പത്തി 13 : 10*

യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളതെന്ന് ലോത്ത് കണ്ടു.

"യഹോവ സൊദോമിനെയും ഗൊമോറായെയും നശിപ്പിച്ചതിനു മുമ്പേ അതു യഹോവയുടെ തോട്ടംപോലെയും സോവാർ വരെ മിസ്രയീംദേശം പോലെയും ആയിരുന്നു."

സൊദോം ഗൊമോറാ ദേശങ്ങൾ മിസ്രയീം ദേശംപോലെയായിരുന്നു. നല്ല നീരോട്ടമുള്ള പ്രദേശങ്ങൾ! ഫലഭൂയിഷ്ഠമായ ദേശങ്ങൾ! വളക്കൂറുള്ള മണ്ണുള്ള പ്രദേശങ്ങൾ! ധാരാളം സമ്പാദിക്കാവുന്ന സാഹചര്യങ്ങൾ! ലോത്ത് അതുകണ്ട്

അങ്ങോട്ടുപോയി. അബ്രാഹാമിന്റെ കൂടെ മെസ്സപ്പൊത്താമ്യയിൽ നിന്നു പുറപ്പെട്ട ലോത്ത് അബ്രാഹാമിന് ഒരു ആലോചന കൊടുത്തു കാണും. രണ്ടുപേരും ഒരുമിച്ചാണ് പുറപ്പെട്ടത്. വിഗ്രഹാരാധികളുടെ ഇടയിൽ നിന്നാണ് പുറപ്പെട്ടത്. ഒരുമിച്ചാണ് ഇതുവരെ യാത്ര ചെയ്തത്. ക്ഷാമം വന്നു എന്നുള്ളത് രണ്ടുപേരും ഒരുമിച്ച് നേരിടുന്ന പ്രശ്നമാണ്. അപ്പോൾ ലോത്ത് അബ്രാഹാമിനൊരു ഉപദേശം കൊടുത്തു, ഒരാലോചന കൊടുത്തു.

നീരോട്ടമുള്ള സ്ഥലങ്ങളതാ കിടക്കുന്നു! അവിടെ നീലനദിയുടെ പെരുവെള്ളത്തിന്റെ ഇരച്ചിലിലും അതിന്റെ പെരുപ്പത്തിലും നീലനദിയിൽക്കൂടി ഒഴുകി വരുന്ന എക്കൽമണ്ണടിഞ്ഞ വളക്കൂറുള്ള മണ്ണിതാ തീരപ്രദേശങ്ങളിൽ അടിഞ്ഞുകൂടി കിടക്കുന്നു. നല്ല ജീവിത സൗകര്യമുള്ള സ്ഥലം. നമുക്ക് തത്ക്കാലത്തേക്ക് ഈ ക്ഷാമം തീരുന്നതുവരെ അവിടെ കയറി പാർത്താൽ എന്താണ്? നമുക്കു സൗകര്യപ്രദമായി ഒരു നല്ല ജീവിത നിലവാരം ലഭിക്കുമല്ലോ എന്ന് ആലോചന കൊടുത്തു കാണും.

നീരോട്ടമുള്ള സ്ഥലങ്ങൾ നോക്കുന്നവനാണ് ലോത്ത്. ലോത്ത് മെസ്സപ്പൊത്താമ്യയിൽനിന്നു പുറപ്പെട്ടു. ഒരു മാനസാന്തരം കിട്ടി, പ്രകടമായ പാപങ്ങൾ വിട്ടു എന്നുള്ളത് സത്യമാണ്. പക്ഷേ, അകത്ത് ലോകത്തോടുള്ള ചായ്വ് പോയിട്ടില്ല. ലോകത്തിന്റെ കൗശലവും ലോകത്തിന്റെ ബുദ്ധിയും പോയിട്ടില്ല. ലോകത്തിന്റെ ആശ്രയം പോയിട്ടില്ല.

മാനസാന്തരപ്പെട്ട അനേകം ദൈവമക്കൾ നിരന്തരം വചനം കേൾക്കുന്നവരാണ്. ജീവന്റെ ദൂതുകൾ, ജീവന്റെ അരുളപ്പാടുകൾ കേൾക്കുന്നു; ജീവന്റെ അനുഭവങ്ങൾ ലഭിക്കുന്നു. എന്നാൽ പഴയ മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന ലോകമയത്വം മാറുന്നില്ല. ലോകമയത്വം മാറാതിരിക്കുന്നതുകൊണ്ട് ഒരു പരീക്ഷണഘട്ടം വരുമ്പോൾ കാണാം ലോകസ്നേഹം പൊന്തിവരുന്നത്. ഒരു സാഹചര്യം വരു

മ്പോൾ പഴയ മനുഷ്യന്റെ ആലോചനകൾ പൊന്തിവരും.

ഇന്നും ലോകത്തോടുള്ള പറ്റുമാനങ്ങൾ പലരുടെയും ഹൃദയത്തിൽനിന്നു പറിഞ്ഞു മാറിയിട്ടില്ല. ലോകത്തോട് ഇന്നും മുറുകെ പറ്റുന്ന ചില ബന്ധങ്ങൾ നിൽക്കുന്നു. ലോകത്തിന്റെ സമൃദ്ധിക്കു വേണ്ടിയും ലോകത്തിന്റെ ഉയർച്ചയ്ക്കു വേണ്ടിയും ലോകമനുഷ്യരുടെ പ്രീതിക്കുവേണ്ടിയും ലോകമനുഷ്യരുടെ ബഹുമതിക്കുവേണ്ടിയും നിങ്ങളുടെ ഹൃദയം കൊതിപൂണ്ടു പോകുന്നു.

സ്നേഹിതരേ, എന്താണുണ്ടായത്? ലോത്തൊരു നിർദ്ദേശം കൊടുത്തു. എന്തിന് നാം ഈ ക്ഷാമദേശത്തു കിടന്നു വലയണം. നമുക്ക് അങ്ങോട്ടുപോയാൽ പോരേ? നമുക്ക് അവിടെ ചെന്നു കൃഷി ചെയ്യാം. നമുക്ക് വേലക്കാരുണ്ട്, ആടുമാടുകളുണ്ട്, ദാസീദാസന്മാരുണ്ട്. നമുക്കവിടെ ജീവിക്കാമല്ലോ! അവിടെ ആ നദീതീരത്തിനപ്പുറം മലഞ്ചെരിവുകളിലുള്ള മൈതാനങ്ങളിൽ നമ്മുടെ ആടുകളെ മേയ്ക്കാം. പലതും പലതും ലോത്ത് പറഞ്ഞു.

അബ്രാഹാം അതിനു ചെവികൊടുത്തു. “മകനേ, പാപികൾ നിന്നെ വശീകരിച്ചാൽ നീ വഴിപ്പെട്ടു പോകരുത്” എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു. പലരും നമ്മെ വശീകരിച്ചു എന്നു വരും. പലരും ലോകത്തിന്റെ ഇമ്പങ്ങൾ കാട്ടി നമ്മെ ആകർഷിച്ചു എന്നുവരും. പാപമാണോ എന്നു ചോദിച്ചാൽ പാപമല്ല, പാപമല്ലാത്ത പാപങ്ങൾ!

പാപമെന്നു മുദ്രകുത്തുവാൻ സാദ്ധ്യമല്ലാത്ത പാപവാസനകൾ. അതു നമ്മെ ആകർഷിക്കുകയും നമ്മെ വശീകരിക്കുകയും നമ്മെ സ്വാധീനപ്പെടുത്തുകയും നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. ദൈവജനം പ്രത്യേകം കരുതിക്കൊള്ളേണ്ടതാണ്.

ഇങ്ങനെയുള്ള അനുഭവങ്ങളിൽക്കൂടിപോയ അനേകം പേരുണ്ട്. പ്രയാസങ്ങൾ വരുമ്പോൾ പെട്ടെന്നു മാനുഷികമായ ബുദ്ധിതേടി പല മാനുഷിക വഴികളിലേക്കും തിരിയുന്ന ആളു

കൾ. കർത്താവേ, എന്നെക്കുറിച്ചുള്ള നിന്റെ ഹിതം എന്താണ്? ഞാൻ ഇവിടെ എന്താണ് ചെയ്യേണ്ടത്? എന്നെക്കുറിച്ചുള്ള നിന്റെ plan എന്താണ്? എന്നെ വിളിച്ചതെന്തിനാണ്? എന്നെ തിരഞ്ഞെടുത്തത് എന്തിനാണ്? എന്നെ വിളിച്ച്, വേർതിരിച്ച് ഇത്രത്തോളം നടത്തിയതെന്തിനാണ്? ഞാൻ മിസ്രയീമിന്റെ സുഖഭോഗങ്ങളിൽ ലയിക്കാനാണോ? ഇങ്ങനെ ദൈവത്തോട് ആലോചന ചോദിക്കാതെ മുന്നോട്ടുപോകുന്നു.

ദൈവജനമേ, ഭയത്തോടെ ചിന്തിക്കുക. ജീവിതത്തിൽ വന്നുപോയ പരാജയങ്ങളിലേക്കു തിരിഞ്ഞു നോക്കുക. അപ്പോൾ പുതിയ പാഠങ്ങൾ കിട്ടും. ആ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നാം അതിവേഗം മടങ്ങി വരിക. ദൈവം ആഗ്രഹിക്കുന്നത് അതാണ്.

അബ്രാഹാം വിശ്വാസികളുടെ പിതാവാണ്. പക്ഷേ, വിശ്വാസികളുടെ പിതാവായ അബ്രാഹാമിന്റെ ജീവിതത്തിലെ പരാജയവും വേദപുസ്തകം പറയുന്നു. 12-ാം അദ്ധ്യായത്തിൽ ഒന്നാമത്തെ പരാജയം കാണുന്നു. 16-ാം അദ്ധ്യായത്തിൽ രണ്ടാമത്തെ പരാജയം കാണുന്നു. 20-ാം അദ്ധ്യായത്തിൽ മൂന്നാമത്തെ പരാജയം കാണുന്നു.

മനുഷ്യന്റെ നന്മകൾ മാത്രമല്ല ദൈവം കാണിച്ച് തരുന്നത്. അവന്റെ തിന്മകൾ ദൈവം ചൂണ്ടിക്കാണിച്ചു തരുന്നു. അനന്തര തലമുറകൾക്ക് ഓർമ്മയ്ക്കും പഠനത്തിനും ബുദ്ധിയുപദേശത്തിനുമായി ദൈവം അതെല്ലാം എഴുതിവച്ചിരിക്കുന്നു.

അബ്രാഹാമിന്റെ ജീവിതത്തിൽ പരാജയം വന്നത് എഴുതി. ദാവീദിന്റെ ജീവിതത്തിൽ പരാജയം വന്നത് അതേപടി എഴുതി. ശിംശോൻ വിശ്വാസവീരനും പരാക്രമശാലിയുമായിരുന്നു. അവന്റെ ജീവിതത്തിൽ വന്ന പരാജയം ദൈവം രേഖപ്പെടുത്തി. കർമ്മേലിൽ തീയിറക്കിയ ഏലിയാവിന്റെ ജീവിതത്തിൽ വന്ന പരാജയം ദൈവം രേഖപ്പെടുത്തി വച്ചു. നന്മകളും ശ്രേഷ്ഠതകളും മാത്രമല്ല, പരാജയങ്ങളും ദൈവം രേഖപ്പെടുത്തി വയ്ക്കുകയാണ്.

സ്നേഹിതരേ, നമ്മുടെ പരാജയങ്ങൾ കാണുന്ന ദൈവം, നമ്മെ വെറുക്കുകയല്ല. നമ്മെ അറപ്പോടെ മാറ്റി നിർത്തുകയല്ല. ദൈവം നമ്മെ ശപിക്കുകയല്ല. പരാജയങ്ങളിൽ നിന്നു പാഠങ്ങൾ പഠിച്ചെടുക്കുക. വീഴ്ചകളിൽ നിന്ന് പാഠങ്ങൾ പഠിച്ചെടുക്കുക. ഓരോ കാര്യങ്ങളിൽ നാം താണുപോയത്, വീണുപോയത്, ബലഹീനമായിപ്പോയത് നാം പഠിച്ചെടുക്കുക.

എബ്രായ ലേഖനകർത്താവ് എഴുതുന്നു:

*"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക." എബ്രായർ 4 : 15, 16*

എന്തൊരു ആശ്വാസകരമായ വാക്കാണ്! ധൈര്യത്തോടെ ചെല്ലാനാണു പറയുന്നത്. അയ്യോ, ഞാൻ വീണുപോയല്ലോ? അയ്യോ, ഞാൻ തളർന്നുപോയല്ലോ? അയ്യോ, എനിക്ക് തെറ്റുപറ്റിപ്പോയല്ലോ? അയ്യോ, എനിക്ക് അബദ്ധം പറ്റിപ്പോയല്ലോ? ഇങ്ങനെ നിരാശപ്പെട്ടു തളർന്നിരിക്കരുത്. പുതിയ പാഠം ഉൾക്കൊണ്ടുകൊണ്ട് ചാടി എഴുന്നേൽക്കണം.

"നീതിമാൻ വീണാലും നിലംപരിചാകയില്ല."

അവിടെത്തന്നെ കിടക്കാൻ എന്റെ ദൈവം സമ്മതിക്കുകയില്ല. മകനേ, മകളേ, നീ വീണുകിടക്കാൻ ദൈവം സമ്മതിക്കുകയില്ല. തക്കസമയത്ത് ദൈവം നിനക്ക് ആലോചന തരും. നിനക്കു നഷ്ടങ്ങൾ വരും ശരിയാണ്. എന്നാൽ നഷ്ടങ്ങളിൽനിന്ന് ലാഭത്തിലേക്ക് കുതിച്ചുയരാൻ നിനക്കു കഴിയും. ദൈവം നിന്നെ ലാഭത്തിലേക്ക് ആക്കിത്തീർക്കും.

അബ്രാഹാമിന്റെ ജീവിതത്തിൽ പരാജയം സംഭവിച്ചു.

അബ്രാഹാം ഭൂമിയിലെ പുഷ്ടിയിൽ ആശ്രയിച്ചു. ലോകമനുഷ്യരുടെ ആലോചനയ്ക്കു തിരിഞ്ഞു. കൂട്ടായ്മയിൽ ഉള്ളവൻ തന്നെയാണ് ലോത്ത്. എന്നാൽ ലോത്തിന്റെ ദുരാലോചന തിരിച്ചറിയേണ്ട ആളാണ് അബ്രാഹാം. ലോത്ത് പറഞ്ഞതിലുള്ള അപകടം മനസ്സിലാക്കേണ്ട വിശ്വാസികളുടെ പിതാവാണ് അബ്രാഹാം. അബ്രാഹാമിന് അനുഭവങ്ങൾ കിട്ടിയവനാണ്. നേരിട്ട് അരുളപ്പാടു കിട്ടിയവനാണ്. ലോത്തിനു നേരിട്ട് അരുളപ്പാടു കിട്ടിയിട്ടില്ല. അബ്രാഹാമിനോട് ദൈവം നേരിട്ട് സംസാരിച്ചതാണ്.

സ്നേഹിതരേ, നിങ്ങളിൽ അനേകം പേർക്ക് സ്വർഗ്ഗത്തിലെ ദൈവം നേരിട്ടു സംസാരിച്ച അനുഭവമില്ലേ? ദൈവം നിങ്ങൾക്കു നേരിട്ട് അരുളപ്പാടുകൾ തന്നിട്ടില്ലേ? നിങ്ങൾക്കുള്ള ഓരോ പ്രത്യേകതകളും ചൂണ്ടിക്കാണിച്ചുകൊണ്ട് സ്വർഗ്ഗത്തിലെ ദൈവം നിങ്ങളോടു സംസാരിച്ചിട്ടില്ലേ? നിങ്ങളോട് നേരിട്ട് ദൈവം സംസാരിച്ചതാണെങ്കിൽ മറ്റാരുടേയും ആലോചനയ്ക്ക് നിങ്ങൾ ചെവികൊടുത്തു പോകരുത്. കൂട്ടായ്മയിൽ തന്നെയുള്ളവനാണ് ലോത്ത്, എന്നാൽ ലോത്തിനു നേരിട്ട് അരുളപ്പാടില്ല. അരുളപ്പാടെല്ലാം അബ്രാഹാമിനാണ്. അബ്രാഹാമിനാണ് വാഗ്ദത്തങ്ങൾ. ഏഴു വാഗ്ദത്തങ്ങൾ ലഭിച്ചവനാണ് അബ്രാഹാം.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ എവിടെയെല്ലാം നീ വഴിവിട്ടുപോയിട്ടുണ്ടോ അതിനു പിന്നിൽ ആരുടെയെങ്കിലും പ്രേരണാശക്തി കാണും. ഒരുപക്ഷേ കൂട്ടായ്മയിൽ തന്നെയുള്ള ദൈവമക്കളാകാം, അതല്ലെങ്കിൽ ലോകമനുഷ്യരാകാം, അതല്ലെങ്കിൽ ബന്ധുമിത്രാദികളായിരിക്കാം. അല്ലെങ്കിൽ ഈ ലോകത്തിൽ നമ്മുടെ കൂടെ ജോലി ചെയ്യുന്നവരാരെങ്കിലുമായിരിക്കാം; ആരുടെയെങ്കിലും ദുരാലോചന നമ്മെ വഴിതെറ്റിച്ചിട്ടുണ്ടാകാം. ദൈവമക്കളെന്നു പറയുന്നവരിൽ നിന്നുതന്നെയുള്ള ദുരാലോചനകൾ നിങ്ങളെ നേർവഴിയിലേക്കു പോകേണ്ടതിനു പകരം വ്യതിചലിക്കുന്നതിനു കാരണമായി തീർന്നിട്ടുണ്ടാകാം. സൂക്ഷ്മതയോടെ, കരുതലോടെ,

ജാഗ്രതയോടെ നിന്നുകൊള്ളുക.

നഷ്ടം വന്നവർ, കേടു പറ്റിയവർ, അപകടം പറ്റിയവർ, അനർത്ഥം പറ്റിയവർ, വീണുപോയവർ ആരെല്ലാമുണ്ട്? വഴി തെറ്റി പോയവർ, നേർപാത വിട്ട്, സത്യപാത വിട്ട് ജീവിതത്തിൽ അനർത്ഥം പറ്റി ദുർവഴികളിലേക്ക്, ദുർമാർഗ്ഗങ്ങളിലേക്ക് തിരിഞ്ഞുപോയവരാരെല്ലാമുണ്ട്? തെറ്റായ പന്ഥാവു തിരഞ്ഞെടുത്തവരാരെല്ലാമുണ്ട്?

ഇപ്പോൾ നിങ്ങളെ യഥാസ്ഥാനപ്പെടുത്താൻ ആഗ്രഹിച്ചുകൊണ്ട് രക്ഷകനിതാ നിങ്ങളുടെ അരികിലേക്കു വരുന്നു. അവന്റെ തിരുരക്തം പുരണ്ട കരം നിങ്ങളുടെ നേരെ നീട്ടിക്കൊണ്ട് അവിടുന്നു നിങ്ങളോടു കെഞ്ചിപ്പറയുന്നു: മകനേ, മടങ്ങി വരിക. മകളേ, മടങ്ങി വരിക. കൂടുതൽ കനത്ത നഷ്ടങ്ങൾ വരുന്നതിനു മുമ്പ് അതിവേഗം നീ സ്രഷ്ടാവിന്റെ വഴിയിലേക്കു വരിക.

ശുഭകരമായി നടക്കാൻ ഞാൻ നിന്നെ അഭ്യസിപ്പിക്കാം. എന്റെ നല്ല ആത്മാവ് നിന്നെ നേർനിലത്തിൽ നടത്തും. പരിശുദ്ധാത്മാവ് സത്യപാതയിൽ നിങ്ങളെ നടത്തും. വഴിതെറ്റിപ്പോയവർക്ക് മടങ്ങിവരാം. സത്യപാതയിലൂടെ പോകുന്നവർക്ക് കുതിച്ചു മുന്നേറാം. രക്ഷകനിതാ മുന്നേപോകുന്നു. സാക്ഷികളുടെ സമൂഹമിതാ ചുറ്റി നിൽക്കുന്നു. മുന്നോട്ടോടുക. "സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ട് ഓടുക." അവനെ മാത്രം ശ്രദ്ധിക്കുക. പ്രകാശം പ്രാപിക്കുക. യേശുവിന്റെ നാമം മഹത്വപ്പെടുത്തുക.

# പത്ത്

*“എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിന്നും ന്യായവിധിദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിന്റെ വാക്കുകളാൽ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും.” മത്തായി 12 : 36, 37*

വിശുദ്ധ മത്തായിയുടെ സുവിശേഷം 5–ാം അദ്ധ്യായത്തിൽ കർത്താവിന്റെ ആദ്യത്തെ പ്രസംഗത്തിൽ ഇങ്ങനെ പറയുന്നു.

*“നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ; ഇതിൽ അധികമായതു ദുഷ്ടനിൽ നിന്നു വരുന്നു.” മത്തായി 5 : 37*

നമ്മുടെ വായിൽ നിന്നു വരുന്ന വാക്കുകളെ നാം നിയന്ത്രിക്കുക.

“നാവ് അടങ്ങാത്ത ദോഷം” എന്ന് അപ്പൊസ്തലനായ യാക്കോബ്ശ്ലീഹാ പറയുന്നു. യാക്കോബിന്റെ ലേഖനം മൂന്നാം അദ്ധ്യായത്തിൽ നാവിനെക്കുറിച്ച് വിശദമായി പ്രസ്താവിക്കുന്നുണ്ട്. നാവ് അടങ്ങാത്ത ദോഷം എന്നാണ് പറയുന്നത്. “നാവുകൊണ്ട് മനുഷ്യൻ ദൈവത്തെ സ്തുതിക്കുന്നു. അതേ നാവുകൊണ്ട് മനുഷ്യൻ, മനുഷ്യനെ ശപിക്കുകയും ചെയ്യുന്നു. ഒരു ‘ഉറവയിൽ’ നിന്ന് നല്ല വെള്ളം, മധുരമുള്ള വെള്ളം പുറപ്പെട്ടു വരുന്നു. അല്പം കഴിയുമ്പോൾ അതേ ഉറവയിൽ നിന്ന് ചീത്തവെള്ളം പുറപ്പെട്ടു വരുന്നു.”

അബ്രാഹാമിന് വലിയ നഷ്ടം വന്നുപോയി. അബ്രാഹാം മിസ്രയീമിലേക്കു പോയതുകൊണ്ട് നാവിൽ പിഴപറ്റി. അബ്രാഹാം മാനുഷികമായ കൗശലത്തിനു വിധേയനായിപ്പോയി; ഒരു തന്ത്രം പ്രയോഗിച്ചു;

*"അങ്ങനെ അബ്രാം മിസ്രയീമിൽ എത്തിയപ്പോൾ സ്ത്രീ അതിസുന്ദരി എന്നു മിസ്രയീമ്യർ കണ്ടു. ഫറവോന്റെ പ്രഭുക്കന്മാരും അവളെ കണ്ടു, ഫറവോന്റെ മുമ്പാകെ അവളെ പ്രശംസിച്ചു; സ്ത്രീ ഫറവോന്റെ അരമനയിൽ പോകേണ്ടിവന്നു. അവളുടെ നിമിത്തം അവൻ അബ്രാമിനു നന്മ ചെയ്തു."*

*ഉല്പത്തി 12 : 14 – 16*

വളരെ വേദനയോടെ മാത്രമേ ഈ വേദഭാഗം വായിക്കാൻ ഒരു വിശ്വാസിക്ക് കഴിയുകയുള്ളൂ. വിശ്വാസികളുടെ പിതാവെന്നറിയപ്പെടുന്ന അബ്രാഹാമിനു പറ്റിയ വലിയൊരു വീഴ്ച.

അബ്രാഹാമിന് ആ വലിയ പരീക്ഷയിൽ കുടുങ്ങിപ്പോകേണ്ടി വന്നു. അതൊരു പൈശാചിക പരീക്ഷയായിരുന്നു. പൈശാചികബാധയായിരുന്നു. ദൈവപൈതലിന് ഒരിക്കലും വരാൻ പാടില്ലാത്തതായിരുന്നു.

അവിടെ ജീവനോടെ രക്ഷപ്പെടേണ്ടതിന് സ്വയരക്ഷയ്ക്കുള്ള മാർഗ്ഗം അബ്രാഹാം നോക്കുകയായിരുന്നു. സ്വയരക്ഷയ്ക്ക്, നമ്മുടെതന്നെ സുരക്ഷിതത്വത്തിന് തെറ്റല്ലാത്ത വഴികൾ അവലംബിക്കുന്നതിൽ പാപമില്ല. എന്നാൽ ഒരു തെറ്റായ വഴിയാണ് അബ്രാഹാം തിരഞ്ഞെടുത്തത്. മിസ്രയീമിലെ ആൾക്കാർ തന്റെ ഭാര്യ സുന്ദരിയെന്നു കാണുമ്പോൾ അവളെ ജീവനോടെ രക്ഷിക്കുകയും അബ്രാഹാമിനെ ഒരുപക്ഷേ കൊല്ലുകയും ചെയ്തേക്കുമല്ലോ എന്നൊരു ഭയം അബ്രാഹാമിനെ പിടികൂടി.

നമ്മുടെ ജീവിതത്തിൽ തന്ത്രങ്ങൾ പ്രയോഗിക്കുമ്പോൾ അതിന്റെ പിന്നിലുള്ള ലക്ഷ്യമെന്താണ് എന്നു നാം ചിന്തി

ക്കണം. സ്വയരക്ഷയ്ക്കുവേണ്ടി, സ്വന്തം ഭദ്രതയ്ക്കുവേണ്ടി, സ്വന്തം സുരക്ഷിതത്വത്തിനുവേണ്ടി നാം തന്ത്രങ്ങൾ പ്രയോഗിക്കുന്നു എങ്കിൽ അവിടെ പാപമുണ്ട്. തന്ത്രം ഏതായാലും പാപമാണ്. സ്വയരക്ഷയ്ക്കുവേണ്ടി എന്ത് ന്യായം പറഞ്ഞാലും അത് പാപമാണ്.

അബ്രാഹാം നുണപറഞ്ഞു. അതോടെ അബ്രാഹാമിന് വാക്കിലെ വിശുദ്ധി നഷ്ടപ്പെട്ടു. അനേകം ദൈവമക്കൾക്ക് വാക്കിൽ വിശുദ്ധിയില്ല. മാനസാന്തരപ്പെട്ടവരാണ്. ജീവിതത്തിൽ ഇനി തെറ്റുപറ്റുകയില്ല എന്ന് ദൈവത്തോടു വാക്കുപറഞ്ഞ അനേകംപേരുണ്ട്. എന്നാൽ നിങ്ങൾ സമയത്തിനൊത്തതുപോലെ, സാഹചര്യത്തിനൊത്തതുപോലെ തന്ത്രങ്ങൾ പ്രയോഗിക്കാറില്ലേ? കൗശലങ്ങൾ പ്രയോഗിക്കാറില്ലേ? സൂത്രങ്ങൾ പ്രയോഗിക്കാറില്ലേ? അല്പസ്വൽപ്പം നുണകൾ കലർത്തി സംസാരിച്ചു പോകാറില്ലേ? അതിശയോക്തിയായിട്ട്, ഉള്ളതിൽ നിന്നും പെരുപ്പിച്ചു പറഞ്ഞ് കാര്യങ്ങൾ പലതും നേടാൻ നോക്കാറില്ലേ? അതിശയോക്തി പ്രയോഗിക്കുന്നതും പാപമാണ്. ഉള്ളത് ഉള്ളതുപോലെ മാത്രം.

അബ്രാഹാമിന്റെ വിശുദ്ധി നഷ്ടപ്പെട്ടു. സ്നേഹിതരേ, നിങ്ങൾക്ക് എവിടെയെല്ലാമാണ് വിശുദ്ധി കൈമോശം വന്നത്? നിങ്ങളുടെ നാവിൽ വിശുദ്ധി നഷ്ടപ്പെട്ടുവോ? ചിന്തകളിൽ വിശുദ്ധി നഷ്ടപ്പെട്ടുവോ? അശുദ്ധചിന്തകൾ, അഴുക്കായ മോഹങ്ങൾ നിങ്ങളുടെ മനസ്സിലേക്ക് ഇരച്ചുകയറുന്നുണ്ടോ? അഴുക്കായ ആഗ്രഹങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ ലയിച്ചു നിൽക്കാൻ നിങ്ങൾ അനുവദിക്കുന്നുണ്ടോ? നിങ്ങളെതന്നെ വിട്ടു കൊടുക്കാറുണ്ടോ? നിങ്ങളുടെ ലക്ഷ്യങ്ങൾ ശുദ്ധമാണോ? ഓരോ അവയവം പ്രതിയായി ഒന്നു പരിശോധിച്ചു നോക്കൂ. തെറ്റു പറ്റിയത് എവിടെയെല്ലാമെന്ന് ശ്രദ്ധിച്ചാൽ ഒട്ടേറെക്കാര്യങ്ങളിൽ നിങ്ങൾക്കനുതപിക്കാൻ വക കിട്ടും.

പൂർണ്ണ വിശുദ്ധരായി നിൽക്കാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. നാളുകളിതാ കുറഞ്ഞു കുറഞ്ഞു പോകുന്നു.

കർത്താവേ, പൂർണ്ണവിശുദ്ധനായി നിൽക്കുവാൻ ഞാൻ ഇനിയും എവിടെയെല്ലാമാണ് തിരുത്തൽ വരുത്തേണ്ടത്? ഇത് നിങ്ങളുടെ ഹൃദയത്തിന്റെ ഒരു വാഞ്ഛയായി തീരട്ടെ. പിശാച് അവകാശം പറയുന്ന ഒരു കണികപോലുമില്ലാതെ നിൽക്കാൻ നിങ്ങൾക്കു ദാഹമുണ്ടോ?

അങ്ങനെ നിങ്ങൾ ദാഹിച്ചാൽ സാധിപ്പിച്ചുതരുവാൻ യേശുക്രിസ്തു ജീവിക്കുന്നുണ്ട്. ഇതിൽപ്പരം കർത്താവിനു സന്തോഷമുള്ള കാര്യം മറ്റൊന്നില്ല. ഭൂമിയിലെ മനുഷ്യൻ ക്രിസ്തുവിന്റെ അതേ സ്വഭാവമുള്ളവനായി നിൽപ്പാൻ കർത്താവ് ആഗ്രഹിക്കുന്നു! ക്രിസ്തുവിന്റെ അതേ പ്രകൃതം, അതേ വിശുദ്ധിയുള്ളവനായി നിൽപ്പാൻ ആഗ്രഹിക്കുന്നു! ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഏറ്റവും സന്തോഷിക്കുന്ന കാര്യമതാണ്. നാം ചോദിച്ചാൽ ദൈവം തരും.

> *“ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്നു വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക.”*
>
> *സങ്കീർത്തനം 27 : 13, 14*

ലോകമനുഷ്യൻ നമ്മെ എന്തും കരുതിക്കൊള്ളട്ടെ; നമ്മെക്കുറിച്ചെന്തും ചിന്തിച്ചുകൊള്ളട്ടെ; എങ്ങനെയെല്ലാം തെറ്റിദ്ധരിച്ചു കൊള്ളട്ടെ; ഒരു ദോഷവുമില്ല. പള്ളികളോ, പള്ളി പ്രമാണിമാരോ നമ്മെ തെറ്റിദ്ധരിച്ചുകൊള്ളട്ടെ; സഭകളോ, സമുദായങ്ങളോ നമ്മെ പകച്ചുകൊള്ളട്ടെ, ഒരു ദോഷവുമില്ല; ഒരു കേടും നമുക്ക് സംഭവിക്കുകയില്ല. പക്ഷേ, പിശാച് അവകാശം പറയുന്നത് നമ്മുടെ ജീവിതത്തിൽ എവിടെയെങ്കിലുമുണ്ടെങ്കിൽ അത് നമുക്ക് മാരകമായ അപകടമായിത്തീരും.

എവിടെയെല്ലാം നിങ്ങൾക്ക് കേടുപറ്റിയിട്ടുണ്ട്? വാക്കിലാണോ അതോ നോട്ടത്തിലാണോ തെറ്റുപറ്റിയത്? നിങ്ങളുടെ കൈകളുടെ പ്രവൃത്തിയിലോ കൈകൊണ്ടു തൊട്ടതിലോ

ആണോ തെറ്റുപറ്റിയത്? നിങ്ങളുടെ കൂട്ടുകെട്ടിലാണോ തെറ്റു പറ്റിയത്? നിങ്ങളോടു നിരന്തരം സഹവാസം ചെയ്യുന്നവരുടെ സംസാരങ്ങളിൽ നിങ്ങൾ കുടുങ്ങിയതാണോ? അവരുടെ ആശയഗതികളോട് നിങ്ങളുടെ മനസ്സ് ചാഞ്ഞു ചാഞ്ഞുപോകുന്നതാണോ നിങ്ങൾക്കു തെറ്റുപറ്റിയത്?

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിനെതിരായി സംസാരിക്കുന്നവരുമായി കൂട്ടുകൂടി സംസാരിച്ചപ്പോഴാണോ നിങ്ങളുടെ ഹൃദയത്തിലേക്ക് അഴുക്കായ പലതും ചേക്കേറുവാൻ ഇടവന്നത്? ഓരോന്നോരോന്നു കണ്ടുപിടിക്കുമ്പോൾ നിങ്ങൾക്കിരുന്നു കരയാം. അനുതപിക്കാം. കർത്താവേ, ക്ഷമിക്കണമേ, എന്നു പറയാം. യേശുവേ, നിന്റെ അത്ഭുതകൃപയാലും കരുണയാലും സാത്താനെ മാറ്റിത്തരണമേ എന്നു നിങ്ങൾക്കു പ്രാർത്ഥിക്കാം. നിനക്കു തെറ്റുപറ്റിയതെവിടെയാണ്? വീഴ്ച വന്നതെവിടെയാണ്? പിശാച് ഇന്നും അവകാശം പറഞ്ഞു നിൽക്കുന്നത് ഏതെല്ലാം കാര്യങ്ങളിലാണ്? വിനയപൂർവ്വം നീ തന്നെത്താൻ ഇരുന്ന് ശോധന ചെയ്യുക. വേറൊരു കൗൺസിലിംഗ് സെന്ററിലേക്കു പോകണ്ട. ഏതെങ്കിലും ഒരു ദൈവദാസനെ കാണാൻ പോകണ്ട. ഒരു ദൈവദാസന്റെ അടുക്കൽ ആലോചന ചോദിക്കാൻ പോകണ്ട. ഈ തിരുവചനം നീ എടുക്കുക. വചനത്തിൽക്കൂടി നിന്നോടു സംസാരിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കുക.

എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, ഈ ശത്രുവായ പിശാച് അവകാശം പറയുന്ന ചില പാപങ്ങൾ എന്റെ ജീവിതത്തിലിപ്പോൾ തങ്ങിനിൽക്കുന്നു. എന്നെ നീ വിടുവിക്കണമേ. സാത്താന്റെ ഭീകരബാധയിൽ നിന്ന് എനിക്കു നീ മോചനം തരണമേ. ഇങ്ങനെ നിങ്ങൾ പ്രാർത്ഥിക്കൂ. അപ്പോൾ കാണാം ദൈവത്തിന്റെ പരിശുദ്ധാത്മാവു പ്രവർത്തിക്കുന്നത്. നിങ്ങളുടെ ഹൃദയത്തിലേക്ക് സത്യപ്രകാശം കടന്നു വരുന്നത്.

നിങ്ങളുടെ ഉള്ളത്തിൽനിന്ന് എന്തെല്ലാമോ ദുരാത്മബാ

ധകൾ മാറിപ്പോകുന്നത് നിങ്ങൾക്കറിയാൻ പറ്റും. നിങ്ങളുടെ തലച്ചോറിൽ നിന്ന് ചില ഭീകര ക്ഷുദ്രജീവികൾ ഇറങ്ങിപ്പോകുന്നത് നിങ്ങൾക്കു മനസ്സിലാക്കാൻ പറ്റും.

*"ഞങ്ങളുടെ മുന്തിരിത്തോട്ടങ്ങൾ പൂത്തിരിക്കയാൽ മുന്തിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ, ചെറുകുറുക്കന്മാരെ തന്നേ പിടിച്ചു തരുവിൻ."*

*ഉത്തമഗീതം 2 : 15*

തോട്ടത്തിൽ ധാരാളം മുന്തിരിങ്ങയുണ്ട്. മുന്തിരി നട്ടുവളർന്ന് തഴച്ച് മേതാളിച്ചുവരികയാണ്. ഫലസമൃദ്ധിയുള്ള നല്ല ഒന്നാന്തരം മുന്തിരിയാണ് നട്ടിരിക്കുന്നത്. നല്ലതുപോലെ വളമിട്ടു, തോട്ടം നല്ലതുപോലെ നനയ്ക്കുന്നു. നല്ല ശുശ്രൂഷ കിട്ടുന്നു. മുന്തിരി തഴച്ചു വളരുകയാണ്. അതെല്ലാം പൂത്തുലഞ്ഞു നിൽക്കുകയാണ്. ഹോ, എന്തൊരു ഭംഗി! യജമാനൻ വന്നു നോക്കിയപ്പോൾ വലിയ സന്തോഷം. എന്തുവലിയ വിളവെടുപ്പായിരിക്കും ഈ പ്രാവശ്യം! എന്തുമാത്രം മുന്തിരിങ്ങ കിട്ടും! അങ്ങനെ വലിയ പ്രതീക്ഷയോടെ യജമാനൻ വന്നു തോട്ടത്തിലൂടെയെല്ലാം നടന്നു.

എന്നാൽ അടുത്തപ്രാവശ്യം വന്നപ്പോൾ കഷ്ടം! ഇതാ ചില മുന്തിരിവള്ളിയെല്ലാം താഴെ കിടക്കുന്നു. ചിലതെല്ലാം ഉലഞ്ഞു വീണുകിടക്കുന്നു. മുന്തിരിവള്ളി ഉലഞ്ഞുപോയി! എന്തായിരിക്കുമോ? ക്ഷുദ്രപ്രാണിയൊന്നും കടക്കാൻ ഇടയില്ലല്ലോ. ചുറ്റും വേലികെട്ടിയിട്ടുണ്ട്. നല്ല ഒന്നാംതരം വേലിയാണ് ചുറ്റും കെട്ടിയിരിക്കുന്നത്. ഉപദ്രവം ചെയ്യുന്ന ഒരു ജീവികളും കടക്കാൻ ഒരു സാദ്ധ്യതയുമില്ല. പിന്നെന്തുപറ്റി ആവോ! യജമാനൻ നടന്നുനോക്കി. വല്ലതുമുണ്ടോ? ഭാഗ്യം! ഒന്നുമില്ല. സാരമില്ല, ഇത്രയല്ലേ പോയുള്ളു.

അടുത്തപ്രാവശ്യം വന്നു. അപ്പോഴുണ്ട്, നല്ല പൂത്തുലഞ്ഞു നിൽക്കുന്ന മുന്തിരികൾ ചിലത് താഴെ പറിച്ചിട്ടിരിക്കുന്നു. ചിലതെല്ലാം ഒടിച്ചുകളഞ്ഞിരിക്കുന്നു. വലിയ സങ്കടം തോന്നി. ഇത്രയും വലിയ അപകടം പറ്റിയല്ലോ! എന്തുമാത്രം

നല്ല മുന്തിരിങ്ങ കിട്ടേണ്ടതാണ്? പൂത്തുലഞ്ഞ് നിന്നതെല്ലാം താഴെ വീണുകിടക്കുന്നു. യജമാനൻ സങ്കടത്തോടെ ചുറ്റും നടന്നു നോക്കി.

ചെറുകുറുക്കന്മാർ കയറിയിട്ടുണ്ട്. പക്ഷേ, നോക്കിയിട്ടു കാണുന്നില്ല. ചെറുകുറുക്കന്മാരെ ഒന്നു പിടിച്ചുതരണം. യജമാനൻ വേലക്കാരോടൊക്കെപ്പറയുന്നു: ഒന്നു പിടിച്ചുതാ, നിങ്ങളൊന്നുത്സാഹിക്ക്, എല്ലാവരും നോക്ക്. എന്റെ മുന്തിരിതോട്ടം നശിപ്പിക്കുന്ന ചെറുകുറുക്കന്മാരെ പിടിച്ചു തരുവിൻ; യജമാനൻ ഇങ്ങനെ വിളിച്ചു പറയുകയാണ്.

ചെറുകുറുക്കന്മാർ! നോക്കി, നോക്കി നടക്കുമ്പോൾ ഒരു ഭാഗത്ത് ഒരു ചെറിയ പൊത്ത്. നല്ല തുറുത്തു വളർന്നു നിൽക്കുന്ന, നല്ല തഴച്ചുവളർന്നു നിൽക്കുന്ന മുന്തിരിയുടെ ചുവട്ടിൽ ഒരു ചെറിയ പൊത്ത്. യജമാനൻ പറഞ്ഞു: ഇ വി ടെ ഒന്നു കുഴിച്ചുനോക്ക്. മൺവെട്ടികൊണ്ടുവന്നു, മണ്ണു മാറ്റി. അടിയിലോട്ടു ചെല്ലുമ്പോൾ കുറച്ചുകൂടി വലിയ പൊത്താണ്.

കൂടുതൽ അടിയിലേക്കു ചെന്നപ്പോൾ അതിനകത്തു നിന്നു ചെറുകുറുക്കന്മാർ ഇറങ്ങി ഓടുന്നു. പിടിച്ചു തരുവിൻ, വേഗം പിടിച്ചുതരുവിൻ. എല്ലാറ്റിനേയും പിടിച്ചു കൊന്നു.

ദൈവപൈതലേ, ഇന്നു നിന്റെ തോട്ടത്തിൽ ദൈവത്തിന്റെ നടുതലയെ നശിപ്പിക്കുവാൻ ചെറുകുറുക്കന്മാർ കയറിയിട്ടുണ്ട്. വലിയ ഭീകരജീവികളല്ല. ഭീകരമായ മദ്യപാനമോ, വേശ്യാവൃത്തിയോ, വ്യഭിചാരജീവിതമോ അതല്ലെങ്കിൽ പുറമെ പ്രകടമായ പാപപ്രവൃത്തിയോ, കൊള്ളയോ, കവർച്ചയോ, കൊലപാതകമോ ഇതൊന്നുമല്ല. ചെറുകുറുക്കന്മാർ! നീരസങ്ങൾ, കയ്പ്, മുഷിച്ചിൽ, ഇഷ്ടക്കുറവ്, പരിഭവം, അസൂയ, ഉള്ളിൽ കോപം പുറമെ കോപിക്കുന്നില്ല; ഉള്ളിൽ വാശി, ഉള്ളിൽ മാതാപിതാക്കളോട് അത്രയങ്ങ് ഇണങ്ങിപ്പോകാത്ത പ്രകൃതം, ഭാര്യയെ വേണ്ടതുപോലെ സ്നേഹിക്കാത്ത ഒരു ചെറിയ അകൽച്ച, ഭർത്താവിനു പൂർണ്ണമായി വിധേയപ്പെടാത്ത ഒരഹന്ത, ദ്രവ്യാഗ്രഹത്തിന്റെ ഒരു ചെറിയ സൂചന, ചില

തെല്ലാം അങ്ങനെ കിടക്കുന്നു. മുന്തിരിവള്ളി നശിപ്പിക്കുകയാണ്.

മനോഹരമായ മുന്തിരിങ്ങ ഉണ്ടാകേണ്ടതാണ്. ധാരാളം വീഞ്ഞുണ്ടാകേണ്ടതാണ്. അനേകരെ മദിപ്പിക്കയും ലഹരി പിടിപ്പിക്കുകയും ചെയ്യുന്ന വീഞ്ഞ് ഉല്പാദിപ്പിക്കേണ്ടതാണ്. വലിയ പ്രതീക്ഷയോടെയാണ് യജമാനൻ ഈ തോട്ടം നട്ടു വളർത്തിയത്. മുന്തിരിവള്ളി എല്ലാം പൂത്തുവരികയാണ്. സ്നേഹിതരേ, നിങ്ങൾ അനേകംപേർ നല്ല പുഷ്പിച്ചുവരുന്ന അവസ്ഥയിലാണ്. പൂത്തുവരുന്ന അവസ്ഥയിലാണ്. അപ്പോഴാണ് ചെറുകുറുക്കന്മാർ കടന്നുവരുന്നത്.

ദൈവപൈതലേ, ഈ മുന്തിരിവള്ളി നട്ടപ്പോൾ വലിയ ശല്യമില്ല. നിങ്ങൾ മാനസാന്തരപ്പെട്ട കാലത്ത് വലിയ പ്രതിസന്ധികളൊന്നും വന്നില്ല. വലിയ പ്രശ്നങ്ങൾ ഒന്നും വന്നില്ല. എതിർപ്പുകളൊന്നും വന്നില്ല. നിങ്ങൾ ദൈവത്തിന്റെ ഫലം കായ്ക്കുമെന്നു വന്നപ്പോൾ, ദൈവത്തിന്റെ തോട്ടത്തിൽ പ്രയോജനമുള്ളവരായി തീരുമെന്നുവന്നപ്പോൾ ശത്രുവിനു സഹിച്ചില്ല. അവൻ ചില കെണികൾ വയ്ക്കുകയാണ്. ചില ഉപദ്രവങ്ങൾ വരുത്തുകയാണ് നിങ്ങളുടെ ജീവിതം നശിപ്പിക്കാൻ. ഈ മുന്തിരിവള്ളി പൂത്തു തുടങ്ങിയിരിക്കുന്നു. കായ്കൾ വിരിഞ്ഞ് തുടങ്ങിയിരിക്കുന്നു. ഇനി സൂക്ഷിച്ചുകൊള്ളണം.

ആദ്യകാലത്ത് വലിയ പ്രശ്നങ്ങളില്ല. പിശാചിന് നിന്നെ അത്ര പേടിയില്ല; ആത്മീയജീവിതത്തിൽ മുന്നോട്ടു വരുമ്പോഴാണ് പ്രശ്നങ്ങൾ കൂടുന്നത്. അപ്പോൾ പിശാചിന് പേടിയാണ്. ഇവൻ ഫലം കായ്ക്കുമെന്നു തോന്നുന്നു. ഇവൻ ദൈവവേലയ്ക്കു പ്രയോജനപ്പെടുമെന്നു തോന്നുന്നു. ഇവൾ കുടുംബമായി ഐശ്വര്യമായി തീരുമെന്ന് തോന്നുന്നു. ഇവളുടെ കുടുംബം അനുഗ്രഹിക്കപ്പെടുമെന്നു തോന്നുന്നു. ഇവളുടെ മക്കളും മക്കളുടെ മക്കളും അനുഗ്രഹിക്കപ്പെടുമെന്ന് തോന്നുന്നു.

ഈ എന്റെ മകനും അവന്റെ മക്കളും അവർ തലമുറ

യായി അനുഗ്രഹിക്കപ്പെടാൻ പോകുന്നു. ഇനി ഇതു നോക്കി നിന്നാൽ പറ്റില്ല. ഇവരെ തകർത്തേ പറ്റൂ. ഇവർക്ക് ഇഷ്ടക്കുറവുണ്ടാക്കണം. ഭാര്യയേയും ഭർത്താവിനേയും ഭിന്നിപ്പിക്കണം. ചെറിയ നീരസങ്ങൾ ഉണ്ടാക്കണം. കൂട്ടായ്മയിൽ ചെറിയ പടലപ്പിണക്കങ്ങൾ ഉണ്ടാക്കണം. കൂട്ടായ്മയിൽ ചെറിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാക്കണം. ഞാനോ, നീയോ എന്ന ചിന്തകളുണ്ടാക്കണം. എന്റെ അഭിപ്രായം നടന്നേ തീരൂ എന്ന ചില അഭിപ്രായങ്ങളുണ്ടാക്കണം.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ ചെറുകുറുക്കന്മാർ കയറിപ്പറ്റിയത് എവിടെ എന്നു കണ്ടുപിടിക്കുക.

അബ്രാഹാമിന്റെ ജീവിതത്തിൽ ചെറുകുറുക്കന്മാർ കടന്നു. നാവിൽ ഒരു പിഴ പറ്റി. അബ്രാഹാമിന്റെ വിശുദ്ധി നഷ്ടപ്പെട്ടു. മാത്രമല്ല വിശുദ്ധി നഷ്ടപ്പെട്ടതോടുകൂടി അബ്രാഹാമിന് മിസ്രയീമിൽ നിന്ന് ഒരു ദാസിയെ കിട്ടി, ഹാഗാർ.

> *“അബ്രാമിന്റെ ഭാര്യയായ സാറായി മക്കളെ പ്രസവിച്ചിരുന്നില്ല; എന്നാൽ അവൾക്കു ഹാഗാർ എന്നുപേരുള്ള ഒരു മിസ്രയീമ്യദാസി ഉണ്ടായിരുന്നു.”*
>
> *ഉല്പത്തി 16 : 1*

മിസ്രയീമിൽ പോയിട്ടു തിരികെ വരുമ്പോൾ ഹാഗാർ എന്നു പറയുന്ന ഒരു ദാസിയെ കൂടെ കൊണ്ടുവന്നു. അവളെ മിസ്രയീമിൽ നിന്നാണ് കിട്ടിയത്. ഒരു വേലക്കാരിയെ വിളിക്കുന്നതിൽ തെറ്റില്ലല്ലോ? പുറമെ നോക്കിയാൽ തെറ്റില്ല. മിസ്രയീമിൽ പോയതുകൊണ്ടു കിട്ടിയ ഒരപകടമാണ്, ഹാഗാറിനെ കൊണ്ടുവരാൻ ഇടയായി.

ദൈവപൈതലേ, നിന്റെ ഭവനത്തിൽ മിസ്രയീമ്യ ദാസി വസിച്ചാൽ അപകടമാണ്. അടുത്ത വീഴ്ചയിലേക്കു നീ നീങ്ങാൻ പോകുകയാണ്. ദോഷമില്ല എന്ന് നമുക്ക് തോന്നുന്ന കാര്യങ്ങളിലൂടെ പിശാചു കയറി വരികയാണ്. സൂക്ഷിക്കുക. വളരെ കരുതലോടെ നിൽക്കുക.

രണ്ടാമത്തെ നഷ്ടം, Family Peace നഷ്ടപ്പെട്ടു. അബ്രാഹാമും സാറായും തമ്മിലുള്ള ആ സ്നേഹത്തിൽ വിടവു വന്നു. അബ്രാഹാമും ഭാര്യ സാറായുമായുള്ള സ്നേഹ ബന്ധത്തിലേക്ക് മൂന്നാമതൊരാൾ കയറിവന്നു.

സൂക്ഷിക്കുക. മകനേ, നിന്റെ ഭാര്യയും നീയുമായുള്ള ബന്ധത്തിൽ, മകളേ നീയും നിന്റെ ഭർത്താവുമായുള്ള ബന്ധ ത്തിൽ വേറൊരാൾ കയറിവരാൻ ഒരു കാരണവശാലും ഇടവ രരുത്. ആ സ്നേഹബന്ധത്തിലേക്ക് ഒരന്യൻ കയറിവരാൻ നീ സമ്മതിക്കരുത്. ഫ്രണ്ട്ഷിപ്പിന്റെ പേരിലായിരിക്കാം തത്ക്കാലം വരുന്നത്. ശരിയാണ്, ചില കാര്യങ്ങളിൽ സഹായിക്കുന്നുണ്ടാ യിരിക്കും. ചില കാര്യങ്ങളിൽ ഉപകാരം ചെയ്യുന്നുണ്ടായിരിക്കും. ചില കാര്യങ്ങളിൽ നിനക്ക് പലതരത്തിലുള്ള ആനുകൂല്യങ്ങൾ കിട്ടുന്നതായിരിക്കും. സൂക്ഷിച്ചുകൊള്ളുക, അവിടെ അപകടം പതിയിരിക്കുന്നുണ്ട്. ഓരോ ചുവടുവയ്പ്പിലും ദൈവത്തിന്റെ മനുഷ്യൻ സൂക്ഷ്മതയുള്ളവനായിരിക്കണം.

ഇപ്പോൾ നിങ്ങൾക്കു ചിന്തിക്കാം, നഷ്ടങ്ങൾ എന്തെ ങ്കിലും എനിക്കു സംഭവിച്ചിട്ടുണ്ടോ? എന്റെ ആത്മീയജീവിത ത്തിൽ തീർത്താൽ തീരാത്ത നഷ്ടങ്ങളിൽ ഞാൻ വീണുപോ യിട്ടുണ്ടോ?

കർത്താവേ, നിന്റെ ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ ഇപ്പോൾ എന്നെ വീണ്ടെടുക്കണമേ. നിന്റെ തിരുരക്തത്താൽ എന്നെ നീ കഴുകണമേ. എന്റെ നഷ്ടങ്ങൾ നീ എന്നിൽ നിന്നു മാറ്റിത്തരണമേ. വന്നുപോയ പാകപ്പിഴകൾ എന്നിൽനിന്നു മാറ്റ ണമേ. എല്ലാ തിന്മകളും ദൂരീകരിക്കണമേ. എന്നെ വിശുദ്ധീക രിക്കണമേ. എന്റെ നാഥാ, നിന്റെ ആത്മാവിനെ എന്റെമേൽ പകരണമേ. തിരുനാമം മഹത്വപ്പെടുത്തണമേ.

# പതിനൊന്ന്

*"വിശ്വാസത്താൽ അബ്രാഹാം തനിക്ക് അവകാശമായി കിട്ടുവാനിരുന്ന ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ച് എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു."*

*എബ്രായർ 11 : 8*

വിശ്വാസത്താൽ അബ്രാഹാം പുറപ്പെട്ടു. എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു. അബ്രാഹാം ദൈവത്തിന്റെ വിളി ലഭിച്ചപ്പോൾ പുറപ്പെട്ടു.

അബ്രാഹാമിന്റെ ജീവിതത്തിലെ കാൽചുവടുകളെക്കുറിച്ചാണ് നാം ചിന്തിച്ചുവരുന്നത്. അബ്രാഹാമിന്റെ ജീവിതത്തിലെ ഓരോ ചുവടുവയ്പ്പുകളിലും, ഇന്നു ജീവിക്കുന്ന നമുക്ക് അനേകമനേകം പാഠങ്ങൾ പഠിക്കുവാനുണ്ട്.

അബ്രാഹാമിന്റെ ജീവിതത്തിൽ നേരിട്ട പ്രതിസന്ധികൾ, അബ്രാഹാം വിശ്വാസജീവിതത്തിൽ വളർച്ചയുടെ പടവുകൾ കയറിപ്പോയത്, അബ്രാഹാമിന്റെ ജീവിതത്തിൽ അനുഗൃഹീതമായ അനുഭവത്തിലേക്ക് അബ്രാഹാം വളർന്നു വരുന്നതിന്റെ പിന്നിലുണ്ടായ ത്യാഗങ്ങൾ, ആ യാത്രയിൽ അബ്രാഹാമിനുണ്ടായ വീഴ്ചകൾ, വീഴ്ചകൾ ഉണ്ടായെങ്കിലും അതിലെല്ലാം ദൈവം അബ്രാഹാമിനെ കരുതി മുന്നോട്ടു നയിച്ചത്, ഒടുവിൽ വിശ്വാസികളുടെ പിതാവായി തീർന്ന് മഹാസൗഭാഗ്യത്തിലേക്ക് അബ്രാഹാം എത്തിച്ചേർന്നത് എന്നിങ്ങനെയുള്ള അനേകമനേകം കാര്യങ്ങൾ അബ്രാഹാമിന്റെ ജീവിതത്തിലെ ചുവടുവയ്പുകളിൽ നിന്ന് നമുക്ക് പഠിക്കുവാനുണ്ട്.

*"എന്നാൽ നിങ്ങൾ പ്രകാശനം ലഭിച്ചശേഷം നിന്ദകളാലും പീഡകളാലും കൂത്തുകാഴ്ചയായി ഭവിച്ചും ആ വക അനുഭവിക്കുന്നവർക്ക് കൂട്ടാളികളായി തീർന്നും ഇങ്ങനെ കഷ്ടങ്ങളാൽ വളരെ പോരാട്ടം കഴിച്ച പൂർവ്വകാലം ഓർത്തുകൊൾവിൻ."*

*എബ്രായർ 10 : 32*

നിങ്ങൾക്ക് ഒരിക്കൽ സത്യപ്രകാശനം കിട്ടി. നിന്ദകളാലും പീഡകളാലും കൂത്തുകാഴ്ചയായി ഭവിച്ച ഒരുകാലം. അന്ന് പലരും നിങ്ങളെ നിന്ദിച്ചിരുന്നു, നിങ്ങൾ അല്പംപോലും പതറിയില്ല. കൂത്തുകാഴ്ചയായി തീർന്നു, എല്ലാവരും നിങ്ങളെ അപമാനിച്ചു, നിങ്ങൾക്കു തെല്ലും പ്രയാസം തോന്നിയില്ല. പീഡകളും നിന്ദകളും അനുഭവിക്കുന്നവർക്ക് നിങ്ങൾ കൂട്ടാളികളായിരുന്നു.

അന്ന് ആളുകൾ നിങ്ങളെ ആക്ഷേപിച്ചപ്പോൾ, നിങ്ങൾക്കു പ്രശ്നങ്ങൾ വന്നപ്പോൾ, നിങ്ങൾക്ക് ആവശ്യങ്ങൾ വന്നപ്പോൾ, രോഗങ്ങൾ വന്നപ്പോൾ,പണത്തിനു ഞെരുക്കം വന്നപ്പോൾ, നിങ്ങൾക്ക് ക്ഷീണം സംഭവിച്ച ഏതെല്ലാം കാര്യങ്ങൾ വന്നോ അതിലെല്ലാം നിങ്ങൾ തളരാതെ പോരാട്ടം കഴിച്ചു. അങ്ങനെയുള്ള അനുഭവമുള്ളവരുമായിട്ട് കൂട്ടായ്മ പാലിച്ചു.

"തടവുകാരോടു നിങ്ങൾ സഹതാപം കാണിച്ചതല്ലാതെ, സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമസമ്പത്ത് നിങ്ങൾക്കുണ്ട് എന്നറിഞ്ഞ്, സമ്പത്തുകളുടെ അപഹാരവും സന്തോഷത്തോടെ സഹിച്ചുവല്ലോ."

തടവുകാരോട് നിങ്ങൾ സഹതാപം കാണിച്ചതു മാത്രമല്ല, സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമസമ്പത്ത് നിങ്ങൾക്കുണ്ട് എന്ന വിശ്വാസമുണ്ടായിരുന്നു. ഇവിടെയുള്ളതെല്ലാം പോയാലും ഇവിടെ ക്ഷീണങ്ങൾ സംഭവിച്ചാലും സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമസമ്പത്ത് എനിക്കുണ്ട് എന്നുള്ള നല്ല ബോദ്ധ്യം നിങ്ങൾക്കുണ്ടായിരുന്നു. സമ്പത്തുകളുടെ അപഹാ

രമുണ്ടായപ്പോൾ, നീതി നിഷേധിച്ചപ്പോൾ, നമുക്കെതിരെ വലിയ വലിയ ആരോപണങ്ങൾ തെറുത്തുയർന്നപ്പോൾ, മിഥ്യാപവാദങ്ങളുടെ ശരങ്ങൾ നമ്മുടെമേൽ ആഞ്ഞ് എറിഞ്ഞപ്പോൾ അന്ന് നമുക്ക് ധൈര്യമുണ്ടായിരുന്നു. എന്നാൽ ഇന്നോ!

*"അതുകൊണ്ട് മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്." എബ്രായർ 10 : 35*

മഹാപ്രതിഫലമുള്ള ധൈര്യം! ഉന്നതമായ പ്രതിഫലമുള്ള ഒരു ധൈര്യമുണ്ടായിരുന്ന നിങ്ങൾ അതു തള്ളിക്കളയരുത്. നിങ്ങൾ പുറപ്പെട്ടതാണ്. നിങ്ങൾ അനുഗൃഹീതമായ ഒരു ജീവിതം തുടങ്ങിയതാണ്. സമർപ്പണം എടുത്തതാണ്. ദൈവത്തോടു വാക്കു പറഞ്ഞതാണ്. ദൈവം നിങ്ങളോടു വാക്കു പറഞ്ഞതാണ്. ദൈവം നിങ്ങൾക്കു വാഗ്ദത്തം തന്നതാണ്. നിങ്ങൾ ജീവിതം കർത്താവിനു തുറന്നുകൊടുത്തതാണ്. ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ രാജാധിരാജാവായി വാണതാണ്.

"സ്നേഹിതരേ, ഇപ്പോൾ നിങ്ങൾ നിങ്ങളുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കി ചിന്തിക്കൂ, ഒരു ആത്മീയലഹരി നിങ്ങൾക്കുണ്ടായിരുന്ന ഒരു കാലമില്ലേ? ആത്മാവിന്റെ തീ നിങ്ങളിൽ കത്തിക്കൊണ്ടിരുന്ന ഒരു കാലമില്ലേ? ആത്മാവിന്റെ സന്തോഷത്തിന്റെ പുകഴ്ചയിൽ നിങ്ങൾ ആനന്ദിച്ചാറാടി ആരവാരത്തോടെ ദൈവത്തെ ആരാധിച്ച ഒരു നല്ല കാലമുണ്ടായിരുന്നില്ലേ? എന്നാൽ ഇന്നത്തെ അവസ്ഥ എന്താണ്? ഇന്ന് നിങ്ങൾ തളർന്നിരിക്കുകയാണോ?

അബ്രാഹാം തളർന്നുപോയി; അബ്രാഹാം ദൈവത്തിലുള്ള വിശ്വാസം ത്യജിച്ചു കളഞ്ഞു. ദൈവത്തിന്റെ വാഗ്ദത്തത്തിലുള്ള വിശ്വാസം ത്യജിച്ചുകളഞ്ഞു. ദൈവത്തിന്റെ വചനത്തിലുള്ള വിശ്വാസം ത്യജിച്ചുകളഞ്ഞു. വിശ്വാസം നഷ്ടപ്പെട്ടുപോയി.

വിശ്വാസം നഷ്ടപ്പെടുത്തരുത്. തിമൊഥെയോസിന്

ലേഖനമെഴുതുമ്പോൾ അപ്പൊസ്തലനായ പൗലോസ് പറയും: "അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി" എന്ന്. വിശ്വാസക്കപ്പൽ തകർന്നുപോകാൻ ഒരു കാരണവശാലും നിങ്ങൾ സമ്മതിക്കരുത്.

> *"ചിലർ നല്ല മനസ്സാക്ഷി തള്ളിക്കളഞ്ഞിട്ട് അവരുടെ വിശ്വാസക്കപ്പൽ തകർന്നുപോയി. ഹുമനയൊസും അലെക്സന്തരും ഈ കൂട്ടത്തിൽ ഉള്ളവർ ആകുന്നു." 1 തിമൊഥെയോസ് 1 : 19, 20*

വിശ്വാസക്കപ്പൽ തകർന്നുപോയ വിശ്വാസവീരന്മാർ വഴിയോരങ്ങളിൽ പട്ടുകിടക്കുന്നു. സ്നേഹിതരേ, വിശ്വാസക്കപ്പൽ തകർത്തു കളയരുത്. അത് അഭംഗുരം നിങ്ങൾ പരിപാലിച്ചുകൊണ്ടുപോകുക. കർത്താവേ, ഒരു വിശ്വാസക്കപ്പൽ നീയെനിക്കു തന്നു. വിശ്വാസനങ്കൂരം നീ എനിക്കു തന്നു. നീ വലിയവനാണെന്ന് എനിക്ക് മനസ്സിലാക്കി തന്നു. അനുഭവങ്ങൾ തന്നു.

എന്നെ നടത്താൻ, എന്നെ നയിക്കാൻ, എന്നെ പരിപാലിക്കാൻ, എന്നെ പോറ്റാൻ, എന്നെ സംരക്ഷിക്കാൻ, എനിക്കു വേണ്ടി കരുതാൻ എന്റെ നാഥനുണ്ട് എന്നുള്ള വിശ്വാസം നീ എനിക്കു തന്നു. എന്നാൽ എന്റെ വിശ്വാസക്കപ്പൽ തകരാൻ ഇടയാകരുതേ. കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്നെ നീ അന്ത്യംവരെയും സൂക്ഷിക്കുമെന്ന്.

സുപ്രസിദ്ധ ശാസ്ത്രജ്ഞനായ മൈക്കിൾ ഫാരഡെ, മരിക്കാറായി കിടക്കുകയാണ്. അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ശിഷ്യന്മാരുമെല്ലാം അവിടെ വന്നിട്ടുണ്ട്. അവരെല്ലാവരും അദ്ദേഹം തന്റെ അവസാന നിമിഷങ്ങളിലേക്കു നീങ്ങുന്നതുകണ്ട് നോക്കി നിൽക്കുകയാണ്. അദ്ദേഹം അവരുടെ നേരെ മാറി മാറി നോക്കി. അപ്പോൾ അവരിൽ ഒരാൾ ചോദിച്ചു: ഗുരോ, ഒന്നു ചോദിച്ചുകൊള്ളട്ടെ. അങ്ങേയ്ക്ക് ഞങ്ങളോടിപ്പോൾ അവസാനമായി എന്തെങ്കിലും പറയുവാനുണ്ടോ?

അദ്ദേഹം പറഞ്ഞു: ഉണ്ട് എനിക്കു പറയുവാനുണ്ട്: “ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ അവൻ ശക്ത നെന്ന് ഞാൻ ഉറച്ചുമിരിക്കുന്നു.” ഈ തിരുവചനമാണ് മൈക്കിൾ ഫാരഡെ അവസാനമായി പറഞ്ഞ വാക്കുകൾ:

ഇന്ന് നിങ്ങൾക്ക് ഈ ഉറപ്പുണ്ടോ? ആരുടെ പിറകെ യാണ് പുറപ്പെട്ടത്? ആരുടെ വചനമാണ് നിങ്ങളെ ഉണർത്തി യത്? ആരാണ് നിങ്ങളെ പുറപ്പെടുവിച്ചത്? ആരാണ് ഇത്ര ത്തോളം നിങ്ങളെ നടത്തിയത്? ഇവിടെ വരെ എത്തിച്ചതാ രാണ്? അബ്രാഹാമിനു വന്ന നഷ്ടം, വിശ്വാസം നഷ്ടപ്പെട്ടു പോയി എന്നതാണ്.

> *“ മിസ്രയീമിൽ എത്തുമാറായപ്പോൾ അവൻ തന്റെ ഭാര്യ സാറായിയോടു പറഞ്ഞത്: ഇതാ, നീ സൗന്ദ ര്യമുള്ള സ്ത്രീയെന്നു ഞാൻ അറിയുന്നു. മിസ്രയീ മ്യർ നിന്നെ കാണുമ്പോൾ: ഇവൾ അവന്റെ ഭാര്യ എന്നു പറഞ്ഞു എന്നെ കൊല്ലുകയും നിന്നെ ജീവ നോടെ രക്ഷിക്കയും ചെയ്യും. നീ എന്റെ സഹോദ രിയെന്നു പറയേണം; എന്നാൽ നിന്റെ നിമിത്തം എനിക്കു നന്മവരികയും ഞാൻ ജീവിച്ചിരിക്കയും ചെയ്യും.”* *ഉല്പത്തി 12 : 11 – 13*

മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്.

മൂന്നാമത്തെ കാര്യം അതാണ്. അബ്രാഹാമിന്റെ ധൈര്യം നഷ്ടപ്പെട്ടു. Courage നഷ്ടപ്പെട്ടു. അബ്രാഹാം ധൈര്യശാലി യായിരുന്നു. ആരെല്ലാം എന്തെല്ലാം ചിന്തിച്ചാലും ഒരു പേടിയു മില്ലാതെ പുറപ്പെട്ടവനാണ്. പക്ഷേ, അബ്രാഹാമിന്റെ ധൈര്യവും നഷ്ടപ്പെട്ടു. നീ എന്നെ ജീവനോടെ രക്ഷിക്കണം എന്നാണ് പറയുന്നത്. എന്തിന് അബ്രാഹാം ഭാരപ്പെടണം! നിന്നിൽ ഭൂമി യിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടുമെന്നല്ലേ ദൈവം പറഞ്ഞത്? എന്നാൽ പിന്നെ എന്തിന് മരണത്തെ പേടി

ക്കണം? അബ്രാഹാം എന്തിനു ഭാവിയെ പേടിക്കണം? അബ്രാഹാമിന് ആ പേടി വന്നത് അബ്രാഹാമിന്റെ ജീവിതത്തിൽ വിശ്വാസവും വിശുദ്ധിയും നഷ്ടപ്പെട്ടതുകൊണ്ടാണ്.

സ്നേഹിതരേ, നിങ്ങൾക്ക് ഭയം വരുന്നുണ്ടോ? നിങ്ങൾക്ക് എവിടെയെങ്കിലും ഭീതി വരുന്നുണ്ടോ? ഹൃദയത്തിൽ ഒരു ചാഞ്ചല്യം വരുന്നുണ്ടോ? എവിടെയെങ്കിലും നിങ്ങൾക്കൊരു പതർച്ച വരുന്നുണ്ടോ? അതിന്റെ പിന്നിൽ നിങ്ങളുടെ വിശുദ്ധി നഷ്ടപ്പെട്ടിട്ടുണ്ട്. വിശ്വാസം നഷ്ടപ്പെട്ടിട്ടുണ്ട്, വ്യക്തമാണ്.

നാളെയെക്കുറിച്ചുള്ള ആവലാധി വരുന്നുണ്ടോ? ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ നിങ്ങളെ വലയം ചെയ്യുന്നുണ്ടോ? നിങ്ങളുടെ മനസ്സിൽ പല കാര്യങ്ങളെക്കുറിച്ചുള്ള മനോവിഷാദങ്ങൾ വന്ന് നിങ്ങളെ അലട്ടുന്നുണ്ടോ? ഒരു വിഷാദാത്മകത്വം നിങ്ങളെ ബാധിക്കുന്നുണ്ടോ? ഒന്ന് നിങ്ങൾ ഓർക്കുക. അത് മാറാനുള്ള പോംവഴി വിശുദ്ധിയിലേക്കു തിരികെ വരിക, വിശ്വാസത്തിലേക്കു തിരികെ വരിക എന്നുള്ളതാണ്.

ഒന്ന് : അബ്രാഹാമിന് വിശുദ്ധി നഷ്ടപ്പെട്ടു.

രണ്ട് : അബ്രാഹാമിന് വിശ്വാസം നഷ്ടപ്പെട്ടു.

മൂന്ന് : അബ്രാഹാമിന് ധൈര്യം നഷ്ടപ്പെട്ടു.

ഭയം ബാധിച്ചു. ആയുസ്സിനെക്കുറിച്ചുള്ള ഭയം! ഭാവിയെക്കുറിച്ചുള്ള ഭയം! ജീവനെക്കുറിച്ചുള്ള ഭയം! പ്രാണഭയം അബ്രാഹാമിനു നേരിട്ടു.സ്നേഹിതരേ, നിങ്ങൾ ഭയപ്പെട്ടിരിക്കുന്നവരാണോ? ഏതെങ്കിലും കാര്യത്തിൽ മനസ്സു വിഷാദിച്ചിരിക്കുന്നവരാണോ? അയ്യോ! നാളെ എന്ത്? അയ്യോ, എന്റെ പരീക്ഷ എങ്ങനെ പാസ്സാകും? അയ്യോ, എനിക്ക് തൊഴിലില്ലാതെ വന്നാൽ ഞാൻ എന്തു ചെയ്യും? എന്റെ ശമ്പളം കുറഞ്ഞാൽ എന്തുചെയ്യും? എന്റെ മക്കളുടെ ഭാവി എന്താകും?

പ്രിയപ്പെട്ടവരേ, പലതിനെക്കുറിച്ച് നിങ്ങൾ ആകുലപ്പെട്ടിരിക്കയാണോ? ഓർക്കൂ, ദൈവത്തിൽ നിങ്ങൾ വിശ്വാസം വയ്ക്കുക. ക്രിസ്തുവിൽ നിങ്ങൾ ആശ്രയം വയ്ക്കുക. അവൻ തന്നെത്തന്നെ നമുക്ക് തന്നവനാണ്.

അപ്പൊസ്തലനായ പൗലോസ്, എന്തൊരു ധൈര്യത്തോടെയാണ് പറയുന്നത്!

> *"ഇതു സംബന്ധിച്ചു നാം എന്തു പറയേണ്ടൂ? ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലം ആർ? സ്വന്തപുത്രനെ ആദരിക്കാതെ നമുക്കെല്ലാവർക്കും വേണ്ടി ഏൽപിച്ചു തന്നവൻ അവനോടുകൂടി സകലവും നമുക്കു നൽകാതിരിക്കുമോ? ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം. ശിക്ഷ വിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ; മരിച്ചിട്ട് ഉയർത്തെഴുന്നേറ്റവൻ തന്നെ; അവൻ ദൈവത്തിന്റെ വലതുഭാഗത്തിരിക്കയും നമുക്കു വേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു; അറുപ്പാനുള്ള ആടുകളെപ്പോലെ ഞങ്ങളെ എണ്ണുന്നു." എന്ന് എഴുതിയിരിക്കുന്നുവല്ലോ. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിലൊക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു. മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ചകൾക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയരത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ*

*നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു.” റോമർ 8 : 31 – 39*

അവിടെ ധൈര്യമാണ്. വിശ്വാസത്തികവാണ്. വിശ്വാസത്തിന്റെ ദാർഢ്യമാണ്.

നിങ്ങൾക്ക് എന്തെല്ലാം നഷ്ടം വന്നിട്ടുണ്ട്? വിശ്വാസം നഷ്ടപ്പെട്ടിട്ടുണ്ടോ? വിശുദ്ധി നഷ്ടപ്പെട്ടിട്ടുണ്ടോ? ധൈര്യം നഷ്ടപ്പെട്ടിട്ടുണ്ടോ? എന്നാൽ ഇതെല്ലാം തിരികെ തരാൻ ക്രൂശിൽ മരിച്ചവൻ നിങ്ങളുടെ അരികത്തേക്കു വന്നിരിക്കുന്നു. ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്ന ക്രിസ്തു നിങ്ങളുടെ സമീപത്തു നിൽക്കുന്നു.

മകനേ, നിനക്കു ഞാൻ വിശ്വാസം തരാം. മകളേ, നിനക്കു ഞാൻ വിശുദ്ധി തരാം. യൗവ്വനക്കാരാ, നിനക്കു ഞാൻ ധൈര്യം തരാം. മുന്നോട്ടു പോകാൻ ഞാൻ നിന്റെ കരത്തിൽ പിടിക്കാം. ഞാൻ നിന്നെ വലംകൈക്കു പിടിച്ചിരിക്കുന്നു: എന്റെ വലംകൈ നിന്നെ താങ്ങിയിരിക്കുന്നു. എന്റെ കരം നിന്നെ പിടിച്ചിരിക്കുന്നു. മകനേ, അധൈര്യപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്. ഭാരപ്പെടേണ്ട, ഞാൻ നിന്നെ കാക്കും, ഞാൻ നിന്നെ പരിപാലിക്കും, ഞാൻ നിനക്കു തുണയായിരിക്കും. നിന്റെ വേദനാവിഷയങ്ങൾ ഞാൻ ഏറ്റെടുക്കും; നിന്റെ ഭാവി ഞാൻ ഏറ്റെടുക്കും; അന്ത്യത്തോളം ഞാൻ നിന്നെ പരിപാലിക്കും.

നിങ്ങൾ ദൈവത്തിന്റെ വചനം വിശ്വസിപ്പിൻ; ദൈവകരങ്ങളിലേക്കു നിങ്ങളെ ഏൽപ്പിക്കുവിൻ; അവനോടു വാക്കു പറയുവിൻ: യേശുവേ, ഞാൻ നിന്നെ വിശ്വസിക്കുന്നു; ഞാൻ വിശുദ്ധി പാലിച്ചുകൊള്ളാം. ഞാൻ ധൈര്യശാലിയായി നിന്നുകൊള്ളാം; ഞാൻ നിന്നിൽ ധൈര്യപ്പെട്ടുകൊള്ളാം; ഇന്നുമുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

## പന്ത്രണ്ട്

*"അപ്പോൾ ഫറവോൻ അബ്രാമിനെ വിളിച്ചു: നീ എന്നോട് ഈ ചെയ്തത് എന്ത്? ഇവൾ നിന്റെ ഭാര്യ യെന്ന് എന്നെ അറിയിക്കാഞ്ഞത് എന്ത്? അവൾ എന്റെ സഹോദരി എന്ന് എന്തിനു പറഞ്ഞു? ഞാൻ അവളെ ഭാര്യയായിട്ട് എടുപ്പാൻ സംഗതി വന്നുപോയല്ലോ."* *ഉല്പത്തി 12 : 18*

നാലാമതായി, അബ്രാഹാമിനു സാക്ഷ്യം നഷ്ടപ്പെട്ടു. ജാതീയരാജാവ് അബ്രാഹാമിനെ വിളിച്ചു പറഞ്ഞു. പുറജാതി കളുടെ രാജാവ് വിശ്വാസികളുടെ പിതാവിനോട്, ദൈവവ ചനം കേട്ടു പുറപ്പെട്ട ദൈവപൈതലിനോടു ചോദിക്കുകയാണ്: നീ എന്തിനാണ് നുണ പറഞ്ഞത്? നീ ഒരു വിശ്വാസിയല്ലേ! നീ ദൈവത്തിന്റെ വചനം കേട്ട് പുറപ്പെട്ടവനല്ലേ? നീ എന്തിനാണ് എന്നോടു നുണ പറഞ്ഞത്? ഇവൾ എന്റെ ഭാര്യയെന്ന് നീ ഇവ ളെക്കുറിച്ച് പറയാഞ്ഞതെന്ത്?

അബ്രാഹാമിന് സാക്ഷ്യം നഷ്ടപ്പെട്ടു! സാക്ഷ്യജീവിതം നഷ്ടപ്പെട്ടു!

സ്നേഹിതരേ, ചിന്തിക്കൂ. നിങ്ങൾ സാക്ഷ്യജീവിതത്തി ലാണോ ഇന്ന് നിൽക്കുന്നത്? മറ്റുള്ളവർ നിങ്ങളിൽ കുറ്റം കണ്ടെത്തുവാൻ ഇടവരുന്നുണ്ടോ? മറ്റുള്ളവർ നിങ്ങളെ നോക്കി ഇതു ചെയ്തവനല്ലേ നീ എന്നു പറയാൻ ഇടവരുന്നുണ്ടോ?

റോമർക്കെഴുതിയ ലേഖനം 2-ാം അദ്ധ്യായത്തിൽ അപ്പൊ സ്തലായ പൗലോസ് പറയും: "നിങ്ങൾ നിമിത്തം ദൈവത്തിന്റെ

നാമം ജാതികളുടെ ഇടയിൽ ദുഷിക്കപ്പെടുന്നു" എന്ന്.

ദൈവനാമം ദുഷിക്കാൻ ഇടവരരുത്. സാക്ഷ്യമില്ലാത്ത ജീവിതം നയിക്കാൻ ഇടവരരുത്.

സാക്ഷ്യം നഷ്ടപ്പെട്ടവർ സാക്ഷ്യം തിരികെ പ്രാപിക്കണം. സാക്ഷ്യമുള്ള ജീവിതം! ജോലിസ്ഥലത്ത് വിശ്വസ്തത, സ്ത്രീ പുരുഷന്മാർ തമ്മിലുള്ള പെരുമാറ്റത്തിൽ മാന്യത, വിശുദ്ധി, പണസംബന്ധമായ കാര്യങ്ങളിൽ സത്യസന്ധത ഇങ്ങനെ നല്ല സാക്ഷ്യം നിങ്ങൾ പ്രാപിക്കണം.

"ഗൃഹവിചാരകന്മാരിൽ ദൈവം അന്വേഷിക്കുന്നതോ അവർ വിശ്വസ്തരായിരിക്കണമെന്നു തന്നേ."

ഓർക്കുക. ജാതികളുടെ ഇടയിൽ സാക്ഷ്യം നഷ്ടപ്പെട്ട വനായി അബ്രാഹാം തീർന്നു. പുറജാതി രാജാവിന്റെ മുമ്പിൽ, പുറജാതി ജനങ്ങളുടെ മുമ്പിൽ സാക്ഷ്യം നഷ്ടപ്പെട്ടവനായി തീർന്നു.

ഒരു സമയത്ത് നല്ല സാക്ഷ്യമുള്ള ദൈവപൈതലായിരുന്നു അബ്രാഹാം. എന്തൊരു കരുത്തുള്ള ജീവിതമായിരുന്നു! എന്തൊരു വിലപ്പെട്ട ജീവിതമായിരുന്നു!

അഞ്ചാമതായി അബ്രാഹാമിന്റെ സമാധാനം നഷ്ടപ്പെട്ടു.

അബ്രാഹാമിന് മിസ്രയീമിലേക്കു പോയി എന്നതുകൊണ്ട് കുടുംബസമാധാനം നഷ്ടപ്പെട്ടു. അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബമായിരുന്നു, അബ്രാഹാമിന്റെ കുടുംബം. അബ്രാഹാമും ഭാര്യ സാറായിയും എന്തൊരു സ്നേഹത്തിലായിരുന്നു! എന്തൊരു ഐക്യമായിരുന്നു! എന്തൊരു ശാന്തതയും സമാധാനവുമുള്ള കുടുംബമായിരുന്നു! നല്ല ഐശ്വര്യമുള്ള ഒരു കുടുംബം!

നമ്മുടെ പലരുടേയും സ്വപ്നം ഒരു സമാധാനമുള്ള കുടുംബം എന്നുള്ളതാണ്. ഒരു സ്വർഗ്ഗീയകുടുംബം! ഭൂമിയിൽ

സ്വർഗ്ഗം രചിക്കുന്ന അനുഗൃഹീതമായ ഒരു കുടുംബം! ഭാര്യയും ഭർത്താവും ഒരുമിച്ച് ഒരു മനസ്സായി, ഒരു ഹൃദയ മായി കഴിയുക. ഏക അഭിപ്രായമായി കഴിയുക. ഹൃദയത്തിൽ യാതൊരു കിറുകിറുപ്പുമില്ലാതെ, യാതൊരു ശണ്ഠയുമില്ലാതെ, അല്പം പോലും ഇണക്കക്കുറവില്ലാതെ, ഐക്യത്തിൽ തിക ഞ്ഞവരായി ജീവിക്കുക. എന്തൊരു സൗഭാഗ്യമാണത്! വാസ്തവത്തിൽ ഒരു മനുഷ്യൻ ഈ ഭൂമിയിൽ നേടേണ്ട ഏറ്റവും വലിയ അനുഗ്രഹമാണ് ഒരു സമാധാനമുള്ള കുടുംബ ജീവിതം.

ഇപ്പോൾ നിങ്ങൾ ദയവായി ചിന്തിക്കൂ. എന്റെ കുടുംബ ത്തിൽ ഒരു സത്യസമാധാനമുണ്ടോ? പൂർണ്ണമായ ഒരു ഐക്യ മുണ്ടോ? കുടുംബത്തിൽ ഒരു harmony-യുണ്ടോ? ഭാര്യാഭർത്താ ക്കന്മാർ തമ്മിൽ ആ സ്നേഹത്തിന്റെ സാമഞ്ജസ്യമായ അനു ഭവം! അതു നമുക്കു നിലനിർത്താൻ പറ്റുന്നുണ്ടോ? എന്റെ കുടുംബം എങ്ങനെയാണ്?

തമ്മിൽ തമ്മിൽ വിരോധമുണ്ടെന്നോ തർക്കമുണ്ടെന്നോ വൈരാഗ്യമുണ്ടെന്നോ അല്ല. എല്ലാം ഭർത്താവ് ചെയ്യുന്നു. ഭാര്യ വളരെ വിനയത്തോടെ അദ്ദേഹത്തിന്റെ സ്വഭാവം സഹി ക്കുന്നുണ്ടാകാം. പക്ഷേ, ഉള്ളിൽ നെടുവീർപ്പാണ്. ഉള്ളിൽ വലിയ തകർച്ചയാണ്. ഭർത്താവിന്റെ സ്വഭാവങ്ങൾ, ഭർത്താ വിന്റെ പെരുമാറ്റങ്ങൾ വിതുമ്പലോടെ ആ പാവം സ്ത്രീ സഹി ക്കുകയായിരിക്കും. അവിടെ harmony ഇല്ല.

ഭാര്യയുടെ ചില പ്രകൃതങ്ങൾ, ചില സ്വഭാവങ്ങൾ, പെരു മാറ്റങ്ങൾ, അവളുടെ സ്വഭാവത്തിന്റെ ചില വശങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന ചില പ്രത്യേകതകൾ, പാവം ഭർത്താവ് ഉള്ളു നൊന്ത്, വിങ്ങി വിങ്ങി, പുറത്തു പക്ഷേ ആരേയും അറി യിക്കാതെ ശ്രദ്ധിക്കുമായിരിക്കും. എന്നാൽ പ്രിയപ്പെട്ടവരേ, കുടുംബജീവിതത്തിൽ സ്നേഹവും സന്തോഷവും, സമാധാ നവുമുണ്ടോ?

ഇല്ലെങ്കിൽ അതു നിങ്ങൾ പ്രാപിക്കണം. ജീവിതത്തിൽ സത്യസമാധാനം നിങ്ങൾ അനുഭവിക്കണം. നിർമ്മലമായ, നിഷ്ക്കളങ്കമായ സ്നേഹം, പരസ്പരമുള്ള ഒരു മനസ്സ്, ഏകഹൃദയം, ഏക അഭിപ്രായം, ഏക ലക്ഷ്യം, ഇതു പ്രാപിച്ചാൽ നിങ്ങൾ ഭാഗ്യശാലികളാണ്.

അബ്രാഹാമിന് കുടുംബസമാധാനം നഷ്ടപ്പെട്ടു. മിസ്രയീമിൽനിന്ന് തിരികെ പോന്നപ്പോൾ അബ്രാഹാം മിസ്രയീമ്യദാസിയായ ഹാഗാറിനെ കൊണ്ടുവന്നു. ഈ ഹാഗാർമൂലം കുടുംബത്തിന്റെ സമാധാനം നഷ്ടപ്പെട്ടു. ആ കുടുംബത്തിലേക്ക് ഹാഗാറിനെ കൊണ്ടുവരുന്നത് വേലക്കാരിയായിട്ടാണ്. ഒരുപക്ഷേ, സാറായുടെ താത്പര്യ പ്രകാരമായിരിക്കാം. അബ്രാഹാമിനും തോന്നി. അപ്പോൾ മറ്റൊന്നും ചിന്തിക്കുന്നില്ല. പക്ഷേ, പിന്നീട് ആ കുടുംബത്തിന്റെ സ്നേഹവും സമാധാനവും സന്തോഷവും നഷ്ടപ്പെട്ടു.

> *"സാറായി അബ്രാമിനോട്: ഞാൻ പ്രസവിക്കാതിരിപ്പാൻ യഹോവ എന്റെ ഗർഭം അടച്ചിരിക്കുന്നുവല്ലോ. എന്റെ ദാസിയുടെ അടുക്കൽ ചെന്നാലും; പക്ഷേ അവളാൽ എനിക്കു മക്കൾ ലഭിക്കും എന്നു പറഞ്ഞു. അബ്രാം സാറായിയുടെ വാക്ക് അനുസരിച്ചു."*
>
> *ഉല്പത്തി 16 : 2*

പ്രിയപ്പെട്ടവരേ, ഇതു നമുക്കു ചിന്തിക്കാവുന്ന ഒരു വാക്കല്ല. പക്ഷേ, അതു സംഭവിച്ചു. സാറാ പറഞ്ഞു: ദൈവം നമ്മോടൊരു വാക്കു പറഞ്ഞിട്ടില്ലേ? കർത്താവ് പണ്ടു പറഞ്ഞത് അങ്ങേയ്ക്ക് ഓർമ്മയില്ലേ? കടൽക്കരയിലെ മണൽ പോലെ സന്തതിയുണ്ടാകുമെന്ന്; ആകാശത്തിലെ നക്ഷത്രംപോലെ നിനക്കു സന്തതിയുണ്ടാകുമെന്ന്; ഈ ദേശം നിന്റെ സന്തതി പരമ്പരകൾ കൈവശമാക്കുമെന്ന്? പക്ഷേ, അതു ഞാൻ തന്നെ പ്രസവിച്ചാണെന്ന് ദൈവം പറഞ്ഞായിരുന്നോ?

അബ്രാമിന്റെ മനസ്സിലേക്ക് അരുതാത്ത ചിന്തയുടെ ഒരു ചെറിയ വിത്ത് ചെന്നു വീണു. ഭാര്യ കൊടുത്ത ആലോചന യാണ്. സാറാ കർത്താവിന്റെ മുഖത്തേക്ക് ഒന്നു നോക്കിയിരു ന്നെങ്കിൽ! അല്ല, സാറാ അങ്ങനെ പറഞ്ഞു എങ്കിലും, അബ്രാഹാം ഒന്നു നോക്കിയിരുന്നെങ്കിൽ! എന്റെ കർത്താവേ, എന്റെ ഭാര്യ ഇങ്ങനെ ഒരു അഭിപ്രായം പറയുന്നു. എന്താണ് ഞാൻ അവിടെ എടുക്കേണ്ട നിലപാട്? നീ എനിക്കൊന്നു കാണിച്ചു തരണമേ. നീ എന്നോട് നേരിട്ടു സംസാരിച്ചതാ ണല്ലോ. വിഗ്രഹാരാധനക്കാരനായി അങ്ങ് മെസ്സപ്പൊത്താമ്യ യിൽ ഞാൻ താമസിച്ചപ്പോൾ നീ എന്നോട് നേരിട്ടിങ്ങനെ സംസാരിച്ചതല്ലേ? എന്നോട് നേരിട്ട് നിന്റെ ആലോചന പറഞ്ഞു തന്നതല്ലേ? എന്നെ വചനം തന്നു നടത്തിയതല്ലേ?

ഇപ്പോൾ കരുണതോന്നി എനിക്ക് നീ ഒരു നല്ല ആലോചന തരണം. എന്റെ ഭാര്യ പറയുന്ന ആലോചനപ്രകാരം ഞാൻ ഈ വേലക്കാരിയെ സാറായെപ്പോലെ കരുതി, അവളിൽ മക്കളു ണ്ടാകണമെന്നായിരിക്കുമോ കർത്താവേ, നീ ആഗ്രഹിച്ചത്? നിന്റെ വചനത്തിന്റെ അർത്ഥം എന്താണ്? എന്നോടു സംസാ രിച്ച വചനത്തിന്റെ പ്രസക്തി എന്താണ്? എനിക്കൊന്നു മനസ്സിലാക്കി തരുമോ എന്ന് ചോദിക്കാമായിരുന്നു. അബ്രാ ഹാമിന് കുടുംബസമാധാനം നഷ്ടപ്പെടുന്നതിന് അതു കാര ണമായി തീർന്നു

ജീവിതത്തിൽ അനേകമനേകം ദുരാലോചനകൾ വന്നു എന്നു വരും. കുടുംബത്തിൽ ഉള്ളവരിൽ നിന്നു തന്നെ വരാം. സ്വന്തം ഭർത്താവിൽനിന്ന്, സ്വന്തം മക്കളിൽനിന്ന്, ഒരു പക്ഷേ, സ്വന്തം മാതാപിതാക്കളിൽനിന്നും വന്നു എന്നു വരാം. കൂടെ ജോലി ചെയ്യുന്നവരിൽനിന്നു വരാം. നമ്മുടെ കൂട്ടുകെട്ട് പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം. പലപ്പോഴും നമ്മെ അപകട ത്തിലാക്കുന്നത് നമ്മുടെ കുട്ടുകാരാണ്.

അനേകർ തകർന്നു പോയത്, അനേകം യുവാക്കന്മാർ

തകർന്നുകൊണ്ടിരിക്കുന്നത് അവരുടെ കൂട്ടുകെട്ടിൽ കൂടെയാണ്. ഹൈസ്കൂളിലും കോളേജിലും പഠിക്കുന്ന അനേകം കുട്ടികൾ അവരുടെ ജീവിതം ശൂന്യമാക്കിക്കൊണ്ടിരിക്കുന്നത് അവരുടെ കൂട്ടുകെട്ടിൽ കൂടെയാണ്.

നമ്മുടെ കേരളത്തിൽ ജീവിച്ച് ഇവിടെ പഠിച്ച് എന്നാൽ higher studies-നുവേണ്ടി കേരളത്തിനു വെളിയിലേക്കു പോകുന്ന അനേകമനേകം ആൺകുട്ടികളും പെൺകുട്ടികളും അവിടെ ചെന്ന് കൂട്ടുകൂടുമ്പോൾ വന്നു ചേരുന്ന അപകടങ്ങൾ, അനർത്ഥങ്ങൾ നിസ്സാരമല്ല! കൂട്ടുകെട്ടിലേക്കു വരുമ്പോൾ എത്ര ഹീനമായ പന്ഥാവിലൂടെ ചലിക്കാനും അവർക്ക് മടിയില്ല! എത്ര മ്ലേച്ഛമായ വഴികളിലൂടെ പോകാനും അവർ ധൈര്യപ്പെടുകയാണ്! കൂട്ടുകെട്ടിൽ കൂടി കിട്ടുന്ന ഒരു ജഡികധൈര്യം അവരെ തിന്മയിലേക്കു നയിച്ചുകൊണ്ടു പോകുന്നു.

ജീവിതത്തിൽ സമാധാനം വേണമെന്നു നിങ്ങൾ ആഗ്രഹിക്കണം. കുടുംബസമാധാനം വേണം. ഹൃദയത്തിൽ സമാധാനം വേണം. ജീവിതത്തിൽ സ്വസ്ഥതവേണം.

ഒരേ ഒരു പോംവഴി മാത്രം. സമാധാനത്തിന്റെ രാജാധിരാജന്റെ പാദപീഠത്തിലേക്കു വന്നു മുട്ടുമടക്കണം. യേശുവിന്റെ പാദപീഠത്തിലേക്കു നിങ്ങൾ ഓടിയണയണം. യേശു നിങ്ങളെ സ്വീകരിപ്പാൻ തയ്യാറായി നിൽക്കുന്നു. കഴിഞ്ഞതെല്ലാം മറക്കാൻ തയ്യാറായി നിൽക്കുന്നു. മിസ്രയീമിലേക്ക് ഇറങ്ങിപ്പോയവനേ, നീ മടങ്ങി വരുന്നതുനോക്കി കർത്താവ് നിന്നെ പ്രതീക്ഷയോടെ നോക്കി നിൽക്കുന്നു.

തെറ്റിലേക്കു പോയവളെ നോക്കി തിരിച്ചുവരുമെന്നുള്ള ആശയോടെ കർത്താവ് നിൽക്കുന്നു. മകളേ, നിന്റെ ജീവിതത്തിൽ വന്നുപോയ പാളിച്ചകൾ നോക്കി നിന്നെ രൂപാന്തരപ്പെടുത്താൻ മനസ്സുള്ളവനായി യേശുക്രിസ്തു ഇന്നു നിങ്ങളുടെ അരികിലേക്കു വന്നിരിക്കുന്നു. അവൻ വീണ്ടെടുക്കുന്നവ

നാണ്.

ആഴമുള്ള കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും നിങ്ങളെ കരേറ്റുന്നവനാണ്. അവൻ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കുന്നവനാണ്. അകൃത്യങ്ങൾ പൊറുക്കുന്നവനാണ്. അവന്റെ ജീവരക്തം നിങ്ങൾക്കുവേണ്ടി ഊറ്റിയതാണ്. അവന്റെ തിരുരക്തം നിങ്ങൾക്കുവേണ്ടി ഊറ്റിയതുകൊണ്ട് ഇന്ന് ഈ സമയം നിങ്ങൾ അവന്റെ പാദപീഠത്തിലേക്കു വന്ന് മുട്ടു മടക്കൂ. അവനോടു പറയൂ: യേശുനാഥാ, എന്നോടു മന സ്സലിയണമേ; നഷ്ടങ്ങൾ പലതും സംഭവിച്ചുപോയി. വിശ്വാസം നഷ്ടപ്പെട്ടു; വിശുദ്ധി നഷ്ടപ്പെട്ടു. സാക്ഷ്യം നഷ്ട പ്പെട്ടു. സമാധാനം നഷ്ടപ്പെട്ടു. നഷ്ടത്തിന്റെ കണക്കും പേറി ഞാൻ വരികയാണ്.

കർത്താവേ, എന്നോടു നീ മനസ്സലിയണമേ. എന്നെ നീ ലാഭത്തിലേക്കു തിരിക്കണമേ. എന്റെ നഷ്ടങ്ങൾ നികത്തണമേ. കേടുകൾ പോക്കണമേ. എന്റെ തെറ്റുകൾ ക്ഷമിക്കണമേ. എന്റെ പാപങ്ങൾ എന്നോടു പൊറുക്കണമേ. നിന്നോടു പറഞ്ഞ വാക്കുകൾ ലംഘിച്ചുപോയ മഹാപാതകങ്ങൾ എന്റെ മേൽ കണക്കിടരുതേ.

കർത്താവേ, കുരിശിൽ മരിച്ച രക്ഷകാ, നിന്റെ തിരുരക്ത ത്താൽ എന്നെ കഴുകണമേ. നിന്റെ തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ. എനിക്കൊരു പുതിയ വീണ്ടെടുപ്പു നൽക ണമേ. ജീവൻ നൽകണമേ. പുതിയ ചൈതന്യം നൽകണമേ. ജീവന്റെ ഉറവയിലേക്ക് എന്നെ അടുപ്പിക്കണമേ. കർത്താവേ, എന്നെ നിന്റെ തൃക്കരം വച്ച് ആശീർവ്വദിക്കണമേ.

## പതിമൂന്ന്

അബ്രാഹാമിന് നഷ്ടം വന്നുപോയി; അബ്രാഹാം യാത്ര പുറപ്പെട്ടവനാണെങ്കിലും ദൈവത്തിന്റെ വചനം കേട്ടു പുറപ്പെട്ടവനാണെങ്കിലും വഴിമദ്ധ്യത്തിൽ മിസ്രയീമിലേക്കു പോയി.

ഒന്ന് – വിശുദ്ധി നഷ്ടപ്പെട്ടു.

രണ്ട് – വിശ്വാസം നഷ്ടപ്പെട്ടു.

മൂന്ന് – ധൈര്യം നഷ്ടപ്പെട്ടു.

നാല് – സാക്ഷ്യം നഷ്ടപ്പെട്ടു.

അഞ്ച് – കുടുംബസമാധാനം നഷ്ടപ്പെട്ടു.

ആറാമതായി, അബ്രാഹാമിന്റെ പ്രാഗത്ഭ്യം നഷ്ടപ്പെട്ടു. ഇപ്പോൾ ഭാര്യയുടെ മുഖത്തു നോക്കാൻ നാണം. മറ്റുള്ളവരുടെ മുഖത്തു നോക്കാൻ നാണം. എന്താണ് കാരണം? ദൈവത്തിന്റെ വിലപ്പെട്ട ദാസൻ, വെറും മാനുഷികമായ ആലോചനക്ക് വഴിപ്പെട്ടുപോയി!

അബ്രാഹാം നിരാശനായി, പ്രാഗത്ഭ്യം നഷ്ടപ്പെട്ട്, ധൈര്യഹീനനായിരിക്കുകയാണ്. സാറാ വന്ന് ദാസിയേയും മകനേയും പുറത്താക്കിക്കളക എന്നു പറയുമ്പോൾ അബ്രാഹാം ചൂളിപ്പോവുകയാണ്. ഒരു നിമിഷനേരത്തെ വിഡ്ഢിത്തം! ഒരു നിമിഷനേരത്തെ ദുരാലോചന! ഒരു നിമിഷനേരത്തെ അവിവേകം!

പലതും ഇപ്പോൾ നിങ്ങളുടെ ചിന്താമണ്ഡലത്തിലേക്ക് കുതിച്ചു വരുന്നുണ്ടായിരിക്കും. ഹൃദയത്തിലേക്ക് വേദനിപ്പി

ക്കുന്ന ഓർമ്മകൾ അരിച്ചരിച്ചു വരുന്നുണ്ടാകും. ധൈര്യം നഷ്ടപ്പെട്ടുപോയ സാഹചര്യങ്ങൾ!

നമുക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ കാര്യം ജീവിതത്തിൽ പാപം വന്നില്ല എന്നുള്ള പ്രാഗത്ഭ്യമാണ്. അഴുക്കു പറ്റിയില്ല എന്നുള്ള പ്രാഗത്ഭ്യം! അതൊരു നിധിയാണ്! അതൊരു സ്വത്താണ്!

നാളിതുവരെയുള്ള ജീവിതത്തിൽ നിന്റെ അത്ഭുത കൃപ എന്നെ വലയം ചെയ്തു നിൽക്കുകയും നിന്റെ തിരുരക്തത്തിന്റെ കോട്ടയ്ക്കകത്ത് എന്നെ സംരക്ഷിക്കുകയും ചെയ്തതുകൊണ്ട് ഭാഗ്യവശാൽ എനിക്കു കറപറ്റിയില്ല എന്ന് നന്ദികൊണ്ട് ദൈവത്തെ സ്തുതിച്ചു പറയുവാൻ എത്രപേർക്കു സാധിക്കും?

മകനേ, ഒരു സമയത്തു നിനക്ക് ധൈര്യമുണ്ടായിരുന്നല്ലോ. ഒരു സമയത്ത് നിന്റെ മുഖം പുഞ്ചിരികൊണ്ടിരുന്നല്ലോ. മുഖം പ്രസന്നമായിരുന്നല്ലോ! ഇന്ന് നിന്റെ മുഖം വാടിയിരിക്കുന്നു. മ്ലാനമായിരിക്കുന്നു. നിന്റെ ജീവിതത്തിലെ ധൈര്യവും സന്തോഷവും സമാധാനവും പോയ്പ്പോയി.

വചനത്തിൽനിന്ന് വ്യതിചലിച്ചുപോയാൽ പ്രാഗത്ഭ്യം നഷ്ടപ്പെടും. എന്നാൽ ജീവനുള്ള ദൈവം അവൻ സ്നേഹനിധിയാണ്. ധൈര്യം നഷ്ടപ്പെട്ടു, പാപം വന്നു, വീഴ്ച വന്നു എന്നാലും കരുണയുള്ള കർത്താവ് സ്നേഹനിധിയാണ്. യാചിക്കുന്നവന്റെ യാചനയ്ക്കുത്തരം തരുന്നവനാണ്. അനുതാപത്തോടെ വരുന്നവരെ കൈക്കൊള്ളുന്നവനാണ് ദൈവം.

അബ്രാഹാം പിന്നീട് തിരികെ വന്നു. യഥാസ്ഥാനപ്പെട്ടു. ഒരു കാലത്ത് ധൈര്യം നഷ്ടപ്പെട്ടവനായി, പ്രാഗത്ഭ്യം നഷ്ടപ്പെട്ടവനായിപ്പോയെങ്കിലും, അവനെ വിശ്വാസികളുടെ പിതാവെന്നു പറയത്തക്കവണ്ണം ഉയർന്ന സ്ഥാനത്തേക്ക് കൊണ്ടുവരുവാൻ നിത്യനായ ദൈവത്തിനു കഴിഞ്ഞു.

പ്രിയപ്പെട്ടവരേ, ആരുടെയെല്ലാം ജീവിതത്തിൽ പ്രാഗ

ത്ത്യം നഷ്ടപ്പെട്ടു പോയോ, നിങ്ങളുടെ സത്യാവസ്ഥ അറിഞ്ഞുകൊണ്ട് രക്ഷകന്റെ പാദത്തിൽ വന്നണയുവിൻ. അവന്റെ കൃപയ്ക്കുവേണ്ടി യാചിപ്പിൻ.

കർത്താവേ, ധൈര്യം നഷ്ടപ്പെട്ടുപോയി; ബലം നഷ്ടപ്പെട്ടുപോയി. ശൗര്യം നഷ്ടപ്പെട്ടുപോയി. വീര്യം നഷ്ടപ്പെട്ടുപോയി, വിശുദ്ധി നഷ്ടപ്പെട്ടുപോയി. വിശ്വാസം നഷ്ടപ്പെട്ടുപോയി. സാക്ഷ്യം നഷ്ടപ്പെട്ടുപോയി. സമാധാനം നഷ്ടപ്പെട്ടുപോയി. നഷ്ടത്തിന്റെ കണക്കുംപേറി ഞാനിതാ വരികയാണ്. എന്നെ നീ യഥാസ്ഥാനപ്പെടുത്തണമേ; എന്നെ നീ സ്വീകരിക്കണമേ; എന്റെ വീര്യബലം ഉയർത്തി എന്റെ രക്ഷക്കായി നീ വരണമേ. വീണിടത്തു നിന്ന് എന്നെ എഴുന്നേൽപ്പിക്കണമേ.

കർത്താവേ, നിന്റെ ജയമുള്ള സ്ലീബായാൽ ദുഷ്ടനെ വിധ്വംസിച്ചു മാറ്റണമേ. നിന്റെ തിരുരക്തത്താൽ ഭർത്സിച്ചു മാറ്റണമേ. ദുഷ്ടനായ പൈശാചികൻ അവകാശം പറയുന്നിടത്തെല്ലാം നിന്റെ തിരുരക്തം തളിക്കണമേ. തിരുരക്തത്താൽ എന്നെ കഴുകണമേ. നിങ്ങൾക്കിപ്പോൾ ദൈവകരുണയ്ക്കുവേണ്ടി യാചിക്കാം. യഥാസ്ഥാനപ്പെടുത്തുന്നവനാണ് ദൈവം; തിരികെ കൊണ്ടുവരുന്നവനാണ് ദൈവം. നഷ്ടപ്പെട്ട സ്ഥാനത്തേക്ക്, ശരിയായ സ്ഥാനത്തേക്ക് മടക്കി വരുത്തുന്നവനാണ് ദൈവം.

> *“നീ അവരോടു പറയേണ്ടത് എന്തെന്നാൽ: യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഒരുത്തൻ വീണാൽ എഴുന്നേല്ക്കയില്ലയോ? ഒരുത്തൻ വഴിതെറ്റിപ്പോയാൽ മടങ്ങിവരികയില്ലയോ?” യിരമ്യാവ് 8 : 4*

വീണാൽ എഴുന്നേൽക്കാം. പിന്മാറിപ്പോയാൽ മടങ്ങിവരാം. പിന്മാറ്റത്തിൽ കഴിയേണ്ട ആവശ്യമില്ല. യാത്ര തെറ്റിപ്പോയി, വഴി തെറ്റിപ്പോയി. പക്ഷേ, മടങ്ങിവരാം. പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ വചനം പ്രത്യാശ തരികയാണ്; ഭാവിയെക്കുറിച്ചു നല്ല ആശ തരികയാണ്. നല്ല പ്രതീക്ഷ തരികയാണ്.

ശുഭഭാവി വാഗ്ദാനം ചെയ്യുകയാണ്.

അബ്രാഹാം വഴിതെറ്റിപ്പോയി. പക്ഷേ, വിശ്വാസികളുടെ പിതാവെന്ന് പിൽക്കാലത്ത് പേരു ലഭിക്കത്തക്കവണ്ണം അബ്രാഹാം തിരികെ വന്നു.

അബ്രാഹാമിന്റെ ജീവിതത്തിൽ ഏഴാമതായി വന്ന നഷ്ടം അവന്റെ സമയം നഷ്ടപ്പെട്ടു എന്നുള്ളതാണ്. കനാനി ലേക്കുള്ള യാത്രയായിരുന്നു. പാലസ്തീനിലേക്കുള്ള യാത്ര യായിരുന്നു. ആ യാത്രയിൽ ഇടയ്ക്ക് മിസ്രയീമിലേക്കു പോയത് ഒരു കനത്ത നഷ്ടമായിപ്പോയി. യാത്രയുടെ സമയമ ത്രയും നഷ്ടപ്പെട്ടു.

നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ കാണാം, നമുക്ക് സമയ നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ആയു സ്സിന്റെ എത്ര നാളുകളാണ് വ്യർത്ഥമായിട്ടു ചിലവഴിച്ചത്? എത്ര ശോഭനമായ സംവത്സരങ്ങളാണ് കൊള്ളരുതായ്മക്കു വേണ്ടി ചിലവഴിച്ചത്? അശുദ്ധമായ ശീലങ്ങൾക്കുവേണ്ടി സമയം നഷ്ടപ്പെടുത്തിയവരുണ്ട്. കൊള്ളരുതാത്ത ബന്ധങ്ങൾക്കുവേണ്ടി, അഴുക്കായ സാഹചര്യങ്ങൾക്കു വേണ്ടി സമയം നഷ്ടപ്പെടുത്തിയവരുണ്ട്. ലോകത്തിന്റെ പ്രതാപങ്ങൾക്കു വേണ്ടിയും വെറിക്കൂത്തുകൾക്കുവേണ്ടിയും സുഖഭോഗങ്ങൾക്കുവേണ്ടിയും സമയം നഷ്ടപ്പെടുത്തിയവരുണ്ട്. ഭൗതികമായ സുഖങ്ങളുടെ ഭോഗലാലസയിൽ സമയം ചിലവഴിച്ചവരുണ്ട്.

പഠിക്കുന്ന കുട്ടികൾ പഠിക്കുന്ന സമയം നഷ്ടപ്പെടുത്തി യതുകൊണ്ട് പരീക്ഷയിൽ തോൽവി സംഭവിക്കുന്നു. അത്രയും കാലം അവരുടെ ജീവിതത്തിൽ lapse ആയി പോകുന്നു.

എന്ത് ശോഭനമായ ഭാവിയിലേക്കു കുതിച്ചു കയറേണ്ട നാളുകളാണ് നഷ്ടപ്പെട്ടത്? എത്ര അനുഗൃഹീതമായ ഒരു കാലം നേടിയെടുക്കാമായിരുന്നു. നഷ്ടങ്ങൾ ധാരാളമുണ്ട്.

വ്യർത്ഥമായ മാസങ്ങൾ. വ്യർത്ഥമായ കാലങ്ങൾ, നഷ്ടപ്പെട്ടുപോയ സംവത്സരങ്ങൾ. അബ്രാഹാമിന്റെ ജീവിതത്തിൽ സമയം നഷ്ടപ്പെട്ടുപോയി.

അപ്പൊസ്തലനായ പൗലോസ് എഫെസ്യർക്ക് ലേഖനം എഴുതുമ്പോൾ 5-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്: "ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ."

സമയം തക്കത്തിൽ ഉപയോഗിക്കണം. നാളത്തെ ദിവസം നമുക്കൊരു കാര്യം ശരിയാക്കാമെന്നു വിചാരിക്കാൻ ഒക്കുകയില്ല: കാരണം നാളത്തെ ദിവസം നമുക്കു കിട്ടുമോ എന്ന് എങ്ങനെയറിയും?

ഇന്ന് ഈ വചനം വായിക്കുന്ന സമയം ഇനി നമ്മുടെ ആയുസ്സിൽ കിട്ടുകയില്ല. ഇതുവരെ കഴിഞ്ഞ സമയം എന്ന ന്നേക്കുമായി നമ്മിൽ നിന്നു പിറകിലേക്കു മാറിക്കഴിഞ്ഞു. ഇന്നലത്തെ ദിവസം നമ്മിൽനിന്നു മാറിക്കഴിഞ്ഞു. കഴിഞ്ഞ സംവത്സരം നമ്മിൽ നിന്നു മാറിക്കഴിഞ്ഞു. ഓരോ ദിവസം ചെല്ലുന്തോറും നാം നമ്മുടെ ജീവിതാവസാനത്തോട് അടു ത്തുകൊണ്ടിരിക്കുന്നു. നിത്യതയോട് അടുത്തുകൊണ്ടിരിക്കുന്നു. സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ.

അതുകൊണ്ടാണ് സി. റ്റി. സ്റ്റഡ് എന്ന മഹാനായ ദൈവ ദാസൻ ഒരിക്കൽ പറഞ്ഞത്: "Just one life, it will soon soon be past; that which is done for Christ alone will last." "ഒരേയൊരാ യുസ്സ് മാത്രം. അത് എത്രവേഗം തീരുന്നു! ക്രിസ്തുവിനു വേണ്ടി ചെയ്യുന്നതുമാത്രം നിലനിൽക്കും."

ഞാൻ ഒരു സംഭവം വായിച്ചതോർക്കുന്നു. ഒരു മനു ഷ്യൻ അമേരിക്കയിലെ കൊളറാഡോ എന്നു പറയുന്ന സ്ഥലത്തുകൂടി കാറോടിച്ചുകൊണ്ടു പോകുമ്പോൾ ഒരു വലിയ ആട്ടിൻകൂട്ടത്തെ കണ്ടു. ഇടയൻ മുൻപേ പോകുന്നു, ആട്ടിൻ പറ്റം പിന്നാലെ വരുന്നു. അദ്ദേഹം സ്പീഡൊന്നു

കുറച്ചു. ആട്ടിൻപറ്റം മാറുന്നില്ല.

അദ്ദേഹം കാർ നിർത്തി. അപ്പോഴേക്കും ആട്ടിൻപറ്റം എല്ലാം കൂടി അദ്ദേഹത്തിന്റെ കാറിന്റെ ചുറ്റും വന്നുകൂടി. കാറ് ഒരിഞ്ച് നീക്കാൻ പറ്റുന്നില്ല. അദ്ദേഹത്തിനു ദേഷ്യമായി. ഉച്ച ത്തിൽ ബഹളം വച്ച് വിളിച്ചു. ആട്ടിടയൻ മുൻപിൽ നിന്നും ഓടി വന്നു. ഇടയൻ പറഞ്ഞു: നിങ്ങൾ ചെയ്തത് തെറ്റിപ്പോയി. ഈ ആട്ടിൻപറ്റത്തെ കണ്ടപ്പോൾ കാറ് നിർത്താതെ നിങ്ങൾ മുന്നോട്ടു പോകേണ്ടതായിരുന്നു. എങ്ങനെയെങ്കിലും മുൻപോട്ടുപോകുമെന്ന് ആട് അറിഞ്ഞിരുന്നെങ്കിൽ അവ വഴി മാറിയേനെ. നിങ്ങൾ നിർത്തിയതുകൊണ്ടാണ് ആട് നിങ്ങ ളുടെ ചുറ്റും കൂടിയത്.

ആ സംഭവത്തിൽനിന്ന് ഞാൻ ഒരു കാര്യം മനസ്സിലാക്കി. അനേകരിന്ന് ചില ചെറിയ തടസ്സങ്ങൾ കാണുമ്പോൾ മുന്നോട്ടു പോകാൻ മടിക്കുകയാണ്. ജീവിതത്തിൽ തടസ്സ ങ്ങളില്ലാത്ത, പ്രശ്നങ്ങൾ നേരിടാത്ത, പ്രതിസന്ധികൾ വരാത്ത ആരുണ്ട്? നമുക്കെല്ലാം പ്രയാസങ്ങളില്ലേ? നമ്മുടേ തായ ആവലാതികളില്ലേ? പ്രതിബന്ധങ്ങളില്ലേ? എന്തെല്ലാം പ്രതിസന്ധികളെ നേരിട്ടാണ് നാം ഓരോ ദിവസവും ജീവിക്കു ന്നത്? ഏതെല്ലാം പ്രശ്നങ്ങളെ അതിജീവിച്ചും അതിക്രമിച്ചു മാണ് നാം മുന്നോട്ടു പോകുന്നത്?

ജീവിതത്തിൽ നിങ്ങൾ പലപ്പോഴും പതറി നിൽക്കാറുണ്ട്. ആ പ്രശ്നം ഒന്നു കഴിഞ്ഞോട്ടെ, എന്നിട്ട് പ്രാർത്ഥിക്കാം. എന്നിട്ട് ദൈവവേല ചെയ്യാം. ആ പ്രതിസന്ധി ഒന്നു മാറിക്കോട്ടെ, എന്നിട്ട് ഞാൻ കർത്താവിന്റെ വേലയ്ക്കു വേണ്ടി ഇറങ്ങി പുറപ്പെടാം. ഇപ്പോഴത്തെ ഈ കാര്യങ്ങളൊന്നു തീർന്നോട്ടെ, എന്നിട്ട് ഞാൻ ദൈവവേലയ്ക്കു വേണ്ടി സമർപ്പിക്കാം. മോനേ, അങ്ങനെ നീ ചിന്തിക്കരുത്. നിന്റെ പ്രശ്നങ്ങൾ മാറിക്കഴിഞ്ഞിട്ട് നിനക്കൊന്നും ചെയ്യാൻ സാദ്ധ്യമല്ല.

എന്നാൽ ക്രൂശിലേക്കു നോക്കുമ്പോൾ പ്രശ്നങ്ങളുടെ

മദ്ധ്യത്തിൽ, പ്രതിസന്ധികളുടെ മദ്ധ്യത്തിൽ, എതിർപ്പുകളുടെ മദ്ധ്യത്തിൽ അല്പം പോലും പിന്നോട്ടു നീങ്ങാതെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽ നിന്നു നീക്കണമേ, എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കണമേ എന്നു പ്രാർത്ഥിച്ച് തന്നെത്താൻ സമർപ്പിച്ച കർത്താവായ യേശുവിനെ നിങ്ങൾ കാണുമ്പോൾ പ്രിയപ്പെട്ടവരേ, നിങ്ങളുടെ ഹൃദയത്തിൽ ആനന്ദം അലതല്ലാൻ തുടങ്ങും.

ഞാൻ പുറപ്പെട്ടിരിക്കുന്നത് ആരുടെ പിന്നാലെയാണ്? ആരാണ് എന്റെ മുൻപേ പോകുന്നത്? കുരിശും ചുമന്നുകൊണ്ടു പോയവൻ; കുരിശിൽ കിടന്നുകൊണ്ട് പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ എന്നു പ്രാർത്ഥിച്ചവൻ; അവന്റെ പിറകേയാണ് ഞാൻ പുറപ്പെട്ടിരിക്കുന്നത്. അവൻ ക്രൂശിൽ കാണിച്ചുതന്നിരിക്കുന്ന മാതൃകയിൽനിന്നു വ്യതിചലിക്കാതെ, ആ സ്നേഹത്തിന്റെയും സംശുദ്ധിയുടെയും പാതയിൽനിന്ന് അണുവിടമാറാതെ ഞാനിതാ പുറപ്പെടുകയാണ്. നാഥാ, നീ എനിക്കു തുണയായി, തണലായി നിൽക്കണമേ.

*“നീ ചെന്നു വടക്കോട്ടു നോക്കി ഈ വചനങ്ങളെ വിളിച്ചുപറക: വിശ്വാസത്യാഗിനിയായ യിസ്രായേലേ, മടങ്ങിവരിക എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ നിങ്ങളോടു കോപം കാണിക്കയില്ല; ഞാൻ കരുണയുള്ളവൻ; എന്നേക്കും കോപം സംഗ്രഹിക്കയുമില്ല എന്നു യഹോവയുടെ അരുളപ്പാട്.”*

*യിരമ്യാവ് 3 : 12*

എട്ടാമതായി, അബ്രാഹാമിന്റെ ജീവിതത്തിൽ സ്നേഹബന്ധങ്ങൾ - റിലേഷൻസ് നഷ്ടപ്പെട്ടു. മെസ്സപ്പൊട്ടോമ്യയിൽ നിന്നു പുറപ്പെടുമ്പോൾ, അബ്രാഹാമിന്റെ സഹോദരപുത്രൻ ലോത്ത് കൂടെയുണ്ടായിരുന്നു. മിസ്രയീമിൽ പോയതുകൊണ്ട് അബ്രാഹാമും ലോത്തും സമ്പന്നരായിത്തീർന്നു. മിസ്രയീമിലെ നന്മകൾ അവർക്കു കിട്ടി.

അബ്രാഹാം തന്റെ ഭാര്യയായ സാറായോട് ഇങ്ങനെ പറയുന്നുണ്ട്: "നീ മൂലം എനിക്ക് നന്മ വരണം"എന്ന്. മിസ്രയീമിലെ സമ്പത്തുകൾ, മിസ്രയീമിലെ സമ്പുഷ്ടികൾ ലഭിക്കണമെന്ന് അബ്രാഹാം ആഗ്രഹിച്ചു; ആഗ്രഹിച്ചത് കിട്ടുകയും ചെയ്തു. അബ്രാഹാമിനു മാത്രമല്ല, കൂടെയുള്ള ലോത്തിനും സമ്പത്തു കിട്ടി. രണ്ടുപേരും ബഹുസമ്പന്നരായി തീർന്നു.

*"ഇങ്ങനെ അബ്രാമും ഭാര്യയും അവനുള്ളതൊക്കെയും അവനോടുകൂടെ ലോത്തും മിസ്രയീമിൽ നിന്നു പുറപ്പെട്ടു തെക്കേദേശത്തു വന്നു. കന്നുകാലി, വെള്ളി, പൊന്ന് ഈ വകയിൽ അബ്രാം ബഹുസമ്പന്നനായിരുന്നു."* *ഉല്പത്തി 13 : 1, 2*

അബ്രാഹാം ധനസമൃദ്ധിയുള്ളവനായിത്തീർന്നു. മിസ്രയീമിലേക്കു പോയതുകൊണ്ട് ഭൗതികമായ സമ്പത്ത് അബ്രാഹാമിനു കൈവന്നു. പക്ഷേ, അത് നാശകാരണമായിത്തീർന്നു.

*"അബ്രാമിനോടുകൂടെ വന്ന ലോത്തിനും ആടുമാടുകളും കൂടാരങ്ങളും ഉണ്ടായിരുന്നു."*

*ഉല്പത്തി 13 : 5*

ലോത്തിനും കിട്ടി സമ്പത്ത്, അബ്രാഹാമിനും കിട്ടി സമ്പത്ത്.

തുടർന്നു വായിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്ന ഒരു വലിയ സത്യമുണ്ട്. "Loath got grass for his cattle." ലോത്ത് അവന്റെ ആടുമാടുകൾക്ക് പുല്ല് സമ്പാദിച്ചു. നല്ല നീരോട്ടമുള്ള, ഫലഭൂയിഷ്ഠമായ, കന്നുകാലികൾക്കു മേയാൻ പുല്ല് നിറഞ്ഞിരിക്കുന്ന മൈതാനങ്ങൾ സമ്പാദിച്ചു.

'But Abraham got grace for his children.' അബ്രാഹാം തന്റെ മക്കൾക്ക് മിസ്രയീമിൽ നിന്നു കിട്ടിയ സമ്പത്തിൽ ആശ്രയിച്ചില്ല. അബ്രാഹാമിന്റെ തിരിച്ചുവരവ് അനുഗ്രഹത്തിന്റെ തിരിച്ചു വരവായിരുന്നു. "He got grace for his children."

രണ്ടുപേരും തിരികെ വന്നു. പക്ഷേ, ലോത്തിന്റെ നഷ്ടം വലിയതായിരുന്നു. കാരണം, ലോത്തിന്റെ ലക്ഷ്യം ശരിയല്ലായിരുന്നു.

സ്നേഹിതരേ, എനിക്കൊരു മർമ്മം നിങ്ങളോടു പറയാനുണ്ട്. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾക്ക് ഇടയ്ക്കൊരു നഷ്ടം വന്നെങ്കിലും ലക്ഷ്യം ശരിയാണെങ്കിൽ ദൈവം നിങ്ങളെ അനുഗ്രഹത്തിന്റെ പന്ഥാവുകളിൽ കൂടി നയിച്ചുകൊള്ളും.

ലക്ഷ്യം ശരിയാണെങ്കിൽപ്പോലും തെറ്റു പറ്റിയവരുണ്ട്. അപകടത്തിൽ വീണവരുണ്ട്. അനർത്ഥത്തിൽ വീണുപോയവരുണ്ട്. നല്ലൊരു ലക്ഷ്യം ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്നതുകൊണ്ട് അബ്രാഹാം തിരികെ വന്നു, യഥാസ്ഥാനപ്പെട്ടു. അബ്രാഹാമിന് വലിയ നാശം സംഭവിച്ചില്ല. പക്ഷേ, ലോത്തിന് വലിയ നാശം, വലിയ നഷ്ടം സംഭവിച്ചു.

ഒരുമിച്ച്, ഒരു കൂട്ടായ്മയായി പുറപ്പെട്ടവരാണ്. ഒരേ പ്രാർത്ഥനാഗ്രൂപ്പിൽ പെട്ടവരാണ്. ക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരാണ്. പക്ഷേ, ലക്ഷ്യം ശരിയല്ലെങ്കിൽ ഇടയ്ക്ക് നാശം സംഭവിച്ചു പോകും. ലക്ഷ്യം ശരിയാണെങ്കിൽ ഇടയ്ക്കൊരു കേടു വന്നെങ്കിലും ഇടയ്ക്കൊരു വീഴ്ച സംഭവിച്ചെങ്കിലും ദൈവം നിങ്ങളെ പൊക്കിയെടുത്തു കൊള്ളും. നഷ്ടപ്പെട്ട സ്ഥാനത്തെല്ലാം, ദൈവം മേൽക്കുമേൽ ലാഭം വർദ്ധിപ്പിച്ചു തന്നുകൊള്ളും.

ഇന്ന് അനേകരുടേയും ലക്ഷ്യം ഈ ലോകമാണ്. ഭൗതികമായ സുഖങ്ങൾ വേണം; ഭൗതികമായ ഇമ്പങ്ങൾ വേണം; രോഗസൗഖ്യം വേണം; നല്ല ജോലി വേണം, നല്ല വിവാഹം വേണം, നല്ല ആരോഗ്യം വേണം, നല്ല സമ്പത്തു വേണം, പ്രതാപം വേണം, ഭൗതികമായ ബഹുമതികൾ വേണം; മറ്റുള്ളവരുടെ പ്രീതി വേണം, മറ്റുള്ളവരുടെ ബഹുമാനം വേണം; ഇതെല്ലാം വേണം, കൂടെ യേശുവും വേണം.

എന്നാൽ ലോത്തുമായി പിണങ്ങിക്കഴിയാൻ കഴികയില്ലെന്ന് അബ്രാഹാം തീരുമാനിച്ചു. സമ്പത്തു കൂടിയപ്പോൾ പിണക്കമുണ്ടാവുകയാണ്. അബ്രാഹാമും ലോത്തുമായിട്ടല്ല പിണക്കം തുടങ്ങുന്നത്, വേലക്കാർ തമ്മിലാണ്. ആടുകളെ നോക്കുന്ന ഇടയന്മാർ തമ്മിലാണ് പിണക്കം.

> *"അവർ ഒന്നിച്ചു പാർപ്പാൻ തക്കവണ്ണം ദേശത്തിന് അവരെ വഹിച്ചുകൂടാഞ്ഞു; സമ്പത്ത് വളരെ ഉണ്ടായിരുന്നതുകൊണ്ട് അവർക്ക് ഒന്നിച്ചു പാർപ്പാൻ കഴിഞ്ഞില്ല."* *ഉല്പത്തി 13 : 6*

ആത്മീയജീവിതത്തിൽ സമ്പത്ത് ഒരു തടസ്സമായി തീരരുത്. സമ്പത്ത് ഒരിക്കലും നമ്മുടെ ആത്മീയ മുന്നേറ്റത്തിൽ ഒരു തടസ്സം സൃഷ്ടിക്കാൻ സമ്മതിക്കരുത്. സമ്പത്തിന്റെ പുറകെ ഇറങ്ങിപ്പോകരുത്. ദൈവം നിങ്ങൾക്കു സമ്പത്ത് തരുന്നോ, ദൈവത്തിന്റെ മഹത്വത്തിനുവേണ്ടി ചിലവഴിച്ചു കൊള്ളണം. ദൈവഹിതപ്രകാരം, ദൈവത്തിന്റെ ആലോചനപ്രകാരം ചിലവഴിച്ചു കൊള്ളണം. ഇല്ലെങ്കിൽ നഷ്ടമാണ്.

അബ്രാഹാമിന് ഭൗതിക സമ്പത്തിൽ ആശ്രയമുണ്ടായിരുന്നില്ല. ദൈവത്തെ മാത്രം ലാക്കാക്കിയാണ് അബ്രാഹാം പുറപ്പെട്ടത്. ലോത്തിന്റെ ജീവിതത്തിൽ ലക്ഷ്യം വ്യതിചലിച്ചു പോയിരുന്നു. അവർക്ക് ഒന്നിച്ചു പാർപ്പാൻ വയ്യാത്ത വിധത്തിൽ സമ്പത്തു പെരുകി.

> *"അബ്രാമിന്റെ കന്നുകാലികളുടെ ഇടയന്മാർക്കും ലോത്തിന്റെ കന്നുകാലികളുടെ ഇടയന്മാർക്കും തമ്മിൽ പിണക്കമുണ്ടായി; കനാന്യരും പെരിസ്യരും അന്നു ദേശത്തു പാർത്തിരുന്നു."* *ഉല്പത്തി 13 : 7*

ഇടയന്മാർക്കു തമ്മിൽ പിണക്കമുണ്ടായി.

"കനാന്യരും പെരിസ്യരും അന്നു ദേശത്ത് പാർത്തിരുന്നു."

രണ്ടു വിശ്വാസികളുടെ വേലക്കാർ തമ്മിൽ തർക്കമുണ്ടാ

യപ്പോൾ പുറജാതികൾ നോക്കിനിന്ന് പരിഹസിക്കയാണ്. അല്പം നൊമ്പരത്തോടെ പറയട്ടെ, സഭകൾ തമ്മിൽ കലഹിക്കുമ്പോൾ, ഒരേ വിശ്വാസമുള്ളവർ, ഒരേ ആരാധനാസമ്പ്രദായമുള്ളവർ, ഒരേ ശുശ്രൂഷാക്രമമുള്ളവർ, ഒരേ രീതിയിൽ പ്രാർത്ഥിക്കുന്നവർ, ഒരേ കൊടിക്കീഴിൽ അണിനിരക്കുന്നവർ പരസ്പരം സമ്പത്തിനു വേണ്ടിയും സ്ഥാനമാനത്തിനുവേണ്ടിയും കലഹിക്കുമ്പോൾ പുറജാതികളുടെ മുന്നിൽ ലജ്ജാപാത്രങ്ങളായിത്തീരുകയാണ്. നിന്ദാപാത്രങ്ങളായിത്തീരുകയാണ്.

സഹോദരങ്ങളേ, ഒരു പ്രത്യേക സഭയിലേക്കോ, പ്രത്യേക കക്ഷിയിലേക്കോ തിരിഞ്ഞു നിൽക്കാതെ, ചേർന്നു നിൽക്കാതെ, ക്രിസ്തുവിന്റെ പക്ഷത്തു നിന്നുകൊണ്ട്, സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവത്തിന്റെ പുത്രന്മാരെന്നു വിളിക്കപ്പെടും എന്നുള്ള വചനം ഓർത്തുകൊണ്ട് സമാധാനമുണ്ടാക്കുവാൻ നിങ്ങളാലാവത് ചെയ്യൂ.

"It is better to light a candle than to curse the darkness."

അയ്യോ ഇവിടെ മുഴുവൻ കൂരിരുട്ടാണ്, ഒരു വെളിച്ചവുമില്ലല്ലോ എന്നു പറഞ്ഞ് ഇരുട്ടിനെ നിങ്ങൾ ശപിച്ചിട്ടു പ്രയോജനമൊന്നും കിട്ടാൻ പോകുന്നില്ല. കഴിയുമെങ്കിൽ ഒരു തിരിയെങ്കിലും കത്തിക്കാൻ നോക്കുക.

സഭകൾ തമ്മിൽ പിണക്കമാണ്, വഴക്കാണ്, യുദ്ധമാണ്, കോടതിയാണ്, കേസാണ് എന്നു പറഞ്ഞുകൊണ്ടിരുന്നിട്ടു കാര്യമില്ല. ആദ്യം സ്വന്തം ഹൃദയത്തിൽ തിരി കത്തട്ടെ. പിന്നീട് നമ്മുടെ കുടുംബത്തിൽ തിരികത്തട്ടെ; സമൂഹത്തിൽ തിരി കത്തട്ടെ. നമ്മുടെ സഭകളിൽ, ഇടവകകളിൽ തിരി കത്തട്ടെ.

അമേരിക്കയിലെ ഫിലഡൽഫിയായിൽ ഒരു street ഉണ്ടായിരുന്നു. അത് ഇരുട്ടിന്റെ തെരുവെന്നാണ് അറിയപ്പെട്ടിരുന്നത്. It was a street of darkness! സന്ധ്യയാകുമ്പോഴേക്കും സകല കൊള്ളക്കാരുടെയും വൃത്തികെട്ടവരു

ടെയും കൂത്തരങ്ങാണ് അവിടെ. പിടിച്ചുപറിയും, ബലാൽസംഗവും കൊള്ളയും കവർച്ചയും മോഷണവും എല്ലാ വൃത്തികേടുകളും നടക്കും. ആളുകളെല്ലാം ഭയന്ന് വീട്ടിലെ ലൈറ്റെല്ലാം കെടുത്തി വാതിലുകളെല്ലാം കുറ്റിയിട്ട് അകത്തുകയറി പേടിച്ച് ഒളിച്ചിരിക്കും. പലപ്പോഴും വലിയ ഒച്ചപ്പാടുകൾ, ബഹളങ്ങൾ, ചീത്ത വിളികൾ എല്ലാം കേൾക്കാം.

ഒരുദിവസം സന്ധ്യയായപ്പോൾ ഒരാൾ തന്റെ വീടിനു മുമ്പിൽ ഒരു നല്ല തിരി കത്തിച്ചുവച്ചു. അന്ന് കൊള്ളക്കാർ അങ്ങോട്ടു വന്നില്ല. അവിടെ വെളിച്ചമുണ്ടല്ലോ. പിറ്റേദിവസം അടുത്ത വീട്ടുകാരൻ അദ്ദേഹത്തിന്റെ വീടിനു മുമ്പിലും ഇപ്പുറത്തെ വീട്ടുകാരൻ അദ്ദേഹത്തിന്റെ വീടിന്റെ മുമ്പിലും തിരി തെളിച്ചു വച്ചു. വെളിച്ചം വന്നതുകൊണ്ട് അത്രയും ഭാഗത്തു നിന്ന് കൊള്ളക്കാർ മാറി. ഇതുകണ്ടപ്പോൾ മറ്റുള്ളവരെല്ലാം തങ്ങളുടെ വീടിനു മുമ്പിൽ ഓരോ തിരി കത്തിച്ചു വച്ചു. “It became the street of light.” അത് വെളിച്ചത്തിന്റെ തെരുവായി മാറി. ഫലമോ, അവിടെ നിന്ന് തിന്മകൾ മാറി.

സഹോദരങ്ങളേ, ക്രിസ്തുവാകുന്ന ജീവപ്രകാശം നമ്മുടെ ജീവിതത്തിൽ കത്തി ശോഭിക്കണം.

നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുവാൻ തക്കവണ്ണം നിങ്ങളുടെ പ്രവൃത്തികൾ അവരുടെ മുമ്പിൽ സാക്ഷ്യമായി തീരട്ടെ. അവരുടെ മുമ്പിൽ വെളിച്ചമായി തീരട്ടെ.

അബ്രാഹാം വിഷമിച്ചു. മറ്റുള്ളവർ കാണുന്നു; പുറജാതികൾ കാണുന്നു. ദൈവമില്ലാത്തവർ കാണുന്നു. ദൈവത്തിന്റെ വചനം കേട്ട, ദൈവത്തിന്റെ വചനപ്രകാരം പുറപ്പെട്ട ഞങ്ങൾ തമ്മിൽ വഴക്കുണ്ടാകാൻ പാടില്ല.

> *“അതുകൊണ്ട് അബ്രാം ലോത്തിനോട്: എനിക്കും നിനക്കും എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കം ഉണ്ടാകരുതേ; നാം*

*സഹോദരന്മാരല്ലോ. ദേശമെല്ലാം നിന്റെ മുമ്പാകെ ഇല്ലയോ? എന്നെ വിട്ടു പിരിഞ്ഞാലും. നീ ഇടത്തോട്ടെങ്കിൽ ഞാൻ വലത്തോട്ടു പോയ്ക്കൊള്ളാം; നീ വലത്തോട്ടെങ്കിൽ ഞാൻ ഇടത്തോട്ടു പോയ്ക്കൊള്ളാം എന്നു പറഞ്ഞു."*

*ഉല്പത്തി 13 : 8, 9*

മോനേ, എനിക്കും നിനക്കും തമ്മിൽ പിണക്കമുണ്ടാകാൻ പാടില്ല. എന്റെ ഇടയന്മാർക്കും നിന്റെ ഇടയന്മാർക്കും തമ്മിൽ പിണക്കമുണ്ടാകാൻ പാടില്ല. ഈ ദേശമെല്ലാം നിന്റെ മുമ്പിൽ ഇരിക്കുന്നില്ലേ? വിഷമിക്കേണ്ട, നമുക്കിവിടെ പിരിയാം. നീ തന്നെ തിരഞ്ഞെടുത്തോളൂ. നീ ഇടത്തോട്ടാണോ പോകുന്നത്, ഞാൻ വലത്തോട്ടു പൊയ്ക്കൊള്ളാം. നീ വലത്തോട്ടാണോ പോകുന്നത് ഞാൻ ഇടത്തോട്ടു പൊയ്ക്കൊള്ളാം.

അതൊരു ഉന്നതമായ ആശയമാണ്. അബ്രാഹാം തിരഞ്ഞെടുപ്പ് നടത്തുന്നില്ല. ലോത്തിനു തിരഞ്ഞെടുക്കാനുള്ള അവകാശം കൊടുക്കുകയാണ്. പ്രായം നോക്കിയാലും സ്ഥാനം നോക്കിയാലും അബ്രാഹാമാണ് തിരഞ്ഞെടുപ്പു നടത്തേണ്ടത്? പക്ഷേ, അബ്രാഹാം ലോത്തിന് അവസരം കൊടുത്തു.

സഹോദരങ്ങളേ, പരസ്പരം പിണക്കം പാടില്ല. ദൈവമക്കൾ ഭിന്നിച്ചു കഴിയരുത്. ആരോടും നിങ്ങളുടെ ഹൃദയത്തിൽ കയ്പ്പുണ്ടായിരിക്കരുത്. വൈരാഗ്യമുണ്ടായിരിക്കരുത്. കർത്താവ് ക്രൂശിലേക്കു പോകുന്നതിനു മുമ്പ് പെസഹാദിവസം തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരോട് ഒടുവിലായി പറഞ്ഞു:

*"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറി*

*യും.”* *യോഹന്നാൻ 13 : 34, 35*

തമ്മിൽ തമ്മിലുള്ള സ്നേഹം; ഒരു വീട്ടിൽ പരസ്പരം ഭിന്നിച്ചു കഴിയുന്നവരുണ്ടോ? ഭാര്യയോട് പിണങ്ങിക്കഴിയുന്ന ഭർത്താവുണ്ടോ? ഭർത്താവിനോടു പിണങ്ങിക്കഴിയുന്ന ഭാര്യയുണ്ടോ? നിങ്ങൾക്ക് പറയാൻ ന്യായങ്ങളുണ്ടാകും. വഴക്കടിക്കാൻ ന്യായങ്ങൾ കണ്ടു എന്നുവരും. പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായി എന്നു വരും. പക്ഷേ, വിട്ടുവീഴ്ച ചെയ്യാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? ക്ഷമിക്കാൻ കഴിഞ്ഞിട്ടുണ്ടോ? പൊറുക്കാൻ കഴിഞ്ഞിട്ടുണ്ടോ? “Forgetting and forgiving love of God.” ദൈവത്തിന്റെ മറക്കുകയും പൊറുക്കുകയും ചെയ്യുന്ന സ്നേഹം നിങ്ങൾ സ്വായത്തമാക്കിയിട്ടുണ്ടോ?

ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ട്. “True learning is judicious forgetting.” ശരിയായ പഠനമെന്നു പറയുന്നത് ശരിയായി മറക്കാനുള്ള കഴിവാണ്.” ജ്ഞാനത്തിന്റെ ലക്ഷണമാണത്.

നിങ്ങളുടെ മനസ്സിൽ പരാതികൾ കിടപ്പുണ്ടോ? പകയോ വിദ്വേഷമോ കിടപ്പുണ്ടോ? കണ്ണടച്ചു ക്ഷമിക്കുക. അത് നിങ്ങളുടെ ശരീരത്തിന് സൗഖ്യമായിരിക്കും. മനസ്സിന് ബലമായിരിക്കും. ബുദ്ധിക്ക് ഉന്മേഷമായിരിക്കും.

ഈ സ്നേഹത്തെയാണ് ഗോഗുൽത്തായിൽ നമ്മുടെ കർത്താവ് കാണിച്ചുതന്നത്. ക്ഷമിക്കുന്ന സ്നേഹം! പൊറുക്കുന്ന സ്നേഹം! മറക്കുന്ന സ്നേഹം! ക്രൂശിന്മേൽ തന്നെ തൂക്കിയവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! കൈകളിലും കാലുകളിലും ആണിയടിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! തന്റെ മുഖത്തേക്കു തുപ്പിയവർക്കുവേണ്ടി, തന്റെ കന്നത്തടിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്നേഹം! ശിരസ്സിൽ മുൾമുടി വച്ച് കോലുകൊണ്ട് അടിച്ചവർക്കുവേണ്ടി, ചങ്കിലേക്കു കുന്തംകൊണ്ടു കുത്തിയവർക്കുവേണ്ടി പ്രാർത്ഥി

ക്കുന്ന സ്നേഹം!

ഗോഗുൽത്തായിലെ സ്നേഹം! ക്രൂശിന്മേൽ കാണിച്ചുതന്ന സ്നേഹം! ഈ സ്നേഹത്തിനുവേണ്ടി വാഞ്ഛിക്കുമെങ്കിൽ നിങ്ങളുടെ ഹൃദയത്തിലേക്ക് ആ സ്നേഹം തുള്ളിതുള്ളിയായി, തിരുരക്തമായി ഇറ്റിറ്റു വീഴ്ത്താൻ കരുണയുള്ള കർത്താവ് നിങ്ങളുടെ അരികിലേക്കു വന്നിരിക്കുകയാണ്. പൊറുക്കാൻ നിങ്ങൾക്കു മനസ്സു വരുമെങ്കിൽ, ക്ഷമിക്കാൻ നിങ്ങൾക്കു മനസ്സുവരുമെങ്കിൽ, വിട്ടുവീഴ്ച ചെയ്യാൻ മനസ്സു വരുമെങ്കിൽ ഇപ്പോൾ നിങ്ങളുടെ മേൽ തന്റെ ചങ്കുതുറന്നൊഴുകിയ തിരുരക്തം അവൻ വീഴ്ത്തും.

അവൻ സ്നേഹത്തോടെ നിങ്ങളെ നോക്കുന്നു. കാരുണ്യവായ്പ്പോടെ നിങ്ങളെ വിളിക്കുന്നു: മകനേ, നിന്റെ ഹൃദയം എനിക്കു തരിക. രക്ഷകൻ നിങ്ങളുടെ ഹൃദയവാതിൽക്കൽ മുട്ടുന്ന ഈ വിലയേറിയ സമയം നഷ്ടപ്പെടുത്താതെ നിങ്ങൾ സമർപ്പിക്കൂ. യേശുവിനോട് ഒരു വാക്ക് പറയൂ. നാഥാ! നീ ക്രൂശിൽ കാണിച്ചുതന്ന മാതൃക പ്രകാരം, ഇന്നു മുതൽ സ്നേഹത്തിന്റെ പര്യായമായി ഞാൻ ജിവിക്കും. ഇന്നു മുതൽ ക്ഷമിക്കുകയും പൊറുക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുന്ന എന്റെ കരുണയുള്ള കർത്താവിന്റെ ഭാവം പൂണ്ടു ഞാൻ ജീവിക്കും.

## പതിനാല്

*"ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം." മത്തായി 16 : 26*

*"ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളകയും ചെയ്താൽ അവന് എന്ത് പ്രയോജനം.?" മർക്കോസ് 8 : 36*

മനുഷ്യൻ നേടേണ്ടത് നിത്യജീവനാണ്; നിത്യസൗഭാഗ്യമാണ്, നിത്യസ്വർഗ്ഗമാണ്. ഈ ലോകജീവിതം നിത്യതയിലേക്ക് നാം എത്തിച്ചേരുന്നതിനുവേണ്ടിയുള്ള പരിശീലനക്കളരിയാണ്. ഇവിടെ നാം നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും യാതനകളും ദുരിതങ്ങളും രോഗങ്ങളും കഷ്ടപ്പാടുകളുമെല്ലാം നാം രൂപാന്തരപ്പെട്ട്, ക്രിസ്തുവിനനുരൂപപ്പെട്ട് നിത്യജീവൻ പ്രാപിക്കാനുള്ള ചില പടവുകളാണ്.

ഒൻപതാമതായി അബ്രാഹാമിനുണ്ടായ നഷ്ടം ലോത്തുമായി വന്ന അകൽച്ച ലോത്തിന്റെ ആത്മാവ് നഷ്ടപ്പെടുന്നതിന് കാരണമായിത്തീർന്നു. അബ്രാഹാമിന്റെ കൂടെ നല്ലൊരു ലാക്കോടെ പുറപ്പെട്ടവനാണ് ലോത്ത്. പക്ഷേ, യാത്രാമദ്ധ്യത്തിൽ മിസ്രയീമിലേക്കു പോയപ്പോൾ അവിടെനിന്ന് ലോത്തിനു കിട്ടിയത് ഈ ലോകത്തിന്റെ സമ്പത്തിലേക്കുള്ള ആശ്രയവും ആകർഷണവുമാണ്.

മിസ്രയീമിലെ സമ്പത്തുകൾ, മിസ്രയീമിലെ പ്രൗഢികൾ, മിസ്രയീമിലെ പ്രതാപങ്ങൾ, അതെല്ലാം ലോത്തിനെ

ആകർഷിക്കുകയും സ്വാധീനം ചെയ്യുകയും ചെയ്തു. തന്മൂലം അബ്രാഹാമിന്റെ കൂടെത്തന്നെ തിരികെ പോന്നെങ്കിലും ലോത്തിന്റെ ഉള്ളിൽ ലോകത്തിന്റെ പ്രതാപത്തിനുവേണ്ടിയും പ്രൗഢിക്കുവേണ്ടിയും ആഢംബരത്തിനു വേണ്ടിയും, ലോകത്തിന്റെ സുഖഭോഗങ്ങൾക്കുവേണ്ടിയുമുള്ള ആഗ്രഹം പൊന്തിപ്പൊന്തി വന്നുകൊണ്ടിരുന്നു.

നീലനദിയുടെ നീരോട്ടമുള്ള സ്ഥലങ്ങൾ കണ്ട് മനംമയങ്ങിയാണ് ലോത്ത് മിസ്രയീമിൽനിന്ന് തിരികെ പോന്നത്. നൈൽനദി ഒഴുകുന്ന ഈജിപ്തിലെ നദീതടങ്ങളിലെ വളർച്ചയും ഉയർച്ചയും ഫലഭൂയിഷ്ഠമായ മണ്ണും അവിടെയുണ്ടാകുന്ന വിളവെടുപ്പുകളെല്ലാം കണ്ട് കൊതിപൂണ്ടാണ് ലോത്ത് തിരിച്ചു വന്നത്. അതെല്ലാം മനസ്സിലങ്ങനെ തങ്ങി നിന്നു. അബ്രാഹാമിനെ അതൊന്നും തൊട്ടില്ല. തിരികെ വന്നതിനു ശേഷം നീരോട്ടമുള്ള സ്ഥലങ്ങൾ ലോത്ത് നോക്കാൻ തുടങ്ങി.

> *"അപ്പോൾ ലോത്ത് നോക്കി യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളതെന്നു കണ്ടു; "യഹോവ സൊദോമിനെയും ഗൊമോറായെയും നശിപ്പിച്ചതിനു മുമ്പെ അത് യഹോവയുടെ തോട്ടം പോലെയും സോവാർ വരെ മിസ്രയീം ദേശം പോലെയും ആയിരുന്നു."*
>
> *ഉല്പത്തി 13 : 10*

നീരോട്ടമുള്ള പ്രദേശങ്ങൾ നോക്കി ലോത്ത് മുമ്പോട്ടു മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നു. നീരോട്ടമുള്ള സ്ഥലങ്ങൾ ലോത്തു തിരഞ്ഞെടുത്തു.

ലോത്ത് ലോകത്തിന്റെ പ്രതാപത്തിലേക്കു പോയപ്പോൾ, നഷ്ടപ്പെട്ടത് ലോത്തിന്റെ ആത്മാവാണ്. ഈ ഭൂമിയിൽ നല്ല നീരോട്ടമുള്ളതെന്നും ഫലഭൂയിഷ്ഠമായതെന്നും സുഖസമൃദ്ധമെന്നു നിരൂപിച്ചതുമായ പ്രദേശം എല്ലാം കത്തിച്ചാമ്പലാകുന്നത് ദൂരെ നിന്നു ലോത്ത് കണേണ്ടിവന്നു. അവിടം വിട്ട്

ലോത്ത് ഓടിപ്പോകേണ്ടി വന്നു.

> *"ഉഷസ്സായപ്പോൾ ദൂതന്മാർ ലോത്തിനെ ബദ്ധപ്പെടുത്തി: ഈ പട്ടണത്തിന്റെ അകൃത്യത്തിൽ നശിക്കാതിരിപ്പാൻ എഴുന്നേറ്റു നിന്റെ ഭാര്യയെയും ഇവിടെ കാണുന്ന നിന്റെ രണ്ടു പുത്രിമാരെയും കൂട്ടിക്കൊണ്ടു പൊയ്ക്കൊൾക എന്നു പറഞ്ഞു. അവൻ താമസിച്ചപ്പോൾ, യഹോവ അവനോട് കരുണ ചെയ്കയാൽ, ആ പുരുഷന്മാർ അവനേയും ഭാര്യയെയും രണ്ട് പുത്രിമാരെയും കൈക്കു പിടിച്ചു പട്ടണത്തിന്റെ പുറത്തുകൊണ്ടുപോയി ആക്കി. അവരെ പുറത്തു കൊണ്ടുവന്നശേഷം അവൻ: ജീവരക്ഷയ്ക്കായി ഓടിപ്പോക: പുറകോട്ടു നോക്കരുത്: ഈ പ്രദേശത്തെങ്ങും നില്ക്കയുമരുത്; നിനക്കു നാശം ഭവിക്കാതിരിപ്പാൻ പർവ്വതത്തിലേക്ക് ഓടിപ്പോക എന്നു പറഞ്ഞു."*
>
> *ഉല്പത്തി 19 : 15 – 17*

ലോത്ത് സ്വയമേ പോകുവാൻ തയ്യാറാകുന്നില്ല. അത്രമാത്രം പറ്റുമാനം ഭൗതിക സമൃദ്ധിയോട് ലോത്തിനുണ്ടായിരുന്നു. ലോത്ത് മാറാൻ കൂട്ടാക്കുന്നില്ല. ദൂതന്മാർ ബദ്ധപ്പെടുത്തുകയാണ്. അവസാനം ദൂതന്മാർ ലോത്തിനെയും ഭാര്യയെയും ലോത്തിന്റെ രണ്ടു പെൺമക്കളെയും പട്ടണത്തിനു പുറത്താക്കി.

ദൂതൻ പറഞ്ഞു: ജീവരക്ഷയ്ക്കായി ഓടിപ്പോക, ഈ പ്രദേശത്തെങ്ങും നിൽക്കരുത്, തിരിഞ്ഞു നോക്കരുത്. നിനക്കു നാശം ഭവിക്കാതിരിപ്പാൻ പർവ്വതത്തിലേക്ക് ഓടിപ്പോക.

വലിയൊരു നഷ്ടമായിപ്പോയി. തത്ക്കാലം സോദോം ഗോമോറായുടെ നാശത്തിൽ നിന്നു രക്ഷപ്പെട്ടു എങ്കിലും വീണ്ടും വലിയൊരു നാശത്തിലേക്ക് ലോത്തു പോകുന്നതായി

തുടർന്നു വായിക്കുമ്പോൾ നമുക്കു കാണുവാൻ സാധിക്കും.

ഭയാനകമായ ചില മഹാപാപങ്ങളിലേക്ക് ലോത്ത് വഴുതിപ്പോകുന്നു. തന്മൂലം അമ്മോന്യരും മോവാബ്യരും ഈ ഭൂമിയിൽ ഉണ്ടാകുന്നതിനും ദൈവജനത്തിന്റെ ശത്രുക്കളായി അവർ ഉയരുന്നതിനും കാരണമായിത്തീർന്നു. ലോത്തിന്റെ ജീവിതത്തിൽവന്ന തകർച്ച അബ്രാഹാമിന്റെ ജീവിതത്തിൽ വന്ന പാളിച്ചയുടെ തുടർച്ചയാണ്.

സ്നേഹിതരേ, നാം ഒരാൾ മൂലം നമ്മുടെ കൂടെയുള്ളവരും നശിക്കാൻ ഇടയാകരുത്? നമ്മുടെ അടുത്ത ചുവടുവയ്പ്പുമൂലം ആരുടെയെങ്കിലും വിശ്വാസം ക്ഷയിക്കാൻ കാരണമാകുമോ? നമ്മുടെ ജീവിതത്തിലെ പിൻമാറ്റങ്ങൾ മൂലം, മറ്റുള്ളവരെ നാം സ്വാധീനം ചെയ്യുകയും അവർ നാശത്തിന്റെ പാതയിലേക്കു തിരിയുവാൻ കാരണമായിത്തീരുകയും ചെയ്യുമോ?

സ്നേഹിതരേ, നാം ചിന്തിക്കണം. ഞാൻ മൂലം വേറൊരാൾക്കു ദോഷം വരരുതേ. ഞാൻമൂലം എന്റെ ഭാര്യ നശിക്കാൻ ഇടവരരുതേ; ഞാൻ മൂലം എന്റെ മക്കൾ നഷ്ടപ്പെടാൻ ഇടവരരുതേ; ഞാൻമൂലം എന്റെ ഭർത്താവ് നശിക്കാൻ ഇടവരരുതേ; എന്റെ പ്രിയപ്പെട്ടവർ ഞാൻ ഒരാൾമൂലം നിത്യജീവനിലെത്തിയില്ലെന്നു വരാൻ ഇടയാകരുതേ. ഞാൻ മൂലം തലമുറകളിലേക്കു പകരുന്ന നാശവും നഷ്ടവും കെടുതിയും വരുവാൻ ഇടയാകരുതേ.

അബ്രാഹാമിന്റെ ജീവിതത്തിൽ വന്ന തെറ്റുമൂലം ലോത്ത് തെറ്റി. ലോത്തിന് ദൈവത്തെ ഉറച്ചു പിടിച്ചാൽ മതിയായിരുന്നു. പക്ഷേ, ലോത്ത് നീരോട്ടമുള്ള സ്ഥലങ്ങൾ തേടിപ്പോയി. ലോകത്തിന്റെ സമൃദ്ധിയിലേക്കു പോയി, തുടർന്ന് ലോത്തിന് മഹാനാശനഷ്ടം സംഭവിച്ചു. ഒപ്പം ലോകത്തിനും നഷ്ടം സംഭവിച്ചു.

സ്നേഹിതരേ, നമ്മുടെ ജീവിതത്തിൽ തിരുവചനം

കേൾക്കുന്ന ഓരോ നിമിഷവും ദൈവത്തിന്റെ ആത്മാവ് നമ്മെ ബദ്ധപ്പെടുത്തുകയാണ്, വേഗം തിന്മ വിട്ട് മാറിക്കൊള്ളുക, നശിക്കാനുള്ള സാഹചര്യങ്ങളെ വിട്ടു മാറിക്കൊള്ളുക എന്ന്. ഈ ലോകം നമുക്കു ശാശ്വതമല്ല; ഇവിടെയുള്ളതെല്ലാം താത്ക്കാലികമാണ്; എല്ലാം ക്ഷണികമാണ്; ക്ഷണപ്രഭാചഞ്ചലം! അല്പനേരത്തെ പ്രഭമാത്രം; ചാഞ്ചല്യമുള്ള പ്രഭമാത്രം. എന്നാൽ സ്ഥായിയായി നിൽക്കുന്നത് ഒന്നേയുള്ളൂ. അത് കർത്താവായ യേശുക്രിസ്തുവാണ്. ക്രിസ്തുവിനെയാണ് നമുക്ക് മുറുകെ പിടിക്കാനുള്ളത്.

നഷ്ടത്തിന്റെ കാലങ്ങളുണ്ട്; നമുക്കു കൈ മോശം വന്ന നല്ല നല്ല അവസരങ്ങളുണ്ട്. എന്നാൽ നമുക്കു നേടിയെടുക്കാം. കാരണം, നഷ്ടപ്പെട്ടതെല്ലാം തിരികെ തരാൻ കർത്താവായ യേശു ജീവിക്കുന്നു. വേണമെങ്കിൽ നിങ്ങൾക്കിനിയും സൗഭാഗ്യകാലങ്ങൾ നേടിയെടുക്കാം.

*"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും." മത്തായി 5 : 9*

സമാധാനമുണ്ടാക്കുന്നവരായി തീരുക! അബ്രാഹാമിന്റെ ജീവിതത്തിലെ പത്താമത്തെ നഷ്ടം, അബ്രാഹാം മിസ്രയീമിലേക്കിറങ്ങിപ്പോയതിന്റെ ഫലമായി ലോകസമാധാനം നഷ്ടപ്പെടുവാൻ കാരണമായിത്തീർന്നു. ലോകത്തിന്റെ ആകമാനശാന്തി നഷ്ടപ്പെടാൻ അബ്രാഹാമിന്റെ പാതയിൽ നിന്നുള്ള വ്യതിചലനം കാരണമായിത്തീർന്നു.

*"അബ്രാമിന്റെ ഭാര്യയായ സാറായി മക്കളെ പ്രസവിച്ചിരുന്നില്ല; എന്നാൽ അവൾക്കു ഹാഗാർ എന്നു പേരുള്ള ഒരു മിസ്രയീമ്യദാസി ഉണ്ടായിരുന്നു."*
*ഉല്പത്തി 16 : 1*

അബ്രാഹാം മിസ്രയീമിലേക്കു പോയപ്പോൾ അവിടെ നിന്ന് ഒരു ദാസിയെ കിട്ടി. ഹാഗാർ എന്നുപേരുള്ള മിസ്രയീ

മൃദാസി, കുടുംബത്തിനു വിനയായിത്തീർന്നു, കുടുംബസമാധാനം നഷ്ടപ്പെടാൻ കാരണമായിത്തീർന്നു. ഇന്ന് ലോകസമാധാനത്തിനു തന്നെ അതൊരു ഭീഷണിയായി മാറി.

അബ്രാഹാമിന്റെ ഒരു കാലടി വച്ചതിൽ പറ്റിയ പിഴവു നിമിത്തം ലോകസമാധാനത്തിന് ഭംഗം വന്നുപോയി. മിസ്രയീമൃദാസി, ഹാഗാർ, അബ്രാഹാമിന്റെ ഭാര്യയായ സാറായുടെ നിർദ്ദേശത്തെ തുടർന്ന് അബ്രാഹാമിന് ഒരു കുഞ്ഞിനെ പ്രസവിച്ചു. അബ്രാഹാമിന്റെ കുഞ്ഞിനെ വേലക്കാരി പ്രസവിച്ചു. വേണമെങ്കിൽ അബ്രാഹാമിന് ന്യായം പറയാം; എന്റെ ഭാര്യ നിർബ്ബന്ധിച്ചതു കൊണ്ടല്ലേ? ഭാര്യ അങ്ങനെ ഒരു നിർദ്ദേശം തന്നതുകൊണ്ടല്ലേ? പക്ഷേ, അബ്രാഹാം അങ്ങനെ പറഞ്ഞതായിട്ടൊന്നും വേദപുസ്തകം പറയുന്നില്ല.

> *"സാറായി അബ്രാമിനോട്: ഞാൻ പ്രസവിക്കാതിരിപ്പാൻ യഹോവ എന്റെ ഗർഭം അടച്ചിരിക്കുന്നുവല്ലോ. എന്റെ ദാസിയുടെ അടുക്കൽ ചെന്നാലും; പക്ഷേ അവളാൽ എനിക്കു മക്കൾ ലഭിക്കും എന്നു പറഞ്ഞു. അബ്രാം സാറായിയുടെ വാക്ക് അനുസരിച്ചു."* ഉല്പത്തി 16 : 2

വലിയൊരു ദുരാലോചനയായിരുന്നു അത്. ഈ മിസ്രയീമൃദാസി ഒരു കുഞ്ഞിനെ പ്രസവിച്ചു. യിശ്മായേൽ!

അബ്രാഹാമിന്റെ സന്തതി, യിശ്മായേൽ ജനിക്കുന്നത്, മിസ്രയീമൃദാസിയായ ഹാഗാറിലാണ്. ഇന്ന് യിശ്മായേല്യരും യഹൂദന്മാരും തമ്മിൽ എന്നും ശത്രുത്വമാണ്.

> *"എന്നാൽ അന്നു ജഡപ്രകാരം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ ഉപദ്രവിച്ചതുപോലെ ഇന്നും കാണുന്നു."* ഗലാത്യർ 4 : 29

അപ്പൊസ്തലനായ പൗലോസ് ആ സംഭവം എടുത്തെഴുതുകയാണ്. ജഡപ്രകാരം ഒരു മകൻ ജനിച്ചു. ആത്മപ്രകാരം

മറ്റൊരു മകൻ ജനിച്ചു. ജഡപ്രകാരം ജനിച്ചവൻ ആത്മപ്രകാരം ജനിച്ചവനെ അന്ന് ഉപദ്രവിച്ചതുപോലെ ഇന്നും കാണുന്നു.

യിസ്രായേൽ, അറബി സംഘട്ടനങ്ങൾ ലോകമഹായുദ്ധ ത്തിന്റെ കാരണമാണ് എന്ന് ചരിത്രമറിയാവുന്നവർക്കറിയാം. യിസ്രായേലും അറബികളും തമ്മിലുള്ള സംഘട്ടനത്തെ മുത ലെടുത്തുകൊണ്ടാണ് വൻശക്തികൾ വലിയ മഹായുദ്ധത്തിന് കോപ്പു കൂട്ടിയത്.

ലോകസമാധാനത്തിന് ഇന്നും ഭീഷണി അറബി-യിസ്രാ യേൽ സംഘട്ടനമാണ്. മദ്ധ്യപൗരസ്ത്യദേശത്തെ ഈ വലിയ അക്കച്ചിക്കലും, വിപ്ലവകരമായ ഭീകരവാദങ്ങളുമെല്ലാം വളർ ന്നുവരുന്നതിന് പിന്നിൽ അറബികളും യിസ്രായേലികളും തമ്മിലുള്ള ഭിന്നതയുണ്ട്.

ദൂരവ്യാപകമായ ദൂഷിതഫലങ്ങൾ ഉളവാക്കുന്ന ഭയാന കമായ ഒരു സ്റ്റെപ്പാണ് വാസ്തവത്തിൽ അബ്രാഹാം എടുത്തത്. ഇന്നും തീർന്നിട്ടില്ല. അടുത്ത മൂന്നാം ലോകമഹായുദ്ധവും ഈ അറബി-യിസ്രായേൽ സംഘട്ടനത്തിന്റെ വേദിയിലായി രിക്കും എന്ന് ബുദ്ധിയുള്ള രാഷ്ട്രമീമാംസകർ പറയുന്നു.

ദാനിയേൽ പ്രവാചകന്റെ പുസ്തകം 11-ാം അദ്ധ്യായ ത്തിലും ഈ അവസാനയുദ്ധത്തെക്കുറിച്ച് ചില പ്രവചനഭാഗ ങ്ങൾ നമുക്കു വായിക്കാൻ സാധിക്കും. ലോകസമാധാന ത്തിനു ഭീഷണിയായി അറബികളും യിസ്രായേല്യരും തമ്മി ലുള്ള സംഘട്ടനം ഇന്നും നിലനിൽക്കുന്നു. അതെല്ലാം ചരിത്ര ത്തിന്റെ ഏടുകളാണ്.

എന്നാൽ, വാസ്തവമായി ദൈവസന്നിധിയിൽ ഇരുന്നു ചിന്തിച്ചാൽ, നിങ്ങൾക്കു ചിലതെല്ലാം ഓർക്കാൻ പറ്റും. നിങ്ങൾ മൂലം വേദനിക്കേണ്ടിവന്ന വ്യക്തികൾ, നിങ്ങൾ മൂലം നഷ്ടം സംഭവിച്ച കുടുംബങ്ങൾ, നിങ്ങളുടെ ചില ചെയ്തി കൾ മൂലം, ചില വാക്കുകൾ മൂലം അകന്നുപോയ വ്യക്തിബ ന്ധങ്ങൾ, ഭാര്യാഭർത്താക്കന്മാർ സംശയാലുക്കളായി പിണങ്ങി

പ്പോയത്, അകന്നു പോയത്, മാതാപിതാക്കളും മക്കളും തമ്മിൽ അകൽച്ച വന്നത്, നിങ്ങളുടെ ചില പെരുമാറ്റം മൂലം അമ്മായിയമ്മയും മരുമകളും തമ്മിൽ ഭിന്നിക്കാൻ ഇടയായത്; നിങ്ങൾ വളരെ നിഷ്കളങ്കമായി സംസാരിക്കുന്നു എന്നേ നിങ്ങൾക്കു തോന്നിയുള്ളൂ. പക്ഷേ, നിങ്ങൾ പറഞ്ഞതിനു പിന്നിലുള്ള ചില ദുഷ്ടലാക്കുകൾ ദൈവം കാണുന്നുണ്ട്.

ദൈവമേ, എന്നെ ശോധന ചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ. എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോയെന്നു നോക്കി, ഏതെങ്കിലും കാര്യത്തിൽ എനിക്കു തെറ്റുപറ്റിയിട്ടുണ്ടോയെന്നു കാണിച്ചുതന്ന് എന്നെ ശാശ്വതമായ നിത്യജീവന്റെ വഴിയിൽ നടത്തണമേയെന്ന് സങ്കീർത്തനക്കാരൻ പ്രാർത്ഥിച്ചു.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ പാപവുമായി ഇപ്പോൾ ദൈവസന്നിധിയിലേക്കു കടന്നുവരാം. എന്തെല്ലാം പാകപ്പിഴകൾ നിങ്ങൾക്കു വന്നെങ്കിലും, എന്തെല്ലാം പ്രതിസന്ധികൾ ജീവിതത്തിൽ വന്നെങ്കിലും, എന്തെല്ലാം പാപങ്ങൾ, ഏതെല്ലാം നഷ്ടങ്ങൾ വന്നെങ്കിലും നിങ്ങളെ കഴുകാൻ കർത്താവായ യേശുവിന്റെ തിരുരക്തമുണ്ട്. ആ തിരുരക്തത്തിന്റെ മുമ്പാകെ നിങ്ങൾ സമർപ്പിക്കുമോ?

നിങ്ങൾ കൊടുത്ത ഒരു ഫോൺ മെസ്സേജ്, നിങ്ങളുടെ മൊബൈലിലെ ഒരു എസ്.എം.എസ് മെസ്സേജ്, നിങ്ങൾ പരസ്പരം കൈമാറിയ ഒരു CD അല്ലെങ്കിൽ ഒരു ബ്ലൂഫിലിമിന്റെ കാസറ്റ്, അതല്ലെങ്കിൽ പടം, ചീത്തപ്പടമുള്ള ഒരു പുസ്തകം, നിങ്ങൾ ചിലരെ വിളിച്ച് അരികത്തിരുത്തി ഇന്റർനെറ്റിൽ കടന്ന് വൃത്തികെട്ട പടം കാണാൻ ചിലരെ പ്രേരിപ്പിച്ചത്, തന്മൂലം അനേകംപേർ നശിക്കാൻ, അവരുടെ ജീവിതം തകർന്നുപോകാൻ കാരണമായത്; എന്തെല്ലാം എന്തെല്ലാം ഓർക്കാനുണ്ട്?

നിങ്ങൾ റാഗ് ചെയ്തതുമൂലം പഠിത്തം മുടങ്ങിപ്പോയവർ, മനോരോഗിയായി തീർന്നവർ. ഇതെല്ലാം എവിടെക്കൊണ്ടുപോയിതീർക്കും? തീർക്കാനൊരു സ്ഥലമുണ്ട്, ഗോഗുൽത്തായിലെ കുരിശിൻചുവട്! അവിടെ ഇതെല്ലാം തീരും. എല്ലാക്കടങ്ങളും അവിടെ മോചിക്കും, എല്ലാ കടച്ചീട്ടുകളും കീറിത്തരും; എല്ലാ അകൃത്യഭാരവും ക്ഷമിച്ചുതരും; എല്ലാ ബന്ധനങ്ങളും അഴിച്ചുതരും; എല്ലാ ശാപങ്ങളും മാറ്റിത്തരും.

അവൻ നിങ്ങളുടെ പാപക്കറകൾ കഴുകിത്തരും. ശോഭനമായ വസന്തകാലങ്ങൾ തരും; നിങ്ങളുടെ ജീവിതത്തിൽ സമാധാനം പാകിത്തരും.

അവൻ നിങ്ങളെ അനുഗ്രഹിക്കാൻ നിങ്ങളുടെ അരികത്തു കൂടി നടക്കുന്നുണ്ട്. ഒന്നേ നിങ്ങളോടു പറയുന്നുള്ളു. മകനേ, കഴിഞ്ഞകാല നഷ്ടങ്ങളെല്ലാം ഞാൻ നിനക്കു നികത്തിത്തരാം. മകളേ, കഴിഞ്ഞകാല പോരായ്മകളൊല്ലാം മാറ്റിത്തരാം. നിന്റെ ജീവിതത്തിൽ സംഭവിച്ച എല്ലാ കെടുതികളും ഞാൻ നീക്കിത്തരാം. ഒരു പുതിയ ജീവിതം തുടങ്ങാൻ നിനക്കു മനസ്സുണ്ടോ? എന്നോട് ചേർന്ന് ഒരു പുതിയ ജീവിതം നിനക്കു തുടങ്ങാമോ?

എങ്കിൽ നിന്നെ ഞാൻ രൂപാന്തരപ്പെടുത്താം. നിന്റെ മേൽ ഞാൻ ചവിട്ടി നിൽക്കാം. മകനേ, രണ്ടായിരം വർഷം മുമ്പ് എന്റെ കൈകൾ നിശ്ചലമായി. നിന്റെ കൈകൾ എനിക്കു തരുമോ? ആ കൈകളിൽ കൂടി ഞാനൊന്നു പ്രവർത്തിക്കട്ടെ. രണ്ടായിരം വർഷം മുമ്പ് എന്റെ നാവ് നിശ്ശബ്ദമായി. എന്നാൽ നിന്റെ നാവ് എനിക്ക് തരുമോ? നിന്റെ നാവിൽക്കൂടി ഞാൻ ശബ്ദിക്കട്ടെ. രണ്ടായിരം വർഷം മുമ്പ് എന്റെ കാലുകൾ നിശ്ചലങ്ങളായിപ്പോയി. എന്നാൽ അന്ന് കുരിശിൽ തറക്കപ്പെട്ട ആ കാലുകൾ, ഇനി ചലിക്കാൻ ആഗ്രഹിക്കുന്നത് നിന്റെ പാദങ്ങളിലൂടെയാണ്. നിന്റെ കാലുകളിലൂടെയാണ്. നിന്നെത്തന്നെ നീ എനിക്കു വിട്ടുതരുമോ?

എന്റെ മകനേ, രണ്ടായിരം വർഷം മുമ്പ് എന്റെ കണ്ണുകൾ അടഞ്ഞുപോയി. എന്നാൽ എന്റെ കണ്ണുകൾപോലെ ആർദ്രതയുള്ള കണ്ണുകൾ, എന്റെ കണ്ണുകൾ പോലെ വിശുദ്ധിയുള്ള കണ്ണുകൾ, എന്റെ കണ്ണുകൾ പോലെ സ്നേഹമുള്ള കണ്ണുകൾ, നിന്റെ കണ്ണുകൾ നീയെനിക്കു തരുമെങ്കിൽ ഞാനതു രൂപാന്തരപ്പെടുത്തി അങ്ങനെയാക്കിത്തീർക്കാം. നിന്റെ കണ്ണെനിക്കു തരുമെങ്കിൽ നിന്റെ കണ്ണ് എന്റേതുപോലെ ആർദ്രതയുള്ളതാക്കിത്തരാം. സ്നേഹമുള്ളതാക്കിത്തരാം. എന്റെ കണ്ണുപോലെ വിശുദ്ധങ്ങളാക്കി മാറ്റിത്തരാം.

നിന്നിലേക്കു ഞാനൊന്നിറങ്ങട്ടെ, എന്റെ പരിശുദ്ധാത്മാവ് നിന്റെമേൽ ഇറങ്ങട്ടെ, പരിശുദ്ധാത്മാവ് നിന്നിൽ ഇറങ്ങി ആവസിക്കട്ടെ; പരിശുദ്ധാത്മാവിന്റെ തീ നിന്നിൽ പ്രസരിക്കട്ടെ. പരിശുദ്ധാത്മാവിന്റെ അഗ്നിജ്വാല നിന്നിൽ പടർന്നു പൊങ്ങി അനേകരിലേക്ക് പ്രകാശവും ചൂടും വമിക്കട്ടെ. അനേകരെ ചൂടുപിടിപ്പിക്കട്ടെ. അനേകം ദേശങ്ങളെ ഉണർത്തട്ടെ. അനേകം സഭകളെ ഉണർത്തട്ടെ. അനേകം കൂട്ടായ്മകളെ ഉണർത്തട്ടെ. ദേശങ്ങൾ അനുഗൃഹീതമായിത്തീരട്ടെ.

## പതിനഞ്ച്

*“നീ ചെന്നു വടക്കോട്ടു നോക്കി ഈ വചനങ്ങളെ വിളിച്ചു പറക: വിശ്വാസത്യാഗിനിയായ യിസ്രായേലേ, മടങ്ങിവരിക എന്നു യഹോവയുടെ അരുളപ്പാട്. ഞാൻ നിങ്ങളോട് കോപം കാണിക്കയില്ല; ഞാൻ കരുണയുള്ളവൻ; എന്നേക്കും കോപം സംഗ്രഹിക്കയുമില്ലഎന്നു യഹോവയുടെ അരുളപ്പാട്. നിന്റെ ദൈവമായ യഹോവയോടു നീ ദ്രോഹം ചെയ്തു. പച്ചമരത്തിൻ കീഴിലൊക്കെയും അന്യന്മാരോടു ദുർമ്മാർഗ്ഗമായി നടന്നതും എന്റെ വാക്കു കേട്ടനുസരിക്കാതെ ഇരുന്നതുമായ നിന്റെ അകൃത്യം സമ്മതിക്കമാത്രം ചെയ്ക എന്നു യഹോവയുടെ അരുളപ്പാട്. വിശ്വാസത്യാഗികളായ മക്കളേ, മടങ്ങി വരുവിൻ എന്നു യഹോവയുടെ അരുളപ്പാട്:”* *യിരമ്യാവ് 3: 12 – 14*

വിശ്വാസത്യാഗിനിയായ യിസ്രായേലേ മടങ്ങി വരിക, ഞാൻ നിങ്ങളോട് കോപം കാണിക്കുകയില്ല; ഞാൻ കരുണയുള്ളവൻ; എന്നേക്കും കോപം സംഗ്രഹിക്കുകയുമില്ല എന്ന് ജീവനുള്ള ദൈവം തന്റെ ജനത്തോട് അരുളിച്ചെയ്യുകയാണ്. നിങ്ങൾ എന്നിൽ നിന്ന് ദൂരെപ്പോയി. നിങ്ങൾ എന്നിൽ നിന്ന് അകന്നുകഴിഞ്ഞു. എന്നാൽ നിങ്ങൾ എങ്കലേക്കു മടങ്ങി വരുവിൻ; നിങ്ങളുടെ അകൃത്യം സമ്മതിച്ചുകൊണ്ടു നിങ്ങൾ മടങ്ങി വന്നാൽ ഞാൻ നിങ്ങളോട് കോപം കാണിക്കയില്ല; എന്നേക്കും കോപം സംഗ്രഹിക്കുകയുമില്ല.

“ദൈവത്തിന്റെ കോപം ക്ഷണനേരത്തേക്കുള്ളത്, അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്.” ദൈവത്തിന്റെ പ്രസാദം ജീവപര്യന്തമുള്ളതാണ്. അല്പനേരത്തേക്ക് ദു:ഖിപ്പിച്ചാലും അവൻ എന്നേക്കും കോപം സംഗ്രഹിക്കയില്ല.

നാം ചിന്തിച്ചുവരുന്ന വിഷയം അബ്രാഹാമിന്റെ ജീവിതത്തിന്റെ ചുവടുവയ്പ്പുകളാണ്. വിശ്വാസികളുടെ പിതാവായ അബ്രാഹാമിന് തെറ്റുപറ്റിയതായിട്ടാണ് ഉല്പത്തിപുസ്തകം 12-ാം അദ്ധ്യായത്തിൽ നാം കണ്ടത്. 12-ാം അദ്ധ്യായത്തിൽ അബ്രാഹാം ദൈവത്തിന്റെ വചനം കേട്ടു പുറപ്പെട്ടു എങ്കിലും തത്ക്കാലത്തേക്ക് ക്ഷാമം വന്നപ്പോൾ ദൈവത്തിന്റെ വഴിവിട്ട് മിസ്രയീമിലേക്ക് ഇറങ്ങിപ്പോയി. എന്നാൽ 13-ാം അദ്ധ്യായം തുടങ്ങുമ്പോൾ നാം വായിക്കുന്നു, അബ്രാഹാം ഈജിപ്തിൽ നിന്ന് മടങ്ങിപ്പോന്നു, ശരിയായ വഴിയിലേക്ക് തിരികെ പോന്നു എന്ന്.

*“ഇങ്ങനെ അബ്രാമും ഭാര്യയും അവനുള്ളതൊക്കെയും അവനോടുകൂടെ ലോത്തും മിസ്രയീമിൽ നിന്ന് പുറപ്പെട്ടു തെക്കേദേശത്തു വന്നു.”*

*ഉല്പത്തി 13 : 1*

അങ്ങോട്ടു പോയവർ എല്ലാവരും അവിടെ നിന്നു മടങ്ങിപ്പോന്നു.

പ്രിയപ്പെട്ടവരേ, ഇന്ന് നമ്മുടെ ജീവിതത്തിൽ ഒരു മടങ്ങിവരവിന്റെ ദിവസമായിത്തീരട്ടെ. ദൈവത്തിങ്കലേക്കുള്ള മടങ്ങിവരവ്! ദൈവത്തിങ്കലേക്കുള്ള തിരിച്ചുവരവ്! അകൃത്യം സമ്മതിച്ചുകൊണ്ട് ദൈവത്തിങ്കലേക്കു വരുന്ന ഒരു സുദിനമായി മാറട്ടെ.

ദൈവത്തിന്റെ ആലോചനപ്രകാരം പോകാതെ തത്ക്കാലത്തെ ക്ഷാമം കണ്ട് അമ്പരപ്പിലും പരിഭ്രമത്തിലും ഭയപ്പാടിലുമായി ഈജിപ്തിലേക്ക് പോയെങ്കിലും അബ്രാഹാം

അവിടെ നിന്ന് തിരികെ പോന്നു. അബ്രാഹാം തിരികെ പോന്നത് വലിയ അനുഗ്രഹത്തിന്റെ ചുവടുവയ്പ്പായിരുന്നു.

ബി.സി. 2166–ലാണ് അബ്രാഹാം ജനിക്കുന്നത്. യേശു ക്രിസ്തു ജനിക്കുന്നതിന് 2166 വർഷം മുമ്പ് അബ്രാഹാം 75–ാമത്തെ വയസ്സിൽ ബി.സി 2091–ലാണ് മെസ്സപ്പൊട്ടോമിയ വിട്ട് കനാനിലേക്ക് പുറപ്പെട്ടത്. 75 വയസ്സ് ആയപ്പോഴാണ് അബ്രാം കനാനിലേക്ക് എത്തിച്ചേരുന്നത്. കനാനിൽ എത്തി ച്ചേർന്നതിന്റെ ശേഷമാണ് അബ്രാമിന് ഒരു വീഴ്ച സംഭവിക്കു ന്നത്. മനുഷ്യജീവിതത്തിൽ ഇടയ്ക്കിടെ വീഴ്ചകൾ സംഭവി ക്കുന്നു. ഇടയ്ക്കിടയ്ക്ക് തെറ്റുകൾ സംഭവിക്കുന്നു.

അബ്രാഹാമിന്റെ ജീവിതത്തിൽ മാത്രമല്ല, നാം തിരുവ ചനം വായിക്കുമ്പോൾ ദാവീദിന്റെ ജീവിതത്തിലും തെറ്റുകൾ സംഭവിക്കുന്നുണ്ട്. പക്ഷേ ദാവീദ് തിരികെ വന്നു, യഥാസ്ഥാ നപ്പെട്ടു. ശിംശോന്റെ ജീവിതത്തിൽ തെറ്റുകൾ സംഭവിക്കു ന്നുണ്ട്. ശിംശോനും തിരികെ വന്നു, യഥാസ്ഥാനപ്പെട്ടു.

വിശ്വാസികളായ അനേകർ, അവർ അത്ഭുതങ്ങൾ ചെയ്യു വാൻ ദൈവകരങ്ങളിൽ ഉപയോഗപ്പെട്ടവരാണ്. വീരോചിത മായ കർമ്മപരിപാടികളിൽ മുഴുകുവാൻ ദൈവം അവരെ നിയോഗിച്ചതാണ്: എന്നാൽ അവരുടെ ജീവിതത്തിൽ ചില സമയങ്ങളിൽ തെറ്റുകൾ സംഭവിച്ചുപോയി. പാകപ്പിഴകൾ സംഭവിച്ചുപോയി. ചില സമയങ്ങളിൽ അവർ ഇടയ്ക്ക് വഴി യിൽ നിന്നു വ്യതിചലിച്ച് തെറ്റായ വഴിയിലൂടെ പോയ്പ്പോയി. പക്ഷേ, ദൈവം അവരെ ഉപേക്ഷിച്ചില്ല.

“അവന്റെ കോപം ക്ഷണനേരത്തേക്കേയുള്ളൂ. അവന്റെ പ്രസാദമോ ജീവപര്യന്തമുള്ളത്.”

പത്തു വിധത്തിലുള്ള നഷ്ടങ്ങൾ അബ്രാഹാമിനു സംഭ വിച്ചു. തീർത്താൽ തീരാത്ത നഷ്ടം തന്നെയാണ് സംഭവിച്ചത്. പക്ഷേ, എങ്കിലും അബ്രാഹാം യഥാസ്ഥാനപ്പെട്ടു. അബ്രാഹാം

തിരികെ പോന്നു.

പ്രിയപ്പെട്ടവരേ, വളരെ മർമ്മസ്പർശിയായ ഒരു വസ്തുതയുണ്ട്. തെറ്റുകൾ നമുക്കു വന്നിട്ടുണ്ടാകാം. നാളിതുവരെയുള്ള ജീവിതത്തിൽ നമുക്ക് വഴിത്തെറ്റുകൾ സംഭവിച്ചിട്ടുണ്ടാകാം. പക്ഷേ, നമ്മുടെ ദൈവം കരുണയുള്ളവനാണ്. നമ്മുടെ ദൈവം കൃപയുടെ ദൈവമാണ്. നമ്മുടെ ദൈവം സൗജന്യമായി ക്ഷമിക്കുന്ന ദൈവമാണ്. ക്രൂശിന്റെ പാഠമതാണ്. ക്രൂശിലെ സ്നേഹമതാണ്. എല്ലാം ക്ഷമിക്കുന്ന സ്നേഹം. എല്ലാം പൊറുക്കുന്ന സ്നേഹം. എല്ലാ അകൃത്യങ്ങളും കണക്കിടാത്ത സ്നേഹം. അകൃത്യങ്ങളൊക്കെയും മറന്നുകളയുന്ന സ്നേഹം. പാപങ്ങളൊക്കെയും മറച്ചുപിടിക്കുന്ന സ്നേഹം. അതാണ് കുരിശിലെ സ്നേഹം.

നാം പാപം ചെയ്യുന്നതിന് ഇതൊരു അലവൻസ് ആയി എടുക്കരുത്. പാപം ചെയ്യുന്നതിന് ഇതൊരു ആനുകൂല്യമായി എടുക്കരുത്. അപ്പൊസ്തലനായ യോഹന്നാൻ തന്റെ ഒന്നാമത്തെ ലേഖനം രണ്ടാം അദ്ധ്യായം തുടങ്ങുമ്പോൾ പറയും: “എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു.”

എന്തു സമാധാനം തരുന്ന വാക്കുകളാണത്! അറിയാതെ വീഴ്ചകൾ സംഭവിച്ചു; അറിയാതെ നമുക്കു ചില പാകപ്പിഴകൾ സംഭവിച്ചു. അറിയാതെ നമ്മുടെ ഹൃദയത്തിൽ ആകുലങ്ങൾ വന്നുപോയി. അറിയാതെ നിരാശ വന്നുപോയി. നാം നിനച്ചിരിയാതെ നമ്മുടെ ഹൃദയത്തിലൂടെ ചില നീരസങ്ങളോ, കയ്പ്പുകളോ, വിദ്വേഷങ്ങളോ സംഭവിച്ചുപോയി. ചില അക്ഷമകൾ നമുക്കു സംഭവിച്ചു. നമ്മുടെ ജീവിതത്തിന്റെ പ്രവൃത്തിയിലേക്ക് വന്നില്ലെങ്കിൽപ്പോലും അഴുക്കായ, അശുദ്ധമായ ചില

വികാരഭേദങ്ങൾ നമ്മുടെ ജീവിതത്തെ സ്വാധീനം ചെയ്തു. എന്നാൽ ഓർക്കൂ, കരുണയുള്ളവനായ കർത്താവ് കൃപ യോടെ നമ്മോടു പറയുന്നു: മകനേ, നീ മടങ്ങി വരിക, നിന്റെ അകൃത്യം സമ്മതിക്ക മാത്രം ചെയ്ക. മകളേ, നീ മടങ്ങി വരിക, നിന്റെ അകൃത്യം സമ്മതിക്കമാത്രം ചെയ്ക.

സ്നേഹവാനായ ദൈവം ഇന്നും അതുതന്നെയാണ് നമ്മോടു പറയുന്നത്. നമ്മെ വത്സല്യപൂർവ്വം ക്ഷണിച്ച് അരിക ത്തിരുത്തിക്കൊണ്ട് അവിടുന്ന് നമ്മോടു പറയുകയാണ് ഇതു വരെയുള്ള നിന്റെ ജീവിതത്തിലെ പാപങ്ങളെല്ലാം ഞാൻ മറ ച്ചുപിടിക്കാം. തിരുവിലാവിൽ നിന്നൊഴുകിയ ചെഞ്ചോരയിൽ അതെല്ലാം കഴുകി തരാം. കാരുണ്യവായ്പോടെ അരികത്തു വന്നു കെഞ്ചുന്ന, ക്രിസ്തുവിനെ നമ്മുടെ ഉൾക്കണ്ണു തുറ ന്നൊന്ന് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ!

ആ സ്നേഹം കാണാൻ കഴിഞ്ഞിരുന്നെങ്കിൽ നാം നമ്മെ ത്തന്നെ ആ പാദപീഠത്തിങ്കൽ അടിയറ വച്ചുപോകും. നമ്മെ ത്തന്നെ സാഷ്ടാംഗം സമർപ്പിച്ചുപോകും. അകൃത്യങ്ങളെല്ലാം മറച്ചുതരുന്ന സ്നേഹം! പിതാവേ, ഇവർ ചെയ്യുന്നത് ഇന്ന തെന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ എന്നു പ്രാർത്ഥിക്കുന്ന സ്നേഹം! ആ സ്നേഹമാണ് കുരി ശിന്റെ അത്യുദാത്ത മാതൃക. ആ സ്നേഹത്തിലേക്കാണ് ഓരോ പ്രാവശ്യവും തിരുവചനം കേൾക്കുമ്പോൾ കർത്താവ് നമ്മെ വാത്സല്യത്തോടെ ക്ഷണിച്ച് ചേർക്കുന്നത്.

ദാവീദും, ശിംശോനുമെല്ലാം മാരകമായ പാപത്തിൽ കുടുങ്ങിയവരാണ്. വളരെ മാരകമായ പാപങ്ങളിലാണ് വീണത്. എന്നാൽ അതിനെക്കുറിച്ചൊന്നും പുതിയ നിയമത്തിലേക്കു വരുമ്പോൾ പരിശുദ്ധാത്മാവ് രേഖപ്പെടുത്തുന്നില്ല. ഇങ്ങനെ യെല്ലാം ജീവിച്ചവരാണെങ്കിലും അത് പൊറുത്തിരിക്കയാണെ ന്നുപോലും ദൈവാത്മാവ് പറയുന്നില്ല. അതിനെയെല്ലാം പരി ശുദ്ധാത്മാവ് മറച്ചുകൊണ്ട് അവർ ദൈവസന്നിധിയിൽ വീര്യം

പ്രവർത്തിച്ചു എന്നും അത്ഭുതങ്ങൾ നടത്തി എന്നെല്ലാമാണ് അപ്പൊസ്തലൻ അവിടെ രേഖപ്പെടുത്തുന്നത്.

> *"ഇനി എന്ത് പറയേണ്ടു? ഗിദ്യോൻ, ബാരാക്ക്, ശിംശോൻ, യിഫ്താഹ്, ദാവീദ് എന്നവരെയും ശമുവേൽ മുതലായ പ്രവാചകന്മാരെയും കുറിച്ചു വിവരിപ്പാൻ സമയം പോരാ. വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി, നീതി നടത്തി, വാഗ്ദത്തം പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടച്ചു, തീയുടെ ബലം കെടുത്തു, വാളിന്റെ വായ്ക്കു തെറ്റി, ബലഹീനതയിൽ ശക്തി പ്രാപിച്ചു, യുദ്ധത്തിൽ വീരന്മാരായി തീർന്നു, അന്യന്മാരുടെ സൈന്യങ്ങളെ ഓടിച്ചു. സ്ത്രീകൾക്ക് തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിനാൽ തിരികെ കിട്ടി; മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേല്പു ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു." എബ്രായർ 11 : 32 – 35*

അവരുടെ ജീവിതത്തിന്റെ പാകപ്പിഴകൾ പരിശുദ്ധാത്മാവ് ചൂണ്ടിക്കാണിക്കുന്നില്ല. എന്നാൽ നേരെമറിച്ച് അവർ വിശ്വാസത്താൽ നേടിയെടുത്ത അനുഗ്രഹത്തിന്റെ വിവിധ വശങ്ങളാണ് പരിശുദ്ധാത്മാവ് നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അവർ വാഗ്ദത്തം പ്രാപിച്ച് ദൈവത്തിനുവേണ്ടി നിന്നത് കർത്താവ് കാണിച്ചു തരികയാണ്.

എന്റെ പ്രിയ സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ ഇതുവരെയും ഏതെല്ലാം തരത്തിലുള്ള പാപങ്ങൾ വന്നെങ്കിലും, എന്തെല്ലാം കോട്ടങ്ങളും വാട്ടങ്ങളും കെടുതികളും സംഭവിച്ചെങ്കിലും, എത്ര ഘോരമായ പാതകങ്ങൾ നിങ്ങൾക്കു വന്നെങ്കിലും, എല്ലാം ക്ഷമിച്ചും പൊറുത്തും തരുവാൻ ക്രിസ്തു സന്നദ്ധനാണ് എന്ന് നിങ്ങൾ ദയവായി തിരിച്ചറിയുക. ആ സ്നേഹനിധിയായ ക്രിസ്തുവിന്റെ കുരിശടിയിലേക്ക്

നിങ്ങൾ വരിക. ഒന്നുമാത്രം; കർത്താവേ, എന്റെ അകൃത്യം ഞാൻ സമ്മതിച്ചുകൊണ്ടു വരുന്നു, എന്റെ പാപം ഞാൻ ഏറ്റു പറയുവാൻ ഇതാ വരുന്നു. മേലിൽ പാപം വരികയില്ലെന്ന് തീരുമാനിച്ചുകൊണ്ട് ഞാൻ വരുന്നു. ഇനിയും പഴയജീവിതത്തിന്റെ അഴുക്കുചാലുകളിലേക്ക് ഇല്ല എന്നു തീരുമാനിച്ചുകൊണ്ട് ഞാനിതാ വരുന്നു.

> *"നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നേ ക്രിസ്തു തക്കസമയത്ത് അഭക്തർക്കു വേണ്ടി മരിച്ചു. നീതിമാനുവേണ്ടി ആരെങ്കിലും മരിക്കുന്നതു ദുർല്ലഭം; ഗുണവാന്നുവേണ്ടി പക്ഷേ മരിപ്പാൻ തുനിയുമായിരിക്കും. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും. ശത്രുക്കളായിരിക്കുമ്പോൾ തന്നേ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും."*
>
> *റോമർ 5 : 6 – 10*

അപ്പൊസ്തലന്റെ വാക്കുകളിലൂടെ പരിശുദ്ധാത്മാവ് നമുക്കു ധൈര്യം പകരുകയാണ്.

നാം ദൈവത്തിന്റെ ശത്രുക്കളായി ജീവിച്ചു, ദൈവത്തിനെതിരായി ജീവിച്ചു. ദൈവത്തെ നിഷേധിച്ചു ജീവിച്ചു. ദൈവത്തെ വേദനിപ്പിച്ചു ജീവിച്ചു; ദൈവത്തെ മുറിവേൽപ്പിച്ചു ജീവിച്ചു. ക്രിസ്തുവിനെ ക്രൂശിക്കാൻ നാം തയ്യാറായി. അങ്ങനെ ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് ക്രിസ്തുവിന്റെ മരണത്താൽ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ

നിരന്ന ശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും!

നാം ബലഹീനരായിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. നാം അഭക്തരായിരിക്കുമ്പോൾ തന്നെ ക്രിസ്തു അഭക്തർക്കുവേണ്ടി മരിച്ചു. നാം പാപികളായിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. നാം ശത്രുക്കളായിരിക്കുമ്പോൾ തന്നെ ദൈവം തന്റെ പുത്രനെ നമുക്കുവേണ്ടി ക്രൂശിൽ അർപ്പിപ്പാൻ തയ്യാറായതിനാൽ നമ്മോടുള്ള തന്റെ സ്നേഹം പ്രദർശിപ്പിച്ചു. നമ്മെ സ്വീകരിപ്പാൻ ദൈവം തയ്യാറായി. നമ്മോടു നിരപ്പു പ്രാപിപ്പാൻ ദൈവം തയ്യാറായി. നമ്മെ തന്റെ മക്കളായി അണപ്പാൻ ദൈവം തയ്യാറായി. ഇതാണ് ക്രൂശിന്റെ വചനം!

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു: “ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വമാണ്. രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയുമാണ്.” ക്രൂശിന്റെ വചനം! അനേകർക്ക് അതു മനസ്സിലാവുകയില്ല; അനേകർക്ക് ഇതൊരു ഭോഷത്വമായിട്ടേ തോന്നുകയുള്ളൂ. എന്നാൽ നമുക്കിത് ദൈവശക്തിയാണ്. ഈ സ്നേഹമാണ് ദൈവത്തിന്റെ ശക്തി. പ്രിയപ്പെട്ടവരേ, ഈ സ്നേഹമാണ് നമുക്ക് ദൈവം തരുന്ന ശക്തി. ഈ സ്നേഹം നമുക്കു കിട്ടുന്നതുകൊണ്ടാണ് നാം നിലനിൽക്കുന്നത്. അതാണ് യോഹന്നാൻ 14-ൽ കർത്താവ് അവസാനമായി ശിഷ്യന്മാരോടു പറഞ്ഞത്:

“ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കുന്നു.”

ക്രിസ്തു ജീവിക്കുന്നതുകൊണ്ടാണ് പ്രിയരേ നാം ജീവിക്കുന്നത്. ക്രിസ്തു സ്നേഹമാകുന്നതുകൊണ്ടാണ് നാം ഇങ്ങനെ സമാധാനമായി കഴിയുന്നത്. ക്രിസ്തു ക്ഷമയായതുകൊണ്ടാണ് നാം ഇതുപോലെ സന്തുഷ്ടരായി കഴിയുന്നത്. എല്ലാം മറക്കുകയും പൊറുക്കുകയും ചെയ്യുന്ന ക്രൂശിലെ

സ്നേഹം നമ്മെ തഴുകുന്നതുകൊണ്ടാണ് നാം ഇന്ന് സമാധാനമായ ജീവിതം പുലർത്തുന്നത്. ഓർക്കുക, ക്രിസ്തു നമുക്കു വേണ്ടി മരിച്ചു. ഈ നല്ല ക്രിസ്തുവിന്റെ അരികിലേക്ക്, ആ ക്രൂശിൻ ചുവട്ടിലേക്ക് നമുക്കിപ്പോൾ മടങ്ങിവരാം; നിന്റെ അകൃത്യം സമ്മതിക്ക മാത്രം ചെയ്ക.

അബ്രാഹാം ഈജിപ്തിലേക്ക് പോയകാലം നഷ്ടത്തിന്റെ കാലങ്ങളായിരുന്നു. എന്നാൽ അബ്രാഹാം അവിടെനിന്ന് തിരികെപ്പോന്നു. അബ്രാഹാമിനു തിരികെപ്പോകാൻ തോന്നി. ദൈവത്തിന്റെ ഉദ്ദേശ്യം നിവർത്തിപ്പാനിടയായി. ദൈവത്തിന് അബ്രാഹാമിനെക്കുറിച്ച് ഒരു പരിപാടി ഉണ്ടായിരുന്നു. മെസ്സപ്പൊട്ടോമ്യയിൽ നിന്നു വിളിച്ചിറക്കുമ്പോൾ ദൈവത്തിന്റെ പരിപാടി ദൈവം ആരംഭിക്കുകയായിരുന്നു.

മകനേ, നിന്നെ പുറപ്പെടുവിച്ചപ്പോൾ, ഒരു സമർപ്പണത്തിലേക്ക് നിന്നെ നടത്തിയപ്പോൾ, തിരുവചനത്തിന്റെ തിരുമുമ്പാകെ നിന്നെ കൊണ്ടുവന്നപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിനു നിയതമായ ഒരു ലാക്കുണ്ടായിരുന്നു. വളരെ വ്യക്തമായും കൃത്യമായുമുള്ള ഒരു ഉദ്ദേശ്യം നിന്നെക്കുറിച്ചുണ്ടായിരുന്നു.

നിന്നിൽക്കൂടി അനേകരെ അനുഗ്രഹിക്കാമെന്ന്, നിന്നിൽക്കൂടി തലമുറകളെ അനുഗ്രഹിക്കാമെന്ന്, നിന്നിൽ നിന്നുകൊണ്ട് വൻകാര്യങ്ങൾ നിവർത്തിക്കാമെന്ന്, നിന്നിൽ നിന്നുകൊണ്ട് അനേകർക്ക് ആശ്വാസം പകരാമെന്ന്, നിന്നിൽ നിന്നുകൊണ്ട് അനേകരെ വിശ്വാസത്തിന്റെ ചുവടുവയ്പിലൂടെ നയിക്കാമെന്ന്, നിന്നിൽ നിന്നുകൊണ്ട് ചില അത്ഭുതങ്ങൾ ഈ പ്രപഞ്ചത്തിൽ സൃഷ്ടിക്കാമെന്ന് ദൈവം കണ്ടിരുന്നു.

സ്വർഗ്ഗത്തിലെ ദൈവത്തിന്റെ മുന്നറിവിലും മുൻ നിർണ്ണയത്തിലും നമ്മെ ഉൾപ്പെടുത്തി. അതുകൊണ്ടാണ് ദൈവത്തിന്റെ വചനം കേൾക്കാൻ നമുക്കിടയായത്. അതുകൊ

ണ്ടാണ് ജീവന്റെ വചനത്തിന്റെ തിരുമുമ്പാകെ വരാൻ നമുക്കു സാധിച്ചത്. അതുകൊണ്ടാണ് ഞാൻ എന്റെ ആയുസ്സ് നിനക്കു തരുന്നു എന്ന് ഒരിക്കൽ സമർപ്പിക്കാൻ ഇടയായത്.

ഈ കുരിശിലെ നിസ്തുല വാത്സല്യം നമ്മെ തഴുകുകയും നമ്മെ സ്വാധീനം ചെയ്യുകയും ചെയ്തതുകൊണ്ടാണ് ഒന്നിറങ്ങി പുറപ്പെടാൻ നമുക്കു തോന്നിയത്. ഒരു സത്യമാന സാന്തരം നമുക്കു കിട്ടിയത് മഹാത്ഭുതമാണ്. അനേകർക്ക് ഈ മാനസാന്തരം കിട്ടിയില്ല. അനേകർക്ക് ഈ സമാധാനം കിട്ടിയില്ല. അനേകർക്ക് യേശുവിനെ പരിചയപ്പെടാൻ കഴിഞ്ഞില്ല. അനേകർക്ക് ജീവിക്കുന്ന ക്രിസ്തുവിന്റെ അരികിലേക്കു വന്നെത്താൻ കഴിഞ്ഞില്ല. എന്നാൽ നമുക്കോ അതിനുള്ള സൗഭാഗ്യമാണ് കർത്താവ് തന്നത്.

ദൈവത്തിന്റെ കരുണയും കൃപയുമാണ് നമ്മെ ആകർഷിച്ചത്. ആ സ്നേഹം നമ്മെ വശീകരിച്ചു. ആ സ്നേഹം നമ്മെ ഇപ്പോൾ വീണ്ടും വശീകരിക്കുകയാണ്. മകനേ, നീ തത്ക്കാലം മാറിപ്പോയെങ്കിലും മടങ്ങി വരിക. യിസ്രായേലേ, മടങ്ങിവരിക. എന്റ ജനമേ, മടങ്ങി വരിക. നിന്റെ അകൃത്യം സമ്മതിക്ക മാത്രം ചെയ്ക. ഞാൻ എന്നേക്കും കോപം സംഗ്രഹിക്കയില്ല. ഞാൻ വീണ്ടും കരുണ കാണിക്കും.

വീണ്ടും കരുണ കാണിക്കാമെന്നാണ് പറയുന്നത്. കരുണ കാണിക്കുന്ന ദൈവം! സ്നേഹത്തിന്റെ നിറകുടം ചൂടിയ ദൈവം, അത്ഭുതമായ കരുണയുടെ വാത്സല്യവായ്പ്പുമായി നിങ്ങളെ ക്ഷണിക്കുന്ന ഈ മനോഹരസമയം നിങ്ങൾ നിങ്ങളെത്തന്നെ താഴ്ത്തുവിൻ. അവന്റെ കരങ്ങളിലേക്കു നിങ്ങളെ ഏൽപ്പിപ്പിൻ. ആണിപ്പാടുള്ള കരങ്ങളിലേക്ക് നിങ്ങളെ വിട്ടുകൊടുപ്പിൻ. കർത്താവേ, വന്നതുവന്നു, ഇനി ഇല്ല നാഥാ, തീരുമാനം പറയുവിൻ.

അബ്രാഹാം മടങ്ങി വന്നു. അബ്രാഹാം യഥാസ്ഥാനപ്പെട്ടു.

ദൈവത്തിന്റെ വഴിയിലേക്കു തിരികെ വന്നു. ദൈവജനമേ മടങ്ങിവരിക. യേശുവിനെ കൈക്കൊള്ളുക. അവനോടു വാക്കു പറയുക. യേശുവേ, ഞാനിതാ വരുന്നു; എന്നോടു കരുണ തോന്നണമേ. എന്നെ സ്വീകരിക്കേണമേ. നമുക്കു പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ, ഈ നല്ല സന്ദർഭത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അവിടുന്ന് ഞങ്ങളുടെ കൂടെ യുള്ളതിനായി സ്തോത്രം. അവിടുത്തെ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ശബ്ദം ഞങ്ങളെ വശീകരിക്കുന്നതി നായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എല്ലാവരേയും തഴുക ണമേ. എല്ലാവരുടേയും കണ്ണുനീർ തുടയ്ക്കണമേ. എല്ലാവരു ടെമേലും തൃക്കരം വയ്ക്കണമേ. തിരുനാമം മഹത്വപ്പെടുത്ത ണമേ. യേശുവിൻ നാമത്തിൽത്തന്നേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ**

**കടയിരുപ്പ്** (കോലഞ്ചേരി – പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)

**Ph : 0484 -2689489, 9142 303096**

---

**രണ്ടാം ശനിയാഴ്ച** 9.00am - 2.00pm

**സാക്ഷ്യയോഗം** 4.30pm - 9.00pm

**രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള**

**രണ്ടാം ഞായറാഴ്ച** 12.30pm - 5.00pm

**മൂന്നാം ഞായറാഴ്ച** 12.30pm - 5.00pm

**എല്ലാ തിങ്കളാഴ്ചയും** 6.00pm - 8.30pm

**എല്ലാ വെള്ളിയാഴ്ചയും** 6.00pm - 8.30pm

(ബൈബിൾ ക്ലാസ്സ്)

**ഒന്നാം ചൊവ്വാഴ്ച** 9.00am - 12.45pm

(വനിതകളുടെ യോഗം)

**എല്ലാ ഒന്നും മൂന്നും ബുധനാഴ്ച** 6.30pm - 9.00pm

യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ)